ശവസംസ്കാരം

മനോജ്

BLUE INK BOOKS

ശവസംസ്കാരം

"ഒരു രാത്രി ആത്മപുരം പുഴവക്കത്തെ നാട്ടുറുമ്പുകളിലെ ചെറുപ്പക്കാർ ആൺ-പെൺ വ്യത്യാസമില്ലാതെ രാത്രിയുടെ ഇരുട്ടിലേക്ക് മാളങ്ങളിൽനിന്ന് ഇറങ്ങിനടന്നു. ശവന്തീനി യുറുമ്പുകളിലെ ചെറുപ്പക്കാരും അവരുടെ കൂടെ ചേർന്നു. ഇരുട്ടത്ത് ശ്രദ്ധയോടെ നടന്ന അവർ മുൻനിശ്ചയം അനുസ രിച്ച് വേപ്പിൻചോട്ടിൽ വിശാലമായ മാളം പണിതു. മാള ത്തിനകത്ത് പൊള്ളക്കാലികളും ശവന്തീനി ഉറുമ്പുകളും മറ്റു ള്ളവയും യാതൊരു വിഭജനക്രമവുമില്ലാതെ സ്വയംപര്യാ പ്തതയോടെ സർവ്വസ്വതന്ത്രരായി ജീവിക്കേണ്ടതാണ്. ആർക്കും പ്രത്യേക അവകാശമില്ലാത്ത മാളത്തിൽ ഉഡ്ഡുപ ശുക്കളും ഇമ്മമരവും എല്ലാവർക്കും അവകാശപ്പെട്ട ഭക്ഷ ണത്തിനുള്ള മാർഗ്ഗമാണ്. ഇമ്മമരത്തിന്റെ വിത്ത് കരുതൽധന മായി സൂക്ഷിക്കേണ്ടതാണെന്നും യുവാവായ ശവന്തീനി ഉറുമ്പ് പറഞ്ഞു. യുവാക്കളും യുവതികളും നിർബന്ധമായും ആയുധം ഉപയോഗിക്കാൻ പരിശീലിക്കണമെന്നും അവൻ പ്രഖ്യാപിച്ചു. ഏതു നിമിഷവും ഗച്ഛൻമാർ ആക്രമിക്കാമെന്നും സങ്കരവർഗ്ഗങ്ങളും പല നാട്ടുറുമ്പുകളും അവരെ പിന്തുണ ക്കുമെന്നും ചെറുപ്പക്കാരനായ ശവന്തീനി ഉറുമ്പ് മുൻ കരു തലോടെ പറഞ്ഞു. പിന്നീട് അവർ ശത്രുവിന്റെ ആക്രമ ണത്തെ ഓർത്ത് ജാഗ്രതയോടെ കാത്തിരുന്നു."

ബ്ലൂ ഇങ്ക് ബുക്സ്
ശവസംസ്കാരം
(Savasamskaram)
(Novel)
By Manoj
*
Published in :2024 July
Published by:
Blue Ink Books
*
Blue Ink Books & Multi Media
I[st] Floor, Epsilon Annex Buildings
Sadhoo Complex, Fort Road, Kannur -1
*
email:editorblueinkbooksknr@gmail.com
blueinkbooksknr@gmail.com
Web:www.blueinkbookskannur.com
Ph: 9446265661, 7012701361
*
Cover Design: Nived Kothery
Printing at: Papyrus Printers, Calicut
BIB-KNR-SL No.5-D-K-P-K
L-R-05/24 C5H
*
© All rights reserved
No part of this publication may be reproduced,
stored in or introduced into a retrieval system, or transmitted,
in any form, or by any means, electronic, mechanical,
photocopying, recording or otherwise without the prior
written permission of the publisher
ISBN: 978-81-974502-4-2
Price :230

ശവസംസ്കാരം

(വാമൊഴി നോവൽ)

മനോജ്

ബ്ലൂഇങ്ക് ബുക്സ്

മനോജ്

1956 മെയ് 6 ന് കഞ്ചിക്കോട് ജനിച്ചു. ബാല്യകൗമാരങ്ങൾ കല്ലേപ്പുള്ളിയിലും യൗവ്വനാരംഭകാലം ചിറ്റൂരിലും ആയിരുന്നു. കഴിഞ്ഞ 38 വർഷം കൊല്ലങ്കോടായിരുന്നു താമസം. ആത്മാന്വേഷണത്തിന്റെയും സ്വത്വാന്വേഷണത്തിന്റെയും ഭാഗമായി വിദ്യാഭ്യാസവും ജോലിയും ഉപേക്ഷിച്ചു. മുഴുവൻ സമയ എഴുത്തുകാരനായിരുന്നു.

മിന്നാമിനുങ്ങുകൾ മെഴുകുതിരികൾ എന്ന ആദ്യത്തെ നോവലിന് ദേശാഭിമാനി സ്റ്റഡി സർക്കിൾ അവാർഡ് ലഭിച്ചിട്ടുണ്ട്. ജീവിക്കുന്നവരുടെ ശ്മശാനം, കാട്ടാളൻ, കാലാവധി, വേദാരണ്യം, സത്യവാഗീശ്വരൻ, സമാന്തരയാത്രകൾ, രാക്ഷസകുലം, ദേഹവിയോഗം, ജ്ഞാനയോഗം, ജീവകാരുണ്യം, മതബോധത്തിന്റെ ദൃശ്യശാസ്ത്രം, സുഖവാസികളുടെ ലോകം, ശരിയുത്തരങ്ങൾ, യാത്രയിൽ തനിയെ, ചിതലെടുക്കാത്ത ജീവിതം, ചിതയൊരുക്കം എന്നിവയാണ് പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ കൃതികൾ.

മാംസഭുക്കുകൾ, സഹജം, ഗന്ധർവകഥകൾ എന്നീ നോവലുകളും, മഹാബലി, തണുപ്പ് എന്നീ നാടകങ്ങളും, ഇങ്ങനെയും ഒരാൾ (മുണ്ടൂർ രാവുണ്ണിയുമായുള്ള അഭിമുഖം), യോഗവിയോഗം, ദാർശനിക-സാഹിത്യ ലേഖനങ്ങൾ, എം.സുകുമാരന്റെ കത്തുകൾ എന്നിവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനുണ്ട്.

കോയമ്പത്തൂർ കേരള കൾച്ചറൽ സെന്ററിന്റെ 2013 ലെ സാഹിത്യ അവാർഡ് ലഭിച്ചിട്ടുണ്ട്. വാക്കറിവ് എന്ന മാസികയുടെ പത്രാധിപരായിരുന്നു. 2022 ആഗസ്റ്റ് 6 നു നിര്യാതനായി.

ഭാര്യ : ഡോ. പി.സുഖലത.

പ്രസാധകകുറിപ്പ്

മലയാളവായനാലോകം ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന സാഹിത്യശാഖയാണ് നോവൽ. നമ്മുടെ സാഹിത്യമേഖലയിൽ കുറച്ചുകാലമായി വായനാക്ഷമതയും നിലവാരവുമുള്ള നോവൽ രചനകൾ വിരളമാണുതാനും.

നാലാംവയസ്സിലേക്ക് പ്രവേശിച്ചുകൊണ്ടിരിക്കുന്ന ബ്ലൂ ഇങ്ക് ബുക്സ് 2024 ൽ മികച്ച ഒരു ഡസൻ നോവലുകൾ പ്രസിദ്ധീകരിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. അതിന്റെ ഭാഗമായി വൈവിധ്യമാർന്ന ആറ് നോവലുകൾ 2024 ജൂലായ്-ആഗസ്ത് മാസങ്ങളിലായി പുറത്തുവരികയാണ്.

പ്രമേയത്തിലും ആഖ്യാനത്തിലും പുത്തൻശൈലികൾ യുക്തിസഹമായി ആവിഷ്ക്കരിച്ച നോവലിസ്റ്റാണ് മനോജ്. ദാർശനികമായ ഉൾക്കാഴ്ചയോടെ കഥ പറഞ്ഞുഫലിപ്പിക്കാനുള്ള കഴിവ് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ കൃതികളിലൂടെ നമ്മൾ മനസ്സിലാക്കിയതുമാണ്. ഉയർന്ന ചിന്തയും നവീനവീക്ഷണങ്ങളുംകൊണ്ട് ആറുപതിറ്റാണ്ടിലേറെ അക്ഷരലോകത്ത് തന്റേതായ ഒരു രചനാലോകം പടുത്തുയർത്തിയ മനോജ് ഇന്ന് നമുക്കൊപ്പമില്ല. ആരും നടക്കാത്ത വഴികളിലൂടെ സഞ്ചരിച്ച ആ അക്ഷരതപസ്വിയുടെ അപൂർവ്വ പ്രതിഭാവിലാസം വെളിപ്പെടുത്തുന്ന ഒരു നോവലാണ് 'ശവസംസ്കാരം'. 'വാക്കറിവ്' എന്ന തന്റെ ദാർശനികസ്വഭാവമുള്ള ആനുകാലികത്തിലൂടെ ഖണ്ഡശഃയായി പ്രസിദ്ധീകരിക്കപ്പെട്ട ഈ രചന പുസ്തകരൂപം പ്രാപിക്കുകയാണ്.

പല നിറങ്ങളിലും രൂപങ്ങളിലുമുള്ള ഉറുമ്പുകളുടെ വംശപരമ്പരകളെയും വിവിധ രാജ്യങ്ങളിൽനിന്നുള്ള അവയുടെ അധിനിവേശത്തെയും ആധിപത്യപോരാട്ടങ്ങളെയും സങ്കല്പിച്ചെഴുതിയ ഈടുറ്റ നോവലാണിത്. 'ആത്മപുരം' എന്ന ദേശത്തെ ഇന്ത്യയായും

വിവിധ ഉറുമ്പുകളെ ആര്യന്മാർ, ദ്രാവിഡർ, മുഗളന്മാർ, വെള്ളക്കാർ തുടങ്ങിയ നമ്മുടെ രാജ്യത്ത് ആധിപത്യം സ്ഥാപിച്ച വൈദേശിക ശക്തികളായും കണക്കാക്കാം. പ്രാചീന-മധ്യകാല ഭാരതത്തിലെ രാജപരമ്പരകളെയും അവരുടെ പരസ്പര യുദ്ധങ്ങളെയും ഓർമ്മിപ്പിക്കുന്നുണ്ട് ഇതിന്റെ ഇതിവൃത്തം.

വേറിട്ട വായന ഉറപ്പുതരുന്ന 'ശവസംസ്കാരം' സസന്തോഷം ബ്ലൂ ഇങ്ക് ബുക്സ് പ്രസിദ്ധീകരിക്കുകയാണ്.

എഡിറ്റർ,

ബ്ലൂ ഇങ്ക് ബുക്സ

ഒന്ന്

ഇനി നമ്മൾ ആത്മപുരത്തിലേയ്ക്കാണ് കടന്നുചെല്ലുന്നത്. മനുഷ്യരല്ല ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ, ഉറുമ്പുകളാണ്.

ആത്മപുരത്തിന്റെ പ്രകൃതി മറ്റ് പൂർവ്വദേശങ്ങളുടെ പൊതുസ്വഭാവത്തെ ഉൾക്കൊള്ളുന്നു. രണ്ടു ദേശങ്ങളുടെ അതിർത്തിയായി ഒഴുകുന്ന ആത്മപുരംപുഴ ദേശത്തിന് ഹരിതാഭയും ജീവജലവും നൽകുന്നു. പശ്ചിമഘട്ടത്തിലെ നീർച്ചാലുകൾ പിന്നീട് തോടും തുടർന്ന് ആത്മപുരം പുഴയുമാകുന്നു. അവസാനം ഗായത്രിപുഴയുടെ ഭാഗമായിത്തീരുന്നു. കടുത്ത വേനലിലും വറ്റാത്ത ആത്മപുരം പുഴ ദേശ ജീവിതത്തിന്റെ സൗഭാഗ്യങ്ങളുടെ പ്രതീകമാണ്. നെല്ലാണ് പ്രധാന കൃഷി എങ്കിലും വേനലിൽ പച്ചക്കറികളും ആത്മപുരത്തുകാരുടെ ജീവിതമാർഗ്ഗമാണ്.

ആത്മപുരം പുഴയുടെ അടുത്തുള്ള അരയാലിനെയാണ് ഇനി നമ്മൾ കേന്ദ്രീകരിക്കുന്നത്.

രണ്ടു പന ഉയരത്തിൽ ഇലകളുടെ സമൃദ്ധിയുമായി പടർന്നു നിൽക്കുന്ന അരയാൽ വഴിയാത്രക്കാരുടെ ആശ്വാസവും അനേകം പക്ഷികളുടെ ജീവിതസങ്കേതവുമാണ്. അരയാലിനു താഴെയുള്ള ഉറുമ്പുകളുടെ സാമ്രാജ്യം ആരുടേയും ശ്രദ്ധ ആകർഷിക്കുന്ന കേന്ദ്രമല്ല. ഉറുമ്പുകളെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോഴാണ് അവയുടെ വ്യവസ്ഥാപിത ജീവിതത്തേയും വർഗ്ഗ, വർണ്ണ വ്യത്യാസങ്ങളേയും തിരിച്ചറിയാനാകുക. അരയാലിനു ചുവട്ടിലെ മാളത്തിൽനിന്ന് ധാരാളം മൺതരികൾ ചുറ്റുപാടുകളിലേക്ക് വ്യാപിച്ചുകിടക്കുന്നു. അവിടെയാണ് കുനിയനുറുമ്പുകൾ ഒരു ജീവിതവ്യവസ്ഥ കെട്ടിപ്പടുത്തിരിക്കുന്നത്. തികച്ചും നിരുപദ്രവികളാണ് കുനിയനുറുമ്പുകൾ. പ്രാദേശികമായ സമൃദ്ധിയിൽ ജീവിച്ച കുനിയനുറുമ്പുകൾ ശാന്തമായ ജീവിതവ്യവസ്ഥയെയാണ് ശീലിച്ചത്. കുനിയനുറുമ്പുകൾ ആണും പെണ്ണും ഒരുപോലെ അദ്ധ്വാനിക്കുന്നു. വർഷകാലത്തിനും വരൾച്ചയ്ക്കും വേണ്ടിയുള്ള ഭക്ഷണം അവ ദീർഘദൃഷ്ടിയോടെ സംഭരിച്ചുവെയ്ക്കുന്നു.

കുനിയനുറുമ്പുകളുടെ താവളത്തിലേക്കു പ്രവേശിക്കുന്ന നമ്മൾ അസാധാരണമായ ജീവിതവ്യവസ്ഥയെ കണ്ട് അമ്പരക്കുന്നു. അരയാലിന്റെ ചുവട്ടിൽനിന്ന് ആരംഭിക്കുന്ന മാളം അനേകം കൈവഴികളായി ഭൂമിയുടെ നാഡീവ്യൂഹമായി നീളുന്നു. ചില കൈവഴികളിലെ മാളങ്ങളിൽ ഉറുമ്പിൻ മുട്ടകളെ ശേഖരിച്ചു വെച്ചിരിക്കുന്നു. മറ്റു കൈവഴികളിൽ ധാന്യങ്ങളാണ്. മറ്റ് ജീവികളുടെ അവശിഷ്ടങ്ങൾ സൂക്ഷിക്കാനും പ്രത്യേക മാളമുണ്ട്. കൈവഴികളുടെ നടുക്കുള്ള വിശാലമായ സ്ഥലത്തെ കുനിയനുറുമ്പുകൾ ആവാസകേന്ദ്രമായി ഉപയോഗിക്കുന്നു. അതിനപ്പുറത്തെ കൈവഴിയിൽ വളരെ ചെറിയ വെളുത്ത ചെടികളെ നമുക്ക് കാണാം. ചെടിയുടെ തണ്ടിൽനിന്ന് എപ്പോഴും വെളുത്ത ദ്രാവകം ഊറിവരുന്നു. കുനിയനുറുമ്പുകളുടെ വിശേഷപ്പെട്ട പാനീയമാണ് ഈ ദ്രാവകം. കാലങ്ങളോളം നീണ്ട അന്വേഷണത്തിനുശേഷമാണ് കുനിയനുറുമ്പുകൾ വിശിഷ്ട പാനീയത്തെ കണ്ടെത്തിയത്. അതിനപ്പുറത്തെ കൈവഴി വീണ്ടും നമ്മളെ അമ്പരിപ്പിക്കുന്നു. അവിടെ ഒരിഞ്ചോളം വലുപ്പമുള്ള അനേകം ചെറുപ്രാണികളാണ് ഉള്ളത്. അവയുടെ വലുതായി വീർത്ത വയർ പെട്ടെന്നുതന്നെ ആരുടേയും ശ്രദ്ധയിൽപ്പെടും. ഈ പ്രാണികളാണ് കുനിയനുറുമ്പുകൾക്ക് ഔഷധശക്തിയുള്ള പാൽ നൽകുന്നത്. പ്രാണികളുടെ അടിവയറ്റിൽ കടിച്ചുതൂങ്ങുന്ന കുനിയനുറുമ്പുകൾ തങ്ങളുടെ ആവശ്യത്തിനു വേണ്ട പാൽ കുടിച്ചതിനുശേഷം വായിൽ ശേഖരിച്ചവയെ കുട്ടികൾക്ക് നൽകി താവളത്തിലെ ഭക്ഷണവിതരണ ക്രമത്തെ സമാസമമാക്കുന്നു.

കുനിയനുറുമ്പുകളുടെ നിർദ്ദോഷമായ ജീവിതവ്യവസ്ഥ അനേകം നൂറ്റാണ്ടുകളായി ആത്മപുരത്തിലും പരിസരത്തും നിലനിൽക്കുന്നു. കുനിയനുറുമ്പുകളുടെ അടുത്ത മാളത്തിലാണ് പൊള്ളക്കാലി ഉറുമ്പുകൾ താമസിക്കുന്നത്. രണ്ടു കൂട്ടരുടേയും മാളങ്ങൾ തമ്മിൽ എടുത്തു പറയാവുന്ന ദൂരമൊന്നുമില്ല. പൊള്ളക്കാലികൾ ആക്രമണ സ്വഭാവമുള്ളവയും മറ്റുള്ളവയെ കീഴടക്കി ആധിപത്യം സ്ഥാപിക്കുന്നവയുമാണ്. പൊതുവെ എണ്ണത്തിൽ പൊള്ളക്കാലികൾ കുറവാണ്. ഇരയ്ക്കുവേണ്ടി കാത്തിരിക്കുന്ന സ്വഭാവമാണ് പൊള്ളക്കാലികളുടേത്. ആലിലെ ഏതെങ്കിലും പക്ഷികൾ ചത്തു വീഴുമ്പോൾ സംഘം ചേരുന്ന പൊള്ളക്കാലികൾ ഉടനടിതന്നെ ശവത്തെ മാളത്തിൽ എത്തിക്കുന്നു. വരൾച്ചയേയും വെള്ളപ്പൊക്കത്തേയുംകുറിച്ച് ചിന്തിക്കാത്ത പൊള്ളക്കാലികൾ അന്നന്നത്തെ

സുഖസമൃദ്ധികളിൽ ജീവിക്കുന്നു. കറുപ്പിന്റെ തീക്ഷ്ണസൗന്ദര്യമുള്ള പൊള്ളക്കാലികൾ നിരന്തരമായ ഇണചേരലിന്റെ ആലസ്യത്തോടെ എപ്പോഴും അലസരാണ്. പെണ്ണുങ്ങൾ യഥേഷ്ടം മുട്ടയിടുമെങ്കിലും എണ്ണംകുറയ്ക്കാനുള്ള നടപടികളെ പ്രകൃതി ആണെറുമ്പുകൾക്ക് നൽകിയിരുന്നു. ആണെറുമ്പുകളുടെ പ്രധാന ഭക്ഷണം മുട്ടകളാണ്. ആണെറുമ്പുകളുടെ വംശനീതിയെ തിരിച്ചറിയുന്ന പെണ്ണെറുമ്പുകൾ രഹസ്യമായാണ് മുട്ടകളെ സൂക്ഷിക്കുക. എങ്കിലും ആണെറുമ്പുകൾ മുട്ടകൾ തിന്നാൻ കൂട്ടത്തോടെ എത്തുമ്പോൾ പെണ്ണെറുമ്പുകൾ ജീവന്റെ രക്ഷയ്ക്കുവേണ്ടി മാളത്തിൽനിന്ന് പുറത്തുകടക്കുക പതിവാണ്.

വരൾച്ചയും മഴക്കാലവും വരുമ്പോൾ കരുതൽശേഖരമില്ലാതെ വിശന്നുവലയുന്ന പൊള്ളക്കാലികൾ മണ്ണുതുരന്ന് രഹസ്യവഴിയുണ്ടാക്കി കുനിയനുറുമ്പുകളുടെ മാളത്തിൽ എത്തുന്നു. പിന്നീടവ കുനിയനുറുമ്പുകൾ അറിയാതെ ഭക്ഷണസാധനങ്ങളെ സ്വന്തം മാളത്തിൽ എത്തിക്കുന്നു.

ഇനി നമുക്ക് മനുഷ്യന്റെ നന്മകളെ വരവേൽക്കുന്ന കല്ല്യാണ ഉറുമ്പുകളുടെ ജീവിതത്തിലേക്ക് കടക്കാം.

എണ്ണക്കൂടുതൽ നോക്കുമ്പോൾ കല്ല്യാണ ഉറുമ്പുകളാണ് ഉറുമ്പുകളുടെ വംശത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. ശത്രുവിനെ ആക്രമിക്കാനും നേരിടാനുമുള്ള പ്രതിരോധാവയവങ്ങൾ ഇവക്കില്ല. കഠിനമായി അദ്ധ്വാനിക്കുന്ന ശീലമാണ് കല്ല്യാണ ഉറുമ്പുകളുടേത്. വരൾച്ചയേയും മഴയേയും ഭയക്കുന്ന ഇവ കരുതൽ ധാന്യങ്ങളുടെ സമൃദ്ധിയിൽ കാലാവസ്ഥയെ നേരിടുന്നു. കല്ല്യാണ ഉറുമ്പുകളെ ശുഭലക്ഷണമായി കരുതുന്ന മനുഷ്യർ അവയെ യഥേഷ്ടം ജീവിക്കാൻ അനുവദിക്കുന്നു. ശുഭകാര്യങ്ങളുടെ സന്ദേശവാഹകരായ കല്ല്യാണ ഉറുമ്പുകൾക്ക് മനുഷ്യരുടെ വീടുകളിൽ പൂർണ്ണസ്വാതന്ത്ര്യമാണുള്ളത്. ചെറുതിന്റേയും ലാളിത്യത്തിന്റേയും സൗന്ദര്യമാണ് പെണ്ണുറുമ്പുകൾക്കുള്ളത്. ആണുറുമ്പുകൾ വലിയ തല ഉള്ളവയും ഗതിമുട്ടിയാൽ ശത്രുവിനെ ആക്രമിക്കുന്നവയുമാണ്. സുഖലോലുപരെങ്കിലും ആണുറുമ്പുകളും കഠിനമായി അധ്വാനിക്കുന്നു. വ്യത്യസ്ത ഗന്ധങ്ങളെ പെട്ടെന്ന് തിരിച്ചറിയുന്ന പെണ്ണുറുമ്പുകൾ ഇരയെ കൂട്ടത്തോടെ ആക്രമിച്ച് മാളത്തിൽ എത്തിക്കുന്നു. ആണുറുമ്പുകൾ മിക്കവാറും സമയങ്ങളിൽ ഇണചേർന്നുകൊണ്ടിരിക്കും. നിരന്തരം അദ്ധ്വാനിച്ച് ക്ഷീണിക്കുന്ന അവ ഭക്ഷിക്കുമ്പോൾ മാത്രമാണ് സ്വകാര്യതയെ അനുഭവിക്കുന്നത്.

ഇനി നമുക്ക് കട്ടുറുമ്പുകളെ പരിശോധിക്കാം.

ആത്മപുരത്തിൽത്തന്നെ ജന്മത്തിന്റെ വേരുകളുള്ള കട്ടുറുമ്പുകൾ ആക്രമണസ്വഭാവമുള്ളവയാണ്. പട്ടിണികാലത്തു മാത്രം ധാന്യങ്ങളെ ഭക്ഷിക്കുന്ന അവ മാംസത്തിനുവേണ്ടി ചെറുജീവികളെ വേട്ടയാടുന്നു. സംഘടിതരായി ആക്രമിച്ച് ഇരയെ കൊല്ലുന്ന കട്ടുറുമ്പുകൾ അവയെ ഉടനടിതന്നെ മാളത്തിൽ എത്തിക്കുന്നു. സംഘടിതശക്തിയുടെ ധീരതയേയും വിജയത്തേയുമാണ് നമുക്ക് കട്ടുറുമ്പുകളെ നിരീക്ഷിച്ചാൽ കണ്ടെത്താൻ കഴിയുക. ഇരയെ കൊന്നുകഴിഞ്ഞാൽ സംഘടിതശക്തിയുടെ കായികമികവോടെ കട്ടുറുമ്പുകൾ കനത്ത ഭാരവുമായി യാത്ര ആരംഭിക്കുന്നു സമനിരപ്പുകളിൽ കൂടെ ലാഘവത്തോടെ സഞ്ചരിക്കുന്ന അവ കുത്തനെയുള്ള കയറ്റങ്ങളെ പ്രയാസപ്പെട്ട് മറികടക്കുന്നു. പ്രതിസന്ധിഘട്ടങ്ങളെ ഒരുമകൊണ്ട് അവ നേരിടുന്നു. ഇരയെ പെട്ടെന്നുതന്നെ തിന്നുതീർക്കുക കട്ടുറുമ്പുകളുടെ രീതിയല്ല. ഇരയുടെ വലുപ്പം അനുസരിച്ചാണ് കട്ടുറുമ്പുകളുടെ ഭക്ഷണക്രമം. കഠിനമായ വിശപ്പുണ്ടെങ്കിലും അത്യാവശ്യത്തിന് മാത്രമെ അവ ഭക്ഷിക്കാറുള്ളൂ. മാംസം തിന്നതിനുശേഷം എല്ലുകളെ ഉമിനീരുകൊണ്ട് നനയ്ക്കുന്ന കട്ടുറുമ്പുകൾ അവയെ വറുതികാലത്തിനുവേണ്ടി സൂക്ഷിച്ചുവെയ്ക്കുന്നു. സമൃദ്ധമായി ലഭിക്കുന്നുവെങ്കിൽ മാംസത്തേയും അവ ഉമിനീരു നനച്ച് മഴക്കാലത്തിനുവേണ്ടി സൂക്ഷിച്ചുവെയ്ക്കും.

കട്ടുറുമ്പുകളുടെ തൊട്ടടുത്ത മാളമാണ് കറുത്ത മണിയൻ ഉറുമ്പുകളുടേത്. കട്ടുറുമ്പുകളുടെ ഭക്ഷണരീതിയും ആവാസക്രമവുമാണ് മണിയൻ ഉറുമ്പുകൾക്കും ഉള്ളത്. ഇരയെ ആക്രമിച്ചു കൊല്ലാത്ത മണിയൻ ഉറുമ്പുകൾ ചത്തവയെ മാത്രം മാളത്തിൽ എത്തിക്കുന്നു.

ആത്മപുരം പുഴവക്കത്ത് മറ്റനേകം ഉറുമ്പുകളുമുണ്ട്. അവയിൽ പ്രധാനപ്പെട്ട ശവംതീനി ഉറുമ്പുകൾക്ക് ഈ കഥയിൽ പ്രമുഖസ്ഥാനമാണുള്ളത്. ആത്മപുരത്തുകാർ പുഴക്കരയിലാണ് ശവങ്ങളെ അടക്കംചെയ്യുന്നത്. ശവംതീനി ഉറുമ്പുകളുടെ പ്രിയപ്പെട്ട ഭക്ഷണം ചത്തുചീയുന്ന മനുഷ്യരാണ്. ശ്മശാന പരിസരത്തിൽ മാത്രം സഞ്ചരിക്കുന്ന ശവംതീനി ഉറുമ്പുകൾ പുറംലോകത്തിന്റെ വിശേഷങ്ങൾ അറിയാതെ ആത്മപുരത്തിലെ പുഴക്കരയിൽ തന്നെ ജീവിക്കുന്നു. വറുതികാലവും മഴക്കാലവും ശവംതീനി ഉറുമ്പുകളുടെ അലോസരതയാകുന്നില്ല. എക്കാലത്തും അവ സമൃദ്ധിയോടെ ശവങ്ങളെ തിന്നു ജീവിക്കുന്നു.

ആത്മപുരം പുഴക്കരയിലെ ആലിന്റെ പരിസരത്തിലുള്ള ഉറുമ്പുകളെ നമ്മൾ കണ്ടുകഴിഞ്ഞുവല്ലോ. ഇവയെല്ലാം അനേകം നൂറ്റാണ്ടുകളായി അവിടെത്തന്നെ സ്ഥിരമായി താമസിക്കുന്നു. സ്വാഭാവികമായും സ്ഥിരവാസികളുടെ പല ദുശ്ശീലങ്ങളും ഉറുമ്പുകൾക്ക് ഉണ്ടായിരുന്നു. അതീജിവനത്തിനു വേണ്ടി യാത്രചെയ്യേണ്ട അവസ്ഥ ആത്മപുരത്തിലെ ഉറുമ്പുകൾക്ക് ഇല്ല. ഭക്ഷണ സാധനങ്ങൾ ധാരാളമുണ്ട്. സമ്പന്നമായ പ്രകൃതിയും മെച്ചപ്പെട്ട കാലാവസ്ഥയും സുഖസമൃദ്ധമായ ജീവിതത്തെ ഉറുമ്പുകൾക്കു നൽകി. നിരന്തരം വംശവർദ്ധന നടത്തിയ അവ ദുശ്ശീലങ്ങളുടെ അടിമകളായി അലസമായി ജീവിച്ചു. വലുപ്പവും ശക്തിയുമുള്ള പൊള്ളക്കാലികൾക്ക് ഉറുമ്പുകളുടെ കൂട്ടത്തിൽ ആദരണീയമായ സ്ഥാനമാണുള്ളത്. പൊള്ളക്കാലി ഉറുമ്പുകളുടെ അതിക്രമങ്ങളെ കുനിയനുറുമ്പുകളാണ് ഏറ്റവും കൂടുതൽ അതിജീവിച്ചത്. പൂർവ്വികർ നൽകിയ സഞ്ചാരപരിധിയിൽ ജീവിച്ച കുനിയനുറുമ്പുകൾ ഏറ്റുമുട്ടലുകളെ ഒഴിവാക്കാൻ പൊള്ളക്കാലികളിൽ നിന്ന് എപ്പോഴും ഒഴിഞ്ഞുമാറി. ഒറ്റതിരിഞ്ഞു സഞ്ചരിക്കുക കുനിയനുറുമ്പുകളുടെ ശീലമല്ല.

ആത്മപുരം പുഴക്കരയിലെ ഉറുമ്പുകളുടെ പൊതുവായ നിറം കറുപ്പാണ്. അത്യുഷ്ണവും കഠിനമായ മഴയും അവയ്ക്ക് കറുപ്പിന്റെ അസാമാന്യ സൗന്ദര്യത്തെ നൽകി. തിളങ്ങുന്ന കറുത്ത കണ്ണുകളും മെലിഞ്ഞ ശരീരവും ഇടുങ്ങിയ അരക്കെട്ടും ആത്മപുരത്തിലെ ഉറുമ്പുകളുടെ സൗന്ദര്യത്തിന്റെ മികച്ച ലക്ഷണങ്ങളാണ്. കറുത്ത സൗന്ദര്യത്തിന്റെ പരിപൂർണ്ണതയായി അവർ കല്ല്യാണ ഉറുമ്പുകളെ പരിഗണിച്ചു. സുന്ദരികളും സുന്ദരൻമാരുമായ കല്ല്യാണ ഉറുമ്പുകളോട് മറ്റെല്ലാ ഉറുമ്പുകൾക്കും അസൂയയും ആദരവുമായിരുന്നു.

വെവ്വേറെ മാളങ്ങളിലാണ് വിവിധതരം ഉറുമ്പുകൾ ജീവിക്കുന്നത്. കാലത്തെ ദീർഘദൃഷ്ടിയോടെ കണ്ട കുനിയനുറുമ്പുകൾ സ്വാഭാവികമായും സ്വയംപര്യാപ്തരായിരുന്നു. മറ്റ് ജീവികളെ ആശ്രയിച്ച് ജീവിക്കുന്നവയാണെങ്കിലും പരിമിതികളെ തിരിച്ചറിയാത്ത ഉറുമ്പുകൾ നിറത്തിലും കുലത്തിലും വർഗ്ഗത്തിലും മഹത്വത്തെക്കണ്ട് അഹങ്കരിക്കുക പതിവാണ്. ശക്തരായ പൊള്ളക്കാലികളാണ് വംശമഹത്വത്തിന്റെ അഹന്തയുമായി എപ്പോഴും നടക്കുക. അവയ്ക്കുതാഴെയാണ് കുനിയൻ ഉറുമ്പുകൾ. കല്ല്യാണ ഉറുമ്പുകൾക്കു ശേഷമുള്ള ശവംതീനി ഉറുമ്പുകളെ അധ:കൃതരായി കരുതി അവഗണിച്ചു. ശവംതീനി ഉറുമ്പുകളെ കാണാനോ, ഗന്ധം

ഏൽക്കാനോ മറ്റ് ഉറുമ്പുകൾ തയ്യാറായില്ല. ഉറുമ്പുകളുടെ വിഭാഗിയതയേയും വിഭജനസംവിധാനത്തേയും മനുഷ്യജീവിതവുമായി ബന്ധിപ്പിക്കാവുന്നതും അജ്ഞാത സത്യങ്ങളെ വെളിപ്പെടുത്താവുന്നതുമാണ്. മനുഷ്യരുടെ ഇടയ്ക്കുള്ള ജാതിവിഭജനത്തിന്റെ ആദിരൂപങ്ങളെ നമുക്ക് ഉറുമ്പുകളിൽ കണ്ടെത്താം.

വീണ്ടും നമുക്ക് ഉറുമ്പുകളിലേക്കുതന്നെ മടങ്ങാം.

പ്രാദേശിക വിഭവങ്ങളുടെ സമൃദ്ധിയിൽ മുഴുകി ലോകത്തിന്റെ വിശാലത അറിയാതെയാണ് ആത്മപുരത്തിലെ ഉറുമ്പുകൾ ജീവിച്ചത്. കാലാവസ്ഥയുടെ മാറ്റങ്ങളെക്കുറിച്ച് ബോദ്ധ്യമുള്ള ഉറുമ്പുകൾ അതിജീവനത്തിനുവേണ്ട മാർഗ്ഗങ്ങളെ പാരമ്പര്യം അനുസരിച്ച് സ്വീകരിച്ചുവന്നു. ശക്തരായ പൊള്ളക്കാലികളാണ് ആൽമരച്ചോട്ടിൽ എത്തുന്ന ശത്രുവിനെ ആദ്യമായി നേരിടുക. പൊള്ളക്കാലികളുടെ ശക്തിയേയും അധികാരത്തേയും മറ്റെല്ലാ ഉറുമ്പുകളും അംഗീകരിക്കുന്നു. ശത്രുവിനെ സംഘടിതരായി ആക്രമിക്കുന്ന പൊള്ളകാലികൾ പരാജയപ്പെടുമ്പോൾ കൂട്ടമരണമാണ് സംഭവിക്കുക. വിജയിക്കുമ്പോൾ ശത്രു ജീവരക്ഷയോടെ സ്ഥലം വിട്ടിരിക്കും. ശത്രുക്കൾ അപൂർവ്വമായതുകൊണ്ട് ഉറുമ്പുകളുടെ ജീവിതം തികച്ചും ശാന്തമായിരുന്നെന്ന് പറയാം. മാളങ്ങളിലെ സഞ്ചാരപരിധിയെ ലംഘിക്കാൻ ഉറുമ്പുകൾ ഒരിക്കലും തയ്യാറായില്ല. പരിധി ലംഘിക്കുമ്പോൾ ഉണ്ടാകുന്ന അപകടവും ജീവനാശവും ഓരോ ഉറുമ്പിനേയും സാമ്പ്രദായികതയെ അനുസരിക്കാൻ നിർബന്ധിച്ചു.

നൂറ്റാണ്ടുകളായി ശാന്തരും സ്വസ്ഥരുമായി ജീവിച്ച ആത്മപുരത്തിലെ ഉറുമ്പുകൾ പെട്ടെന്ന് പ്രക്ഷുബ്ധരായി തീർന്നതിന്റെ കാരണങ്ങളെയാണ് ഇനി നമ്മൾ അന്വേഷിക്കുന്നത്. ഉറുമ്പുകൾക്ക് മറ്റു ജീവികൾക്ക് അറിയാത്ത അനേകം ആശയവിനിമയ മാധ്യമങ്ങളുണ്ട്. ഗന്ധത്തേയും ചൂടിനേയും കേന്ദ്രീകരിച്ചാണ് ഉറുമ്പുകൾ ആശയവിനിമയം നടത്തുന്നത്. അപകടസാദ്ധ്യതകളെ അറിയുന്ന ഉറുമ്പുകൾ പ്രത്യേക ഗന്ധം പുറപ്പെടുവിച്ച് വംശരക്ഷയ്ക്കു വേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. അപകടസാദ്ധ്യതകളെ മുൻകൂട്ടി കാണുക പൊള്ളക്കാലി ഉറുമ്പുകളാണ്. പുതുതായി സംഭവിക്കാവുന്ന അപകടത്തെ കുറിച്ചറിഞ്ഞ പൊള്ളക്കാലി ഉറുമ്പുകൾ മറ്റെല്ലാ ഉറുമ്പുകളേയും അരയാൽ ചുവട്ടിൽ വിളിച്ചുകൂട്ടി.

ലോകപരിചയവും പ്രായകൂടുതലുമുള്ള പൊള്ളക്കാലി ഉറുമ്പ് മറ്റ് ഉറുമ്പുകളോട് പറഞ്ഞു:

അനേകം നൂറ്റാണ്ടുകളായി പറയത്തക്ക ശത്രുഭീഷണി ഇല്ലാതെ നമ്മൾ ഇവിടെ ജീവിക്കുകയാണ്. അടുത്തുതന്നെ സംഭവിക്കാവുന്ന അപകടത്തെക്കുറിച്ച് നമുക്ക് മുന്നറിയിപ്പു കിട്ടിയിരിക്കുന്നു. സ്ഥിരമായി എവിടേയും താമസിക്കാത്ത ഗച്ഛൻമാരും ഓങ്കാരികളും പശ്ചിമഘട്ടമലകളെ കീഴടക്കിയതിനുശേഷം നമ്മുടെ നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. ആദ്യമായി ഗച്ഛൻമാരാണ് എവിടേയും പ്രവേശിക്കുക. പിന്നീടാണ് ഓങ്കാരികളുടെ വരവ്. ഗച്ഛൻമാരെ എതിർത്ത നാട്ടുകാരായ ഉറുമ്പുകൾ പലരും പരാജയപ്പെട്ടു കഴിഞ്ഞു. ഗച്ഛൻമാർ സ്വന്തം ശരീരംകൊണ്ടല്ല യുദ്ധം ചെയ്യുന്നത്. ആയുധങ്ങൾകൊണ്ട് യുദ്ധംചെയ്യുന്ന അവരെ പരാജയപ്പെടുത്താൻ നമുക്ക് കഴിയില്ല. ആയുധങ്ങളില്ലാതെ അവയവങ്ങൾകൊണ്ട് യുദ്ധം ചെയ്യുന്ന നമ്മൾ ഗച്ഛൻമാരുടെ അടിമകളായി തീരുക സ്വാഭാവികമാണ്. ഞങ്ങൾ പൊള്ളക്കാലികൾ മരണംവരെ ഗച്ഛൻമാരോട് പോരാടുകതന്നെ ചെയ്യും.

കാരണവരായ പൊള്ളക്കാലിയുടെ വാക്കുകൾ കേട്ട മറ്റുറുമ്പുകൾ മരണഭീതിയോടെ ചുറ്റുപാടുകളെ പരിശോധിച്ചു. അപ്പോൾ കുനിയനുറുമ്പ് പതുക്കെ ചോദിച്ചു:

ഗച്ഛൻമാർ എന്തിനാണ് ഇങ്ങോട്ടുവരുന്നത്?

കുനിയനുറുമ്പിന്റെ ചോദ്യം ശ്രദ്ധിച്ച പൊള്ളക്കാലി കാരണവർ പറഞ്ഞു:

മാളവും ആവശ്യത്തിന് ഭക്ഷണവും ഇല്ലാത്ത കൂട്ടരാണ് ഗച്ഛൻമാരും ഓങ്കാരികളും. ഇവിടെ യഥേഷ്ടം ഭക്ഷണവും താമസസൗകര്യവുമുണ്ട്. നമ്മുടെ മാളവും ഭക്ഷണവും പിടിച്ചടക്കാനാണ് ഗച്ഛൻമാർ വരുന്നത്.

പല രാത്രികളിലും പകലുകളിലും വീണ്ടും കൂട്ടംചേർന്ന ആത്മപുരത്തിലെ ഉറുമ്പുകൾ ശത്രുവിനെ നേരിടാനും ആക്രമിക്കാനുമുള്ള വഴികൾ തിരഞ്ഞു. ആയുധത്തോട് ഏറ്റുമുട്ടാൻ കഴിയില്ലെന്ന തീരുമാനത്തിൽ അവർ അവസാനം എത്തിച്ചേർന്നു. മരണഭീതിയുള്ള ശാന്തത നിശ്ചലതയായി ഉറുമ്പുകളുടെ മാളങ്ങളിൽ പടർന്നു. ഭക്ഷണം ശേഖരിക്കാൻ വേണ്ടി മാത്രം അവ മാളത്തിൽ നിന്നിറങ്ങി. യുദ്ധവാർത്തകളെ ശേഖരിച്ചുകൊണ്ടിരുന്ന പൊള്ളക്കാലികൾ നാട്ടുറുമ്പുകളുടെ പരാജയ കഥകളെ മറ്റുറുമ്പുകളെ അറിയിച്ചുകൊണ്ടിരുന്നു. മരണത്തെ മുഖാമുഖം കണ്ട അവ ചെറിയ അനക്കങ്ങൾ കേട്ട് ഭീതിയോടെ ചുറ്റുപാടുകളെ പരിശോധിച്ചു.

പ്രതീക്ഷിച്ചതുപോലെ ഗച്ഛൻമാർ ആയുധങ്ങളുമായി ആത്മപു

രത്തിലെ അരയാലിൻ ചുവട്ടിൽ എത്തി. പുഴക്കരവഴി ഗച്ഛൻമാർ വരുന്നതുകണ്ടപ്പോൾ പൊള്ളക്കാലികൾ കൂട്ടത്തോടെ അവയെ ആക്രമിച്ചു. പൊള്ളക്കാലികളെ കണ്ട് നിരന്നുനിന്ന ഗച്ഛൻമാർ ശത്രുവിനെ ആക്രമിക്കാൻ വായിൽ കരുതിവെച്ച ആയുധം പ്രയോഗിച്ചു. വളരെ ചെറിയ കല്ലുകളെയാണ് ഗച്ഛൻമാർ ശത്രുവിന്റെ നേർക്ക് പ്രയോഗിച്ചത്. ഗച്ഛൻമാർ വിദഗ്ദ്ധമായി പ്രയോഗിച്ച കല്ലുകൾ പൊള്ളക്കാലികളുടെ കണ്ണുകൾ തകർത്ത് വീണ്ടും അവയുടെ വായിൽത്തന്നെ തിരിച്ചെത്തി. കാഴ്ച നഷ്ടപ്പെട്ട പൊള്ളക്കാലികൾ ശത്രുവിനെ കാണാതെ പരസ്പരം ആക്രമിച്ചുതുടങ്ങി. പരസ്പരം യുദ്ധംചെയ്ത് പൊള്ളക്കാലികൾ മരിച്ചുകൊണ്ടിരുന്നപ്പോൾ ശേഷിച്ചവ മാളത്തിലേക്ക് പിന്തിരിഞ്ഞോടി. ആഹ്ലാദത്തോടെ ശബ്ദിച്ച ഗച്ഛൻമാർ ശത്രുവിന്റെ മാളംതേടി മുമ്പോട്ടു നടന്നു. വിവിധ മാളങ്ങളിലേക്ക് പ്രവേശിച്ച ഗച്ഛൻമാർ വീണ്ടും കൂട്ടമരണങ്ങൾ നടത്തി.

ഗച്ഛൻമാരുടെ ആക്രമണവും കൊലപാതകങ്ങളും തടസ്സങ്ങളില്ലാതെ ദിവസങ്ങളോളം നീണ്ടുനിന്നു. പൊള്ളക്കാലികളുടെ ശവങ്ങൾ മാളങ്ങളിൽ നിറഞ്ഞുകവിഞ്ഞു. ആയുധങ്ങളെ നേരിടാൻ കഴിയാതെ പൊള്ളക്കാലികൾ ചത്തുവീഴുന്നതു കണ്ടപ്പോൾ ഗച്ഛൻമാർ ആഹ്ലാദത്തോടെ പൊട്ടിച്ചിരിച്ചു. അവസാനമായാണ് ഗച്ഛൻമാർ കുനിയൻ ഉറുമ്പുകളുടെ മാളത്തിലേക്ക് പ്രവേശിക്കുന്നത്. ശത്രുവിന്റെ വരവുകണ്ട കുനിയനുറുമ്പുകൾ മരണഭീതിയോടെ നിലത്ത് കിടന്നു. കുനിയനുറുമ്പുകൾ കീഴടങ്ങുന്നെങ്കിലും ഗച്ഛൻമാർ അവയെ നിർദ്ദയം കൊന്നൊടുക്കി. യുദ്ധത്തിനുശേഷം കുനിയനുറുമ്പുകളുടെ മാളത്തെ പരിശോധിച്ച ഗച്ഛൻമാർ ശത്രുവിന്റെ ജീവിതരീതികളെ കണ്ട് അമ്പരന്നു. കുനിയനുറുമ്പുകൾ ഭക്ഷണത്തിനായി വളർത്തുന്ന ഇമ്മമരവും പാലിനുവേണ്ടിയുള്ള ഉഡ്ഡുപശുവും അവരെ ആകർഷിച്ചു. പിന്നീട് അവർ കുനിയനുറുമ്പുകളിൽനിന്ന് ഇമ്മമരത്തിന്റേയും ഉഡ്ഡുപശുവിന്റേയും ഉപയോഗങ്ങളെ മനസ്സിലാക്കി. ഉഡ്ഡുവിന്റെ പാലുകുടിച്ച ഗച്ഛൻമാർ ആദ്യമായാണ് ആഹാരം നൽകുന്ന സന്തുഷ്ടിയെ തിരിച്ചറിയുന്നത്. അത്തരം അനുഭവമാണ് ഇമ്മയുടെ നീരുകുടിച്ചപ്പോഴും ഗച്ഛൻമാർ അനുഭവിച്ചത്.

ഗച്ഛൻമാർ നാട്ടുറുമ്പുകളെ തോല്പിച്ചതിനുശേഷം മൂന്നാംദിവസമാണ് ഓങ്കാരികൾ ആത്മപുരത്തിലേയ്ക്കു വരുന്നത്. നാട്ടുറുമ്പുകൾ മണ്ണിൽ മാളങ്ങളുണ്ടാക്കി താമസിച്ചപ്പോൾ ഗച്ഛൻമാർ

മരങ്ങളിലെ ദ്വാരങ്ങളിലാണ് താമസിച്ചത്. മരങ്ങളിലെ ശിഖരങ്ങളിലേക്കു പ്രവേശിച്ച ഓങ്കാരികൾ വായയിലെ ഉമിനീരു ഉപയോഗിച്ച് ഇലകളെ കൂട്ടിച്ചേർത്ത് കൂടുണ്ടാക്കി താമസം ആരംഭിച്ചു.

ഇനി നമ്മൾ ഗച്ഛൻമാരുടേയും ഓങ്കാരികളുടേയും വ്യത്യസ്തതകളെയാണ് പരിശോധിക്കുന്നത്.

ആഹാരത്തിനുവേണ്ടി അലഞ്ഞു നടക്കുന്ന ഉറുമ്പുകളാണ് ഗച്ഛൻമാരും ഓങ്കാരികളും. ശത്രുക്കളുമായി അവ നിരന്തരം ഏറ്റുമുട്ടിക്കൊണ്ടിരുന്നു. അതിജീവനത്തിനുവേണ്ടി സാഹസിക ജീവിതം നയിച്ച അവർ സ്വാഭാവികമായും അനേകം മാറ്റങ്ങൾക്ക് വിധേയരായി. അതിശക്തരായ ഗച്ഛൻമാർ ധീരതയോടെ ശത്രുവിനെ നേരിടാൻ സന്നദ്ധരാണെങ്കിലും ബുദ്ധിശൂന്യത അവരുടെ അകമ്പടിയായി. അതിബുദ്ധിയുള്ള ഓങ്കാരികൾ മസ്തിഷ്ക്കത്തിന്റെ പിൻബലത്തിൽ ഗച്ഛൻമാരുടെ അധിപതികളായി. ഉറുമ്പുകളുടെ ലോകത്തിൽ മനുഷ്യരുടെ വിശ്വാസത്തെപോലെ അദൃശ്യശക്തികളുടെ സാന്നിദ്ധ്യവുമുണ്ട്. അദൃശ്യശക്തികളുടെ ന്യായസംഹിതകൾ ഓങ്കാരികൾക്കു മാത്രം അറിയാവുന്ന രഹസ്യമാണ്. അദൃശ്യശക്തികളുടെ പ്രിയപ്പെട്ടവരായ ഓങ്കാരികൾ ദൈവത്തിന്റെ വക്താക്കളായി ഗച്ഛൻമാരെ ഭീഷണിപ്പെടുത്തി നിലയ്ക്കു നിർത്തി. ഗച്ഛൻമാർ ശത്രുവിനെ ആക്രമിക്കുമ്പോൾ ഇലക്കൂടുകളിൽ ഒളിച്ചിരിക്കുന്ന ഓങ്കാരികൾ അദൃശ്യശക്തികളുടെ സഹായത്തിനുവേണ്ടി നിരന്തരം ജപിച്ചുകൊണ്ടിരിക്കും.

ഓങ്കാരികളുടെ ന്യായങ്ങളെ അനുസരിക്കുന്ന ഗച്ഛൻമാർ അവർക്ക് സമൂഹത്തിലെ ഉന്നതസ്ഥാനങ്ങൾ നൽകി ആദരിച്ചു. ഓങ്കാരികൾ അപമാനിക്കപ്പെടുമ്പോൾ തങ്ങളുടെ വിശുദ്ധവംശം നശിക്കുമെന്ന് അവർ വിശ്വസിച്ചു.

ആത്മപുരത്തിൽ എത്തിയ ഗച്ഛൻമാരും ഓങ്കാരികളും നാട്ടുറുമ്പുകളെ കീഴടക്കിയതിനുശേഷം കാലങ്ങളായി തുടർന്നുവന്ന ജീവിതത്തെ മാറ്റിപ്പണിയാൻ തീരുമാനിച്ചു. ഭക്ഷണത്തിനുവേണ്ടി അലഞ്ഞുനടന്ന അവർക്ക് പ്രാദേശികതയുടെ അതിരുകളിൽ ജീവിച്ച നാട്ടുറുമ്പുകളോട് അസൂയയും ആദരവുമുണ്ടായി. നാട്ടുറുമ്പുകളുടെ മാളങ്ങളിലെ നവീന ജീവിത സൗകര്യങ്ങളും തൊഴിൽ വിഭജനങ്ങളും അലഞ്ഞുനടന്ന ഗച്ഛൻമാർക്ക് അന്യമായിരുന്നു. അതിശക്തരാണെങ്കിലും സംസ്കാരശൂന്യരാണെന്ന അറിവ് അവർക്കുണ്ടായി. ഇണകൾക്കുവേണ്ടി യുദ്ധംചെയ്തു ചത്തുവീഴുക ഗച്ഛൻമാരുടെ യുവത്വത്തിന്റെ രീതിയാണ്. താൽക്കാലികമായി ശക്തർ വിജ

യിക്കുമെങ്കിലും മറ്റുള്ളവർ സംഘടിച്ച് അവരെ കൊല്ലുക പതിവാണ്. അതിജീവനത്തിനുവേണ്ടി നിരന്തരം യാത്രചെയ്തിരുന്ന അവർ കായികമികവിനെയാണ് എവിടേയും അംഗീകരിച്ചത്.

ആത്മപുരത്തിൽ ആധിപത്യം സ്ഥാപിച്ച ഗച്ഛൻമാരോട് ഓങ്കാരികൾ പറഞ്ഞു:

നമ്മുടെ നൂറ്റാണ്ടുകളായുള്ള യാത്രകൾ ഇവിടെ അവസാനിക്കുകയണ്. ഇനി നമ്മുടെ വംശം നിലനിൽക്കേണ്ടത് ഇവിടെയാണെന്ന ദൈവന്യായമുണ്ട്. നമ്മുടെ തലമുറകൾ ജനിക്കേണ്ടതും മരിക്കേണ്ടതും ഈ മണ്ണിലാണ്. നമുക്ക് അരയാലുകളാണ് താമസം നൽകുന്നത്. അരയാലുകൾ ദൈവവൃക്ഷമാണെന്നും അതുകൊണ്ട് ആരാധിക്കപ്പെടേണ്ടതാണെന്നും ദൈവന്യായമുണ്ട്. ഇനി നമ്മൾ ഭൂമിയിലെ മാളങ്ങളിലാണ് അധിവസിക്കേണ്ടത്. കാരണം ഭൂമിയിൽനിന്നാണ് സംസ്ക്കാരം ഉണ്ടാകുന്നത്. ഭക്ഷണത്തിനുവേണ്ടി അലഞ്ഞു നടന്നിരുന്ന നമ്മൾക്ക് ഇതുവരെ സംസ്കാരത്തിന്റെ മഹത്വത്തെ അറിയില്ല. സുഭിക്ഷതയോടെ ശാന്തമായി ജീവിച്ച നാട്ടുറുമ്പുകൾ സംസ്കാരത്തിന്റെ മഹത്വത്തെ ഉൾക്കൊള്ളുന്നു. നാട്ടുറുമ്പുകളുടെ സംസ്ക്കാരത്തെ നമ്മൾ സ്വീകരിക്കണം. അവരെ തോല്പിച്ച് ആധിപത്യം ഉറപ്പിച്ച നമ്മൾ അവരുടെ സംസ്കാരത്തെ പരിഷ്ക്കരിക്കുകയും ഏറ്റവും മുകളിൽ നമ്മളെ പ്രതിഷ്ഠിക്കുകയും വേണം. അലഞ്ഞുനടന്നിരുന്ന നമുക്ക് സംസ്ക്കാരത്തെക്കുറിച്ച് ആരോടും പറയാനാവില്ല. നിറത്തിന്റെ മഹത്വത്തെക്കുറിച്ച് നമ്മൾ സംസാരിക്കണം.

ഓങ്കാരി ഉറുമ്പുകളിലെ കാരണവർ തുടർന്നുപറഞ്ഞു:

ഇനി നമ്മൾ ഭക്ഷണത്തിനുവേണ്ടി അലഞ്ഞു നടക്കേണ്ടതില്ല. ശത്രുക്കളെ നശിപ്പിക്കാൻ വേണ്ടി പുത്തൻ ആയുധങ്ങളും കണ്ടെത്തേണ്ടതില്ല. നമ്മൾ പിന്നിട്ട പ്രദേശങ്ങളിലെല്ലാം നമ്മുടെ കൂട്ടരാണ് ആധിപത്യം സ്ഥാപിച്ചിട്ടുള്ളത്. ലോകത്തെ കീഴടക്കി ആധിപത്യം സ്ഥാപിക്കുക നമ്മുടെ ലക്ഷ്യമാണ്. അതുതന്നെയാണ് നമ്മുടെ ദൈവങ്ങളുടെ വിധിന്യായത്തിലും ഉള്ളത്. യുവാക്കൾ ലോകം കീഴടക്കാൻ വീണ്ടും യാത്ര പുറപ്പെടണം. ഓങ്കാരികളിലേയും ഗച്ഛൻമാരിലേയും പ്രായം ചെന്നവർ ഇവിടെതന്നെ സ്ഥിരമായി താമസിക്കുന്നതാണ്.

നാടോടി ഉറുമ്പുകൾ നാട്ടുറുമ്പുകളുടെ സംസ്ക്കാരം സ്വീകരിച്ചതോടെ അവരുടെ ജീവിതവും ക്രമസംവിധാനങ്ങളും പ്രകടമായി മാറ്റംവെച്ചു. കറുപ്പ് വംശ മഹത്വത്തിന്റെ ലക്ഷണമായി കരുതിയ

നാട്ടുറുമ്പുകൾ ഫലഭൂയിഷ്ടമായ മണ്ണിന്റെ നിറം സ്വന്തം നിറമായി കരുതി അഹങ്കരിച്ചു. കറുപ്പ് സമൃദ്ധിയുടേയും സമാധാനത്തിന്റെയും മഹത്വത്തിന്റേയും നിറമാണതെന്ന് നാട്ടുറുമ്പുകൾ വിശ്വസിച്ചു. കല്ല്യാണ ഉറുമ്പുകളെ സൗന്ദര്യത്തിന്റേയും ശുഭലക്ഷണങ്ങളുടെയും പ്രതീകമായി കരുതുമ്പോഴും വംശത്തിന്റെ അതിരുകൾ ലംഘി ക്കാൻ അവർ തയ്യാറായില്ല. വഴിവിട്ട ബന്ധങ്ങളെ അലിഖിതമായ നിയമങ്ങൾക്കൊണ്ട് അവർ നേരിട്ടു. ആദ്യകാലങ്ങളിൽ വംശ ത്തിന്റെ പ്രത്യേകതകൾ കണക്കാക്കാതെ നാട്ടുറുമ്പുകൾ ഇണ ചേർന്നിരുന്നു. തുറന്ന സമീപനങ്ങൾ അനേകം യുവത്വങ്ങളെ ഇല്ലാ താക്കി. വംശരക്ഷയും സാമൂഹ്യസുരക്ഷയും മുന്നിൽ കണ്ടതോടെ ഇണചേരൽ സ്വന്തം വംശത്തിൽ മാത്രമായി പരിമിതപ്പെട്ടു.

സംസ്ക്കാരശൂന്യരായ ഗച്ഛൻമാരും ഓങ്കാരികളും ആയുധത്തി ന്റേയും അധികാരത്തിന്റേയും പിൻബലത്തിൽ സ്വന്തം നിറത്തിന്റെ മഹത്വങ്ങളെ ബോദ്ധ്യപ്പെടുത്തി. നാട്ടുറുമ്പുകളോട് ഓങ്കാരി കാര ണവർ പറഞ്ഞു:

കറുപ്പ് നാശത്തിന്റേയും ബുദ്ധിശൂന്യതയുടേയും പ്രാകൃത നിറ മാണ്. കറുപ്പ് സൗന്ദര്യമല്ല, ബീഭത്സതയും ഭീകരതയും അറിവുകേ ടിന്റെ ഇരുട്ടുമാണ്. മരണവും രാത്രിയും കറുപ്പിന്റെ ബീഭത്സത യാണ് പ്രകടിപ്പിക്കുന്നത്. കറുപ്പ് അടിമത്തവും പരാജിതന്റെ പ്രതീ കവുമാണ്. നിങ്ങൾ പ്രകൃതിയെ ശ്രദ്ധിക്കുക. സൂര്യോദയത്തിന്റെ ചുവപ്പാണ് പ്രകൃതിയുടെ സവിശേഷ നിറം. ചുവപ്പില്ലെങ്കിൽ പ്രഭാ തവുമില്ല, സന്ധ്യയുമില്ല. ചുവപ്പാണ് വെളിച്ചത്തിന് കാരണം. എല്ലാ ജീവികളേയും പ്രകൃതിയേയും നിർണ്ണയിക്കുന്ന നിറം ചുവപ്പാ ണെന്ന് നിങ്ങൾ മനസ്സിലാക്കുക. ഞങ്ങൾ നിങ്ങളെ കീഴടക്കിയത് ചുവപ്പിന്റെ മഹത്വംകൊണ്ടാണ്. കറുപ്പ് അറിവുകേടും അടിമത്ത വുമായതുകൊണ്ട് നിങ്ങൾ പരാജിതരായെന്നു മാത്രം. നിങ്ങൾ സ്വയം തിരിച്ചറിയുക. എന്തൊരു വൃത്തികെട്ട നിറമാണ് നിങ്ങളു ടേത്. ആഭാസമായ സ്വന്തം നിറത്തെ, ശരീരത്തെ നിങ്ങൾ എങ്ങ നെയാണ് സ്നേഹിക്കുക? നിങ്ങൾക്ക് ചുവന്ന ഉറുമ്പുകളായിത്തീ രാൻ കഴിയില്ല. കറുത്തവരായ നിങ്ങൾ അടിമയും ചുവന്ന ഞങ്ങൾ ഉടമയുമാണ്.

ഓങ്കാരി കാരണവർ തുടർന്നു:

കറുത്തവരായ നിങ്ങൾ ജനനംകൊണ്ടുതന്നെ അടിമകളും അധ:കൃതൻമാരുമാണ്. കറുപ്പാണ് നിങ്ങളുടെ ജീവിതത്തെ നിന്ദ്യ മാക്കിതീർത്തത്. കറുപ്പിന്റെ അടിമത്തത്തേയും അധ:കൃതാവസ്ഥ

യേയും ആർക്കും മാറ്റിതീർക്കാനാവില്ല. ഗച്ഛൻമാരേയും ഓങ്കാരികളേയും നിങ്ങൾ ശ്രദ്ധിക്കുക. ഞങ്ങൾ സുന്ദരൻമാർ മാത്രമല്ല അധികാരത്തിന്റെ വക്താക്കളുമാണ്. ഞങ്ങളെ ധീരരും അധികാരികളുമാക്കിയത് ചുവപ്പാണ്. ഞങ്ങളുടെ യുവതികൾ സൗന്ദര്യത്തിന്റെ പരിപൂർണ്ണതയാണ്. കാരണം അവരുടെ നിറം ചുവപ്പാണ്. കറുത്ത് വികൃതമായ നിങ്ങളുടെ യുവതികൾ ഞങ്ങൾക്ക് അറപ്പാണ് ഉണ്ടാക്കുന്നത്. ചുവപ്പ് ലോകത്തിന്റേയും സൗന്ദര്യത്തിന്റേയും അധികാരത്തിന്റേയും നിറമാണ്.

നാട്ടുറുമ്പുകളും ഗച്ഛൻമാരും ഓങ്കാരികളും അരയാലിന്റെ ചുവട്ടിൽ കൂട്ടംചേർന്നിരിക്കുകയാണ്. ആത്മാഭിമാനവും പൗരുഷവും നഷ്ടപ്പെട്ട നാട്ടുറുമ്പുകൾ ഓങ്കാരികാരണവരുടെ വാക്കുകളിലെ സത്യസ്ഥിതിയെ പതുക്കെ ഉൾക്കൊണ്ടു. കുനിയനുറുമ്പിലെ നാലു ചെറുപ്പക്കാർ കറുപ്പിന്റെ മഹത്വത്തെ ഓർത്ത് അപശബ്ദങ്ങൾ ഉണ്ടാക്കിയപ്പോൾ ഗച്ഛൻമാരുടെ ആയുധങ്ങൾ പ്രതിഷേധങ്ങളെ കഷ്ണങ്ങളാക്കി. കുനിയനുറുമ്പുകൾ ചത്തുവീണതോടെ മറ്റ് നാട്ടുറുമ്പുകൾ നിശ്ശബ്ദരായി.

നാട്ടുറുമ്പുകളുടെ ധിക്കാരങ്ങളെ അടക്കിയ ഗച്ഛൻമാരുടെ നേതാവ് പറഞ്ഞു:

ഇത് ഞങ്ങളുടെ സാമ്രാജ്യമാണ്. അടിമകളായ നിങ്ങൾ പ്രതിഷേധങ്ങൾ ഇല്ലാതെ ഞങ്ങളെ അനുസരിക്കണം. നിങ്ങളെ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും ഭരിക്കുന്നതും ഇനി ഞങ്ങളാണ്. പ്രതിഷേധത്തിന്റെ പ്രതിഫലം മരണമാണ്. അച്ചടക്കവും അനുസരണയുമാണ് ഞങ്ങൾ നിങ്ങളിൽനിന്ന് പ്രതീക്ഷിക്കുന്നത്. എതിർപ്പുകളെ നശിപ്പിക്കുക ചുവപ്പിന്റെ മാർഗ്ഗമാണ്. എതിരാളികൾ കറുപ്പൻമാരാകുമ്പോൾ ഞങ്ങൾക്ക് ഒട്ടും ഭയപ്പെടേണ്ടതില്ല. ഉടമകളും അടിമകളുമായി നമുക്ക് ഇവിടെ ജീവിക്കാൻ പുതിയ നിയമങ്ങളും സംവിധാനങ്ങളും ആവശ്യമാണ്.

തുടർന്ന് ഗച്ഛൻമാരുടെ നേതാവ് പുത്തൻ നടപടിക്രമങ്ങളെ വിവരിച്ചു.

ഇപ്പോൾ ആത്മപുരത്തിൽ സ്വയം പര്യാപ്തതയോടെ ജീവിക്കുന്ന നാട്ടുറുമ്പുകൾ ആരുമില്ല. ഇമ്മമരത്തിനും ഉഡുപശുക്കൾക്കും ഓങ്കാരികളാണ് ഉടമസ്ഥാവകാശം സ്ഥാപിച്ചിരിക്കുന്നത്. ഓങ്കാരികളുടെ ദയവിൽ ഗച്ഛൻമാർക്ക് ചില അവകാശങ്ങളും ലഭിച്ചിട്ടുണ്ട്. ഇമ്മമരത്തിന്റേയും ഉഡുപശുക്കളുടേയും സ്വാദറിഞ്ഞ ഗച്ഛൻമാരും ഓങ്കാരികളും ചില പ്രത്യേക നടപടിക്രമങ്ങളേയും

നടപ്പിലാക്കി. കുനിയനുറുമ്പുകൾ അവകാശംവെച്ച ഇമ്മമരത്തേയും ഉഢുപശുക്കളേയും നാട്ടുറുമ്പുകൾ വളർത്തണമെന്ന് അവർ കല്പിച്ചു. ഇമ്മമരത്തിന്റെ നീരിനും വിത്തിനും ഉടമ പുത്തൻ അധികാരികൾ മാത്രമാണ്. ഉഢുപശുക്കളുടെ പാലിന്റെ അവകാശികൾ ഓങ്കാരികളും ഗച്ഛൻമാരുമാണ്. ഓങ്കാരികളാണ് ഉല്പാദനക്രമങ്ങളെ നിശ്ചയിക്കുന്നതും ഉല്പന്നങ്ങളെ വിതരണം ചെയ്യുന്നതും. സമൂഹത്തിന്റെ സമാധാനത്തിനുവേണ്ടി മറ്റു ചില നടപടികളും ഗച്ഛൻമാർ നടപ്പിലാക്കി.

നാട്ടുറുമ്പുകൾ കടമകളെ പൂർത്തിയാക്കാൻ വേണ്ടി നിരന്തരം അദ്ധ്വാനിക്കേണ്ടതാണ്. അവരുടെ അദ്ധ്വാനഫലം അധികാരികൾക്ക് അവകാശപ്പെട്ടതാണ്. അദ്ധ്വാനത്തിന് പ്രതിഫലം പറ്റുന്നവരും ആഗ്രഹിക്കുന്നവരും ശിക്ഷണ നടപടികൾക്ക് വിധേയരാകും. ജീവൻ നിലനിർത്താൻ വേണ്ടത് നൽകുമെന്നും ഗച്ഛൻമാരുടെ നേതാവ് നാട്ടുറുമ്പുകളെ അറിയിച്ചു.

ഗച്ഛൻമാരുടെ നേതാവിന്റെ പ്രഖ്യാപനങ്ങൾ കേട്ട നാട്ടുറുമ്പുകൾ നിരാശയോടെ മാളങ്ങളിലേക്ക് പിൻവാങ്ങി. പിന്നീട് പൊള്ളക്കാലി ഉറുമ്പുകളെ പ്രത്യേകം വിളിച്ച ഗച്ഛൻമാരുടെ നേതാവ് പറഞ്ഞു:

പൊള്ളക്കാലികളുടെ ധീരതയേയും ആത്മാഭിമാനത്തേയും നമ്മൾ അംഗീകരിക്കുന്നു. നാട്ടുറുമ്പുകളെ മുഴുവൻ രക്ഷിക്കാൻ നിങ്ങളാണ് ജീവത്യാഗം നടത്തിയത്. പോരാളികളുടെ ധീരതയെ അംഗീകരിക്കുന്നവരാണ് ഞങ്ങൾ. ഇനിമുതൽ നിങ്ങൾക്ക് ഉന്നതമായ സ്ഥാനമാണ് ഞങ്ങൾ നൽകുന്നത്. ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ആജ്ഞകളെ നാട്ടുറുമ്പുകളിൽ നടപ്പിലാക്കേണ്ടത് നിങ്ങളാണ്. ഇമ്മമരത്തിന്റെ നീരും വിത്തും ഉഢുപശുവിന്റെ പാലും കണക്ക് അനുസരിച്ച് ഞങ്ങളെ ഏല്പിക്കേണ്ടത് നിങ്ങളാണ്. അതിനുള്ള ചില പ്രത്യേക അവകാശങ്ങളും നിങ്ങൾക്ക് ലഭിക്കും.

ഗച്ഛൻമാരുടെ നേതാവിന്റെ ആജ്ഞകൾ കേട്ട പൊള്ളക്കാലികൾ ആദരവോടെ നിലംപറ്റി കിടന്ന് നന്ദി പ്രകടിപ്പിച്ചു. അധികാരികളുടെ ആജ്ഞകളെ നടപ്പിലാക്കാൻ തയ്യാറായ അവർ ആവേശത്തോടെ മാളത്തിലേക്ക് മടങ്ങി.

തുടർന്ന് നാട്ടുറുമ്പുകളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമായി തീർന്നു. ഇപ്പോൾ എല്ലാ മാളങ്ങളിലും ഇമ്മമരവും ഉഢുപശുക്കളുമുണ്ട്. മരത്തിനും പശുവിനും വേണ്ടി അവർ ഒരു പകൽ

മുഴുക്കെ നിരന്തരം അദ്ധ്വാനിച്ചു. മരത്തിൽനിന്നു നീരും പശുവിൽനിന്നു പാലും ശേഖരിക്കുന്ന നാട്ടുറുമ്പുകൾ അവയെ ഉമിനീരു ചേർത്ത് ഉരുളകളാക്കി പൊള്ളക്കാലികളെ ഏല്പിച്ചു. പൊള്ളക്കാലികൾ ഉരുളകളെ ഓങ്കാരികളുടെ കാരണവർക്ക് കൃത്യമായ കണക്കുകളോടെ കൈമാറി. ഇലകൂടാരങ്ങളിൽ അവയെ സൂക്ഷിക്കുന്ന ഓങ്കാരികൾ മിച്ചമുള്ളവയെ ഗച്ഛൻമാർക്ക് വിതരണം ചെയ്യുന്നു.

നാട്ടുറുമ്പുകളുടെ ജീവിതം പ്രതിഫലമില്ലാത്ത നിരന്തര അദ്ധ്വാനമായിത്തീർന്നു. അമിതാദ്ധ്വാനത്തിൽ ഏർപ്പെട്ടിരിക്കുന്ന അവർക്ക് ഇരപിടിക്കാനുള്ള സമയംപോലും ലഭിച്ചില്ല. ഗച്ഛൻമാരുടെ ആജ്ഞകളെ നടപ്പിലാക്കിയ പൊള്ളക്കാലികൾ രോഗം ബാധിച്ച നാട്ടുറുമ്പുകളെപോലും കഠിനമായി ശിക്ഷിക്കുന്നു. അവരുടെ ശിക്ഷാനടപടികൾ പലപ്പോഴും നാട്ടുറുമ്പുകളുടെ മരണവും അംഗവൈകല്യവുമായിതീർന്നു. സ്വന്തം ദയനീയതയെകണ്ട് സഹതപിച്ച നാട്ടുറുമ്പുകൾ പ്രതികരിക്കാൻ കഴിയാതെ തുടർച്ചയായി പണിയെടുത്തുകൊണ്ടിരുന്നു.

ഒരിക്കൽ പൊള്ളക്കാലി സുന്ദരിയെ കണ്ടപ്പോൾ ഗച്ഛൻമാരുടെ നേതാവ് മന:പ്രയാസത്തോടെ വികാരങ്ങളെ അടക്കി. കറുപ്പിന്റെ ആകർഷണം ഗച്ഛന്റെ മനസ്സിൽ തീവ്രസൗന്ദര്യമായി വികസിച്ചു. വീണ്ടും പൊള്ളക്കാലി സുന്ദരിയെ കണ്ടപ്പോൾ പരിസരബോധം നഷ്ടപ്പെട്ട ഗച്ഛൻമാരുടെ നേതാവ് നാട്ടുറുമ്പിന്റെ പ്രാകൃതഭംഗിയിൽ സ്വയം മറന്ന് ഇണചേർന്നു. പിന്നീട് ഗച്ഛനേതാവ് കുറേ യുവാക്കളുമായി പൊള്ളക്കാലികളുടെ മാളത്തിൽ എത്തി. ഗച്ഛൻമാരുടെ വരവു കണ്ടപ്പോൾ ആണുങ്ങളായ പൊള്ളക്കാലികൾ തലകുനിച്ച് മാളത്തിൽ നിന്ന് ഇറങ്ങി. തുടർന്ന് ഗച്ഛൻമാർ പൊള്ളക്കാലി യുവതികളുമായി ഇണചേർന്നു തുടങ്ങി. അന്നുമുതൽ എല്ലാ രാത്രികളിലും പൊള്ളക്കാലി യുവതികളെ തേടി ഗച്ഛൻമാർ വന്നുകൊണ്ടിരുന്നു.

ചുവപ്പിന്റേയും കറുപ്പിന്റേയും ഇണചേരലുകൾ ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെ നമുക്ക് പരിശോധിക്കാം.

പൊള്ളക്കാലി സുന്ദരികളുടെ മക്കളായി കറുപ്പും ചുവപ്പും ഇടകലർന്ന ഉറുമ്പുകളാണ് മുട്ടകൾ വിരിഞ്ഞ് ഉണ്ടാകുന്നത്. തലമുതൽ അരക്കെട്ടുവരെ ചുവപ്പും പിന്നീട് കറുപ്പുമുള്ള കുഞ്ഞുങ്ങളെ പൊള്ളക്കാലി യുവതികൾ വാത്സല്യത്തോടെ ലാളിച്ചു. മക്കളുടെ പ്രത്യേക നിറത്തെ കണ്ട് ആഹ്ലാദിച്ച അവർ വംശത്തിന് ചുവപ്പു

നിറം ലഭിച്ചതിൽ അഭിമാനിക്കുകയും ചെയ്തു. പൊള്ളക്കാലികളുടെ വംശമാറ്റത്തെക്കുറിച്ചറിഞ്ഞ് മറ്റ് നാട്ടുറുമ്പുകൾ ഗച്ഛൻമാരുടെ വരവിനുവേണ്ടി കാത്തിരുന്നു. ചുവന്ന മക്കളുടെ അമ്മമാരാകാനുള്ള ആഗ്രഹവുമായി നാട്ടുറുമ്പുകളിലെ യുവതികൾ തുടർച്ചയായി പ്രാർത്ഥിക്കുകയും ചെയ്തു. കറുപ്പ് വംശചിഹ്നമായി കരുതിയ അവർ ഇപ്പോൾ ചുവപ്പിനെ അധികാരത്തിന്റേയും വംശമഹത്വത്തിന്റേയും പ്രതീകമായി കാണുന്നു.

ഒരിക്കൽ, കൂട്ടംചേർന്നു നടന്ന ഗച്ഛയുവാക്കളെ കണ്ടപ്പോൾ സുന്ദരികളായ കല്ല്യാണ ഉറുമ്പുകൾ ലൈഗിംകാവേശത്തോടെ അവരെ സമീപിച്ചു. പരിസരബോധം നഷ്ടപ്പെട്ട ഗച്ഛയുവാക്കൾ ആവേശത്തോടെ കറുത്ത സുന്ദരികളായ കല്ല്യാണ ഉറുമ്പുകളുമായി ഇണചേർന്നു. കല്ല്യാണ ഉറുമ്പുകൾക്ക് ചുവന്ന ചെറു ഉറുമ്പുകൾ മക്കളായി ഉണ്ടായി. കല്ല്യാണ ഉറുമ്പുകളെപ്പോലെ നിരുപദ്രവികളല്ലാത്ത അവ ചെറുതെങ്കിലും ആക്രമണ സ്വഭാവികളായി വളർന്നു. ചുവന്ന മക്കളെ കാണുമ്പോൾ കല്ല്യാണ ഉറുമ്പുകൾ അധികാരത്തിന്റെ വംശമാഹാത്മ്യത്തെ ഓർത്ത് അഭിമാനിച്ചു. അടിമത്തത്തിന്റെ കറുപ്പിനെ അവർ വെറുക്കുകയും ചെയ്തു.

വീണ്ടും പല നാട്ടുറുമ്പുകളും യുവാക്കളായ ഗച്ഛൻമാരെ സ്വീകരിച്ച് ചുവന്ന മക്കളെ ഉണ്ടാക്കി. ഇതിനിടെ ഓങ്കാരി യുവാക്കളും നാട്ടുറുമ്പുകളെ സമീപിച്ചു. അവയ്ക്കും ചുവന്ന നിറത്തിലുള്ള മക്കൾ ഉണ്ടായി. ഗച്ഛൻമാരും ഓങ്കാരികളും നാട്ടുറുമ്പുകളുമായി ഇണചേർന്നെങ്കിലും അവയെ ഒരിക്കലും അരയാലിൽ പ്രവേശിക്കാൻ അനുവദിച്ചില്ല. അങ്ങനെ സംഭവിച്ചാൽ അധികാരത്തിന് സ്ഥാനചലനങ്ങൾ ഉണ്ടാകുമെന്ന് അവർ കരുതി. ഗച്ഛൻമാരുടേയും ഓങ്കാരികളുടേയും പെണ്ണുറുമ്പുകൾ പുറംലോകം കാണാതെ കൂടുകളിൽതന്നെ ഇരുന്നു. ആണുറുമ്പുകളുടെ നീചബന്ധത്തെക്കുറിച്ച് അറിഞ്ഞ അവർ നാട്ടുറുമ്പുകളുമായി സഹകരിക്കാൻപോലും തയ്യാറായില്ല.

നാട്ടുറുമ്പുകളുടെ മാളങ്ങളിൽ ഗച്ഛൻമാരുടേയും ഓങ്കാരികളുടേയും സന്തതികൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഇപ്പോൾ ആത്മപുരത്തിലെ നാട്ടുറുമ്പുകൾ കറുപ്പിനെ അവജ്ഞയോടെയാണ് കാണുന്നത്. ചുവന്ന മക്കളോട് അവയ്ക്ക് അമിതമായ സ്നേഹവാത്സല്യങ്ങളാണ് ഉള്ളത്. ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും മക്കൾ നാട്ടുറുമ്പുകളിൽ പെരുകിയപ്പോൾ ഓങ്കാരി കാരണവൻ ഉറുമ്പുകളെയെല്ലാം വിളിച്ചുകൂട്ടി.

ആത്മപുരത്തിലെ സ്ഥിരവാസികളായ ഓങ്കാരികളും ഗച്ഛൻമാരും അനേകം മാറ്റങ്ങൾക്ക് വഴങ്ങി. നാട്ടുറുമ്പുകളും അവസ്ഥയറിഞ്ഞ് മാറ്റംവെച്ചു. മെലിഞ്ഞു നീണ്ട ഓങ്കാരികളും ഗച്ഛൻമാരും പുത്തൻ സാഹചര്യത്തിലെ സുഖസമൃദ്ധികളിൽ മുഴുകി ഏറെ തടിച്ചിരിക്കുന്നു. നാട്ടുറുമ്പുകളുടെ അവസ്ഥ അതിദയനീയമാണ്. ആവശ്യത്തിന് ഭക്ഷണവും പ്രതിഫലവുമില്ലാതെ നിരന്തരം പണിയെടുത്ത അവർ മെലിഞ്ഞുനീണ്ട് അവശരായിരിക്കുന്നു. സുഖവും വിശ്രമവും അവരുടെ ജീവിതത്തിൽ നിന്നകന്നു.

നിരന്നു നിൽക്കുന്ന നാട്ടുറുമ്പുകളോടും സങ്കരസന്തതികളോടും ഓങ്കാരി കാരണവർ പറഞ്ഞു:

നമ്മുടെ ജീവിതത്തിൽ ചില മാറ്റങ്ങൾ അത്യാവശ്യമായി തീർന്നിരിക്കുന്നു. അരയാലുകളെ കേന്ദ്രീകരിച്ച നമ്മുടെ ജീവിതവ്യവസ്ഥ നാടുകളിൽ മുഴുക്കെ വ്യാപിക്കണം. അരയാൽ നമ്മുടെ ദിവ്യവും പവിത്രവുമായ വൃക്ഷമാണ്. അരയാലിനെ കേന്ദ്രീകരിച്ച് പുതിയ ജീവിതം ഉണ്ടാകുമ്പോൾ നമുക്ക് ഒരിക്കലും നാശം സംഭവിക്കില്ല. ഇമ്മമരവും ഉഡ്ഡുപശുക്കളും എല്ലാ മാളങ്ങളിലും അത്യാവശ്യമാണ്. അവയുടെ എല്ലാം അവകാശം ഓങ്കാരികൾക്കു തന്നെയായിരിക്കും. ഗച്ഛൻമാരും ഓങ്കാരികളും അരയാലിൽ താമസിക്കാനാണ് ദൈവനീതി ആവശ്യപ്പെടുന്നത്. നാട്ടുറുമ്പുകൾ മണ്ണിൽ മാളങ്ങൾ ഉണ്ടാക്കണം. സാമ്രാജ്യത്തിന്റെ വിസ്തൃതി കൂട്ടാൻ, വിഭവങ്ങൾ ഉണ്ടാക്കാൻ തൊഴിൽ നിയമങ്ങൾ അത്യാവശ്യമായി തീർന്നിരിക്കുന്നു. നാട്ടുറുമ്പുകളുടെ പല മക്കൾക്കും ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും രക്തമാണുള്ളത്. ചുവപ്പ് നമ്മുടെ വംശമായതുകൊണ്ട് അവർക്ക് ചില പ്രത്യേക അവകാശങ്ങളും നൽകണം. ഗച്ഛനേതാവ് അവയെ വിസ്തരിക്കുന്നതാണ്.

ഓങ്കാരി കാരണവർ പിന്മാറിയപ്പോൾ ഗച്ഛനേതാവ് മുമ്പോട്ടു വന്ന് നാട്ടുറുമ്പുകളെ സമീപിച്ചു.

ദൈവന്യായം അറിയുന്ന ഓങ്കാരികൾ മഹത്വത്തിന്റെ പ്രത്യക്ഷരൂപമാണെന്നും ഗച്ഛൻമാരുടെ സ്ഥാനം അവർക്കു താഴെയാണെന്നും ഗച്ഛനേതാവ് നാട്ടുറുമ്പുകളെ പ്രത്യേകം ഓർമ്മിപ്പിച്ചു. ചുവന്ന നാട്ടുറുമ്പുകൾക്ക് പ്രത്യേക അവകാശങ്ങളും ഗച്ഛനേതാവ് നൽകി. എല്ലാവർക്കും സ്ഥാനക്രമം അനുസരിച്ചാണ് തൊഴിലുകൾ വിഭജിച്ചത്. ഓങ്കാരികൾക്കും പവിത്രവൃക്ഷമായ ആലിനും വേണ്ടി ആത്മത്യാഗത്തോടെ, പ്രതിഫലം ആഗ്രഹിക്കാതെ നാട്ടുറുമ്പുകൾ അദ്ധ്വാനിക്കണമെന്ന് ഗച്ഛനേതാവ് ആജ്ഞാ

പിച്ചു. തുടർന്ന് ഗച്ഛനേതാവ് കല്പിച്ചപ്പോൾ ഗച്ഛയുവാക്കൾ മുമ്പോട്ടുവന്നു. പരിസരപ്രദേശങ്ങളിലെ അരയാലുകളെക്കുറിച്ചറിയിച്ച അവർ അമിതമായി വംശവർദ്ധന ഉണ്ടാകുമ്പോൾ വിഭജനം അത്യാവശ്യമാണെന്നു അറിയിച്ചു. പുതിയ സാഹചര്യത്തേയും പ്രതിസന്ധികളേയും നേരിടേണ്ട രീതികളെക്കുറിച്ചും ഗച്ഛയുവാക്കൾ ദീർഘമായി സംസാരിച്ചു.

ഗച്ഛനേതാവ് കല്ല്യാണ ഉറുമ്പിന്റെ സന്തതിയായ ചോണൻ ഉറുമ്പുകളോട് പറഞ്ഞു:

ശത്രുക്കളെ നേരിടാൻ നമുക്ക് അനേകം ആയുധങ്ങൾ ആവശ്യമുണ്ട്. ഇതുവരെ ഞങ്ങളാണ് ആയുധങ്ങൾ ഉണ്ടാക്കിയത്. ഞങ്ങളുടെ ആയുധങ്ങളെ ഉണ്ടാക്കാനുള്ള വിദ്യ ഞങ്ങൾ നിങ്ങളെ അഭ്യസിപ്പിക്കാം. അവ നിങ്ങൾക്കു മാത്രം അവകാശപ്പെട്ട തൊഴിൽമുറയാണ്.

ഗച്ഛനേതാവ് അറിയിച്ചതോടെ ചോണൻ ഉറുമ്പുകൾക്ക് ആയുധങ്ങൾ ഉണ്ടാക്കാനുള്ള അവകാശം ലഭിച്ചു. ആയുധം പ്രയോഗിക്കാനുള്ള മുറകളെ അവർ നാട്ടുറുമ്പുകളെ പരിശീലിപ്പിച്ചില്ല. പിറ്റേന്ന് പ്രഭാതത്തോടെ ഗച്ഛൻമാരുടെ നേതൃത്വത്തിൽ നാട്ടുറുമ്പുകളുടെ അകമ്പടിയോടെ അടുത്ത അരയാലിലേക്ക് അവർ യാത്ര ആരംഭിച്ചു. ഉറുമ്പിൻ കൂട്ടങ്ങളുടെ അവസാനത്തിലാണ് ഓങ്കാരികളുടെ സ്ഥാനം. ദൈവന്യായങ്ങളെ പ്രഖ്യാപിക്കുന്ന അവരെ ഗച്ഛൻമാർ സംരക്ഷിച്ചു നടന്നു.

രണ്ട്

ഇനി നമ്മൾ നാട്ടുറുമ്പുകളിൽ ചിലർ നടത്തിയ അധീശത്വത്തിന് എതിരെയുള്ള സമരങ്ങളെയാണ് പരിശോധിക്കുന്നത്.

ഇമ്മമരത്തേയും ഉഡ്ഡുപശുക്കളേയും കേന്ദ്രീകരിച്ചാണ് ഇപ്പോൾ ഉറുമ്പുകളുടെ ജീവിത വ്യവസ്ഥ മുമ്പോട്ടു നീങ്ങുന്നത്. കുനിയനുറുമ്പുകളുടെ സ്വയംപര്യാപ്ത ജീവിതം ഇപ്പോൾ മറ്റെല്ലാ മാളങ്ങളിലും വ്യാപിച്ചിരിക്കുന്നു. നിറഭേദം അനുസരിച്ച് നടത്തിയ തൊഴിൽവിഭജനം പിന്നീട് ജാതീയതയും ജാതി പണിത്തരങ്ങളുമായി അധ:പതിക്കുന്നു. കറുപ്പ് അപമാനത്തിന്റേയും അധ:കൃതാവസ്ഥയുടേയും നിറമായി. ചുവപ്പ് വംശ മഹത്വമായതോടെ മറ്റ്

ഉറുമ്പുകൾ പ്രവൃത്തിയിലും നടപ്പിലും പാലിക്കേണ്ട നിയമവ്യവസ്ഥയുമുണ്ടായി. സങ്കര ഉറുമ്പുകൾക്ക് നാട്ടുറുമ്പുകളെ അപേക്ഷിച്ച് മാന്യത ലഭിച്ചെങ്കിലും അവയ്ക്കും അടിമകളെപോലെ പ്രതിഫലം ഇല്ലാതെ ജോലി ചെയ്യേണ്ടിവന്നു. പൊള്ളക്കാലികളിൽ ഉണ്ടായ സങ്കര ഉറുമ്പുകൾക്ക് ഇമ്മമരത്തിന്റെ നീരിനെ ഉരുളയാക്കുകയാണ് ജോലി. കല്ല്യാണ ഉറുമ്പുകളുടെ ചുവന്ന മക്കൾ അവയെ ഉമിനീരു പുരട്ടി ദീർഘകാലം സൂക്ഷിക്കുന്നു. സങ്കര ഉറുമ്പുകൾ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും മക്കളായതുകൊണ്ട് അവയ്ക്ക് സമൂഹത്തിൽ മാന്യത ലഭിച്ചു. ഇതിൽനിന്ന് വിഭിന്നമായ ചില അവസ്ഥകളും ഉറുമ്പുകളുടെ ഇടയ്ക്ക് ഉണ്ടായി.

രണ്ട് ഗച്ഛസുന്ദരികൾ അമിതമായ ആവേശത്തോടെ മരത്തിലെ പൊത്തിൽനിന്ന് രഹസ്യമായി ഇറങ്ങിവന്ന് പൊള്ളക്കാലി ഉറുമ്പുകളുമായി ഇണചേർന്നു. ഇണചേരലിനെതുടർന്ന് ഗച്ഛസുന്ദരികൾ നികൃഷ്ടമായ അനുഭവങ്ങളെ നേരിടുന്നു. ഗച്ഛസുന്ദരികളുടെ മുട്ടകളിൽ നിന്ന് കറുത്ത മക്കളാണ് ജനിക്കുന്നത്. വംശമഹത്വത്തെ അപമാനിച്ച വിവരം ഉടനടി ഗച്ഛനേതാവിന്റേയും ഓങ്കാരി കാരണവരുടേയും അടുത്തെത്തി. ഗച്ഛയുവതികളേയും മക്കളേയും കണ്ട് സത്യസ്ഥിതി മനസ്സിലാക്കിയ ഓങ്കാരി കാരണവർ ദിക്കുകളെ ഞെട്ടിപ്പിക്കുന്ന ദൈവന്യായങ്ങളെ വെളിപ്പെടുത്തി.

നമ്മുടെ വംശമഹത്വത്തെ നശിപ്പിച്ച ഇവർ ജീവിക്കാൻ അർഹരല്ല. പക്ഷേ സ്ത്രീകളും കുട്ടികളും വധം അർഹിക്കുന്നില്ല. അതുകൊണ്ട് ഭക്ഷണം കിട്ടാതെ അലയുവാനുള്ള ശിക്ഷയാണ് നമ്മൾ നൽകേണ്ടത്. ഈ ഗച്ഛ യുവതികളേയും മക്കളേയും നമ്മുടെ സാമ്രാജ്യത്തിൽനിന്ന് പുറത്താക്കണം. ഇത് ഗച്ഛയുവതികൾക്കും മക്കൾക്കും മാത്രമുള്ള ശിക്ഷയല്ല. താഴ്ന്ന വംശക്കാരെ പ്രാപിക്കുന്ന എല്ലാ യുവതികൾക്കും അവരുടെ മക്കൾക്കും ഇനിമുതൽ ഇതാണ് ശിക്ഷാവിധി. നമ്മുടെ സാമ്രാജ്യത്തിൽനിന്ന് പുറന്തള്ളപ്പെടുന്ന ഇവർ യാതൊരു തൊഴിലിനും അവകാശമില്ല. ഇരതേടാനോ, ഇരപിടിക്കാനോ ഇവർക്ക് അവകാശമില്ല. മാളങ്ങൾ ഉണ്ടാക്കാനോ, മാളത്തിൽ താമസിക്കാനോ ഇവർക്ക് അവകാശമില്ല.

ഓങ്കാരികാരണവരുടെ ദൈവന്യായത്തെ ഗച്ഛൻമാർ കൃത്യനിഷ്ഠയോടെ നടപ്പിലാക്കി. സമൂഹത്തിൽനിന്ന് പുറന്തള്ളപ്പെട്ട ഗച്ഛയുവതികളും മക്കളും ആത്മപുരം ഉപേക്ഷിച്ച് യാത്ര തുടർന്നു. സഹായത്തിനായി അവർ മറ്റു പല ഉറുമ്പുകളേയും സമീപിച്ചെങ്കിലും അപമാനം മാത്രമാണ് അവർക്കു കിട്ടിയത്. ഗച്ഛയുവതിയും

മക്കളും ഭക്ഷണത്തിനുവേണ്ടി ജന്മം മുഴുക്കെ അലഞ്ഞുനടക്കാൻ നിർബ്ബന്ധിതരായി.

രണ്ട് ഗച്ഛയുവതികളും മക്കളും മാത്രമല്ല സമൂഹ ബഹിഷ്ക്കരണത്തിന് വിധേയരായത്. ഓങ്കാരി യുവതി കുനിയനുറുമ്പുമായി ഇണചേർന്നപ്പോൾ കറുത്ത മക്കൾ അവൾക്കും ഉണ്ടായി. തുടർന്ന് അവളും മക്കളും ആത്മപുരത്തിൽനിന്ന് പുറന്തള്ളപ്പെട്ടു. ഇത്തരം സ്ഥിതിവിശേഷങ്ങൾ നാട്ടുറുമ്പുകളുടെ ഇടയ്ക്കും നടപ്പിലായി. പൊള്ളക്കാലി സുന്ദരികൾ കുനിയനുറുമ്പുകളുമായി ഇണചേർന്ന് സങ്കരസന്തതികളെ ഉണ്ടാക്കി. ഓങ്കാരികളുടെ ദൈവന്യായങ്ങളാണ് ഇപ്പോൾ നാട്ടുറുമ്പുകളുടേയും നിയമങ്ങൾ. പൊള്ളക്കാലി യുവതികളേയും മക്കളേയും നാട്ടുറുമ്പുകൾ അപമാനഭാരത്തോടെയാണ് സമൂഹത്തിൽനിന്ന് പുറത്താക്കുന്നത്.

ഇനി നമുക്ക് വീണ്ടും ആത്മപുരത്തിലെ ഉറുമ്പുകളുടെ സാമ്രാജ്യത്തിലേക്ക് മടങ്ങാം.

പ്രാചീനകാലത്ത് നാട്ടുറുമ്പുകൾ കറുപ്പിനെ സൗന്ദര്യമായും സമൃദ്ധിയുടേയും ഭാഗ്യത്തിന്റേയും നിറമായും കരുതി. ഇപ്പോൾ ചുവപ്പാണ് സൗന്ദര്യത്തിന്റേയും മഹത്വത്തിന്റേയും നിറം. സങ്കരസന്തതികൾക്ക് ഇരുണ്ട ചുവപ്പാണെങ്കിലും അവരും ബഹുമാന്യരാണ്. ചുവപ്പ് അധികാരത്തിന്റേയും സൗന്ദര്യത്തിന്റേയും മാനദണ്ഡമായതോടെ നാട്ടുറുമ്പുകളുടെ സാംസ്ക്കാരികബോധം കീഴ്മേൽ മറിഞ്ഞു. ഓങ്കാരികളും ഗച്ഛൻമാരും അദ്ധ്വാനിക്കാതെ തിന്നു സുഖിച്ചപ്പോൾ അവരുടെ ശരീരം മാംസളവും മൃദുലവുമായി. തടിച്ച പ്രകൃതവും മൃദുലമായ തൊലിയും ചുവന്ന നിറവും സൗന്ദര്യത്തിന്റെ മികവായി നാട്ടുറുമ്പുകളിൽ വരെ എത്തിച്ചേർന്നു. തടിച്ചു വീർത്ത കവിളും വണ്ണിച്ച കൈകാലുകളും യുവാക്കളെ ആകർഷിക്കുന്ന യുവതികളുടെ സൗന്ദര്യമായി. ചുവപ്പ് അധികാരനിർണ്ണയം നടത്തുമ്പോൾ അവരുടെ സൗന്ദര്യബോധം സാംസ്ക്കാരിക പ്രതീകമാകുക സ്വാഭാവികമാണല്ലോ.

കറുപ്പ് അജ്ഞതയുടേയും അടിമത്തത്തിന്റേയും അധഃകൃതാവസ്ഥയുടേയും പ്രതീകമായി. ചുവപ്പ് വംശമഹത്വത്തിന്റേയും അധികാരത്തിന്റേയും അറിവിന്റേയും പ്രതീകമാണെന്ന് ഓങ്കാരികൾ ആവർത്തിച്ചു പറഞ്ഞു. എങ്കിലും നാട്ടുറുമ്പുകളിൽ ചിലർ ഇപ്പോഴും വസ്തുതകളെ തലതിരിച്ചു കാണുന്നു. അപകടകാരികളായ നാട്ടുറുമ്പുകളെക്കുറിച്ചറിഞ്ഞ ഓങ്കാരി കാരണവർ എല്ലാ ഉറുമ്പുകളേയും വിളിച്ചുചേർത്തു.

ചുവപ്പ് അറിവിന്റേയും അധികാരത്തിന്റേയും വംശമഹത്വത്തിന്റേയും ചിഹ്നമാണ്. ചുവപ്പിന്റെ ദിവ്യശക്തിയെ നിങ്ങൾക്ക് അറിയാമല്ലോ. ഞാൻ കല്പന ഇറക്കിയാൽ എല്ലാ നാട്ടുറുമ്പുകളും കൊല്ലപ്പെടും. നാമത് ചെയ്യാത്തതിന്റെ കാരണം നിങ്ങൾക്ക് ബോദ്ധ്യമായിട്ടില്ലെന്ന് തോന്നുന്നു. നിങ്ങൾ കറുത്തതും ഞങ്ങൾ ചുവന്നതും ഒരു ജന്മംകൊണ്ട് സംഭവിക്കുന്നതല്ല. അനേകം ജന്മങ്ങളിൽ പുണ്യംചെയ്തതുകൊണ്ടാണ് ഞങ്ങൾ ചുവന്നവരായി ജനിച്ചത്. നിങ്ങൾ കറുത്തവരായത് പൂർവ്വജന്മങ്ങളിലെ ദുഷ്കൃത്യങ്ങളുടെ ഫലം അനുഭവിക്കാനാണ്. ദുഷ്കൃത്യങ്ങളുടെ ഫലം അനുഭവിച്ചു തീർത്താൽ മാത്രമെ നിങ്ങൾക്ക് വരും ജന്മത്തിൽ ചുവന്ന ഉറുമ്പുകളാകാൻ കഴിയൂ. വരും ജന്മത്തിനുവേണ്ടി നിങ്ങൾ ചെയ്യേണ്ടത് ഇത്രമാത്രമാണ്. അനാവശ്യമായി കർമ്മങ്ങളുടെ പ്രതിഫലത്തെക്കുറിച്ച് ചിന്തിക്കരുത്. നിഷ്കാമത്തോടെ പ്രവർത്തിക്കുമ്പോൾ നിങ്ങൾക്ക് ദുഷ്കൃത്യങ്ങളുടെ ഫലം അനുഭവിച്ചു തീർക്കാൻ കഴിയും. നിങ്ങളുടെ കർമ്മത്തിനും ജീവിതത്തിനും ഉത്തരവാദി നിങ്ങളോ ഞങ്ങളോ അല്ല. അനേകം പൂർവ്വജന്മങ്ങളിലെ വിധിന്യായങ്ങളാണ്. ഈ ജീവിതത്തെ വിധി എന്നാണ് വിളിക്കേണ്ടത്.

ഉറുമ്പുകളുടെ കണ്ണുകളിലെ നിസ്സഹായത കണ്ട ഓങ്കാരി കാരണവർ തുടർന്നു:

വിധിയെ അനുസരിക്കുകയാണ് വിധിയെ ലംഘിക്കുവാനുള്ള മാർഗ്ഗം. വിധിയുടെ വഴി കണ്ടെത്താൻ ആർക്കും കഴിയില്ല. വിധിയെ മാറ്റാനും കഴിയില്ല. അത് ദൈവന്യായങ്ങളുടെ ധിക്കാരമായി അടുത്ത ജന്മത്തേയും ദു:ഖകരമാക്കും. അതുകൊണ്ട് നിങ്ങൾ സംശയാലുക്കളാവാതെ നിഷ്കാമത്തോടെ പ്രവർത്തിക്കണം.

നിഷ്കാമകർമ്മത്തിന്റെ ഭൗതികനേട്ടങ്ങളെക്കുറിച്ച് ഓങ്കാരികാരണവർക്ക് വ്യക്തമായി അറിയാം. നാട്ടുറുമ്പുകൾ ജീവിതത്തെ വിധിയായി കരുതി വരും ജന്മത്തിനുവേണ്ടി നിഷ്കാമമായി അദ്ധ്വാനിക്കുമ്പോൾ യഥാർത്ഥത്തിൽ ആത്മാവിന്റെ മോചനമല്ല സംഭവിക്കുന്നത്. അധീശത്വതാല്പര്യത്തെ സംരക്ഷിക്കുന്ന കർമ്മവിധിയും നിഷ്കാമകർമ്മവും ഓങ്കാരികൾക്കും ഗച്ഛൻമാർക്കും എല്ലാ കാലത്തും സുഖസമൃദ്ധമായി ജീവിക്കാനുള്ള ഭൗതികപരിസരത്തെ ഉണ്ടാക്കുകയാണ്. സംശയങ്ങളെ തീർത്ത ഓങ്കാരികാരണവർ വീണ്ടും പറഞ്ഞു:

ഞാൻ ഓങ്കാരികാരണവർ ആയത് എന്റെ കഴിവുകൾകൊണ്ട

ല്ല. കഴിഞ്ഞ ജന്മങ്ങളിൽ ഞാൻ ചെയ്ത സുകൃതങ്ങളുടെ ഫലമാണ് ഇന്നത്തെ ഞാനും എന്റെ ജീവിതവും. എന്റെ മൂത്ത മകനായിരിക്കും എന്റെ മരണത്തിനുശേഷം ഓങ്കാരികളുടെ കാരണവരാകുക. അവൻ പറയുന്ന ദൈവന്യായങ്ങളെ നിങ്ങൾ അനുസരിക്കണം. അവൻ എന്റെ മൂത്തമകനായത് പോയ ജന്മങ്ങളിലെ സുകൃതങ്ങളുടെ ഫലമാണ്. ഇതുതന്നെയാണ് ഗച്ഛൻമാരുടെ നേതാവും അനുഭവിക്കുക. അയാളുടെ മൂത്ത മകനായിരിക്കും ഗച്ഛനേതാവ്. ഞങ്ങൾ മരിച്ചാൽ മാത്രമാണ് മൂത്തമകൻ അവകാശിയാകുക. ദൈവന്യായത്തെയാണ് ഞാൻ വെളിപ്പെടുത്തുന്നത്. ദൈവന്യായങ്ങളെ ധിക്കരിക്കുക നരകത്തെ സ്വീകരിക്കലാണ്. ഉറുമ്പുകളുടെ വംശം ഭൂമിയിൽ നിലനിൽക്കാൻ വേണ്ട ദൈവന്യായങ്ങളെയാണ് ഞാൻ നിങ്ങളോട് പറഞ്ഞത്.

സംശയം നരകത്തിലേക്കുള്ള വഴിയാണെന്നും സംശയാലു സമൂഹത്തിന് അനാവശ്യമാണെന്നും നിങ്ങൾ എപ്പോഴും ഓർമ്മിക്കുക. സംശയങ്ങളില്ലാതെ നിഷ്കാമമായി എല്ലാവരും അവനവന് അനുവദിച്ച പ്രവർത്തികൾ ചെയ്യുക. അതുതന്നെയാണ് വരുംജന്മത്തിനുവേണ്ടിയുള്ള സുകൃത കൃത്യം.

നാട്ടുറുമ്പുകളോട് പുത്തൻ ന്യായവിധികളെ പ്രഖ്യാപിച്ച ഓങ്കാരികാരണവർ ദൈവന്യായങ്ങളെ കൊണ്ടുണ്ടാകുന്ന ഭൗതികനേട്ടങ്ങളെക്കുറിച്ച് അവരോട് സംസാരിച്ചില്ല. നാട്ടുറുമ്പുകളെ ആദ്ധ്യാത്മികതയുടെ കാണാകടലിൽ അകപ്പെടുത്താനാണ് ഓങ്കാരി കാരണവർ ശ്രമിച്ചത്. എന്നാൽ പുത്തൻ ന്യായവിധിയുടെ ഭൗതികനേട്ടങ്ങളെക്കുറിച്ച് മറ്റ് ഓങ്കാരികൾക്കും ഗച്ഛൻമാർക്കും വ്യക്തമായി അറിയാം. ലോകത്തെ ഓങ്കാരികൾക്കും ഗച്ഛൻമാർക്കുമായി വിഭജിച്ച ഓങ്കാരി കാരണവർ അനന്തര തലമുറകൾക്കുപോലും അദ്ധ്വാനിക്കാതെ ജീവിക്കാനുള്ള മാർഗ്ഗമാണ് പ്രഖ്യാപിച്ചത്. ചുവപ്പിന്റെ വംശമഹത്വവും അധീശത്വ താല്പര്യങ്ങളും ഓങ്കാരി കാരണവർ എക്കാലത്തും നിലനിൽക്കാൻ വേണ്ട പ്രഖ്യാപനമാണ് നടത്തിയത്. ജീവിതത്തിന്റെ വ്യർത്ഥതയേയും വിധിയുടെ അലിഖിത ന്യായത്തേയുംകുറിച്ചു പറയുമ്പോഴും ഭൗതികതയും വംശതാല്പര്യങ്ങളുമാണ് ഓങ്കാരി കാരണവരെ നിയന്ത്രിച്ചത്.

ദൈവന്യായങ്ങളെ അറിയുന്ന ഓങ്കാരികളെ ഭീതിയോടെയാണ് ഗച്ഛൻമാർ അനുസരിച്ചത്. കായികമായി ശക്തരായ അവരെ ആദ്ധ്യാത്മിക വിചാരങ്ങൾകൊണ്ട് ഓങ്കാരികൾ കീഴടക്കി. ഓങ്കാരികളെ

ഭയന്ന ഗച്ഛൻമാർ കാലാതീതമായ സുഖസമൃദ്ധികൾക്കുവേണ്ടി അവരെ അനുസരിച്ചു. അദ്ധ്വാനങ്ങളെ നാട്ടുറുമ്പുകൾക്കും സങ്കര വർഗ്ഗങ്ങൾക്കും വിഭജിക്കുമ്പോൾ പണിത്തരങ്ങൾ ജാതീയ ഉല്പ ന്നമാകുന്നു. അപ്പോൾ ഉണ്ടാകുന്ന പരിവർത്തനങ്ങളില്ലാത്ത അടഞ്ഞ അവസ്ഥ ഗച്ഛൻമാർക്കും ഓങ്കാരികൾക്കുമാണ് സുഖസ മൃദ്ധികളെ നൽകുക.

ഇനി നമ്മൾ ശവന്തീനി ഉറുമ്പുകളുടെ ഇടയിലേക്കാണ് കട ന്നുചെല്ലുന്നത്.

ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും വരവിനു മുമ്പ് ഉറുമ്പു കൾക്ക് അദൃശ്യശക്തികളെക്കുറിച്ച് യാതൊരു അറിവുമുണ്ടായിരു ന്നില്ല. ജനനമരണങ്ങളെ പ്രകൃതിയുടെ സ്വാഭാവികതയായി അവർ കരുതി. ജൈവപ്രകൃതങ്ങൾക്ക് വഴങ്ങി മാത്രമാണ് നാട്ടുറുമ്പുകൾ ജീവിച്ചത്. ഓങ്കാരികളും ഗച്ഛൻമാരും അരയാലിനെ പവിത്ര വൃക്ഷ മാക്കുകയും അതിന്റെ മുകളിൽ അദൃശ്യശക്തിയെ പ്രതിഷ്ഠിക്കു കയും ചെയ്തു. അതോടെ സ്വാഭാവികമായും നാട്ടുറുമ്പുകളിൽ ദൈവ വിചാരങ്ങൾ ഭീതിയോടെ കടന്നുവന്നു. ദൈവവിചാരങ്ങ ളുടെ തുടർച്ചയായി പുനർജന്മവും വിധിയും നിഷ്കാമകർമ്മവും അവരെ കീഴടക്കി.

വിധിവിശ്വാസികളായി തീർന്നതോടെ പരിസരബോധം അവർക്ക് നഷ്ടപ്പെട്ടു. ജന്മത്തെ സംബന്ധിച്ച വ്യാകുലതകൾ മാത്ര മായി തീർന്നു നാട്ടുറുമ്പുകളുടെ ജീവിതം. എന്നാൽ വരും ജന്മ ത്തിന്റെ സുഭിക്ഷതക്കുവേണ്ടി ദുരിതങ്ങളെ സഹിക്കാൻ അവർ തയ്യാറായി.

ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ചിന്തകളേയും ആജ്ഞ കളേയും അനുസരിച്ചാണ് നാട്ടുറുമ്പുകൾ ജീവിച്ചത്. കാലാകാല ങ്ങളായി അനുസരണയോടെ ജീവിച്ച നാട്ടുറുമ്പുകളെ പ്രകോപി പ്പിച്ച് പരിവർത്തനത്തിന് തയ്യാറാക്കുന്നത് യുവാവായ ശവന്തീനി ഉറുമ്പാണ്. ശവങ്ങളുടെ ഭക്ഷ്യസമൃദ്ധിയിൽ കാലം കഴിക്കേണ്ട യുവാവായ ശവന്തീനി ഉറുമ്പ് ചെറുപ്പത്തിൽതന്നെ വഴിവിട്ട് ചിന്തി ച്ചുതുടങ്ങുന്നു. ശൈശവത്തിനുശേഷമുള്ള ബോധവികാസം ശവ ന്തീനി ഉറുമ്പിനെ ശവങ്ങളിൽ നിന്ന് പിന്തിരിപ്പിച്ച് മറ്റ് ഇരകളെ കണ്ടെത്താൻ നിർബ്ബന്ധിതനാക്കി. വഴിവിട്ട് സഞ്ചരിച്ചതോടെ യുവാ വായ ശവന്തീനി ഉറുമ്പിന് പരിസരത്തെക്കുറിച്ച് ബോദ്ധ്യമുണ്ടാ യി. നാട്ടുറുമ്പുകളുടെ അടിമത്തത്തേയും വന്നുകൂടിയവരുടെ അധീ ശത്വ താല്പര്യത്തേയും യുവാവായ ശവന്തീനി ഉറുമ്പ് തിരിച്ചറി

ഞ്ഞു. പിന്നീട് അടിമത്തത്തെ അവസാനിപ്പിക്കാനുള്ള സാദ്ധ്യത കളെയാണ് ശവന്തീനി ഉറുമ്പ് തിരഞ്ഞത്. ഓങ്കാരികളുടെ ദൈവ ന്യായങ്ങളുടെ ഭൗതികതാല്പര്യങ്ങളെ ശവന്തീനി ഉറുമ്പ് തിരിച്ച റിഞ്ഞു. ഭൗതികസമൃദ്ധിയിൽ കുടിച്ചും രമിച്ചും ജീവിക്കുന്ന ഓങ്കാ രികളും ഗച്ഛൻമാരും നാട്ടുറുമ്പുകൾക്കുവേണ്ടി ജീവിതത്തിന്റെ വ്യർത്ഥതയേയും ആദ്ധ്യാത്മികതയുടെ മഹത്വത്തേയും വിളംബരം ചെയ്യുന്നു. കറുപ്പിന്റെ സാംസ്ക്കാരിക ഔന്നത്യത്തെ തകർത്ത ഓങ്കാരികളും ഗച്ഛൻമാരും ചുവപ്പിന്റെ സാംസ്ക്കാരിക സവിശേ ഷതയെ നാട്ടുറുമ്പുകളിൽ അടിച്ചേൽപ്പിക്കുന്നു. അതുകൊണ്ട് ചുവ പ്പിന്റെ സാംസ്ക്കാരിക മേൽക്കോയ്മയെ തകർക്കുകയാണ് അടി സ്ഥാനപരമായ ആവശ്യമെന്ന് യുവാവായ ശവന്തീനി ഉറുമ്പ് വിശ്വ സിച്ചു.

സ്വാതന്ത്ര്യത്തിന്റേയും സ്വയംപര്യാപ്തതയുടേയും പ്രാചീനതയെ കണ്ടെടുത്ത യുവാവായ ശവന്തീനി ഉറുമ്പ് അവയെ വീണ്ടും നടപ്പിലാക്കാൻ വേണ്ട വഴികൾ തിരഞ്ഞു. നൂറ്റാണ്ടുക ളുടെ അറിവുകേടിനെയാണ് യുവാവായ ശവന്തീനി ഉറുമ്പ് ആദ്യ മായി നേരിട്ടത്. കൊള്ളക്കാരുടെ കാട്ടുനീതി സ്ഥിരവാസികളുടെ നാട്ടുനീതിയെ പരിഷ്ക്കരിച്ച് അവകാശംവെച്ചിരിക്കുന്നു. അധികാരം സാമ്പത്തികസ്ഥിതിയെ കേന്ദ്രീകരിച്ചപ്പോൾ ദരിദ്രന്റെ നിലവിളി കൾ വെറും ഒച്ചയിടലായി തീർന്നു. വിഭജനങ്ങളും ജാതിപണി ത്തരങ്ങളും ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും അധികാരത്തെ നിരന്തരം ശക്തിപ്പെടുത്തുന്നു. ചുവപ്പ് മഹത്വമായതോടെ കറുപ്പ് അധഃകൃത നിറവുമായി.

നാട്ടുറുമ്പുകളുടെ പ്രാചീനാവസ്ഥയെ തിരിച്ചറിഞ്ഞ യുവാവായ ശവന്തീനി ഉറുമ്പ് മറ്റ് ശവന്തീനി ഉറുമ്പുകളെ വിളിച്ചുകൂട്ടി.

സത്യത്തെ അന്വേഷിക്കാനും കണ്ടെത്താനും നമ്മൾ ബാദ്ധ്യ സ്ഥരാണ്. നമുക്ക് നഷ്ടപ്പെട്ടത് പരിസരബോധവും ജീവിതവുമാ ണ്. അവസ്ഥയോട് പ്രതികരിക്കാനുള്ള ജീവധർമ്മത്തെയാണ് ഓങ്കാരികളുടെ ദൈവന്യായങ്ങൾ ഇല്ലാതാക്കിയത്. നമ്മുടെ ജീവിതം ഈ ഭൂമിയിൽവെച്ചുതന്നെ അവസാനിക്കുന്നു. ഭൂമിക്കു മുകളിലുള്ള കാര്യങ്ങൾക്ക് നമ്മുടെ ജീവിതവുമായി യാതൊരു ബന്ധവുമില്ല. അദൃശ്യശക്തികൾ അനാവശ്യമാണെന്ന് തിരിച്ചറി യുമ്പോഴാണ് നമുക്ക് വിമോചനം ഉണ്ടാകുക.

ചെറുപ്പത്തിന്റെ വാക്കുകളെ അവിശ്വസിച്ച കാരണവർ ചോദിച്ചു:

നിനക്കുതന്നെ അറിയാത്ത കാര്യങ്ങളാണ് നീ പറയുന്നത്.

ഭൂമിക്കു മുകളിലെ സത്യങ്ങളെ നീ എങ്ങനെയാണ് കണ്ടെത്തിയത്?

സംശയങ്ങൾ നീളുന്നതു കണ്ടപ്പോൾ യുവാവായ ശവന്തീനി ഉറുമ്പ് ആവേശത്തോടെ പറഞ്ഞു:

നമ്മൾ അടിമകളാണെന്നും പരസ്പരം വിഭജിക്കപ്പെട്ടവരാണെന്നും തിരിച്ചറിയുമ്പോൾ സത്യത്തെ നമുക്ക് കണ്ടെത്താം. സുഹൃത്തുക്കളായ നാട്ടുറുമ്പുകൾ ഒന്നിച്ചു തിന്നും കിടന്നും ജീവിച്ച കാലമുണ്ടായിരുന്നു. അന്ന് കറുപ്പിന്റെ ന്യായങ്ങളാണ് നിലനിന്നത്. അന്നു നമ്മൾ ദുർബ്ബലനെ സഹായിക്കുകയും സ്നേഹിക്കുകയുമാണ് ചെയ്തത്. സൗഹാർദ്ദത്തിന്റേയും സഹകരണത്തിന്റേയും സുവർണ്ണകാലത്തെ പുന:സ്ഥാപിക്കുകയാണ് നമ്മുടെ ലക്ഷ്യം.

മറ്റ് ശവന്തീനി ഉറുമ്പുകൾ ഒരേ ശബ്ദത്തിൽ യുവാവായ ശവന്തീനി ഉറുമ്പിനോട് പറഞ്ഞു:

നിന്റെ സമനില തെറ്റിയിരിക്കുന്നു. ചുവപ്പിന്റെ മഹത്വമാണ് യാഥാർത്ഥ്യം. അക്കാലത്ത് കറുപ്പിന്റെ അധ:കൃതാവസ്ഥയെ നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. പൂർവ്വജന്മത്തിലെ പാപഫലമാണ് നമ്മുടെ ഇന്നത്തെ ജീവിതം. വരും ജന്മം മാത്രമാണ് നമുക്ക് പ്രതീക്ഷ നൽകുന്നത്. ഈ ജന്മത്തിന്റെ വിധിയെ നമ്മൾ അനുഭവിച്ചു തീർക്കണം. നിഷ്കാമകർമ്മത്തെക്കുറിച്ച് നിനക്ക് അറിയാമല്ലോ?

അധികാരത്തിന്റെ നീതിനിർവ്വഹണത്തെ തിരിച്ചറിഞ്ഞ യുവാവായ ശവന്തീനി ഉറുമ്പ് തുടർന്ന് തന്റെ കാഴ്ചപ്പാടുകളെ അവരുടെ മുമ്പിൽ അവതരിപ്പിച്ചു. ജീവിതം ഭൂമിയോടെ അവസാനിക്കുന്നതാണെന്നും ജീവികളുടെ ജനനത്തിനും മരണത്തിനും ദൈവന്യായങ്ങൾ അനാവശ്യമാണെന്നും യുവാവായ ശവന്തീനി ഉറുമ്പ് വിവരിച്ചു. ജനനം ഉണ്ടാകുന്നത് ഇണചേരുന്നതുകൊണ്ടാണ്. വാർദ്ധക്യവും രോഗങ്ങളും മരണത്തിന് കാരണമാകുന്നു. ഇതൊന്നും ദൈവന്യായങ്ങളുടെ നിർവ്വഹണമല്ല. ആയുധത്തിന്റെ ശക്തിയാണ് ഇപ്പോൾ നീതിയും സാമൂഹ്യഘടനയും സൃഷ്ടിക്കുന്നത്. കുറച്ചുപേർ വലിയൊരു സമൂഹത്തെ അടിമകളാക്കിയിരിക്കുന്നു. യഥാർത്ഥത്തിൽ സംഭവിക്കേണ്ടത് ഭൂരിപക്ഷം പേരുടേയും ന്യായങ്ങളാണ് അന്ത്യവിധിയാകേണ്ട ഭൂരിപക്ഷത്തിന്റെ നീതിയാണ് സാമൂഹ്യ വ്യവസ്ഥയായി തീരേണ്ടത്. ഇവിടെ സംഭവിക്കുന്നത് ന്യൂനപക്ഷത്തിനുവേണ്ടി ഭൂരിപക്ഷം അദ്ധ്വാനിക്കുകയും അവരുടെ നീതി നടപ്പാക്കുകയുമാണ്.

മറ്റ് ശവന്തീനി ഉറുമ്പുകൾ വാക്കുകളെ അത്ഭുതത്തോടെ കേട്ടപ്പോൾ യുവാവായ ശവന്തീനി ഉറുമ്പ് ആവേശത്തോടെ തുടർന്നു. ചുവപ്പാണല്ലോ അവരുടെ മഹത്വം. ചുവപ്പിന്റെ മഹാരഹസ്യത്തെ ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം.

മറ്റ് ഉറുമ്പുകളുടെ ശ്രദ്ധ ക്ഷണിച്ച യുവാവായ ശവന്തീനി ഉറുമ്പ് യാതനകളെ നേരിടാനുള്ള സന്നദ്ധതയോടെ വിരലിനെ കടിച്ചുപൊട്ടിച്ച് എറിഞ്ഞു. കടിച്ചുമാറ്റിയ അവയവങ്ങളിൽനിന്നും അവന്റെ ശരീരത്തിൽ നിന്നും ധാരമുറിയാതെ ചോര ഒഴുകി. ചോരയുടെ ചുവപ്പിനെ ചൂണ്ടിക്കാണിച്ച യുവാവായ ശവന്തീനി ഉറുമ്പ് പറഞ്ഞു.

ജീവികളുടെ എല്ലാം രക്തത്തിന്റെ നിറം ചുവപ്പാണ്. പരിതസ്ഥിതിയാണ് നിറങ്ങളെ നിശ്ചയിക്കുന്നത്. ചുവപ്പിന് യാതൊരു മഹത്വവുമില്ല.

യുവാവായ ശവന്തീനി ഉറുമ്പിന്റെ വാക്കുകളെ മിക്കവരും അവഗണിച്ചു പുറന്തള്ളി. മുടന്തനായിത്തീർന്ന അവൻ അടിമത്തം അവസാനിപ്പിക്കാൻ വീണ്ടും പരിശ്രമിച്ചു. വീണ്ടും പലതവണ യുവാവായ ശവന്തീനി ഉറുമ്പ് അവയവങ്ങളെ കടിച്ചുതുപ്പി ചോരയുടെ ചുവപ്പിനെ പ്രദർശിപ്പിച്ചു. അവയവങ്ങൾ എല്ലാം നഷ്ടപ്പെട്ടപ്പോൾ വയറിലേക്ക് കൊമ്പുകൾ താഴ്ത്തി ചോര വലിച്ചെടുത്തു തുപ്പിയ യുവാവായ ശവന്തീനി ഉറുമ്പ് മറ്റ് ഉറുമ്പുകൾക്ക് കാഴ്ചവസ്തുവായി കുറേനേരം കിടന്നു. പിന്നീട് അവൻ നിസ്സഹായതയോടെ ജീവിതം അവസാനിപ്പിച്ചു.

യുവാവായ ശവന്തീനി ഉറുമ്പിന്റെ ജീവനാശം മറ്റ് യുവാക്കളെ പ്രകോപിപ്പിച്ചു. അവന്റെ വാക്കുകൾ ഇടിമുഴക്കത്തിന്റെ സത്യമായി അവരുടെ മനസ്സിൽ നിറഞ്ഞു. യുവാവായ മറ്റൊരു ശവന്തീനി ഉറുമ്പ് ചെറുപ്പക്കാരെ വിളിച്ചുചേർത്ത് പ്രാചീനമായ സമത്വത്തെ വീണ്ടും സ്ഥാപിക്കാനുള്ള വഴികൾ തിരഞ്ഞു.

ഇപ്പോൾ ആത്മപുരത്തിൽ മാത്രമല്ല ദേശാന്തരങ്ങളിൽ മുഴുക്കെ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും അധികാരമാണ് നടപ്പിലുള്ളത്. അവരുടെ അധീശത്വ താല്പര്യങ്ങൾ എല്ലാവരും അനുസരിക്കേണ്ട സാമൂഹ്യ നിയമങ്ങളായിത്തീർന്നിരിക്കുന്നു. ഗച്ഛൻമാരുടെ ആയുധങ്ങളോട് ഏറ്റുമുട്ടുമ്പോൾ നാട്ടുറുമ്പുകൾക്ക് വംശനാശമാണ് സംഭവിക്കുക. ചെറു സംഘട്ടനങ്ങളല്ല ഭൂരിപക്ഷത്തിന്റെ സംഘടിത ആക്രമണമാണ് വിജയത്തിൽ എത്തിച്ചേരുക എന്ന വിശ്വാസമാണ് അവർക്ക് ഉണ്ടായത്. പ്രകൃതി നൽകിയ പ്രതിരോധവയവങ്ങളാണ് നാട്ടുറുമ്പുകൾക്ക് ഉള്ളത്. ചോണൻ ഉറുമ്പുകൾ

ആയുധങ്ങൾ ഉണ്ടാക്കുന്നെങ്കിലും അവയെ പ്രയോഗിക്കാൻ അറിയുക ഗച്ഛൻമാർക്ക് മാത്രമാണ്. കരുതലോടെ നീങ്ങിയ യുവാവായ ശവന്തീനി ഉറുമ്പ് ഗച്ഛൻമാർ പുറത്താക്കിയ യുവതികളെ കണ്ടെത്തി ആയുധം ഉപയോഗിക്കാനുള്ള കഴിവു നേടുന്നു. ഇതിനിടയ്ക്ക് ആയുധം ഉണ്ടാക്കാൻ അറിയുന്ന ചെറുപ്പക്കാരായ ചോണനുറുമ്പുകളെ അവൻ സംഘടിപ്പിച്ചു. തുടർന്ന് അവർ മറ്റ് നാട്ടുറുമ്പുകളെ സംഘടിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. സുഖസമൃദ്ധവും സ്വതന്ത്രവുമായ പ്രാചീനകാലം ഓർമ്മകളിലേക്കു കടന്നുവന്നതോടെ നാട്ടുറുമ്പുകളുടെ യുവത്വം പ്രക്ഷുബ്ധമായി. ജീവത്യാഗം ചെയ്ത യുവാവായ ശവന്തീനി ഉറുമ്പിന്റെ വാക്കുകളും അവരുടെ ഗതിയും അവരുടെ ആത്മാഭിമാനത്തെ ഉണർത്തി. പിന്നീട് അവർ രഹസ്യമായി ആയുധപരിശീലനം ആരംഭിച്ചു.

ഒരു രാത്രി ആത്മപുരം പുഴവക്കത്തെ നാട്ടുറുമ്പുകളിലെ ചെറുപ്പക്കാർ ആൺ-പെൺ വ്യത്യാസമില്ലാതെ രാത്രിയുടെ ഇരുട്ടിലേക്ക് മാളങ്ങളിൽനിന്ന് ഇറങ്ങിനടന്നു. ശവന്തീനിയുറുമ്പുകളിലെ ചെറുപ്പക്കാരും അവരുടെ കൂടെ ചേർന്നു. ഇരുട്ടത്ത് ശ്രദ്ധയോടെ നടന്ന അവർ മുൻനിശ്ചയം അനുസരിച്ച് വേപ്പിൻചോട്ടിൽ വിശാലമായ മാളം പണിതു. മാളത്തിനകത്ത് പൊള്ളക്കാലികളും ശവന്തീനി ഉറുമ്പുകളും മറ്റുള്ളവയും യാതൊരു വിഭജനക്രമവുമില്ലാതെ സ്വയം പര്യാപ്തതയോടെ സർവ്വസ്വതന്ത്രരായി ജീവിക്കേണ്ടതാണ്. ആർക്കും പ്രത്യേക അവകാശമില്ലാത്ത മാളത്തിൽ ഉഡ്ഡുപശുക്കളും ഇമ്മമരവും എല്ലാവർക്കും അവകാശപ്പെട്ട ഭക്ഷണത്തിനുള്ള മാർഗ്ഗമാണ്. ഇമ്മമരത്തിന്റെ വിത്ത് കരുതൽധനമായി സൂക്ഷിക്കേണ്ടതാണെന്നും യുവാവായ ശവന്തീനി ഉറുമ്പ് പറഞ്ഞു. യുവാക്കളും യുവതികളും നിർബന്ധമായും ആയുധം ഉപയോഗിക്കാൻ പരിശീലിക്കണമെന്നും അവൻ പ്രഖ്യാപിച്ചു. ഏതു നിമിഷവും ഗച്ഛൻമാർ ആക്രമിക്കാമെന്നും സങ്കരവർഗ്ഗങ്ങളും പല നാട്ടുറുമ്പുകളും അവരെ പിന്തുണക്കുമെന്നും ചെറുപ്പക്കാരനായ ശവന്തീനി ഉറുമ്പ് മുൻ കരുതലോടെ പറഞ്ഞു. പിന്നീട് അവർ ശത്രുവിന്റെ ആക്രമണത്തെ ഓർത്ത് ജാഗ്രതയോടെ കാത്തിരുന്നു.

പ്രതീക്ഷിച്ചതുപോലെ ഗച്ഛൻമാരുടെ പട അവരെ ആക്രമിക്കാൻ എത്തി. ഗച്ഛൻമാർ വായ തുറന്ന് ആയുധം പ്രയോഗിച്ചപ്പോൾ നാട്ടുറുമ്പുകളും അതേ രീതിയിൽ ആയുധങ്ങളെ തൊടുത്തുവിട്ടു. നാട്ടുറുമ്പുകളിൽ നിന്ന് ആയുധങ്ങൾ വരുന്നതുകണ്ട ഗച്ഛൻമാർ അമ്പരന്നു. പിന്നീട് സാമ്രാജ്യത്തിന്റെ നിലനില്പിനുവേണ്ടി അവർ ആവേ

ശത്തോടെ യുദ്ധംചെയ്തു തുടങ്ങി. ഒരു പകൽ മുഴുക്കെ നീണ്ട ആക്രമണമാണ് അവർ പരസ്പരം നടത്തിയത്. അനേകം ഗച്ഛൻമാരും നാട്ടുറുമ്പുകളും മരിച്ചുവീണു. പലർക്കും മാരകമായ മുറിവേറ്റു. യുദ്ധം ഭീകരമായി തുടർന്നെങ്കിലും ഗച്ഛൻമാർക്ക് നാട്ടുറുമ്പുകളെ തോല്പിക്കാനായില്ല. ഇരുട്ട് പരന്നതോടെ ഗച്ഛൻമാർ പിൻവാങ്ങി. നാട്ടുറുമ്പുകൾ അമിതമായ ആത്മവിശ്വാസത്തോടെ വേപ്പിൻചുവട്ടിലെ മാളത്തിലേയ്ക്കു മടങ്ങി.

വീണ്ടും പലതവണ ഗച്ഛൻമാർ നാട്ടുറുമ്പുകളെ ആക്രമിച്ചു. ഗച്ഛൻമാരെ ധീരതയോടെ നേരിട്ട അവർ ചില ദിവസങ്ങളിൽ ശത്രുവിനെ തോല്പിക്കുകയും ചെയ്തു. ശത്രു ശക്തരാണെന്ന് അറിഞ്ഞപ്പോൾ ഗച്ഛൻമാർ വേപ്പിൻചോട്ടിലെ നാട്ടുറുമ്പുകളെ അവഗണിച്ചു. സാമൂഹ്യജീവിതം ശാന്തമായതോടെ വേപ്പിൻചോട്ടിലെ നാട്ടുറുമ്പുകൾ സ്വാതന്ത്ര്യത്തേയും സമഭാവനയേയും ജീവിതരീതിയാക്കി സമൂഹത്തെ മാറ്റിപ്പണിതു. എല്ലാവർക്കും ആയുധം ഉപയോഗിക്കാൻ അറിയാമെങ്കിലും മികച്ച യോദ്ധാവും നേതൃത്വശേഷിയുള്ളവനും അവരുടെ നേതാവായിത്തീർന്നു. അധികാരം വ്യക്തിയിൽ കേന്ദ്രീകരിക്കുന്നതിനെ യുവാവായ ശവന്തീനി ഉറുമ്പ് എപ്പോഴും എതിർത്തുകൊണ്ടിരുന്നു. നേതൃത്വ കാലാവധി ഒരു വർഷത്തേക്കു മാത്രമായി നിജപ്പെടുത്തണമെന്നും എല്ലാ ഉറുമ്പുകളുടേയും ഓരോ പ്രതിനിധികളുള്ള സംഘമാണ് മാളത്തിലെ ഭരണം നടത്തേണ്ടതെന്നും അവർ വാദിച്ച് ഉറപ്പിച്ചു. അധികാരം വ്യക്തിയിൽ കേന്ദ്രീകരിക്കുമ്പോൾ ചൂഷണവും അടിമത്തവും ഉണ്ടാകുമെന്ന് യുവാവായ ശവന്തീനി ഉറുമ്പു പറഞ്ഞു.

നേതാവായി തീർന്ന യുവാവായ ശവന്തീനി ഉറുമ്പ് ഭരണക്രമ സൗകര്യത്തിനുവേണ്ടി വിവിധ വിഭാഗങ്ങളിൽനിന്ന് സംഘാംഗങ്ങളെ തിരഞ്ഞെടുത്തു. ആറുമാസത്തെ ശാന്തതയ്ക്കുശേഷം ഗച്ഛൻമാരുടെ വൻപട അവരെ ആക്രമിക്കാൻ എത്തി. ഇത്തവണയും ഗച്ഛൻമാരാണ് തോറ്റ് പിൻമാറുന്നത്.

ഓങ്കാരിപക്ഷക്കാരായ രണ്ട് കുനിയൻ ഉറുമ്പുകൾ മനസ്സുമാറി വേപ്പിൻചുവട്ടിലെ മാളത്തിൽ എത്തിയപ്പോൾ യുവാവായ ശവന്തീനി ഉറുമ്പ് അവരെ ആദരവോടെ സ്വീകരിച്ചു. സമഭാവനയുടെ സൗഹൃദങ്ങളെ ഒരാഴ്ച അനുഭവിച്ച അവർ തുടർന്ന് രഹസ്യമായി യുവാവായ ശവന്തീനി ഉറുമ്പിനെ സമീപിച്ചു.

മറ്റാരും കേൾക്കാതെ കുനിയനുറുമ്പുകൾ പറഞ്ഞു:

തങ്ങൾ ഓങ്കാരികളുടെ ദൂതൻമാരായാണ് വന്നിരിക്കുന്നത്.

താങ്കൾക്കും താങ്കളുടെ വംശത്തിനും മഹത്തായ അവസരത്തെയാണ് ഓങ്കാരികൾ വാഗ്ദാനം ചെയ്യുന്നത്. ഒരുവർഷം മാത്രമാണ് ഇപ്പോൾ താങ്കളുടെ ആധിപത്യത്തിന്റെ കാലാവധി. അതു കഴിഞ്ഞാൽ താങ്കളും സാധാരണക്കാരനാകും. താങ്കളുടെ പിൻതലമുറയുടേയും ഗതി ഇതുതന്നെയാണ്. ഓങ്കാരികളുടെ ദൈവന്യായങ്ങളെ താങ്കൾക്ക് അറിയാമല്ലോ. ചുവപ്പിന്റെ മഹത്വത്തെ അല്ല ഞങ്ങൾ പറയുന്നത്. പൂർവ്വജന്മങ്ങളിലെ സുകൃതങ്ങളുടെ ഫലമാണ് ഓങ്കാരികളേയും ഗച്ഛൻമാരേയും അധികാരികളാക്കുന്നത്. അവരുടെ വംശപരമ്പരകൾ ഔന്നത്യത്തോടെ എക്കാലത്തും ജീവിക്കും. താങ്കൾക്കും വംശപരമ്പരകൾക്കും അത്തരം അവസ്ഥയിൽ എത്തിച്ചേരാം.

യുവാവായ ശവന്തീനി ഉറുമ്പ് കുനിയനുറുമ്പുകളുടെ വാക്കുകളെ പ്രതീക്ഷയോടെ കേട്ടു. അവർ വീണ്ടും തുടർന്നു:

താങ്കളെ ദത്തെടുത്ത് ഗച്ഛനാക്കുന്ന ഓങ്കാരികൾ താങ്കളേയും വംശത്തേയും എക്കാലത്തേയും ഭരണാധികാരികളാക്കും.

കുനിയൻ ഉറുമ്പുകളുടെ വാക്കുകൾ കേട്ട യുവാവായ ശവന്തീനി ഉറുമ്പ് ക്ഷോഭത്തെ നിശ്ശബ്ദതകൊണ്ടു നേരിട്ടു.

പിന്നീട് പല രാത്രികളിലും കുനിയനുറുമ്പുകൾ അവനെ രഹസ്യമായി സന്ദർശിച്ചു. കാലാകാലങ്ങളിലേക്കു നീളുന്ന വംശത്തിന്റെ സുഭിക്ഷതയെ കണ്ട് അവസാനം യുവാവായ ശവന്തീനി ഉറുമ്പു പറഞ്ഞു:

ഓങ്കാരികാരണവരെ ഇവിടേയ്ക്ക് അയയ്ക്കുക. അവരുടെ വാഗ്ദനത്തെ ഞാൻ സ്വീകരിച്ചിരിക്കുന്നു.

പിറ്റേന്നുതന്നെ ഓങ്കാരികാരണവരും അകമ്പടിയായി ഗച്ഛൻമാരും വേപ്പുമരച്ചോട്ടിൽ എത്തി. നാട്ടുറുമ്പുകൾ ആക്രമിക്കാൻ തയ്യാറായപ്പോൾ യുവാവായ ശവന്തീനി ഉറുമ്പ് അവരെ തടഞ്ഞു. ഓങ്കാരികാരണവരേയും ഗച്ഛൻമാരേയും അവൻ ആദരവോടെ മാളത്തിൽ എത്തിച്ചു.

പിന്നീട് ആചാര അനുഷ്ഠാനങ്ങളോടെ ചടങ്ങുകൾ ആരംഭിച്ചു. വികൃതമായി ശബ്ദിച്ച ഓങ്കാരിക്കാരണവർ യുവാവായ ശവന്തീനി ഉറുമ്പിന്റെ ശരീരം മുഴുവൻ നക്കിത്തുടച്ച് ശുദ്ധമാക്കി. പിന്നീട് ഓങ്കാരികാരണവർ മറ്റ് ഉറുമ്പുകളോട് പറഞ്ഞു:

ഇദ്ദേഹം അസാമാന്യശക്തിയുള്ള ഗച്ഛനായി തീർന്നിരിക്കുന്നു. ഗച്ഛന്റെ ക്ഷാത്രവീര്യമാണ് ഇദ്ദേഹത്തിന്റെ രക്തത്തിലും ഉള്ളത്. ഗച്ഛനായി തീർന്ന ഇദ്ദേഹം ഇനിമുതൽ ദൈവന്യായങ്ങളെ നടപ്പി

ലാക്കി തുടങ്ങും. ഇദ്ദേഹത്തെ നിയന്ത്രിക്കാനും ശരിയായ മാർഗ്ഗത്തിലേക്ക് നയിക്കാനും ചില ഓങ്കാരികളും ഗച്ഛൻമാരും ഇവിടെ ഉണ്ടാകും.

നാട്ടുറുമ്പുകളിൽ ചിലർ ചതികണ്ട് പ്രതികരിക്കാൻ തയ്യാറായപ്പോൾ ഗച്ഛൻമാരും യുവാവായ ശവന്തീനി ഉറുമ്പും അവരെ ആക്രമിച്ച് ഇല്ലാതാക്കി. പേടിച്ചുവിറച്ചു നിന്ന മറ്റുള്ളവരോട് യുവാവായ ശവന്തീനി ഉറുമ്പ് പറഞ്ഞു:

നാം മാറ്റത്തിന് വഴിപ്പെടാത്ത സമൂഹമാണ്. ഞാൻ എക്കാലത്തും നിങ്ങളുടെ അധിപനായിരിക്കും. എന്റെ തലമുറകളാണ് നിങ്ങളുടെ തലമുറകളുടെ അധിപൻമാരാകുക. ഓങ്കാരികളുടെ ദൈവന്യായത്തെ ഞാനും നിങ്ങളും അനുസരിക്കണം. പൂർവ്വജന്മഫലങ്ങൾ അനുഭവിക്കേണ്ടതുതന്നെയാണ്. അതാണ് ഓരോ വ്യക്തിയുടേയും ഔന്നത്യത്തിനും അധ:പതനത്തിനും കാരണം. വിധിയാണ് ജീവികളുടെ ജീവിതത്തെ നിർണ്ണയിക്കുന്നത്. അതുകൊണ്ട് വരും ജന്മത്തിലെ സമൃദ്ധികൾക്കുവേണ്ടി നിഷ്കാമമായി പ്രതിഫലം ആഗ്രഹിക്കാതെ പ്രവർത്തിച്ചുതുടങ്ങാം.

തുടർന്ന് ഗച്ഛനായി തീർന്ന ശവന്തീനി ഉറുമ്പ് വേപ്പിൻചുവട്ടിലെ മാളത്തിന്റെ അധിപതിയായി ഓങ്കാരികളുടെ ദൈവന്യായങ്ങളെ സംരക്ഷിച്ചുതുടങ്ങി.

മൂന്ന്

ഓങ്കാരികളുടെ അധീശത്വതാല്പര്യങ്ങളും വിഭജനക്രമങ്ങളും വേപ്പിൻചുവട്ടിലെ നാട്ടുറുമ്പുകളുടെ ഇടയ്ക്ക് വീണ്ടും നടപ്പിൽ വന്നു. കുനിയൻ ഉറുമ്പുകളും കല്ല്യാണ ഉറുമ്പുകളും മറ്റുള്ളവയും വെവ്വേറെ മാളങ്ങൾ ഉണ്ടാക്കി അനുവദിക്കപ്പെട്ട ജോലിചെയ്തു. ഓങ്കാരികളുടെ ദൈവന്യായത്തെ ധിക്കരിച്ചാൽ മരിക്കുമെന്ന് ബോദ്ധ്യമുള്ള അവർ പ്രതികരിക്കാതെ നിശ്ശബ്ദരായി. ഫലശൂന്യമായി അദ്ധ്വാനിച്ച നാട്ടുറുമ്പുകളെ പൊള്ളക്കാലി ഉറുമ്പ് സംഘടിപ്പിച്ചുതുടങ്ങി. രഹസ്യമായാണ് അത്തരമൊരു നീക്കം നടന്നത്. ഓങ്കാരികളുടെ ദൈവന്യായങ്ങളെ എതിർക്കുക മരണത്തെ സ്വീകരിക്കലാണെന്ന് അവർക്ക് അറിയാം. സ്വാതന്ത്ര്യത്തിനും അതിരുകളില്ലാത്ത സാമൂഹ്യക്രമത്തിനും വേണ്ടി ജീവൻ ത്യജിക്കാൻ അവർ തയ്യാറായി.

ഒരു രാത്രി കുറേ നാട്ടുറുമ്പുകളുമായി വേപ്പിൻചുവട്ടിലെ മാളത്തിലേക്ക് ഇരച്ചുകയറിയ യുവാവായ പൊള്ളക്കാലി ഉറുമ്പ് ഗച്ഛൻമാരേയും ഇലകളിൽ കൂട്ടുകൂടി താമസിച്ച ഓങ്കാരികളേയും കൊന്നൊടുക്കി. മാളങ്ങളിലെ എല്ലാ ഉറുമ്പുകളേയും വിളിച്ചു ചേർത്ത യുവാവായ പൊള്ളക്കാലി ഉറുമ്പ് വിഭജനക്രമങ്ങളില്ലാത്ത സാമൂഹ്യഘടനയെ വീണ്ടും നടപ്പിലാക്കി. ആധിപത്യം വീണ്ടും സ്ഥാപിക്കാൻ വേണ്ടി ഗച്ഛൻമാർ എത്തുമെന്ന് വിചാരിച്ച് നാട്ടുറുമ്പുകൾ യുദ്ധസന്നദ്ധരായി കാത്തിരുന്നു. അവരുടെ കണക്കുകൂട്ടലുകൾ ഉടനടി യാഥാർത്ഥ്യമായി തീർന്നു. ഓങ്കാരികളുടെ ദൈവന്യായത്തെ സ്ഥാപിക്കാൻ ആത്മപുരത്തിലെ ഗച്ഛൻമാർ വേപ്പിൻചുവട്ടിൽ എത്തി. തുടർന്ന് രാവുപകലുകളിൽ മുഴുക്കെ നീണ്ട യുദ്ധമുണ്ടായി. അനേകം ഗച്ഛൻമാർ ചത്തെങ്കിലും എണ്ണപ്പെരുക്കമുള്ള അവർതന്നെയാണ് അവസാനം വിജയിച്ചത്. നാട്ടുറുമ്പുകളിൽ മിക്കവയും മരിച്ചു. ജീവനുള്ളവ വികലാംഗരായ ജീവച്ഛവങ്ങളായി. പകതീരാതെ നടന്ന ഗച്ഛൻമാർ ജീവച്ഛവങ്ങളെ ആത്മപുരം പുഴയിൽ എറിഞ്ഞുകൊന്നു. പിന്നീട് അവർ വേപ്പിൻചോട്ടിലെ മാളങ്ങളെ അവശേഷിപ്പുകളില്ലാതെ നശിപ്പിച്ചു.

ഓങ്കാരികളുടെ ദൈവന്യായങ്ങളെ ധിക്കരിച്ചവരുടെ ജീവിതഗതിയെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞുവല്ലോ. ഇനി നമുക്ക് ആത്മപുരത്തിലെ ഉറുമ്പുകൾക്ക് ഉണ്ടായ മാറ്റങ്ങളെ പരിശോധിക്കാം.

ആത്മപുരത്തിൽ മാത്രമല്ല നാട്ടുറുമ്പുകൾ ആധിപത്യത്തിന് എതിരെ യുദ്ധം നടത്തിയത്. കലിപുരത്തിലും മോക്ഷപുരത്തിലും നാട്ടുറുമ്പുകളുടെ വിഫലമായ ജീവത്യാഗങ്ങൾ നടന്നു. അനേകം ഗച്ഛൻമാർ മരിച്ചെങ്കിലും അവസാനത്തെ വിജയം ഓങ്കാരികളുടെ ദൈവന്യായങ്ങൾക്കായിരുന്നു. യുദ്ധങ്ങൾക്കു ശേഷം ഓങ്കാരികൾ കൂടുതൽ കാര്യക്ഷമമായ സാമൂഹ്യാവസ്ഥയെ സ്ഥാപിച്ചു. ദൈവന്യായങ്ങളുടെ ആദ്ധ്യാത്മികത നാട്ടുറുമ്പുകളെ പരിസരബോധത്തിൽനിന്ന് അകറ്റുന്നുണ്ടെങ്കിലും അപൂർവ്വമായി ചിലർ പ്രതിഷേധങ്ങളുമായി കടന്നുവരുന്നു. അതിന്റെ കാരണങ്ങളെ ഓങ്കാരികൾ അന്വേഷിച്ച് കണ്ടെത്തുകയും ചെയ്തു. വെവ്വേറെ മാളങ്ങളിൽ താമസിച്ച നാട്ടുറുമ്പുകൾ ആരുടേയും പ്രകടമായ നിയന്ത്രണങ്ങൾ ഇല്ലാതെയാണ് ജീവിച്ചത്. യഥേഷ്ടം സഞ്ചരിക്കുന്ന അവർ ആശയവിനിമയം നടത്തി പ്രതിഷേധങ്ങളെ സംഘടിതരൂപമാക്കി. പ്രതിഷേധങ്ങളെ അവസാനിപ്പിക്കാൻ നിശ്ചയിച്ച ഓങ്കാരികൾ വിവിധ ദേശങ്ങളിലെ കാരണവൻമാരെ ആത്മപുരത്തിൽ

വിളിച്ചുചേർത്തു. മണിക്കൂറുകൾ നീണ്ട ആലോചനകൾ വ്യക്തമായ തീരുമാനത്തിൽ എത്തിച്ചേർന്നു.വീണ്ടും പലതവണ കൂട്ടം ചേർന്ന ഓങ്കാരികൾ പുത്തൻ ഭരണസംവിധാനത്തെ ഉണ്ടാക്കി. നാട്ടുറുമ്പുകളെ നിയന്ത്രിക്കേണ്ടതും നിരീക്ഷിക്കേണ്ടതും ഗച്ഛൻമാരുടെ ചുമതലയായി. നാട്ടുറുമ്പുകളുടെ മാളങ്ങളിൽ ഗച്ഛൻമാരുടെ സാന്നിദ്ധ്യം അത്യാവശ്യമാണ്. അവരെ ശിക്ഷിക്കേണ്ടതും വംശീയ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതും ഗച്ഛൻമാരാണ്. ശത്രുവിനെ നേരിടാൻ ഗച്ഛൻമാർ നിരന്തരം യുദ്ധമുറകൾ അഭ്യസിക്കണമെന്നും അവർ നിശ്ചയിച്ചു. ദൈവന്യായങ്ങളെ അഭ്യസിപ്പിക്കാൻ അരയാലുകളിൽ പാഠശാലകൾ ആരംഭിക്കണമെന്നും അവർ നിശ്ചയിച്ചു. ഗച്ഛൻമാർക്കുള്ള പാഠശാലകൾ അരയാലിലെ മാളങ്ങളിലാണ് ആരംഭിക്കേണ്ടത്.

കൂട്ടായ തീരുമാനത്തെ നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് തുടർന്നുണ്ടായത്. ഓങ്കാരികാരണവർ ഗച്ഛൻമാരേയും മറ്റ് ഓങ്കാരികളേയും വിളിച്ചുചേർത്തതിനുശേഷം പറഞ്ഞു:

നമ്മൾ ഉന്നതൻമാരായതും ഭരണാധികാരികളായതും ചുവപ്പിന്റെ മഹത്വംകൊണ്ടാണെന്ന് അറിയാമല്ലോ. നാട്ടുറുമ്പുകൾ എക്കാലത്തും നമ്മുടെ അടിമകളായിരിക്കണം. വർത്തമാനകാലവും സാമൂഹ്യപരിസരവും അവരുടെ മനസ്സിലേക്ക് കടന്നുവരരുത്. നമ്മുടെ പൂർവ്വികൻമാർ നമ്മുടെ സുഖസമൃദ്ധികൾക്കുവേണ്ട തത്വശാസ്ത്രങ്ങളെല്ലാം നിർമ്മിച്ചിട്ടുണ്ട്. ദൈവന്യായങ്ങളുടെ വ്യാഖ്യാനങ്ങളാണ് അവ. എങ്കിലും യഥാർത്ഥത്തിൽ നമ്മുടെ നിലനില്പിന്റെ ഭൗതികശാസ്ത്രമാണ് അത്. അവയ്ക്ക് ഒരിക്കലും നാശമുണ്ടാകരുത്. കർമ്മത്തെക്കുറിച്ചും ജന്മപരമ്പരകളെക്കുറിച്ചും വിധിയെക്കുറിച്ചും നാമെപ്പോഴും നാട്ടുറുമ്പുകളോട് സംസാരിക്കണം. നിഷ്കാമകർമ്മത്തിന്റെ മഹത്വത്തേയും മോക്ഷത്തേയുംകുറിച്ച് അവർക്ക് ബോദ്ധ്യമുണ്ടാകണം. ഇതുകൊണ്ടുമാത്രം നമ്മുടെ അവസ്ഥ എക്കാലത്തും സുരക്ഷിതമാകണമെന്നില്ല.

വാക്കുകളെ പ്രവർത്തനമാക്കാൻ വേണ്ടി ശ്രദ്ധിച്ചിരുന്നവരോട് ഓങ്കാരികാരണവർ തുടർന്നു:

ഗച്ഛൻമാരുടെ പാഠശാലയിൽ ആയുധപരിശീലനവും സാമൂഹ്യക്രമത്തെക്കുറിച്ചുള്ള അറിവുമാണ് ലഭിക്കുക. ഓങ്കാരികളുടെ മക്കൾ ദൈവന്യായത്തേയും അദൃശ്യശക്തികളെ നിയന്ത്രിക്കാനുള്ള മന്ത്രങ്ങളേയും പഠിക്കണം. കറുപ്പിന്റെ അധ:കൃതാവസ്ഥയും ചുവപ്പിന്റെ മഹത്വവും പാഠ്യവിഷയങ്ങളാവണം. അറിവ് അധികാരമാണ്.

അജ്ഞാനം അധ:കൃതാവസ്ഥയാണ്. നമ്മുടെ മക്കൾ അറിവുനേടി അധികാരികളാകുമ്പോൾ നാട്ടുറുമ്പുകൾ അജ്ഞാനവുമായി അധ:കൃതരായിത്തന്നെ ജീവിക്കും. വിദ്യാഭ്യാസം അവസ്ഥയെ അതേപടി നിലനിർത്താനുള്ളതാണെന്ന് നമുക്ക് അറിയാമല്ലോ.

ഓങ്കാരികാരണവർ വാക്കുകൾ അവസാനിപ്പിച്ചപ്പോൾ തലമുറകളുടെ സുഭിക്ഷതയെ ഓർത്ത് ഗച്ഛൻമാരും മറ്റ് ഓങ്കാരികളും വലംചുറ്റിക്കളിച്ചു.

കൂട്ടായ ചിന്തകൾ പ്രവർത്തനമായപ്പോൾ നാട്ടുറുമ്പുകളുടെ മാളങ്ങൾക്കുമുമ്പിൽ ഗച്ഛൻമാർ കാവൽക്കാരായി എത്തി. നാട്ടുറുമ്പുകളുടെ മാളത്തിൽ പ്രത്യേക സൗകര്യങ്ങളോടെ സങ്കേതം ഒരുക്കിയ അവർ സമയനിഷ്ഠയോടെ കാവൽനിന്നു. ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും മക്കൾ കൃത്യമായ പാഠ്യവിഷയങ്ങളോടെ ശൈശവത്തിൽനിന്ന് കൗമാരത്തിലേക്കു കടന്നു.

ഓങ്കാരികളും ഗച്ഛൻമാരും ഉണർന്നു പ്രവർത്തിച്ചതോടെ നാട്ടുറുമ്പുകളുടെ അവസ്ഥ ദയനീയമായി തീരുന്നതിനെ നമുക്ക് കാണാം. മാളങ്ങൾക്ക് കാവൽനിന്ന ഗച്ഛൻമാർ നാട്ടുറുമ്പുകളെ നിരന്തരം ഉപദ്രവിച്ചുകൊണ്ടിരുന്നു. പ്രതിഫലമില്ലാതെ പണിയെടുത്ത അവരെ ഗച്ഛൻമാർ വിശ്രമിക്കാൻ അനുവദിച്ചില്ല. നാട്ടുറുമ്പുകളിലെ യുവതികളെ ആവശ്യം അനുസരിച്ച് ആസ്വദിക്കുക അവരുടെ അവകാശമായി. പ്രതിഷേധങ്ങളെ ആയുധംകൊണ്ട് അവസാനിപ്പിച്ച അവർ ചുവപ്പിന്റെ മഹാത്മ്യത്തെ സ്തുതിക്കാനും കറുപ്പിനെ അധിക്ഷേപിക്കാനും മറന്നില്ല.

ഇക്കാലത്താണ് ഗച്ഛൻമാരുടെ നേതാവിനു യുവതിയായ ചോണൻ ഉറുമ്പിനോട് പ്രത്യേക താല്പര്യം തോന്നുന്നത്. ചോണൻ ഉറുമ്പുകളുടെ സവിശേഷതയെക്കുറിച്ച് മുമ്പു പറഞ്ഞിരുന്നുവല്ലോ. സങ്കരവർഗ്ഗമായതുകൊണ്ട് കറുപ്പും ചുവപ്പും ഇടകലർന്ന ഇരുണ്ട നിറമാണ് അവരുടേത്. ഗച്ഛൻമാരുടെ ആക്രമണസ്വഭാവവും നാട്ടുറുമ്പുകളുടെ ബുദ്ധിശൂന്യതയും ചോണൻ ഉറുമ്പുകൾക്ക് പാരമ്പര്യമായി ലഭിച്ചു. ഗച്ഛൻമാരുടെ ശരീരപ്രകൃതവും അവയവഘടനയുമാണ് ചോണൻ ഉറുമ്പുകൾക്ക് ഉള്ളത്. ഗച്ഛനേതാവ് ചോണയുവതിയെ ബലമായാണ് പ്രാപിക്കുന്നത്. അപ്രതീക്ഷിതമായ ഇണചേരലിനോട് ചോണയുവതി ആദ്യം പ്രതിഷേധിച്ചെങ്കിലും പിന്നീട് അധികാരത്തിന്റേയും ചുവപ്പിന്റേയും മഹത്വം ഓർത്ത് പൂർണ്ണമായും സഹകരിച്ചു. പിന്നീട് ഗച്ഛൻമാർ കൂട്ടത്തോടെ എത്തി ചോണ യുവതികളുമായി ഇണചേർന്നു തുടങ്ങി. സങ്കര

വർഗ്ഗക്കാരായ ചോണൻ ഉറുമ്പുകളെ കറുത്ത നാട്ടുറുമ്പുകൾ ആദ രവോടെയാണ് എപ്പോഴും സ്വീകരിച്ചത്. അതുകൊണ്ട് ചോണയു വതികൾ അഭിമാനത്തോടെയാണ് ഗച്ഛൻമാരെ സ്വീകരിച്ചത്. ഗച്ഛൻമാരുമായുള്ള ചോണയുവതികളുടെ ബന്ധം കൂടുതൽ ചുവന്ന മക്കൾക്ക് കാരണമായി.

തുടർച്ചയായി സംഭവിക്കുന്ന ചോണൻമാരുടെ നിറംമാറ്റത്തെ ഓങ്കാരികൾ ഭീതിയോടെയാണ് നിരീക്ഷിച്ചത്. ഗച്ഛൻമാരെ നിയ ന്ത്രിക്കുവാനും ശിക്ഷിക്കുവാനും ഓങ്കാരികൾ തയ്യാറായില്ല. താക്കീ തുകൾ നൽകിയ ഓങ്കാരികാരണവർ ഗച്ഛൻമാരുടെ സംഘടിത മായ പ്രതികരണത്തെ എപ്പോഴും ഭയന്നു. എങ്കിലും ഓങ്കാരി കാര ണവർ ഗച്ഛൻമാരെ വിളിച്ചുചേർത്തു.

നമ്മുടെ ഓരോ നടപടിയും നമ്മുടെ അനന്തര തലമുറകളുടെ സുഖസമൃദ്ധിക്കുവേണ്ടിയാവണം. ചില നിയന്ത്രണങ്ങൾ സ്വയം പാലിക്കാൻ നമ്മൾ തയ്യാറാവണം. നമ്മുടെ രക്തസങ്കരമുള്ള ചോണൻമാരോട് ഒരിക്കലും പ്രത്യേക താല്പര്യം നമുക്ക് ഉണ്ടാ വരുത്. അവരെ നാട്ടുറുമ്പുകളായി തന്നെ കാണണം. നമ്മളെ തൃപ്തിപ്പെടുത്തേണ്ടത് അടിമകളുടെ ചുമതലയാണ്. നാട്ടുറുമ്പു കളിലെ പല തലമുറകളുമായി നമ്മൾ ഇണചേർന്നാൽ നമ്മുടെ ചുവപ്പുനിറം അവർക്കും ലഭിക്കും. അത് നമ്മുടെ നിലനില്പിനു തന്നെ അപകടമാണ്. അതോടെ നമ്മുടെ നിറത്തിന്റെ മാഹാത്മ്യ മാണ് നഷ്ടപ്പെടുക.

ഭാവിയിലെ അപകടത്തെ കൺമുമ്പിൽ കണ്ട ഓങ്കാരികാരണ വർ തുടർന്നു:

നാട്ടുറുമ്പുകളുടെ കറുപ്പുനിറത്തെ അതേപടി നിലനിർത്തേണ്ടത് നമ്മുടെ ആവശ്യമാണ്. നമ്മുടെ നിറം മാത്രമല്ല, സങ്കരസന്തതി കൾക്ക് ലഭിക്കുക; ചുവപ്പിന്റെ മഹത്വവും അധികാരവുമാണ്. നമ്മുടെ ശക്തിയും ബുദ്ധിയും അവർക്ക് ലഭിക്കരുത്.

തുടർന്ന് ഓങ്കാരികാരണവർ ചില പെരുമാറ്റച്ചട്ടങ്ങൾ ഉണ്ടാ ക്കി. ഓങ്കാരികൾക്കും ഗച്ഛൻമാർക്കും നാട്ടുറുമ്പുകളോട് കാമം ഉണ്ടാകുക കുറ്റകരമല്ല. അത് ബാലിശമായ നടപടിയാണ്. നാട്ടു റുമ്പ് ചുവന്ന മക്കളെ ജനിപ്പിക്കുന്നുവെങ്കിൽ അവർ ശിക്ഷ അർഹി ക്കുന്നു. മുട്ടയിൽവെച്ചുതന്നെ മക്കളുടെ നിറം തിരിച്ചറിയാവുന്ന തുകൊണ്ട് നാട്ടുറുമ്പുകൾ ചുവന്ന ഭ്രൂണങ്ങളെ നശിപ്പിക്കണം. നാട്ടുറുമ്പുകൾ അതു ചെയ്തില്ലെങ്കിൽ ഗച്ഛൻമാരാണ് ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടത്.

പുത്തൻ ന്യായവ്യവസ്ഥ പ്രഖ്യാപിച്ചതോടെ നാട്ടുറുമ്പുകളുടെ അവസ്ഥ കൂടുതൽ ഗുരുതരമായി. നാട്ടുറുമ്പുകളോടും സങ്കരവർഗ്ഗത്തോടും ഓങ്കാരികളും ഗച്ഛൻമാരും യഥേഷ്ടം ഇണചേർന്നു. മുട്ടകൾ വളർന്നു തുടങ്ങുന്നതോടെ യുവതികളായ നാട്ടുറുമ്പുകളുടെ മനസ്സിൽ ഭയവും ദു:ഖവും വളർന്നുവന്നു. ഭ്രൂണത്തിന്റെ നിറം ചുവപ്പാകുന്നതോടെ അവയെ അവർ മാളത്തിൽനിന്നു പുറന്തള്ളുകയോ ആത്മപുരം പുഴയിൽ ഒഴുക്കുകയോ ചെയ്തു. യുവതിയായ കുനിയൻ ഉറുമ്പ് മാതൃവാത്സല്യത്തിന്റെ തീവ്രതയിൽ ചുവന്ന ഭ്രൂണങ്ങളെ നശിപ്പിക്കാൻ തയ്യാറായില്ല. മുട്ടകൾ വിരിഞ്ഞപ്പോൾ ചുവന്ന മക്കളാണ് ജനിക്കുന്നത്. വിവരം അറിഞ്ഞ് എത്തിയ ഗച്ഛൻമാർ കുട്ടികളെ നിർദ്ദയം കൊന്നൊടുക്കി. പിന്നീട് അവർ യുവതിയായ കുനിയനുറുമ്പിനെ ശിക്ഷിച്ചു. അവളുടെ കൈകാലുകളെ കടിച്ചു പൊട്ടിച്ച് എറിഞ്ഞ ഗച്ഛൻമാർ നാട്ടുറുമ്പുകൾക്ക് താക്കീതായി ധിക്കാരിയെ മാളത്തിൽനിന്ന് പുറന്തള്ളി. രക്തം വാർന്നു കിടന്ന യുവതിയായ കുനിയനുറുമ്പ് മൂന്നാം ദിവസം ചത്തു നിശ്ചലമായി. അവളുടെ ശവത്തെ ശിക്ഷിക്കാൻപോലും ഗച്ഛൻമാർ തയ്യാറായി. അവളെ നാല് കഷ്ണങ്ങളാക്കിയ അവർ നാട്ടുറുമ്പുകളുടെ മാളത്തിനു മുമ്പിൽ ശരീരഭാഗങ്ങളെ പ്രദർശനവസ്തുവാക്കി.

യുവതിയായ കുനിയനുറുമ്പിന്റെ മരണം നാട്ടുറുമ്പുകളിൽ ചോര ഉറയ്ക്കുന്ന ഭീതിയായി പടർന്നു. ഓങ്കാരികളും ഗച്ഛൻമാരും യഥേഷ്ടം ഇണചേർന്നെങ്കിലും ചുവന്ന മക്കളെ അവർ നിരന്തരം നശിപ്പിച്ചുകൊണ്ടിരുന്നു. ഭ്രൂണഹത്യ വർദ്ധിച്ചതോടെ നാട്ടുറുമ്പുകൾ വംശനാശത്തിന്റെ ഭീഷണിയെ നേരിട്ടു. നാട്ടുറുമ്പുകളുമായി അപൂർവ്വമായി ഇണചേരുന്നതുകൊണ്ട് കറുത്ത മക്കളുടെ ജനനം കുറഞ്ഞുവന്നു.

നീണ്ട അന്വേഷണത്തിനുശേഷം യുവതിയായ കുനിയനുറുമ്പ് മറ്റ് നാട്ടുറുമ്പുകളോടു താൻ കണ്ടെത്തിയ പുതിയ മാർഗ്ഗത്തെ വെളിപ്പെടുത്തി. ഉറുമ്പുകളുടെ ഇണചേരൽ പെണ്ണിന്റെ മുകളിലേക്ക് ആണിന്റെ കടന്നുകയറ്റമാണ്. യുവതിയായ കുനിയൻ ഉറുമ്പ് വ്യത്യസ്തരീതിയോടെ ഓങ്കാരികളേയും ഗച്ഛൻമാരേയും സ്വീകരിക്കുന്നു. മലർന്നുകിടക്കുന്ന യുവതിയായ നാട്ടുറുമ്പ് പ്രകൃതിവിരുദ്ധമായ രീതിയിൽ ഗച്ഛനേയും ഓങ്കാരിയേയും സ്വീകരിക്കുന്നു. തന്നെ സമീപിച്ച ഗച്ഛനെ വളരെ അധികം നിർബ്ബന്ധിച്ചതിനുശേഷമാണ് പുത്തൻ രീതിയിൽ ഇണചേരാൻ കുനിയൻ യുവതിക്കു കഴിഞ്ഞത്. പ്രകൃതിവിരുദ്ധ ലൈംഗികതയുടെ ആസ്വാദ്യത അനുഭവിച്ച

ഗച്ഛൻമാരും ഓങ്കാരികളും പിന്നീട് നാട്ടുറുമ്പുകളുമായി സ്വാഭാവികരീതിയിൽ ഇണചേരാൻ തയ്യാറായില്ല. പ്രകൃതിവിരുദ്ധ ലൈംഗികത മുട്ടകളെ ഉല്പാദിപ്പിച്ചില്ല. അധികാരികൾ ഇണചേർന്നു പിരിയുന്നതോടെ യുവതികളായ നാട്ടുറുമ്പുകൾ സ്വന്തം വർഗ്ഗത്തിലെ ആണുങ്ങളുമായി ഇണചേർന്ന് വംശനാശത്തെ തടഞ്ഞു. അവർ യഥേഷ്ടം നാട്ടുറുമ്പുകളെ ജനിപ്പിച്ചു വളർത്തി.

വംശരക്ഷയ്ക്ക് വേണ്ടി പ്രവർത്തിക്കുമ്പോഴും നാട്ടുറുമ്പുകൾ കറുപ്പിനെ വെറുക്കുകയും ചുവപ്പിനെ ഭയഭക്തി ബഹുമാനങ്ങളോടെ ആദരിക്കുകയും ചെയ്തു. പോയ ജന്മത്തിലെ സുകൃതത്തിന്റെ ഫലത്തെക്കുറിച്ചും പാപത്തിന്റെ ദുരന്തത്തെക്കുറിച്ചും അവർക്ക് ബോദ്ധ്യമുണ്ടായി. വരും ജന്മത്തിനുവേണ്ടി പരിസരബോധം ഇല്ലാതെ നിഷ്കാമമായി പണിയെടുത്ത അവർ ജീവിതത്തെ വിധിയായി കരുതി. വിധിയിൽനിന്ന് ആർക്കും രക്ഷപ്പെടാനാവില്ലെന്നും അവർക്ക് അറിയാം. അധഃകൃതരായി ജീവിച്ച ഓരോ നാട്ടുറുമ്പുകളും തനിക്കു താഴെയുള്ള വർഗ്ഗക്കാരിൽനിന്ന് ഉയർന്നവനാണെന്നു കരുതുകയുമുണ്ടായി. ഓങ്കാരികളുടെ ദൈവന്യായങ്ങൾ വിഭജിക്കപ്പെട്ട നാട്ടുറുമ്പുകളിലേക്ക് എത്തിച്ചേരുകമുകൾ തട്ടിൽനിന്നാണ്. അനീതിയെ അനുഭവിച്ച അവർ താഴ്ന്ന തരക്കാരോട് നിർദ്ദയം പെരുമാറാൻ ഒരിക്കലും മടിച്ചില്ല.

നാട്ടുറുമ്പുകളിലെ കാരണവൻമാർ ഉയർന്ന സ്ഥാനം നേടിയത് സ്വന്തം യോഗ്യതകൊണ്ടായിരുന്നില്ല. അത് പ്രത്യേക അവകാശമായി ജന്മത്തോടെ അവർക്ക് ലഭിക്കുന്നു. അത്തരം ഉയർന്നസ്ഥാനങ്ങളെ മൂത്തമകനാണ് ജന്മാവകാശമായി ലഭിക്കുക. വിഭജനങ്ങളും യോഗ്യതകളും പൂർവ്വജന്മത്തിന്റെ ഫലമാണെന്ന് അവർ വിശ്വസിച്ചു. ഓങ്കാരികളുടെ ദൈവന്യായങ്ങളെ ധിക്കരിക്കാനും അതിന്റെ ആവശ്യങ്ങളേയും നീതിയേയും പരിശോധിക്കാനും അവർക്ക് കഴിഞ്ഞില്ല.

ഇനി നമുക്ക് ആത്മപുരത്തിലെ ഉറുമ്പുകൾക്ക് ഉണ്ടായ പരിവർത്തനത്തെ പരിശോധിക്കാം.

സുഖകരമായ കാലാവസ്ഥയിലും ഭക്ഷണസമൃദ്ധിയിലും ജീവിച്ച ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും എണ്ണം അമിതമായി വർദ്ധിച്ചു. നാട്ടുറുമ്പുകളുടെ എല്ലാ മാളങ്ങളിലും ഇമ്മമരവും ഉഡ്ഡുപശുക്കളുമുണ്ട്. അവയുടെ പാലും നീരും ഓങ്കാരികൾക്കും ഗച്ഛൻമാർക്കും മാത്രം അവകാശപ്പെട്ടതാണ്. ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും എണ്ണം കൂടിയതോടെ ഭക്ഷണത്തിനുവേണ്ട വിഭ

വങ്ങളുടെ ആവശ്യവും കൂടി. ഓങ്കാരികാരണവരുടെ നിർദ്ദേശങ്ങളെ അനുസരിച്ച നാട്ടുറുമ്പുകൾ ഇമ്മമരത്തിനും ഉഡ്ഡുപശുക്കൾക്കുംവേണ്ടി പുതിയ മാളങ്ങൾ ഉണ്ടാക്കി അവയെ വളർത്തി. ഗച്ഛൻമാരുടെ നിയന്ത്രണത്തിലാണ് നാട്ടുറുമ്പുകൾ ഭക്ഷണവിഭവങ്ങളെ ശേഖരിച്ചിരുന്നത്. അടിമത്തമാണ് ഉറുമ്പുകളുടെ സാമൂഹ്യഘടനയെ നിയന്ത്രിച്ചിരുന്നത്. അമിതമായി അദ്ധ്വാനിച്ച നാട്ടുറുമ്പുകൾക്ക് ജീവൻ നിലനിർത്താൻ വേണ്ട ഭക്ഷണം മാത്രമാണ് ലഭിച്ചത്. ഇരപിടിക്കാനുള്ള അവകാശംപോലും അവർക്ക് ലഭിച്ചില്ല. ആദ്യകാലങ്ങളിൽ മാംസം തിന്നവരെങ്കിലും അധിനിവേശത്തിനുശേഷം സസ്യഭുക്കുകളായി തീർന്ന ഓങ്കാരികളും ഗച്ഛൻമാരും മറ്റ് ജീവികളെ തിന്നുന്ന നാട്ടുറുമ്പുകളെ അവജ്ഞയോടെയാണ് കണ്ടത്. മാംസഭക്ഷണത്തെ ഹീനകൃത്യമായും പാപകർമ്മമായും അവർ നിരന്തരം വ്യാഖ്യാനിച്ചുകൊണ്ടിരുന്നു.

ആത്മപുരത്തിലും പരിസരത്തുമുള്ള ഉറുമ്പുകൾ കാർഷികവ്യവസ്ഥ അനുസരിച്ചാണ് ജീവിച്ചത്. ഗച്ഛൻമാരാണ് നീതിന്യായങ്ങളെ നടപ്പിലാക്കുന്നതെങ്കിലും ദൈവന്യായങ്ങളെ പ്രഖ്യാപിക്കുന്ന ഓങ്കാരികൾ സമൂഹത്തിലെ പ്രമുഖരായി വിലസി. അവരുടെ നീതിന്യായങ്ങളും സാമ്പത്തിക താല്പര്യങ്ങളും മറ്റ് ഉറുമ്പുകളുടെ ജീവിതവ്യവസ്ഥയായി. ആദ്യഘട്ടത്തിലെ തൊഴിൽവിഭജനം പിന്നീട് ജാതിയും ജാതിപണിത്തരങ്ങളും പാരമ്പര്യ തൊഴിലുകളുമായി. കല്ല്യാണ ഉറുമ്പുകളാണ് ഇമ്മമരത്തിന്റെ വംശം നിലനിർത്തേണ്ടത്. വിത്തുകളെ മുളപ്പിക്കാനും വളർത്താനുമുള്ള അവകാശങ്ങൾ അവർക്കാണ്. പ്രത്യേക അവകാശമായി ലഭിച്ച ജാതിപ്പണിത്തരങ്ങളെ മറ്റ് ഉറുമ്പുകളാണ് ഉണ്ടാക്കേണ്ടത്. ഓരോ വിഭാഗത്തിനും വിഭജിച്ചു കിട്ടിയ തൊഴിലുകളെ അവർ വരുംതലമുറകൾക്ക് സാമ്പ്രദായികമായി കൈമാറി.

അധീശത്വവർഗ്ഗമായ ഗച്ഛൻമാർ പരമ്പരാഗത ആയുധത്തെ നാട്ടുറുമ്പുകളുടെ നേർക്ക് പ്രയോഗിച്ച് അധികാരത്തിന്റെ ഉന്നതമായ ന്യായങ്ങളെ നടപ്പിലാക്കി. വിരുദ്ധ കാലാവസ്ഥയെ നേരിടാനും ശത്രുക്കളെ നശിപ്പിക്കാനും വേണ്ടി ദേശാടനകാലത്ത് ഗച്ഛൻമാർ കണ്ടെത്തിയ നവീനായുധം ആത്മപുരത്തിൽ എത്തിയതോടെ പരിഷ്ക്കാരങ്ങളില്ലാതെ സാമ്പ്രദായികമായി. സമൃദ്ധമായ ജീവിതസാഹചര്യത്തിൽ മുഴുകി സുഖലോലുപരായ അവർ കണ്ടെത്തലുകൾ ഇല്ലാതെ ക്രമപ്പെടുത്തലുകൾക്ക് വഴങ്ങി. ഗച്ഛൻമാരുടെ ശരീരപ്രകൃതത്തിനുപോലും മാറ്റമുണ്ടായി. ആയുധാഭ്യാസം അപൂർവ്വമാ

യതോടെ അവരുടെ വംശപരമ്പരകൾപോലും തടിച്ചുകൊഴുത്തു. ശത്രുവിനെ നേരിടാനുള്ള ത്രാണിയും അവർക്ക് നഷ്ടമായി.

ഇക്കാലത്താണ് നാടും കാടും കീഴടക്കിയ കലിമ ഉറുമ്പുകളെക്കുറിച്ചുള്ള വീരകഥകൾ ആത്മപുരത്തിൽ എത്തുന്നത്. ശത്രുക്കളെ വംശത്തോടെ കൊന്നൊടുക്കുന്ന കലിമകളെക്കുറിച്ചു കേട്ടപ്പോൾ ഗച്ഛൻമാർ പുച്ഛത്തോടെ അവരെ അവഗണിച്ചു. ലോകം കീഴടക്കിയ ഗച്ഛൻമാരുടെ അധീശത്വത്തെ ആർക്കും ഇളക്കം തട്ടിക്കാനാവില്ലെന്ന് അവർ ആത്മാർത്ഥമായി വിശ്വസിച്ചു. കലിമകളുടെ പരാക്രമങ്ങളെക്കുറിച്ചു കേട്ട ഓങ്കാരികൾ രഹസ്യമായി ഗച്ഛൻമാരായ യുവാക്കളെ വിളിച്ച് സത്യസ്ഥിതി അറിയാനായി നാടിന്റെ വിവിധ ഭാഗങ്ങളിലേക്ക് അയച്ചു. തിരിച്ചുവന്ന ഗച്ഛയുവാക്കൾ ഭീകരമായ വാർത്തകളെ സ്ഥിതിവിവരകണക്കുകളോടെ അവരുടെ മുമ്പിൽ അവതരിപ്പിച്ചു.

കലിമകളുടെ നിറം ചുവപ്പാണെങ്കിലും പച്ചകണ്ണുകളാണ് ആരേയും ആകർഷിക്കുക. അന്തരീക്ഷത്തിൽ വിദഗ്ദ്ധമായി പറന്നാണ് കലിമകൾ യുദ്ധംചെയ്യുക. അവരുടെ വിശേഷപ്പെട്ട ആയുധത്തിൽനിന്നു വരുന്ന വെളിച്ചം ശത്രുവിന്റെ വംശത്തെപ്പോലും ഇല്ലാതാക്കുമെന്ന് ഗച്ഛയുവാക്കൾ ഭീതിയോടെ വിവരിച്ചു. അന്യദേശങ്ങളിലെ ഗച്ഛൻമാരെ തോല്പിച്ച കലിമകൾ എവിടേയും സ്ഥിരമായി തങ്ങാതെ യുദ്ധക്കൊതിയോടെ യാത്ര തുടരുകയാണ്. കീഴടക്കിയ ദേശങ്ങളിൽ പുത്തൻ നീതിയും അധികാരവും സ്ഥാപിച്ച കലിമകളെക്കുറിച്ചു കേട്ടപ്പോൾ ആത്മപുരത്തിലെ ഓങ്കാരികളും ഗച്ഛൻമാരും ഒരുപോലെ ഭയന്നു. സുഖസമൃദ്ധികളുടെ അഭാവത്തേയും മരണത്തേയുംക്കുറിച്ച് അവർക്ക് ചിന്തിക്കാൻപോലും കഴിഞ്ഞില്ല. കലിമകളുടെ ഭരണപരിഷ്ക്കാരവും ദൈവവിശ്വാസവും ഓങ്കാരികളുടെ ഉറക്കം കളഞ്ഞു. പ്രത്യക്ഷത്തെ ദൈവസൃഷ്ടിയായി കരുതിയ അവർ ആകാശത്തിന്റെ മറുപുറത്തുള്ള ദിവ്യശക്തിയെ മാത്രം അംഗീകരിച്ചു. ഒരു ജന്മംകൊണ്ട് അവസാനിക്കുന്നതാണ് ഉറുമ്പുകളുടെ ജീവിതമെന്ന് വിശ്വസിച്ച കലിമകൾ നിറവും തൊഴിലും ഉറുമ്പുകൾ ഉണ്ടാക്കിയ വിഭജനക്രമങ്ങളാണെന്നും ദൈവത്തിന് ഭൂമിയിലെ കാര്യങ്ങളിൽ പങ്കില്ലെന്നും പ്രഖ്യാപിച്ചു. ദൈവത്തിന്റെ മുമ്പിൽ മക്കളെല്ലാം ഒരുപോലെയാണ്. വേർതിരിവുകൾ ഉറുമ്പുകളുടെ മാത്രം സൃഷ്ടിയാണ്.

കലിമകളുടെ വിശ്വാസത്തെക്കുറിച്ചു കേട്ട ഓങ്കാരി കാരണവർ അപകടകരമായ അവസ്ഥയെ കണ്ട് ഭയപ്പെട്ടു. ജന്മപരമ്പരകളുടെ

ന്യായവാദത്തിൽ നിലനിന്നിരുന്ന സുഖസമൃദ്ധികളെയാണ് കലിമകളുടെ വിശ്വാസങ്ങൾ നിഷേധിക്കുന്നത്. ലോകം കീഴടക്കിയ യോദ്ധാക്കളോ ദൈവസാമീപ്യം കണ്ടവരോ അല്ല ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും നേതാക്കൾ. വാർദ്ധക്യം ബാധിച്ചവരാണ് എവിടേയും അനന്തരാവകാശി. കാലഗതിയെ അറിഞ്ഞ ഓങ്കാരികൾ നാട്ടുറുമ്പുകളുടെ ഇടയ്ക്കും തലമുറകളായുള്ള അവകാശ ക്രമത്തെ നടപ്പിലാക്കി.

കലിമകളുടെ വിശ്വാസങ്ങൾ ദൈവന്യായങ്ങൾക്ക് എതിരാണെന്നു പറഞ്ഞ ഓങ്കാരി കാരണവർ തുടർന്നു:

കലിമകൾ ഒരിക്കലും ആത്മപുരം പുഴ കടക്കരുത്. നമ്മുടെ അറിവു ശരിയാണെങ്കിൽ കലിമകൾ നമ്മുടെ ദൈവന്യായങ്ങളെ നിഷേധിക്കുന്നവരാണ്. പൂർവ്വജന്മങ്ങളേയും വംശമഹത്വത്തേയും കർമ്മവിധിയേയും ധിക്കരിക്കുന്നവരാണ് അവർ. നിറഭേദങ്ങളുടെ ഉയർച്ചതാഴ്ചകളെക്കുറിച്ച് അവർക്ക് യാതൊരു ബോദ്ധ്യവുമില്ല. ഓങ്കാരികളും ഗച്ഛൻമാരും മഹാൻമാരായി തീർന്നത് പൂർവ്വജന്മത്തിലെ കർമ്മഫലംകൊണ്ടും ചുവപ്പിന്റെ മഹത്വം മൂലവുമാണ്. പൂർവ്വജന്മത്തിലെ ദുഷ്ടതകളാണ് നാട്ടുറുമ്പുകളുടെ ദുർവിധിക്കു കാരണം. പരിസരബോധമില്ലാതെ അദ്ധ്വാനിക്കുന്ന നാട്ടുറുമ്പുകൾ സ്വന്തം കർമ്മവിധിയെ അനുസരിച്ചു ജീവിക്കുകയാണ്. കലിമകൾ വിധിയേയും പൂർവ്വജന്മത്തേയും വിശ്വസിക്കുന്നവരല്ല.

ഓങ്കാരികാരണവർ ഗച്ഛനേതാവിനെ നോക്കി പറഞ്ഞു:

ഇപ്പോൾ യുദ്ധം നമ്മുടേയും ആവശ്യമായി തീർന്നിരിക്കുന്നു. വിശ്വാസങ്ങൾ തമ്മിലുള്ള യുദ്ധമാണ് നടക്കാൻ പോകുന്നത്. ഗച്ഛൻമാരെല്ലാം തന്നെ യുദ്ധത്തിന് സന്നദ്ധരാകുക.

ഓങ്കാരികാരണവരുടെ ആജ്ഞകളെ ഏറ്റെടുത്ത ഗച്ഛനേതാവ് യുവാക്കളെ ആലസ്യത്തിൽ നിന്നുണർത്തി ശത്രുവിനെ നേരിടാൻ തയ്യാറാക്കി. ആത്മപുരത്തിലെ പുഴവക്കിൽ ഗച്ഛൻമാരെ എല്ലാം വിളിച്ചു ചേർത്ത നേതാവ് യുദ്ധം വിശ്വാസരക്ഷയ്ക്ക് അത്യാവശ്യമാണെന്ന് അവരോടു പറഞ്ഞു. നാട്ടുറുമ്പുകളുടെ ദയനീയസ്ഥിതിയെ എടുത്തുകാണിച്ച് അടിമത്തത്തിന്റെ അപകടത്തെക്കുറിച്ചും ഗച്ഛനേതാവ് വിവരിച്ചു.

യുദ്ധവീരൻമാരായ ഗച്ഛനേതാക്കൻമാരുടെ ശരീരപ്രകൃതത്തെ നമുക്ക് പരിശോധിക്കാം. പ്രായാധിക്യം ബാധിച്ചവരാണ് എല്ലാ പ്രാദേശിക ഗച്ഛനേതാക്കൻമാരും. ചുക്കിച്ചുളിഞ്ഞ തൊലിയും കാലം കഴിയാറായവരുടെ ചുവന്ന തിണർപ്പുകളും അവരുടെ

പ്രത്യേകതയാണ്. ഭാരിച്ച ആയുധത്തെ എടുത്തുനടക്കാനുള്ള ശേഷിപോലും അവർക്കില്ല. അമിത വാർദ്ധക്യത്തിന്റെ ഫലമായി പലരുടേയും തല നിയന്ത്രണംവിട്ട് നിരന്തരം ആടിക്കൊണ്ടിരിക്കുന്നു. വാക്കുകൾ അവ്യക്തവും ചേഷ്ടകൾ അനിയന്ത്രിതവുമാണ്. വാക്കുകളുടെ ഇടമുറിയുമ്പോൾ പലരും സ്ഥലകാലങ്ങളെപോലും മറക്കുന്നു.

വയോവൃദ്ധർക്കാണ് ഗച്ഛൻമാരുടെ സമൂഹത്തിൽ ഉന്നതമായ സ്ഥാനമുള്ളത്. ഇത്തരമൊരു സവിശേഷമായ നിലയിലേക്ക് അവർ എത്തിച്ചേരാനുള്ള കാരണം പൂർവ്വജന്മസുകൃതവും പ്രത്യേക കുലത്തിൽ ജനിച്ചതിന്റെ മഹത്വവുമാണ്.

കലിമകളെ എളുപ്പത്തിൽ നേരിടാമെന്നാണ് ഗച്ഛനേതാക്കൻമാർ കരുതിയത്. എന്നാൽ കലിമകളെ പ്രതിരോധിക്കാനുള്ള ഒരു വഴിയും അവർക്ക് കണ്ടെത്താനായില്ല. വിശുദ്ധവൃക്ഷമായ അരയാലിനു ചുറ്റും കിടങ്ങുകുഴിച്ച് വെള്ളം നിറയ്ക്കാൻ അവർ തീരുമാനിച്ചു. എന്നാൽ അത്തരമൊരു നീക്കം അപ്രയോഗികമാണെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടു. ഉറുമ്പുകൾ ഉണ്ടാക്കുന്ന കിടങ്ങിൽ വെള്ളം സ്ഥിരമായി കെട്ടിക്കിടക്കില്ലെന്ന് അവർക്കറിയാം. അതുകൊണ്ട് കലിമകളെ ധീരമായി നേരിടാനാണ് അവർ അവസാനം തീരുമാനിച്ചത്. ചോണൻമാരെക്കൊണ്ട് കൂടുതൽ ആയുധങ്ങൾ ഉണ്ടാക്കാൻ അവർ തീരുമാനിച്ചു. നാട്ടുറുമ്പുകളിൽ ശക്തരായ പൊള്ളക്കാലികൾക്ക് ആയുധപരിശീലനം നൽകണമെന്ന് ചിലർ ആവശ്യപ്പെട്ടു. എന്നാൽ കാര്യങ്ങളെ ദീർഘദൃഷ്ടിയോടെ കണ്ട ചില ഗച്ഛൻമാർ പൊള്ളക്കാലികൾക്ക് ആയുധപരിശീലനം നൽകുന്നത് ഭാവിയിൽ അപകടമുണ്ടാക്കുമെന്ന് വെളിപ്പെടുത്തി.

ഇനി നമുക്ക് ആത്മപുരത്തിലും പരിസരത്തുമുള്ള ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ജീവിതത്തെ വിശദമായി പരിശോധിക്കാം.

ആത്മപുരത്തിലെ പുഴവക്കിൽ ധാരാളം ആൽവൃക്ഷങ്ങളുണ്ട്. ആലിലകളെ ഒരുമിച്ചുചേർത്താണ് ഓങ്കാരികൾ താമസിക്കുന്നത്. തദ്ദേശീയരായ ഉറുമ്പുകൾ രാവുപകലുകളില്ലാതെ കഠിനമായി അദ്ധ്വാനിക്കുന്നവരാണ്. എങ്കിലും അവർക്ക് യാതൊരു പ്രതിഫലവും ലഭിച്ചിരുന്നില്ല. കാലപുരത്തിലും ചുറ്റുപാടും എത്തിച്ചേർന്ന ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും അവസ്ഥ തികച്ചും ദയനീയമാണ്. ഓങ്കാരികളുടെ വിശ്വാസത്തേയും തങ്ങളുടെ നവീന ആയുധത്തേയും ഉപയോഗിച്ച് വിശാലമായ ഒരു സാമ്രാജ്യം ഉണ്ടാക്കാൻ

ഗച്ഛൻമാർക്കു കഴിഞ്ഞു. കാലപുരത്തെ അവസാനമാണ് ഗച്ഛൻമാർ തങ്ങളുടെ സാമ്രാജ്യത്തിന്റെ ഭാഗമാകുന്നത്.

കാലപുരത്തിൽ വളരെയധികം ക്ലേശിച്ചാണ് ഉറുമ്പുകൾ ജീവിക്കുന്നത്. കനത്ത മഴയും കൊടും ചൂടും ഉറുമ്പുകളെ ഒരുപോലെ വിഷമിപ്പിച്ചു. ദേശവാസികളായ ഉറുമ്പുകൾ ഇമ്മമരത്തേയും ഉഡ്ഡുപശുക്കളേയും വളർത്തുന്നവരാണ്. കടുത്ത വേനലും മഴയും അവരുടെയെല്ലാം ജീവിതത്തെ അവസാനിപ്പിക്കുന്നു. കാലാവസ്ഥയുടെ കാഠിന്യമൂലം കാലപുരത്തിൽ ഉറുമ്പുകൾക്ക് എപ്പോഴും ആവശ്യത്തിന് ആഹാരം ലഭിച്ചിരുന്നില്ല. എന്നാൽ ആത്മപുരത്തിലെ സ്ഥിതി തികച്ചും വ്യത്യസ്തമാണ്. ഭക്ഷ്യസമൃദ്ധിയാണ് ആത്മപുരത്തിന്റെ പ്രത്യേകത.

മഴക്കാലത്ത് കാലപുരത്തിലെ ഉറുമ്പുകൾ കൂട്ടത്തോടെ ചത്തുമലച്ച് പുഴയിൽ കൂടെ ഒഴുകുക പതിവു കാഴ്ചയാണ്. എന്നാൽ വേനൽക്കാലങ്ങളിൽ ഗച്ഛൻമാരും തദ്ദേശിയരായ ഉറുമ്പുകളും കൂട്ടത്തോടെ ആത്മപുരത്തിൽ എത്തുന്നു. കാവൽക്കാരെ കൊല്ലുന്ന അവർ ഉഡ്ഡുപശുക്കളേയും ഇമ്മമരത്തിന്റെ ഇലകളേയും മോഷ്ടിക്കുന്നു. വേനൽക്കാലങ്ങളിൽ മോഷണം തുടർന്നതോടെ ആത്മപുരത്തിലെ ഗച്ഛൻമാർ കൂടുതൽ കാവലാളുകളെ നിർത്തി തങ്ങളുടെ വഹകളെ സംരക്ഷിക്കുന്നു. എങ്കിലും പട്ടിണികിടന്നു മരിക്കാൻ തയ്യാറാകാത്ത കാലപുരത്തിലെ ഉറുമ്പുകൾ ആത്മപുരത്തിൽനിന്ന് വഹകളെ മോഷ്ടിക്കുക പതിവാണ്.

കാലപുരത്തിലെ ഗച്ഛൻമാർ ആത്മപുരത്തിലെ ഗച്ഛൻമാർ വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുക്കുന്നില്ല. തങ്ങൾക്ക് ശത്രുക്കളെ നിഷ്പ്രയാസം തോല്പിക്കാൻ കഴിയുമെന്നാണ് കാലപുരത്തിലെ ഗച്ഛൻമാർ വിശ്വസിച്ചിരുന്നത്. കാലപുരത്തിൽ കലിമകൾ മുന്നേറുന്നുവെന്നു കേട്ടപ്പോൾ ആത്മപുരത്തിലെ ഉറുമ്പുകളുടെ മനസ്സിൽ ഭീതിപടർന്നു. ഗച്ഛയുവാക്കളും കാരണവരും സമയസന്ദർഭങ്ങൾ കണക്കാക്കാതെ ആലുകൾക്കു ചുറ്റിലും കാവൽനിന്നു.

പതിനഞ്ചാം ദിവസമാണ് കലിമകൾ ആത്മപുരത്തിന് അടുത്തെത്തിയെന്ന് ഗച്ഛൻമാർക്ക് അറിയാനായത്. തുടർന്ന് അവർ പുഴക്കയ്ക്കക്കരെ കലിമപടയെ കാണുന്നു. യുദ്ധത്തിന് തയ്യാറായി നിൽക്കുന്ന കലിമകളെ കണ്ടപ്പോൾ ഗച്ഛൻമാരുടെ ആത്മവീര്യം പൂർണ്ണമായും തകർന്നു. എങ്കിലും സുഖഭോഗങ്ങളേയും മേധാവിത്തത്തേയും നിലനിർത്താൻവേണ്ടി അവർ യുദ്ധംചെയ്യാൻ തയ്യാറായി.

പ്രതിരോധത്തിനാണ് ആത്മപുരത്തിലെ ഗച്ഛൻമാർ ഊന്നൽ നൽകുന്നത്. പുഴകടന്നു വരുന്ന കലിമകളെ ഓരോരുത്തരും നേരിടാമെന്ന് ഗച്ഛൻമാർ തീരുമാനിച്ചു. എന്നാൽ യാഥാർത്ഥ്യത്തെ നേരിടാനുള്ള മികവ് ഗച്ഛൻമാരുടെ പഴഞ്ചൻ ആയുധത്തിന് ഉണ്ടായിരുന്നില്ല. ഗച്ഛൻമാരുടെ ആയുധത്തിന് അധികദൂരം സഞ്ചരിക്കാനാവില്ല. കൂടാതെ ഗച്ഛൻമാരുടെ ആയുധം ഒരു ശത്രുവിനെ മാത്രമാണ് ആക്രമിക്കുക.

കൊടുംവേനലിനെ വകവെയ്ക്കാതെയാണ് കലിമകൾ ആത്മപുരത്തിൽ എത്തുന്നത്. യുദ്ധസന്നദ്ധരായ അവർ പുഴയുടെ നടുക്ക് നിരയായി നിന്നു. പിന്നീട് അവർ താളത്തോടെ ഒന്നിച്ചു ശബ്ദിച്ചു. അതോടെ കലിമകളെല്ലാം രണ്ടുകാലിൽ നിന്നു. തുടർന്ന് കലിമകളെല്ലാം നീളൻ കുഴൽ ചുണ്ടോടടുപ്പിച്ചു പിടിച്ചു. അവർ ശക്തമായി ഊതിയപ്പോൾ കറുത്ത പുക കുഴലിൽനിന്ന് പുറന്തള്ളിത്തുടങ്ങി. അത് ഗച്ഛപ്പടയുടെ നേർക്കാണ് വന്നത്. പുകപ്രളയത്തിൽ അകപ്പെട്ട ഗച്ഛൻമാർ പൊടുന്നനെ അന്ധരായി തീർന്നു. വിജയം ഉറപ്പിച്ച കലിമകൾ അമിതമായ സന്തോഷത്തോടെയാണ് ഗച്ഛൻമാരെ സമീപിക്കുന്നത്. നിസ്സഹായരായിനിന്ന ഗച്ഛൻമാരെ കലിമകൾ കൂട്ടത്തോടെ കൊന്നൊടുക്കി. പുകയേൽക്കാത്ത പിൻനിരയിലെ ഗച്ഛൻമാർ ജീവരക്ഷയ്ക്കുവേണ്ടി ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. അവരേയും കലിമകൾ പുകവലയത്തിൽ അകപ്പെടുത്തി അന്ധരാക്കുകയും കൊല്ലുകയും ചെയ്തു. എങ്കിലും യുവാക്കളായ ഗച്ഛൻമാരിൽ ചിലർ ആത്മപുരത്തിലെ അരയാലിന്റെ ചുവട്ടിലെ മാളങ്ങളിൽ പിന്തിരിഞ്ഞോടി എത്തി.

ഗച്ഛൻമാരുടെ വൻപടയാണ് കലിമകളെ എതിരിടാൻവേണ്ടി പുറപ്പെട്ടത്. ഇപ്പോൾ അവരുടെ എണ്ണം നന്നെ ചുരുങ്ങിയിരിക്കുന്നു.

ആലിലകളുടെ കൂട്ടിൽനിന്ന് ഇറങ്ങിവന്ന ഓങ്കാരി കാരണവർ ഗച്ഛയുവാക്കളോടു പറഞ്ഞു:

ആയുധങ്ങൾക്കൊണ്ട് കീഴടക്കാൻ കഴിയാത്ത ശത്രുക്കളെ തന്ത്രങ്ങൾക്കൊണ്ടാണ് കീഴടക്കേണ്ടത്.

തുടർന്ന് ഓങ്കാരികളും ദേശക്കാരായ മറ്റ് ഉറുമ്പുകളും നിരമുറിയാതെ നടന്ന് കലിമകളുടെ നേതാവിനെ കാണാൻ എത്തുന്നു. പച്ചക്കണ്ണുകളുള്ള കലിമകളെ കണ്ടപ്പോൾത്തന്നെ ഓങ്കാരികളുടെ പ്രത്യാശകളെല്ലാം അവസാനിച്ചു. വംശരക്ഷയ്ക്കു തയ്യാറായ അവർ മുൻകൂട്ടി നിശ്ചയിച്ചതുപ്രകാരം കലിമകളുടെ മുമ്പിൽ താണുവണങ്ങി നിന്നു. ഓങ്കാരികാരണവർ ഇഴഞ്ഞുനീങ്ങി കലിമകളുടെ

നേതാവിന്റെ മുമ്പിലെത്തി. നേതാവിന്റെ കാലുകളിൽ കെട്ടിപ്പിടിച്ച ഓങ്കാരികാരണവർ പറഞ്ഞു.

ഞങ്ങൾ അടിമകൾ അങ്ങയുടെ ആജ്ഞകൾ കേൾക്കാൻ കാത്തിരിക്കുകയാണ്. ഞങ്ങൾ അങ്ങേയ്ക്കുവേണ്ടി എന്തുംചെയ്യാൻ തയ്യാറാണ്. അങ്ങ് ആജ്ഞാപിച്ചാലും.

ഓങ്കാരികാരണവരുടെ വാക്കുകളെ കേട്ട് ക്ഷോഭിച്ച കലിമകളുടെ നേതാവ് പറഞ്ഞു:

ആജ്ഞാപിക്കാനും ആജ്ഞകളെ നടപ്പിലാക്കാനും കഴിവുള്ളവരാണ് കലിമകൾ. ഞങ്ങൾ ആരുടേയും ഔദാര്യത്തിനുവേണ്ടി കാത്തുനിൽക്കാറില്ല. എങ്കിലും അനാവശ്യമായ കൂട്ടക്കൊലകളെ ഒഴിവാക്കാൻ ഞങ്ങളും ആഗ്രഹിക്കുന്നു. ഇനിമുതൽ കലിമകളുടെ നീതിയാണ് ആത്മപുരത്തിലും പരിസരത്തിലും നടപ്പിലാകുക. ഗച്ഛൻമാരുടേയും ഓങ്കാരികളുടേയും ഭരണം ഞങ്ങളുടെ വരവോടെ അവസാനിച്ചിരിക്കുന്നു.

ഓങ്കാരികാരണവർ വീണ്ടും നിലത്തുവീണ് കലിമകളുടെ നേതാവിന്റെ കാലുകളിൽ നമസ്ക്കരിച്ചു. പിന്നീട് ഓങ്കാരികാരണവർ കലിമകളുടെ നേതാവിനോട് ശബ്ദംതാഴ്ത്തി പറഞ്ഞു:

നൂറ്റാണ്ടുകൾ നിലനിന്ന ഓങ്കാരി സാമ്രാജ്യത്തിന്റെ രഹസ്യം ഞാൻ പറഞ്ഞുതരാം. അങ്ങയുടെ മക്കളും തലമുറകളും സുഖസമൃദ്ധിയോടെ ജീവിക്കാനുള്ള രഹസ്യമാണ് അത്. ആ രഹസ്യം മറ്റാരും അറിയരുത്. അങ്ങുമാത്രം അറിഞ്ഞാൽ മതി.

പിന്നീട് ഓങ്കാരികാരണവരും കലിമ നേതാവും രഹസ്യമായി സംസാരിച്ചു തുടങ്ങുന്നു.

ഉഡ്ഡുപശുക്കളേയും ഇമ്മമരത്തേയുംകുറിച്ച് ഓങ്കാരികാരണവർ കലിമനേതാവിനോട് വിസ്തരിച്ച് പറയുന്നു. തദ്ദേശവാസികളായ ഉറുമ്പുകളുടെ ജീവിതബോധത്തിന്റെ രഹസ്യത്തേയും ഓങ്കാരികാരണവർ വിവരിക്കുന്നു. അവരെല്ലാം വിധിവിശ്വാസത്തിന്റെ പിൻബലത്തിലാണ് ജീവിക്കുന്നത്. ജീവിതം വിധിയായതുകൊണ്ട് കർമ്മങ്ങൾക്ക് ഫലം കിട്ടിയില്ലെങ്കിലും ദേശക്കാരായ ഉറുമ്പുകൾ പ്രതിഷേധിക്കാറില്ല. എല്ലാത്തരം അടിമത്തേയും വിധിവിശ്വാസവുമായി ബന്ധിപ്പിക്കുന്ന അവർ ഫലം പ്രതീക്ഷിക്കാതെ നിഷ്ക്കാമത്തോടെ കർമ്മംചെയ്യുന്നു.

പൂർവ്വജന്മത്തിലെ സുകൃതത്തിന്റെ രഹസ്യത്തേയും ഓങ്കാരികാരണവർ വ്യക്തമാക്കുന്നു. പൂർവ്വജന്മങ്ങളും വരും ജന്മങ്ങളും കെട്ടിപ്പടുത്ത പൂർവ്വികർ ലക്ഷ്യമാക്കിയത് വർത്തമാനകാലത്തെ

യാണ്. വ്യവസ്ഥിതിയെ മാറ്റങ്ങളില്ലാതെ നിലനിർത്താനുള്ള ആദ്ധ്യാത്മികതന്ത്രങ്ങളാണ് അവർ കണ്ടെത്തിയത്. കലിമകളുടെ വിശ്വാസത്തെ മറ്റ് ഉറുമ്പുകളിൽ അടിച്ചേല്പിക്കുമ്പോൾ സാമൂഹികവും സാമ്പത്തികവുമായ മാറ്റങ്ങൾ ഉണ്ടാകാം.

മിക്ക ഗച്ചൻമാരും കൊല്ലപ്പെട്ടതോടെ ഇനി കലിമകളാണ് അധികാരികളാകുക. കലിമ നേതാവിന്റെ ആജ്ഞകൾ അനുസരിച്ച് പ്രവർത്തിക്കാൻ ഓങ്കാരികളും ദേശക്കാരായ ഉറുമ്പുകളും തയ്യാറാണെന്ന് ഓങ്കാരി കാരണവർ അറിയിക്കുന്നു. നിലവിലുള്ള അവസ്ഥയെ അതേപടി നിലനിർത്തുമ്പോഴാണ് കലിമകൾക്ക് സുഗമമായി ഭരിക്കാനാകുക. അല്ലെങ്കിൽ ആത്മപുരത്തിലും ചുറ്റുപാടിലും അധികാരികൾക്ക് അടിച്ചമർത്താനാവാത്ത കലാപമാണുണ്ടാകുക. ഓങ്കാരികൾ ഉണ്ടാക്കിയ ഉറുമ്പുകൾക്കിടയിലെ വിഭജനക്രമങ്ങളെ ഒരിക്കലും തകർക്കരുത്. പ്രത്യക്ഷത്തിൽ തൊഴിൽ വിഭജനമാണെന്ന് ആർക്കും തോന്നാം. സത്യത്തിൽ ഭരണക്രമത്തെ നിലനിർത്താനുള്ള, കുറച്ചുപേർക്ക് തലമുറകളായി സുഖിച്ചുജീവിക്കാനുള്ള തന്ത്രമാണ് അത്.

ഇമ്മമരത്തിന്റെ നീരും ഉഡ്ഡുപശുക്കളും ചിലർക്കുമാത്രം അവകാശപ്പെട്ടതാണെന്നും ഓങ്കാരികാരണവർ പറഞ്ഞു. അവയെ ആവശ്യമനുസരിച്ച് കലിമകൾക്ക് നൽകാനും അവർ തയ്യാറാണ്.

ഓങ്കാരികാരണവരുടെ നിർദ്ദേശങ്ങളെ കലിമ നേതാവ് കണ്ണടച്ച് സ്വീകരിക്കുന്നില്ല. കലിമ നേതാവ് തന്റെ വിശ്വസ്തരുമായി നീണ്ട കൂടിയാലോചനകൾ നടത്തുന്നു. പ്രാകൃതമായ കൈമാറ്റരീതികളാണ് ആത്മപുരത്തിലും പരിസരത്തുമുള്ളത്. ഇമ്മമരവും ഉഡ്ഡുപശുക്കളുമാണ് അവരുടെ പ്രിയപ്പെട്ട ഭക്ഷണവിഭവങ്ങൾ. അവ സമൂഹത്തിലെ ഉയർച്ചതാഴ്ച്ചകൾ അനുസരിച്ച് വിതരണംചെയ്യുകയാണ്. പ്രാകൃതമായ അത്തരം വിതരണക്രമത്തെ കലിമകൾക്ക് അംഗീകരിക്കാനായില്ല. വസ്തുക്കളുടെ കൈമാറ്റത്തിന് ഇടനിലയായി നാണയത്തെയാണ് കലിമകൾ ഉപയോഗിക്കുന്നത്. പണ്ടുമുതൽക്കുത്തന്നെ വസ്തുക്കളുടെ കൈമാറ്റത്തിന് ലോഹനാണയങ്ങളെ കലിമകൾ നടപ്പിലാക്കിയിരുന്നു. കലിമകളുടെ കൂട്ടത്തിലെ ഏതോ പൂർവ്വികനാണ് ഭൂമിയ്ക്കുള്ളിലെ ആ അപൂർവ്വലോഹത്തെ കണ്ടെത്തുന്നത്. ലോഹത്തിന്റെ വലുപ്പത്തിനും എണ്ണത്തിനും അനുസരിച്ച് അവർ വസ്തുക്കൾക്ക് വില നിശ്ചയിക്കുകയും ചെയ്തു.

ഓങ്കാരികൾ ആദ്യമായാണ് നാണയത്തെക്കുറിച്ചറിയുന്നത്. ഓരോ വസ്തുവിന്റെയും വില നിലവാരത്തെക്കുറിച്ച് അവർക്ക്

ഇതുവരെ യാതൊരു അറിവുമില്ല. നാണയത്തെ കണ്ട് അമ്പരന്നു നിന്ന ഓങ്കാരികാരണവരോട് കലിമനേതാവു പറഞ്ഞു:

ഒരു ഉഡ്ഡുപശുവിന് നമ്മുടെ ഒരു നാണയമാണ് വില. ഇമ്മമരത്തിന്റെ നൂറ് ഇലകൾക്ക് ഒരു നാണയം നൽകിയാൽ മതി. ഈ വില്പനക്രമങ്ങൾ നിങ്ങൾക്ക് മാത്രമാണ് ബാധകമാകുക. അധികാരികളായ കലിമകൾക്ക് എന്തും സൗജന്യമായി ലഭിക്കേണ്ടതാണ്.

ഓങ്കാരികാരണവർ വിധേയത്വത്തോടെയാണ് കലിമനേതാവിന്റെ വാക്കുകളെ സ്വീകരിക്കുന്നത്. തുടർന്ന് ഓങ്കാരികാരണവർ കലിമനേതാവിനേയും കൂട്ടരേയും സന്തോഷത്തോടെ ആത്മപുരത്തിലേക്ക് എത്തിക്കുന്നു. ദേശക്കാരായ ഉറുമ്പുകൾ ഓങ്കാരികാരണവരുടെ വാക്കുകളെ അനുസരിക്കുന്നു. അവർ ആഹ്ലാദത്തോടെയാണ് കലിമകളെ സ്വീകരിക്കുന്നത്.

കലിമനേതാവും കൂട്ടരും ആത്മപുരത്തിലെ അരയാലുകളെ സന്ദർശിക്കുന്നു. അവർ ദേശക്കാരായ ഉറുമ്പുകളുടെ മാളങ്ങളേയും പരിശോധിച്ചു. അവയൊന്നും കലിമകളെ ആകർഷിക്കുന്നില്ല. കലിമ നേതാവും കൂട്ടരും വീണ്ടും മുമ്പോട്ടുനടന്നു. അവസാനം അവർ ആത്മപുരം പാലത്തിന് അടുത്തുള്ള പാറക്കെട്ടുകളിലാണ് എത്തുന്നത്.

പാറക്കെട്ടുകളെ പരിശോധിച്ച കലിമനേതാവു പറഞ്ഞു:

നമുക്ക് ഈ സ്ഥലം ഇഷ്ടപ്പെട്ടു. കലിമകൾ എപ്പോഴും പാറകൾക്കു താഴെയാണ് കൊട്ടാരം പണിയുക. നമ്മുടെ പടയാളികൾക്ക് കൊട്ടാരങ്ങളും മാളങ്ങളും പണിയാനറിയാം. ദേശക്കാരായ ഉറുമ്പുകൾ കലിമകളുടെ ആജ്ഞ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

പിറ്റേന്നുമുതൽ കലിമകൾ കൊട്ടാരം പണിതുതുടങ്ങുന്നു. ദേശക്കാരായ ഉറുമ്പുകൾ ജീവഭയത്തോടെ കലിമകളുടെ നിർദ്ദേശങ്ങളെ അനുസരിക്കുന്നു. പാറക്കെട്ടിന് അടിയിൽ അതിവിശാലമായ കൊട്ടാരം അവർ ഉണ്ടാക്കി. തുടർന്ന് അനേകം മാളങ്ങളും അവർ നിർമ്മിക്കുന്നു. കൊട്ടാരത്തിലേക്കുള്ള കവാടം ഇടുങ്ങിയതാണ്. അതിനു പിന്നിലാണ് വിശാലമായ മുറ്റം. അവിടെയാണ് കലിമ പടയാളികൾ അഭ്യാസം നടത്തുന്നത്. പച്ചകണ്ണുകളുള്ള കലിമ സുന്ദരികൾ ദേശക്കാരായ ഉറുമ്പുകളെ അവജ്ഞയോടെയാണ് നോക്കുന്നത്.

നാല്

യുദ്ധവീരൻമാരായ കലിമകളുടെ മുമ്പിൽ പരാജയത്തിന്റെ കഥ കളില്ല. അവർക്ക് വിജയഗാഥകളാണ് ആരോടും പറയാനുള്ളത്. ഓരോ യുദ്ധം കഴിയുമ്പോഴും കലിമകളുടെ സാമ്രാജ്യത്തിന്റെ വിസ്തൃതി വർദ്ധിച്ചുകൊണ്ടിരുന്നു. അതോടൊപ്പം വിശ്വാസിക ളുടെ എണ്ണവും കൂടിക്കൊണ്ടിരുന്നു. കലിമകളുടെ സാമ്രാജ്യത്തിൽ ദൈവത്തിന്റെ നീതിയാണ് നടത്തുന്നതെന്ന് അവർ വിശ്വസിച്ചു. ദൈവത്തിന്റെ നീതി നടപ്പിലാക്കാനാണ് കലിമകൾ എപ്പോഴും മറ്റു ഭൂപ്രദേശങ്ങൾ കീഴടക്കുന്നത്.

ആത്മപുരത്തിൽ എത്തിയ കലിമകൾ സാമൂഹ്യഘടനയേയും സാമ്പത്തിക സംവിധാനത്തേയും മാറ്റിപ്പണിയാൻ തയ്യാറാകുന്നി ല്ല. കാരണം വിഭവങ്ങൾ വളരെ കുറഞ്ഞ, അതിജീവനത്തിന് പ്രയാ സമുള്ള നാടുകളെയാണ് കലിമകൾ ഇതുവരെ കീഴടക്കിയിരുന്ന ത്. ആത്മപുരത്തിലെ അവസ്ഥ തികച്ചും വ്യത്യസ്തമാണ്. ധാരാളം വിഭവങ്ങളുള്ള പ്രകൃതി. സുഖകരമായ കാലാവസ്ഥ. യഥാർത്ഥ ത്തിൽ കലിമകൾ നൂറ്റാണ്ടുകളായി ഇത്തരമൊരു പ്രദേശത്തെയാണ് അന്വേഷിച്ചുകൊണ്ടിരുന്നത്.

ഓങ്കാരികളുടെ സാമൂഹ്യഘടന അനേകം നൂറ്റാണ്ടുകളായി യാതൊരു മാറ്റവുമില്ലാതെ തുടരുകയാണ്. ജന്മത്തിന്റെ സവിശേ ഷതയോടെ ഓങ്കാരികൾ ദേശക്കാരായ ഉറുമ്പുകളുടെ മുകളിൽ ഒന്നാന്തരക്കാരായി വിലസുന്നു. മറ്റെല്ലാ ഉറുമ്പുകളും പരിസരബോ ധമില്ലാതെ ജീവിതത്തെ വിധിയായി കരുതി അദ്ധ്വാനിക്കുന്നു. ഇതു വരെ ഗച്ഛൻമാരാണ് ഓങ്കാരികൾക്കുവേണ്ടി ഭരിച്ചിരുന്നത്. ഇനി കലിമകളുടെ കാലമാണ്.

ഒരുമാസത്തോളം കലിമ നേതാവ് ആത്മപുരത്തിലെ സാമൂഹ്യാ വസ്ഥയെ സൂക്ഷ്മമായി നിരീക്ഷിച്ചു. വിഭജനക്രമങ്ങളെല്ലാം നൂറ്റാ ണ്ടുകളായി മാറ്റങ്ങളില്ലാതെ തുടരുന്നു. അവകാശങ്ങളെക്കുറിച്ച് ആർക്കും തിരിച്ചറിവില്ല. എല്ലാ ഉറുമ്പുകളും വിധിയനുസരിച്ച് കർമ്മം ചെയ്യുന്നു. എല്ലാ കർമ്മങ്ങളും പാരമ്പര്യമായി തുടരുന്ന താണ്.

ആത്മപുരത്തിലെ സാമൂഹ്യഘടനയെ അതേപടി നിലനിർത്താ നാണ് കലിമനേതാവും കൂട്ടരും തീരുമാനിച്ചത്. ഗച്ഛൻമാർക്കുപ കരം അവരാണ് ഇനി അധികാരികളാകുക.

ദേശക്കാരായ ഉറുമ്പുകളുടെ മാളങ്ങൾക്ക് ഗച്ഛൻമാരാണ് കാവൽനിന്നിരുന്നത്. അധികാരികൾ മാറിയതോടെ കലിമയുവാക്കളാണ് നാടൻ ഉറുമ്പുകളുടെ മാളങ്ങൾക്കു മുമ്പിൽ നിൽക്കുന്നത്. കലിമനേതാവ് അധികാരം ഏറ്റെടുത്ത അന്നുതന്നെ അസാധാരണമായ ഒരു അറിയിപ്പ് പ്രഖ്യാപിക്കുകയുണ്ടായി. അദ്ധ്വാനത്തിന് പ്രതിഫലം കിട്ടുമെന്ന് കലിമ നേതാവ് വിളംബരം പുറപ്പെടുവിച്ചു. സ്വാഭാവികമായും കലിമകൾക്ക് കൂടുതൽ നാണയങ്ങൾ പ്രതിഫലമായി കിട്ടി. മറ്റു ഉറുമ്പുകൾക്ക് തുച്ഛമായ നാണയങ്ങൾ മാത്രമാണ് ലഭിച്ചത്.

കലിമനേതാവിനും വേണ്ടപ്പെട്ടവർക്കും എല്ലാ സാധനങ്ങളും സൗജന്യമായിരുന്നു. മറ്റു കലിമകൾക്ക് ചെറിയൊരു സംഖ്യ നൽകേണ്ടിവന്നു. കലിമകൾ അധികാരം കയ്യാളിയ എല്ലാ സ്ഥലങ്ങളിലും അവർ നാണയവ്യവസ്ഥ നടപ്പിലാക്കിയിരുന്നു.

ഇനി നമ്മൾ കലിമകളുടെ നീതിന്യായ വ്യവസ്ഥയെയാണ് പരിശോധിക്കുന്നത്. അതിനുമുമ്പ് ഓങ്കാരികളുടെ ശിക്ഷാവിധികളെക്കുറിച്ചാണ് നമുക്കറിയേണ്ടത്.

ഓങ്കാരികൾ സ്വന്തം മേധാവിത്വത്തെ സംരക്ഷിക്കാൻ വേണ്ട നിയമങ്ങളാണ് ഉണ്ടാക്കുന്നത്. അവരുടെ നിയമങ്ങൾക്ക് ആധാരം പാരമ്പര്യമായി കിട്ടിയ അറിവുകളാണ്. സമ്പ്രദായങ്ങളെ മാറ്റങ്ങളില്ലാതെ നിലനിർത്തുന്നതിനുവേണ്ടി ദേശക്കാരായ ഉറുമ്പുകൾക്ക് കഠിനമായ ശിക്ഷയാണ് ഓങ്കാരികൾ നൽകുന്നത്. ദേശക്കാരായ ഉറുമ്പുകൾ ഏറ്റുമുട്ടിയാൽ അവർക്കുള്ള ശിക്ഷ മുൻകാലുകളെ വെട്ടിമാറ്റുകയാണ്.

അവകാശത്തെക്കുറിച്ചു പറഞ്ഞാലും അംഗവിച്ഛേദമാണ് ശിക്ഷാവിധി. ഉഡ്ഡുപശുവിനേയും ഇമ്മമരത്തിലെ നീരിനേയും അപഹരിച്ചാൽ ദേശക്കാരായ ഉറുമ്പുകൾക്ക് വധശിക്ഷ ലഭിക്കുന്നു. ആത്മപുരം പുഴയിലേക്ക് കുറ്റവാളികളെ വലിച്ചെറിഞ്ഞാണ് ഉറുമ്പുകൾ വധശിക്ഷ നടപ്പിലാക്കുക.

ഏറ്റവും കഠിനമായ ശിക്ഷ ദേശക്കാരായ ഉറുമ്പുകൾക്ക് ലഭിച്ചിരുന്നത് ഓങ്കാരികളേയും ഗച്ഛൻമാരേയും ധിക്കരിക്കുമ്പോഴാണ്. ധിക്കാരികളായ ഉറുമ്പുകളുടെ വംശത്തെ മുഴുവനുമാണ് ആത്മപുരം പുഴയിലേക്ക് എറിയുക. ഇത്തരം ന്യായവിധി തന്നെയാണ് ദേശക്കാരായ ഉറുമ്പുകൾ സംഘടിക്കാൻ ശ്രമിച്ചാലും ഉണ്ടാകുക. ഗച്ഛൻമാരുടെ നേർക്കും ഓങ്കാരികൾ ശിക്ഷകൾ പ്രഖ്യാപിക്കാറുണ്ട്. അധികാരം പിടിച്ചടക്കാൻ ശ്രമിക്കുന്ന ഗച്ഛന് വധശിക്ഷയാണ്

ലഭിക്കുക. മററു കുറ്റങ്ങൾക്ക് ഗച്ഛൻമാർക്ക് ലഭിക്കുക അംഗവിച്ഛേദമാണ്.

ഓങ്കാരികൾക്കുള്ള ശിക്ഷാവിധികളെ ഇനി നമുക്ക് പരിശോധിക്കാം.

ഓങ്കാരികൾ പൂർണ്ണമായും ശിക്ഷാവിധികൾക്കെല്ലാം അതീതരാണ്. ദൈവത്തിന്റെ പ്രതിപുരുഷൻമാരായ ഓങ്കാരികളെ ശിക്ഷിക്കാൻ ഗച്ഛൻമാർക്ക് അവകാശമില്ല. ഓങ്കാരികൾ കുറ്റംചെയ്യുന്നുവെങ്കിൽ വിചിത്രമായ ശിക്ഷണരീതിയാണ് അവർ നടപ്പിലാക്കുക. കുറ്റവാളിയായ ഓങ്കാരിയെ ഇമ്മമരത്തിന്റെ ഒരിലയിൽ ഇരുത്തുന്നു. മറ്റൊരിലയിൽ പന്ത്രണ്ടു ചെറുകല്ലുകളായിരിക്കും. കുറ്റം ചെയ്ത ഓങ്കാരിയുടെ ഇല താഴുമ്പോഴാണ് ശിക്ഷ നടപ്പിലാകുക. ഓങ്കാരികൾക്ക് ഒരു ചെറുകല്ലിന്റെ കനംപോലും ഉണ്ടാവില്ല. സ്വാഭാവികമായും പന്ത്രണ്ട് കല്ലുകളുടെ ഭാരമുള്ള ഇമ്മമരത്തിന്റെ ഇലയാണ് താഴുക. കുറ്റവാളി ഇരിക്കുന്ന ഇല പൊന്തിനിൽക്കുന്നതോടെ ശിക്ഷാവിധി നടപ്പിലാകുന്നു. ചുരുക്കിപ്പറഞ്ഞാൽ കുറ്റവാളിയായ ഓങ്കാരി മോചിപ്പിക്കപ്പെടുന്നു.

ഇത്തരം വിചിത്രമായ നീതിന്യായ വ്യവസ്ഥകളാണ് അനേകം നൂറ്റാണ്ടുകളായി ഓങ്കാരികളുടെ സാമ്രാജ്യത്തിൽ നിലനിന്നിരുന്നത്.

കലിമകളുടെ ഭരണത്തിൽ രണ്ടുതരം നീതിന്യായ വ്യവസ്ഥകളാണുള്ളത്. കലിമകൾക്കെല്ലാം തുല്യാവകാശങ്ങളാണുള്ളത്. അതുകൊണ്ട് അവരുടെ ശിക്ഷകളിലും തുല്യനീതി നടപ്പിലായി. കുറ്റകൃത്യത്തിന്റെ തോതനുസരിച്ചാണ് വധശിക്ഷയും അംഗഭംഗവും നടപ്പിലാക്കിയിരുന്നത്. എന്നാൽ ദേശക്കാരായ ഉറുമ്പുകളേയും ഗച്ഛൻമാരേയും കലിമനേതാവ് ശിക്ഷിച്ചിരുന്നത് ഓങ്കാരികാരണവരുടെ നിർദ്ദേശം അനുസരിച്ചായിരുന്നു.

ആത്മപുരത്തിലെ സാമൂഹ്യക്രമത്തിലും സാമ്പത്തികഘടനയിലും കലിമകൾ യാതൊരു മാറ്റവും വരുത്തുന്നില്ല. അധികാരികളായ കലിമകൾ ദേശക്കാരുടെ ഉല്പാദന വ്യവസ്ഥയുമായി അലിഞ്ഞുചേർന്നു. അതോടെ കലിമകളുടെ ആത്മവീര്യവും അതിജീവനത്തിന്റെ ശക്തിയും പതുക്കെപ്പതുക്കെ ചോർന്നുതുടങ്ങി. നവീനായുധവുമായി ദേശങ്ങളെ കീഴടക്കി എത്തിയ കലിമകൾ ഓങ്കാരികളുടെ സാമൂഹ്യക്രമത്തിന്റെ ഭാഗമായി. അവർ തങ്ങളുടെ നവീനമായ ആയുധത്തെ ചോണൻ ഉറുമ്പുകളെക്കൊണ്ട് ഉണ്ടാക്കിതുടങ്ങുന്നു. ക്രമേണ കലിമകളുടെ ആയുധത്തെ ഉണ്ടാക്കുക

ചോണനുറുമ്പുകളുടെ അവകാശമായി. നവീനമായ ആയുധത്തെ പ്രയോഗിക്കുക കലിമകളുടേയും അവകാശമായിത്തീർന്നു.

ആത്മപുരത്തിൽ എത്തിയ കലിമകളുടെ ജീവിതത്തെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ആത്മപുരത്തിലെ കലിമകളുടെ ജീവിതം ഏറെ സുഖകരമായിരുന്നു. വിഭവസമൃദ്ധമായ ചുറ്റുപാടുകൾ. സുഖകരമായ കാലാവസ്ഥ. ശത്രുക്കളെക്കുറിച്ച് കലിമകൾക്ക് ചിന്തിക്കേണ്ട ആവശ്യമേ ഇല്ല. കലിമകളുടെ കഴിഞ്ഞ കാലങ്ങൾ അതിജീവനത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ചരിത്രമാണ്. ആവശ്യത്തിനുള്ള ഭക്ഷണംപോലും അവർക്ക് എവിടെനിന്നും ലഭിച്ചിരുന്നില്ല. ശക്തനായ ശത്രുവിനെ നേരിടാൻ അവർക്ക് നവീനായുധങ്ങളും പുത്തൻ യുദ്ധമുറകളും കണ്ടെത്തേണ്ടിയിരിക്കുന്നു. ആത്മപുരത്തിലെ ജീവിതം കലിമകൾക്ക് സുഖാലസ്യമാണ് നൽകിയത്.

ഗച്ഛൻമാർ അധികാരികളായിരുന്നപ്പോൾ ഓങ്കാരികളുടെ താല്പര്യങ്ങളാണ് എപ്പോഴും നടപ്പിലാക്കിയിരുന്നത്. സസ്യഭക്ഷണക്കാരായ ഓങ്കാരികൾ മാംസം ഭക്ഷിക്കുന്ന ദേശക്കാരായ ഉറുമ്പുകളുടെ മേൽ തങ്ങളുടെ ഭക്ഷണശീലങ്ങളെ അടിച്ചേല്പിച്ചു. കലിമകൾ അധികാരികളായതോടെ മാംസം തിന്നാനുള്ള അവകാശം ദേശക്കാരായ ഉറുമ്പുകൾക്കു ലഭിച്ചു. കാലങ്ങളായി തുടർന്നുവന്ന ശീലങ്ങളെയാണ് പലരും പിന്തുടരുന്നത്. എങ്കിലും ചിലർ ഇരകളെ വേട്ടയാടി മാംസം തിന്നുതുടങ്ങി.

കലിമകളുടെ മാംസഭക്ഷണം ഓങ്കാരികളെ പ്രകോപിപ്പിക്കുകയുണ്ടായി. പ്രായംകൂടിയ ഉഡ്ഡുപശുക്കൾ കലിമകളുടെ പ്രിയപ്പെട്ട ആഹാരമായിരുന്നു. ഓങ്കാരികൾ ഉഡ്ഡുപശുക്കളേയും അരയാലിനേയും ദിവ്യമായി കരുതി ആരാധിച്ചിരുന്നു. തങ്ങളുടെ വിശുദ്ധമൃഗത്തിനെ കൊന്നുതിന്നുന്ന കലിമകളോട് ഓങ്കാരികൾക്ക് വെറുപ്പായിരുന്നു. അധികാരത്തിന്റെ ശക്തിയെ ഭയന്നിരുന്ന അവർ ജീവനുവേണ്ടി നിശ്ശബ്ദരാകുകയായിരുന്നു.

ഇനി നമുക്ക് കലിമകളുടെ വിശ്വാസങ്ങൾ ദേശക്കാരായ ഉറുമ്പുകളിലും ഓങ്കാരികളിലും ഉണ്ടാക്കിയ മാറ്റങ്ങളെ പരിശോധിക്കാം.

ഓങ്കാരികളുടെ വിശ്വാസങ്ങൾ ആത്മാവിന്റെ മോചനത്തിനുവേണ്ടിയായിരുന്നില്ല. ഭൗതികതക്കു പ്രസക്തിയില്ലെന്നു പറഞ്ഞ ഓങ്കാരികൾ ഫലത്തിൽ സ്വന്തം ഭൗതികതയെ സംരക്ഷിക്കുകയാണ് ചെയ്തത്. അവരുടെ ന്യായവാദങ്ങളെല്ലാം അവസ്ഥയെ മാറ്റങ്ങളില്ലാതെ നിലനിർത്താൻ വേണ്ടിയുള്ളതായിരുന്നു. ദേശ

ക്കാരായ ഉറുമ്പുകളോട് ജീവിതം പൂർവ്വജന്മ കർമ്മഫലമാണെന്നും വിധിയാണെന്നും ഓങ്കാരികൾ പറഞ്ഞുകൊണ്ടിരുന്നു. മുജ്ജന്മങ്ങളിലെ സുകൃതമാണ് ഗച്ഛൻമാരും ഓങ്കാരികളും അനുഭവിക്കുന്നതെന്നും അവർ പറഞ്ഞു. കൂട്ടത്തിൽ ചുവപ്പുനിറത്തിന് വിശിഷ്ടമായ സ്ഥാനവും അവർ നൽകി.

ദേശക്കാരായ ഉറുമ്പുകൾ ഇപ്പോഴും അനേകം വിഭാഗങ്ങളായി നിലനിൽക്കുകയാണ്. നൂറ്റാണ്ടുകൾ പിന്നിട്ടെങ്കിലും അവരുടെ സമ്പ്രദായങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അലഞ്ഞുനടന്നിരുന്ന ഗച്ഛൻമാരും ഓങ്കാരികളും സ്ഥിരവാസികളായ ദേശക്കാരായ ഉറുമ്പുകളുടെ സമ്പ്രദായങ്ങൾക്ക് യാതൊരു മാറ്റവും ഉണ്ടാക്കുന്നില്ല. അവർ കീഴടക്കിയവരുടെ മുകളിൽ തങ്ങളെ പ്രതിഷ്ഠിക്കുകയാണു ചെയ്തത്.

പ്രാകൃതവിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും കേന്ദ്രമാണ് ദേശക്കാരായ ഉറുമ്പുകൾ. അവരുടെ വിശ്വാസങ്ങളെ അതേപടി നിലനിർത്താൻ ഓങ്കാരികൾ പ്രത്യേകം ശ്രദ്ധിച്ചു. വരൾച്ചകൊണ്ട് ഭൂമി പൊള്ളുമ്പോൾ ദേശക്കാരായ ഉറുമ്പുകൾ ഒരു മകനെ ആത്മപുരം പുഴയിലെ കനലിക്കുന്ന മണലിലേയ്ക്ക് വലിച്ചെറിഞ്ഞു കൊല്ലുന്നു. അതുപോലെ ചത്തുപോയവർക്കുവേണ്ടി ദേശക്കാരായ ഉറുമ്പുകൾ ബലിക്രിയകളും നടത്താറുണ്ട്. ദേശക്കാരായ ഉറുമ്പുകളുടെ എല്ലാ ഗോത്രങ്ങൾക്കും വ്യത്യസ്ഥമായ ആചാരങ്ങളാണുള്ളത്. അതനുസരിച്ച് അവർക്ക് അനേകം ദൈവങ്ങളുമുണ്ടായി.

കലിമകളുടെ ഇടയ്ക്ക് പ്രത്യേകിച്ച് വേർതിരിവുകളൊന്നും ഉണ്ടായിരുന്നില്ല. അവർക്ക് ഒരു ദൈവം മാത്രമാണ് ഉണ്ടായിരുന്നത്. പച്ചക്കണ്ണുകളുള്ള കലിമകളുടെ ഇടയ്ക്ക് തൊട്ടുകൂടായ്മയും വർണ്ണവിവേചനങ്ങളുമൊന്നും ഉണ്ടായിരുന്നില്ല. അധികാരികൾക്കും പുരോഹിതന്മാർക്കും മാത്രമാണ് പ്രത്യേക സ്ഥാനങ്ങൾ ഉണ്ടായിരുന്നത്. നവീനമായ ആയുധങ്ങളും ഉപകരണങ്ങളും കണ്ടുപിടിക്കുന്ന വ്യക്തിയെ കലിമകൾ ബഹുമാനത്തോടെയാണ് സമീപിച്ചിരുന്നത്. ജന്മാവകാശങ്ങളേയും പാരമ്പര്യമഹത്വത്തേയും ഒരിക്കലും കലിമകൾ അംഗീകരിച്ചിരുന്നില്ല.

ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും സ്ഥാനങ്ങൾ നിർണ്ണയിച്ച പൂർവ്വജന്മാർജ്ജിതമായ കർമ്മഫലത്തെക്കുറിച്ച് കലിമനേതാവിന് വ്യക്തമായ തിരിച്ചറിവ് ലഭിച്ചു. ദേശക്കാരായ ഉറുമ്പുകളുടെ ജന്മവിധിയേയും കലിമനേതാവ് കണ്ടെത്തി. നവീനമായ ആയുധം കൊണ്ടും പുത്തൻ യുദ്ധമുറകൊണ്ടുമാണ് കലിമനേതാവ് അധി

കാരത്തിൽ എത്തുന്നത്. തന്റെ അധികാരത്തേയും പ്രൗഢിയേയും തലമുറകൾക്ക് കൈമാറാനാണ് ആരും ആഗ്രഹിക്കുക. കലിമകളുടെ ഇതുവരെയുള്ള പൊതുവായ സമീപനങ്ങൾ വ്യക്തിയുടെ സവിശേഷതയ്ക്കാണ് പ്രാധാന്യം നൽകുന്നത്.

ദേശക്കാരായ ഉറുമ്പുകളിൽ ഏറ്റവും അവഗണിക്കപ്പെട്ട വിഭാഗമാണ് ശവന്തീനി ഉറുമ്പുകൾ. അവർക്ക് പൊതുസ്ഥലങ്ങളിൽ പ്രവേശിക്കാനാവില്ല. ഓങ്കാരികളെ ശവന്തീനി ഉറുമ്പുകൾ കാണുന്നതുപോലും കുറ്റകൃത്യമാണ്. അങ്ങനെ സംഭവിച്ചാൽ ശവന്തീനി ഉറുമ്പുകളെ നാടുകടത്താറാണ് പതിവ്.

ജീവിതം മഹാദുരിതമായ ശവന്തീനി ഉറുമ്പുകളുടെ ഇടയ്ക്കാണ് ആദ്യമായി പുത്തൻ തിരിച്ചറിവുകൾ ഉണ്ടാകുന്നത്. യുവാവായ ശവന്തീനി ഉറുമ്പ് കലിമകളുടെ പരസ്പരബന്ധത്തെ തിരിച്ചറിഞ്ഞു. കലിമകളുടെ ഇടയ്ക്ക് ആരും ജന്മംകൊണ്ട് അവഹേളിക്കപ്പെടുന്നില്ല. അവരെല്ലാം പരസ്പരം ബഹുമാനിക്കുന്നവരാണ്. കൂടാതെ കലിമകൾക്ക് ഒരു ദൈവം മാത്രമാണുള്ളതെന്ന സത്യം യുവാവായ ശവന്തീനി ഉറുമ്പിനെ അത്ഭുതപ്പെടുത്തുകയും ചെയ്തു.

തനിക്ക് അറിയാവുന്ന കാര്യങ്ങളെയെല്ലാം യുവാവായ ശവന്തീനി ഉറുമ്പ് കൂട്ടുകാരോടു പറഞ്ഞു. അവർക്കും കലിമകളുടെ ജീവിതരീതിയോടും വിശ്വാസത്തോടും ബഹുമാനമാണ് തോന്നിയത്. തുടർന്ന് ചെറുപ്പക്കാരായ ശവന്തീനി ഉറുമ്പുകൾ കലിമകളുടെ പുരോഹിതനെ കാണുന്നു. കലിമകളുടെ വിശ്വാസത്തിലേക്ക് മാറാൻ തയ്യാറാണെന്നും അവർ അറിയിക്കുന്നു.

കലിമകളുടെ നേതാവുമായി പുരോഹിതൻ പലതവണ ശവന്തീനി ഉറുമ്പുകളുടെ തങ്ങളുടെ വിശ്വാസത്തിലേക്കുള്ള വരവിനെക്കുറിച്ച് ചർച്ചചെയ്യുകയുണ്ടായി. അവസാനം അവർ ശവന്തീനി ഉറുമ്പുകളെ കൂട്ടത്തിൽ ചേർക്കാൻ നിശ്ചയിച്ചു. പുരോഹിതൻ തന്റെ മാളത്തിനു അടുത്തുള്ള വിശാലമായ മാളത്തെയാണ് വിശ്വാസമാറ്റത്തിനായി തിരഞ്ഞെടുക്കുന്നത്. വരിതെറ്റിക്കാതെ നിന്ന ശവന്തീനി ഉറുമ്പുകളുടെ കണ്ണുകളിലേക്ക് പുരോഹിതൻ ഏതോ ദ്രാവകത്തെ ഊതി നിറയ്ക്കുന്നു. വല്ലാത്ത നീറ്റലാണ് ശവന്തീനി ഉറുമ്പുകൾക്ക് അനുഭവപ്പെട്ടത്. രണ്ടുദിവസം അവർക്ക് കണ്ണനക്കാൻപോലും കഴിഞ്ഞില്ല.

മൂന്നാംദിവസം രാവിലെയാണ് ശവന്തീനി ഉറുമ്പുകൾ ജീവിതത്തിന്റെ സ്വാഭാവികതയിലേക്ക് വീണ്ടും പ്രവേശിക്കുന്നത്. പരസ്പരം നോക്കിയ അവർ തങ്ങൾ പച്ചക്കണ്ണൻമാരായെന്ന് തിരിച്ച

റിഞ്ഞു. തങ്ങൾ കലിമകളായി തീർന്നെന്ന അറിവ് ശവന്തീനി ഉറുമ്പുകളെ ഏറെ സന്തോഷിപ്പിച്ചു.

ഇനി നമ്മൾ കലിമകളായി തീർന്ന ശവന്തീനി ഉറുമ്പുകളുടെ പുത്തൻ അവസ്ഥയെയാണ് പരിശോധിക്കുന്നത്.

കലിമകളായതോടെ സ്വാതന്ത്ര്യത്തിന്റെ വിശാലതയിലേക്കാണ് ശവന്തീനി ഉറുമ്പുകൾ പ്രവേശിക്കുന്നത്. അവർക്ക് ഇപ്പോൾ എവിടേയ്ക്കും കടന്നുചെല്ലാം. സ്വന്തം കഴിവിനനുസരിച്ച് ഏതു ജോലിയും തിരഞ്ഞെടുക്കാം. കലിമകളായ ശവന്തീനി ഉറുമ്പുകൾ ശ്മശാനത്തിലെ താമസം അവസാനിപ്പിച്ചു. കലിമകളുടെ കൂട്ടത്തിൽച്ചേർന്ന അവർ പുത്തൻ മാളമുണ്ടാക്കി അവരുടെ കൂടെ താമസിക്കുകയും ചെയ്തു. ഉഡ്ഡുപശുക്കളേയും ഇമ്മമരത്തേയും കലിമകളായ ശവന്തീനി ഉറുമ്പുകൾ വളർത്തിത്തുടങ്ങി. ഗച്ഛൻമാർ ഭരിക്കുമ്പോൾ അവർക്ക് ശവങ്ങൾ തിന്നാൻ മാത്രമാണ് വിധിച്ചിരുന്നത്. ഇപ്പോൾ ഉഡ്ഡുപശുക്കളേയും ഇമ്മമരങ്ങളേയും വിൽക്കുമ്പോൾ എണ്ണത്തിന് അനുസരിച്ച് അവർക്ക് വില ലഭിക്കുകയും ചെയ്യുന്നു.

ശവന്തീനി ഉറുമ്പുകൾ കലിമകളായിത്തീർന്ന വിവരം ആത്മപുരത്തിലും ചുറ്റുപാടിലും പെട്ടെന്നാണ് പരക്കുന്നത്. അടിമകളായ ദേശക്കാരായ ഉറുമ്പുകളിൽ പലരും തങ്ങളുടെ വിശ്വാസത്തെ കയ്യൊഴിയുകയാണ്. കലിമകളുടെ കൂട്ടംചേരുന്നതോടെ അവർക്ക് സ്വതന്ത്രമായി സഞ്ചരിക്കാനും ഇഷ്ടമുള്ള ഇരയെ പിടിക്കാനും കഴിഞ്ഞു. കലിമകളുടെ പുരോഹിതൻ ദേശക്കാരായ ഉറുമ്പുകളുടെ വിശ്വാസമാറ്റത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ശവന്തീനി ഉറുമ്പുകൾ കലിമകളായതോടെ ഓങ്കാരികൾ സംഭവിക്കാവുന്ന അപകടത്തെ തിരിച്ചറിയുന്നു. ദേശക്കാരായ എല്ലാ ഉറുമ്പുകളും കലിമകളാകുമ്പോൾ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും നിലനില്പാണ് വഴിമുട്ടുക. നൂറ്റാണ്ടുകളായി അവർ അനുഭവിച്ചുവന്ന സുഖസമൃദ്ധികളാണ് ഇല്ലാതാകുക. ഇപ്പോൾ ഓങ്കാരികൾ മാത്രമാണ് ദൈവത്തോട് നേരിട്ട് പ്രാർത്ഥിക്കുന്നത്. ദേശക്കാരായ മറ്റു ഉറുമ്പുകൾ ആചാരങ്ങളെ വിശ്വാസത്തോടെ അനുഷ്ഠിക്കുന്നു. കലിമകളാകുന്നതോടെ അവർക്കെല്ലാം ദൈവത്തോട് നേരിട്ട് പ്രാർത്ഥിക്കാനുള്ള അവസരമാണ് ലഭിക്കുന്നത്. കൂടാതെ അനേകം ദൈവങ്ങളെ ഉപേക്ഷിക്കുന്ന അവർ ഏകദൈവത്തിൽ വിശ്വസിക്കുകയുമാണ്.

ഓങ്കാരികളുടെ വിശ്വാസങ്ങൾ ജന്മാന്തരങ്ങളേയും വിധിയേയും അനുഭവിച്ചാണ് ജീവിതമായിത്തീരുന്നത്. അവരുടെ ജീവിതത്തിൽ

അവകാശങ്ങളില്ല. പ്രതിഫലമില്ലാത്ത കർമ്മങ്ങൾ മാത്രമാണുള്ളത്. ഓങ്കാരികൾക്കു മാത്രമാണ് ഒരു ജന്മംകൊണ്ട് മോക്ഷം ലഭിക്കുക. ദേശക്കാരായ മറ്റ് ഉറുമ്പുകൾക്ക് മോക്ഷത്തിന് അനേകം ജന്മങ്ങൾ ആവശ്യമുണ്ട്.

ഇത്തരമൊരു ചിന്താപാരമ്പര്യമാണ് ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ഭൗതികസമൃദ്ധികളെ യാതൊരു കോട്ടവുമില്ലാതെ ഇക്കാലംവരെ നിലനിർത്തുന്നത്. അപകടത്തെ മനസ്സിലാക്കിയ ഓങ്കാരികാരണവർ കരുതലോടെ മുമ്പോട്ടുനീങ്ങുന്നു.

ഗച്ഛൻമാരേയും ഓങ്കാരികളേയും വിളിച്ചുകൂട്ടിയ ഓങ്കാരികാരണവർ പറഞ്ഞു:

കലിമകളാണ് ഭരിക്കുന്നതെങ്കിലും നമുക്ക് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല. നമ്മുടെ എല്ലാം ജീവിതം പാരമ്പര്യങ്ങളെ തെറ്റിക്കാതെ സമൃദ്ധിയോടെ ഇതുവരെ മുമ്പോട്ടുനീങ്ങി. നമുക്കെല്ലാം എക്കാലത്തും സുഖസമൃദ്ധമായി ജീവിക്കാനുള്ള തത്വശാസ്ത്രത്തെയാണ് നമ്മുടെ പൂർവ്വികർ കണ്ടെത്തിയത്. അവർ അതിനെ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തു. നമുക്ക് അനേകം ദൈവങ്ങൾ ഉണ്ട്. അത് നിലനിൽക്കുന്നതുകൊണ്ടാണ് നമുക്ക് ഇക്കാലംവരെ സുഖസമൃദ്ധമായി ജീവിക്കാനായത്. വിധിയും പൂർവ്വജന്മങ്ങളും നിഷ്കാമകർമ്മവും നമ്മുടെ ഭൗതികനേട്ടത്തിനുവേണ്ടി ഉണ്ടാക്കിയ തത്ത്വശാസ്ത്രമാണ്. ഇതിനെ ദേശക്കാരായ ഉറുമ്പുകൾ വിശ്വാസമായി സ്വീകരിച്ചിരിക്കുന്നു.

ഒരു നിമിഷത്തെ ആലോചനയ്ക്കുശേഷം ഓങ്കാരികാരണവർ തുടർന്നു:

ഇപ്പോൾ കലിമകളുടെ വിശ്വാസം നമുക്ക് ഭീഷണിയായി തീർന്നിരിക്കുന്നു. കലിമകൾ പൂർവ്വജന്മങ്ങളിലും വിധിയിലും വിശ്വസിക്കുന്നില്ല. കലിമകളുടെ ഇടയ്ക്ക് വിഭജനങ്ങൾ ഇല്ലെന്ന് പറയാം. കലിമകളാകുന്ന ദേശക്കാരായ ഉറുമ്പുകൾക്ക് തന്റെ കഴിവിനനുസരിച്ച് ഉയർന്ന സ്ഥാനങ്ങളിൽ എത്താം. ദേശക്കാരായ ഉറുമ്പുകളെല്ലാം കലിമകളായാൽ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ഭാവിതലമുറകളുടെ ജീവിതമാണ് അപകടത്തിലാകുക.

ഭാവിയെ മുമ്പിൽ കണ്ട ഓങ്കാരികാരണവരുടെ ഒച്ച വിറച്ചുതുടങ്ങി.

ദേശക്കാരായ ഉറുമ്പുകൾ കലിമകളാകുന്നതിനെ തടയണം. അതിനുള്ള വഴിയാണ് നമ്മൾ കണ്ടെത്തേണ്ടത്. ദേശക്കാരായ ഉറുമ്പുകൾക്കും നമുക്കും പല ആചാരങ്ങളാണുള്ളത്. അതുപോലെ

പല ദൈവങ്ങളുമുണ്ട്. സൂക്ഷ്മമമമായി ചിന്തിച്ചാൽ എല്ലാ ദൈവങ്ങൾക്കും അപ്പുറത്തുള്ള പാരമാർത്ഥിക ശക്തി നമുക്കുമുണ്ട്. പക്ഷേ, പ്രശ്നം മറ്റൊന്നാണ്. ദേശക്കാരായ ഉറുമ്പുകളിൽ ഇനി ആരും കലിമകളാകരുത്. അതിന് കലിമകളുടെ ചിലതെല്ലാം നമ്മൾ സ്വീകരിക്കണം.

ഗച്ഛൻമാരും ഓങ്കാരികളും ഓങ്കാരികാരണവരുടെ നിർദ്ദേശത്തിനു വേണ്ടി കാത്തുനിന്നു. ഓങ്കാരികാരണവർ തുടർന്നുപറഞ്ഞു:

ദേശക്കാരായ ഉറുമ്പുകൾക്ക് നമ്മൾ പുതിയൊരു മാർഗ്ഗത്തെ വെളിപ്പെടുത്തണം. ആ മാർഗ്ഗത്തിൽ വിഭജനങ്ങൾ ഉണ്ടാവരുത്. എല്ലാവർക്കും ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കാനുള്ള അവസരമുണ്ടാകണം. താഴെത്തട്ടിലുള്ള അവർ ഒന്നിക്കുമ്പോഴും നമ്മൾ മേൽത്തട്ടുകാർ തന്നെയായിരിക്കണം. അതിന് പൂർവ്വജന്മകർമ്മഫലത്തേയും വിധിയേയും നിഷ്കാമകർമ്മത്തേയും നിലനിർത്തുകയും വേണം. പാരമ്പര്യ സമ്പ്രദായങ്ങളെ പൂർണ്ണമായും നിഷേധിക്കാൻ നമ്മൾ ആരേയും അനുവദിക്കരുത്.

ഓങ്കാരികാരണവരുടെ വാക്കുകളെ ഉൾക്കൊണ്ട ചെറുപ്പക്കാരനായ ഗച്ഛ ഉറുമ്പ് പറഞ്ഞു:

നമുക്ക് സങ്കരവർഗ്ഗത്തിൽനിന്ന് ഒരാളെ കണ്ടെത്തണം. സത്യമാർഗ്ഗമെന്നോ ഭക്തിമാർഗ്ഗമെന്നോ നമുക്കതിന് പേരിടാം. നമ്മുടെ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള കണ്ടെത്തലാണ് സത്യമാർഗ്ഗം. എന്നാൽ അവർക്ക് തങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള പുതിയൊരു കണ്ടെത്തലായി തോന്നണം. കീഴാള ഉറുമ്പുകൾ കലിമകളാകുന്നതിനെ തടയുകയാണ് നമ്മുടെ ലക്ഷ്യം.

ഇതുകേട്ടപ്പോൾ ഓങ്കാരികാരണവർ ആവേശത്തോടെ പറഞ്ഞു:

ചോണൻഉറുമ്പുകളിൽനിന്ന് നമുക്ക് ചെറുപ്പക്കാരനായ ഒരു ഉറുമ്പിനെ കണ്ടെത്തണം. അസാമാന്യമായ ബുദ്ധി അവനുണ്ടാകണം. അതിനുള്ള ഉത്തരവാദിത്വത്തെ ഞാൻ ഗച്ഛയുവാവിനെ ഏല്പിക്കുന്നു.

ശവന്തീനി ഉറുമ്പുകളും മറ്റും ഇനി കലിമകളാകില്ലെന്ന് അവർ വിശ്വസിച്ചു. തുടർന്ന് ഗച്ഛയുവാവ് ബുദ്ധിമാനും ധീരനുമായ ചെറുപ്പമുള്ള ചോണനുറുമ്പിനുവേണ്ടിയുള്ള അന്വേഷണം ആരംഭിക്കുന്നു.

ഒരാഴ്ചയ്ക്കുശേഷം ഗച്ഛയുവാവ് തങ്ങൾക്കുപറ്റിയ യുവാവായ ചോണനുറുമ്പിനെ കണ്ടെത്തുന്നു. ആദ്യമായി ഗച്ഛയുവാവ് സമൂഹത്തിലെ അസമത്വത്തെക്കുറിച്ചും അനീതിയെക്കുറിച്ചും ചോണനുറുമ്പിനോടു പറയുന്നു. ദൈവത്തിന്റെ മുമ്പിൽ എല്ലാവരും ഒന്നാ

ണെന്നും ഓങ്കാരികൾ സൃഷ്ടിച്ചതാണ് ഉറുമ്പുകളുടെ വിഭജനങ്ങളെന്നും ഗച്ഛയുവാവ് പറഞ്ഞു. അതോടെ ചെറുപ്പക്കാരനായ ചോണനുറുമ്പിന്റെ മനസ്സിലേക്ക് പല സംശയങ്ങളും കടന്നുവന്നുതുടങ്ങി. ചോണനുറുമ്പിന്റെ ചോദ്യങ്ങൾക്ക് ഗച്ഛയുവാവ് വിശദമായ മറുപടികളും നൽകി.

വീണ്ടും പലതവണ ഗച്ഛയുവാവ് ചെറുപ്പക്കാരനായ ചോണനുറുമ്പിനെ കാണുന്നു.

ഭക്തിമാർഗ്ഗമെന്ന പേരാണ് ചോണനുറുമ്പ് ഇഷ്ടപ്പെട്ടത്. തുടർന്ന് ചെറുപ്പക്കാരനായ ചോണനുറുമ്പ് ദേശക്കാരായ പല ഉറുമ്പുകളുമായി സമത്വത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും ചർച്ചകൾ നടത്തുന്നു. ചോണനുറുമ്പിന്റെ പുത്തൻ കണ്ടെത്തലുകളോട് എല്ലാവരും ആദരവോടെയാണ് സമീപിച്ചത്. എങ്കിലും അവർ പാരമ്പര്യത്തിന്റെ ക്രമപ്പെടുത്തലുകളെ ധിക്കരിക്കാൻ ഭയന്നു.

ദൈവമാർഗ്ഗത്തിലേയ്ക്കുള്ള പുത്തൻ കണ്ടെത്തൽ താൻ നടത്തിയെന്നാണ് യുവാവായ ചോണനുറുമ്പ് വിശ്വസിച്ചിരുന്നത്. അതുകൊണ്ട് ആത്മസമർപ്പണത്തോടെയാണ് ചോണനുറുമ്പ് പ്രവർത്തിക്കുന്നത്.

യുവാവായ ചോണനുറുമ്പിന്റെ പ്രവർത്തനങ്ങൾക്ക് പതുക്കെപ്പതുക്കെ ഫലം കണ്ടുതുടങ്ങി. ദേശക്കാരായ ഉറുമ്പുകളിലെ ചെറുപ്പക്കാർ യുവാവായ ചോണനുറുമ്പിന്റെ വാക്കുകളെ ശ്രദ്ധയോടെ കേൾക്കുന്നു. അവർ ആവേശത്തോടെ പുതിയ മാർഗ്ഗത്തെക്കുറിച്ച് മറ്റുള്ളവരോടു പറയുന്നു. അതോടെ ദേശക്കാരായ ഉറുമ്പുകളുടെ ഇടയ്ക്ക് വമ്പിച്ച മാറ്റമുണ്ടാകുകയാണ്. അവർ കൂട്ടത്തോടെ ഭക്തിമാർഗ്ഗത്തിലേയ്ക്ക് പ്രവേശിക്കുന്നു. ആത്മപുരത്തിലും പരിസരങ്ങളിലും പ്രകടമായി മാറ്റത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. യുവാവായ ചോണനുറുമ്പിന്റെ നിർദ്ദേശം അനുസരിച്ച് പുതുതായി പ്രാർത്ഥനാമാളങ്ങൾ അവർ ഉണ്ടാക്കി. അവിടേയ്ക്ക് ആർക്കും തടസ്സങ്ങളില്ലാതെ കടന്നുവരാം. പ്രാർത്ഥനാമാളത്തിൽ എത്തുന്ന എല്ലാ ഉറുമ്പുകളും ദൈവത്തിന്റെ മക്കളാണെന്ന് യുവാവായ ചോണനുറുമ്പ് പ്രഖ്യാപിച്ചു. അതുപോലെ അവരെല്ലാം ദൈവത്തിന്റെ മുമ്പിൽ സമൻമാരുമാണ്.

ഭക്തിമാർഗ്ഗം ആത്മപുരത്തിലും പരിസരത്തുമുള്ള ഉറുമ്പുകളുടെ മനസ്സിൽ വിശേഷമായ മാറ്റങ്ങൾ ഉണ്ടാക്കി. ശവന്തീനി ഉറുമ്പുകൾക്കുപോലും അപമാനംകൂടാതെ എവിടേയ്ക്കും കടന്നുചെല്ലാൻ കഴിഞ്ഞു. ഓങ്കാരികാരണവർ കണക്കുകൂട്ടിയതുപോലെയാണ്

കാര്യങ്ങൾ നീങ്ങിക്കൊണ്ടിരുന്നത്. ഭക്തിമാർഗ്ഗം പുഷ്ടിപ്പെട്ട തോടെ കലിമകളാകുന്ന കീഴാള ഉറുമ്പുകളുടെ എണ്ണം കുറഞ്ഞു തുടങ്ങി. പാരമ്പര്യത്തിന് എടുത്തുപറയത്തക്ക മാറ്റങ്ങളൊന്നും ഉണ്ടായില്ല. സമൂഹത്തിലെ സാമ്പത്തികഘടന പഴയപടി തുടരുക യാണ്. പാപഫലമായി കിട്ടിയ ജീവിതത്തിൽ അവർ ഇപ്പോഴും പരിസരബോധമില്ലാതെ നിഷ്ക്കാമമായി പ്രവർത്തിക്കുന്നു.

ഇനി നമ്മൾ ദേശക്കാരായ ഉറുമ്പുകളുടെ ഇടയ്ക്കുണ്ടായ ഒരു പരിവർത്തനത്തെയാണ് പരിശോധിക്കുന്നത്.

അഞ്ച്

ദേശക്കാരായ ഉറുമ്പുകളുടെ ഉപകരണങ്ങൾ നൂറ്റാണ്ടുകളായി സാമ്പ്രദായികമായാണ് ഉണ്ടാക്കുന്നത്. അത്തരം ഉപകരണങ്ങൾ ഉണ്ടാക്കുന്നത് പാരമ്പര്യമായി ചില ഉറുമ്പിൻ കൂട്ടങ്ങൾ മാത്രമാ ണ്. ദേശക്കാരായ ഉറുമ്പുകളുടെ ഉല്പാദനക്രമങ്ങൾക്ക് മനുഷ്യന്റെ ജാതീയ ഉല്പന്നങ്ങളുമായാണ് സാദൃശ്യമുള്ളത്. തലമുറകളായി കൃത്യതയോടെ ഉണ്ടാക്കുന്ന ഉപകരണങ്ങളിൽ വ്യക്തിത്വവും സ്വത്വവും സർഗ്ഗാത്മകതയും ഒരിക്കലും ഇഴചേരുന്നില്ല. അവ കാല ങ്ങൾക്കു മുമ്പുള്ള നിർമ്മാണത്തിന്റെ ആവർത്തനങ്ങളാണ്.

വ്യക്തികൾക്കും സർഗ്ഗാത്മകതയ്ക്കും പ്രാധാന്യമുള്ള കലിമ കളുടെ സമൂഹത്തിൽ തികച്ചും വ്യത്യസ്തമായ നിർമ്മാണങ്ങളാണ് നടക്കുന്നത്. അതിജീവനത്തിനുവേണ്ടി അലഞ്ഞ കലിമകൾ പുത്തൻ ആയുധങ്ങളേയും യുദ്ധരീതിയേയും ബഹുമാന്യതയോടെ സ്വീകരിച്ചു. അവയെ കണ്ടെത്തുന്ന വ്യക്തികൾക്ക് അവർ സമൂഹ ത്തിൽ സവിശേഷമായ സ്ഥാനമാണ് നൽകുന്നത്. യുവാവായ കലിമ പുതിയൊരു ആയുധം കണ്ടെത്തുന്നു. അതോടെ ആ കലിമ നേതാ വായി തീരുന്നു. യുവാവായ കലിമ കണ്ടെത്തിയ നവീനമായ ആയു ധത്തിന്റെ പിൻബലത്തിലാണ് അവർ പല ഉറുമ്പിൻകൂട്ടങ്ങളേയും കീഴടക്കുന്നത്. ആത്മപുരത്തിലെ ഉറുമ്പുകളെ കീഴടക്കിയതോടെ കലിമകളുടെ അതിജീവനത്തിനായുള്ള ദീർഘയാത്രകൾ താൽക്കാ ലികമായി അവസാനിക്കുന്നു.

ആത്മപുരത്തിൽ എത്തിയ കലിമകൾ ഓങ്കാരികൾ ഉണ്ടാക്കിയ സാമൂഹ്യഘടനയ്ക്ക് കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടാക്കുന്നില്ല.

അധികാരികളായിത്തീർന്ന അവർ ഓങ്കാരികൾ ഉണ്ടാക്കിയ സാമൂഹ്യഘടനയുടെ ഭാഗമായിത്തീരുന്നു. അതോടെ കലിമകളുടെ സർഗ്ഗാത്മകതയും സ്വത്വബോധവും ഇല്ലാതാകുന്നു. തങ്ങൾ കണ്ടെത്തിയ നവീനായുധത്തെ പുതുതായി ഉണ്ടാക്കാനായി ചോണനുറുമ്പുകളെ ഏല്പിക്കുന്നു. പുത്തൻ ആയുധത്തിന്റെ സവിശേഷതയെ മനസ്സിലാക്കിയ ചോണനുറുമ്പുകൾ അവയെ തരിപോലും മാറ്റങ്ങളില്ലാതെ ഉണ്ടാകുന്നു.

ആത്മപുരത്തിൽ എത്തിയ കലിമകൾ അധികാരികളായി സുഖസമൃദ്ധികളിൽ മുഴുകി. നല്ല കാലാവസ്ഥയും സുഭിക്ഷമായ ഭക്ഷണവും ലഭിച്ചതോടെ അവർ ആത്മപുരത്തിലെ സ്ഥിരതാമസക്കാരായി. അവരുടെ യുദ്ധവീര്യവും സർഗ്ഗാത്മകമായ കണ്ടെത്തലുകളും അവസാനിച്ചു. ഓങ്കാരികൾ ഉണ്ടാക്കിയ സാമൂഹ്യഘടന കലിമകളുടെ വികാസത്തെ തളച്ചിട്ടു.

കലിമകളുടെ പൂർവ്വകഥകളെക്കുറിച്ചുകേട്ട ചെറുപ്പക്കാരനായ കുനിയനുറുമ്പ് തന്റെ പരിസരത്തെക്കുറിച്ച് ബോധവാനായി. ഇപ്പോൾ ദേശക്കാരായ ഉറുമ്പുകളുടെ കറുത്ത നിറം അപമാനത്തിന്റെ നിറമാണ്. അത്തരമൊരു ഗതികേടിൽ എത്തിച്ചേർന്ന അവസ്ഥയെയാണ് തുടർന്ന് ചെറുപ്പക്കാരനായ കുനിയനുറുമ്പ് പരിശോധിക്കുന്നത്. സുഖകരമായ പരിസരവും സാമ്പ്രദായികമായ ഉല്പാദനങ്ങളുമാണ് ആത്മപുരത്തിലെ ദേശക്കാരായ ഉറുമ്പുകളുടെ അധ:പതനത്തിനുള്ള പ്രധാന കാരണം. ഇരപിടിക്കാനും അതിജീവനത്തിനുംവേണ്ടി അവർ ഒരിക്കലും ദേശാടനം നടത്തുന്നില്ല. പ്രാചീനമായ സാമൂഹ്യഘടനയെ യാതൊരു മാറ്റവുമില്ലാതെ അനേകം നൂറ്റാണ്ടുകളായി ആത്മപുരത്തിലെ ഉറുമ്പുകൾ തുടരുന്നു. ശത്രുഭീതി ഇല്ലാത്ത അവർ ആയുധങ്ങളെ കണ്ടെത്തുന്നുമില്ല. ആയുധങ്ങളുമായെത്തിയ ഗച്ഛൻമാർ അവരെ നിഷ്പ്രയാസം കീഴടക്കി. അടിമകളായിത്തീർന്ന ആത്മപുരത്തിലെ ഉറുമ്പുകളെ ഗച്ഛൻമാർ തരംതിരിച്ച് വിഭജിക്കുന്നു. അതോടൊപ്പം ഗച്ഛൻമാർ തൊഴിൽവിഭജനവും നടത്തുന്നു. ഗച്ഛൻമാർ എപ്പോഴും തങ്ങളുടെ ആയുധങ്ങളുടെ മഹത്വത്തെക്കുറിച്ചാണ് പറഞ്ഞിരുന്നത്. തങ്ങളുടെ ചുവന്ന നിറത്തിൽ അവർ അഭിമാനിക്കുകയും ചെയ്തു. ദേശക്കാരായ ഉറുമ്പുകളുടെ കറുത്ത നിറത്തോട് അവർക്ക് വെറുപ്പായിരുന്നു.

ഇനി നമ്മൾ ഗച്ഛൻമാരുടെ അധ:പതനത്തെയാണ് പരിശോധിക്കുന്നത്.

ഭക്ഷണത്തിനുവേണ്ടി ഗച്ഛൻമാർ ചരിത്രം മുഴുക്കെ ദേശാടനം

നടത്തുകയായിരുന്നു. അതിജീവനത്തിനുവേണ്ടി പ്രയത്നിച്ച ഗച്ഛൻമാർക്ക് നല്ല കായികശേഷിയും മികച്ച ആയുധങ്ങളുമുണ്ടായിരുന്നു. എടുത്തത്തുപറയത്തക്ക സാംസ്ക്കാരിക പശ്ചാത്തലം അലഞ്ഞുതിരിയുന്ന അവർക്ക് ഉണ്ടായിരുന്നില്ല. സ്ഥിരവാസികൾക്കാണ് മെച്ചപ്പെട്ട സാംസ്ക്കാരിക ജീവിതമുള്ളത്. സുഖകരമായ കാലാവസ്ഥയും സമൃദ്ധമായ ഭക്ഷണവും സ്ഥിരവാസികളെ അലസരാക്കുക സ്വാഭാവികമാണല്ലോ.

ആത്മപുരത്തിലെ ദേശക്കാരായ ഉറുമ്പുകൾ സ്ഥിരവാസികളായിരുന്നു. സാംസ്ക്കാരികമായി ഉയർന്ന അവർ തൊഴിൽ വിഭജനങ്ങൾ നടത്തി അലസരായി ജീവിച്ചു. ഗച്ഛൻമാർ നവീനമായ ആയുധംകൊണ്ടാണ് ദേശക്കാരായ ഉറുമ്പുകളെ കീഴടക്കുന്നത്. ദേശക്കാരായ ഉറുമ്പുകളുടെ സാംസ്ക്കാരിക മികവിനെ ഗച്ഛൻമാർ പെട്ടെന്ന് തിരിച്ചറിയുന്നു. ദേശക്കാരായ ഉറുമ്പുകളെ കീഴടക്കി അധികാരികളായ ഗച്ഛൻമാർ തങ്ങളെ ഏറ്റവും ഉയർന്ന സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കുന്നു. അതോടൊപ്പം ദേശക്കാരായ ഉറുമ്പുകളുടെ സാംസ്ക്കാരികവും സാമ്പത്തികവുമായ സവിശേഷതകളെ അവർ സ്വീകരിക്കുന്നു.

ഇനിയാണ് നമ്മൾ ഗച്ഛൻമാരുടെ അധ:പതനത്തെ കാണുന്നത്. ആത്മപുരത്തിൽ എത്തിയ ഗച്ഛൻമാർ അലച്ചിലുകളെല്ലാം അവസാനിപ്പിച്ച് സുഖസമൃദ്ധമായ ജീവിതത്തിൽ മുഴുകി. അവർ തങ്ങളുടെ ആയുധത്തെ തൊഴിൽവിഭജനം അനുസരിച്ച് ദേശക്കാരായ ചോണനുറുമ്പുകൾക്ക് നൽകുന്നു. ദേശക്കാരായ ഉറുമ്പുകൾ സമ്പ്രദായ പ്രകാരം ആയുധത്തിന്റെ പകർപ്പുകൾ നിർമ്മിക്കുന്നു. ഒരു കാലത്ത് നവീനമായിരുന്ന ഗച്ഛൻമാരുടെ ആയുധം ഇപ്പോൾ തീർത്തും പഴഞ്ചനാണ്.

ഗച്ഛൻമാരുടെ പഴഞ്ചൻ ആയുധത്തെയാണ് കലിമകളുടെ നവീനമായ ആയുധം പരാജയപ്പെടുത്തുന്നത്. ഇപ്പോൾ കലിമകളും ആത്മപുരത്തിലെ സാമ്പ്രദായികരീതികളെ പിന്തുടരുകയാണ്. അവരും ചരിത്രത്തിൽ പഴഞ്ചൻ ആയുധത്തെ ചുമന്നു നടക്കുന്നവരായിത്തീർന്നിരിക്കുന്നു.

പുത്തൻ തിരിച്ചറിവിന്റെ വെളിച്ചത്തിൽ ചെറുപ്പക്കാരനായ കുനിയനുറുമ്പ് പുതിയൊരു ആയുധം കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചു.

ആദ്യമായി ചോണനുറുമ്പിൽനിന്ന് ഗച്ഛൻമാരുടെ പഴയൊരു ആയുധത്തെ കുനിയനുറുമ്പ് വാങ്ങിച്ചു. ചെറുപ്പക്കാരനായ ഗച്ഛ

യുവാവിൽനിന്ന് കുനിയനുറുമ്പ് ആയുധത്തിന്റെ പ്രയോഗരീതികളെ മനസ്സിലാക്കുന്നു. ഇപ്പോൾ ഗച്ഛൻമാരുടെ പഴഞ്ചൻ ആയുധത്തെ ചെറുപ്പക്കാരനായ കുനിയനുറുമ്പ് വെറുതെ ചുമന്നു നടക്കുകയാണ്. മാസങ്ങൾ നീണ്ട പരീക്ഷണങ്ങൾക്കു ശേഷവും കുനിയനുറുമ്പിന് പുതിയൊരു ആയുധത്തെ കണ്ടെത്താനായില്ല.

ഇനി നമ്മൾ കുനിയനുറുമ്പിന്റെ ജീവിതസാഹചര്യത്തെയാണ് പരിശോധിക്കുന്നത്.

ഓങ്കാരികൾ അനുവദിച്ച ചുറ്റുപാടിലാണ് എല്ലാ കുനിയനുറുമ്പുകളുടേയും ജീവിതം മുന്നോട്ടു നീങ്ങുന്നത്. പാരമ്പര്യമായി അവർ ഇമ്മമരത്തെ വളർത്തുകയാണ്. ഇമ്മമരത്തിന്റെ നീരിനെ ചെറിയ ഉരുളകളാക്കി അവർ പൊള്ളക്കാലി ഉറുമ്പുകൾക്കു നൽകുന്നു. അവർ അതിനെ ഗച്ഛൻമാർക്കും ഓങ്കാരികൾക്കും കൈമാറുന്നു. ഇതെല്ലാം നൂറ്റാണ്ടുകളായി ക്രമംതെറ്റാതെയാണ് അവർ ചെയ്യുന്നത്.

ആത്മപുരത്തിലെ ഉറുമ്പുകളുടെ കൂട്ടത്തിൽ ആരും വഴിപിരിഞ്ഞു നടക്കുന്നില്ല. എല്ലാവരും സമ്പ്രദായങ്ങളെ അനുസരിക്കുന്നവരാണ്. പാരമ്പര്യത്തെ ആരെങ്കിലും ധിക്കരിച്ചാൽ ഓങ്കാരികൾ ഉടനടി അവർക്ക് ശിക്ഷ വിധിക്കുന്നു. ഗച്ഛൻമാരാണ് ശിക്ഷ നടപ്പിലാക്കുക. അതോടെ ധിക്കാരിയായ ഉറുമ്പിന്റെ ജീവിതം അവസാനിക്കുന്നു.

മരണത്തെ മുമ്പിൽ കണ്ട ചെറുപ്പക്കാരനായ കുനിയനുറുമ്പ് വളരെ രഹസ്യമായാണ് തന്റെ അന്വേഷണങ്ങൾ തുടരുന്നത്. പകൽ മുഴുവൻ ഇമ്മമരത്തെ വളർത്തലും അതിന്റെ നീരെടുക്കലുമാണ് അവന്റെ പണി. രാത്രി അവൻ രഹസ്യമായി ഗച്ഛൻമാരുടെ ആയുധമെടുത്ത് പുത്തൻ ആയുധത്തിനുവേണ്ടിയുള്ള പരീക്ഷണങ്ങൾ നടത്തും. ഒടുവിൽ ഗച്ഛൻമാരുടെ പഴഞ്ചൻ ആയുധത്തെ കുനിയനുറുമ്പ് ഉപേക്ഷിച്ചു. തുടർന്ന് കലിമകളുടെ പുത്തൻ ആയുധത്തിനുവേണ്ടി ചെറുപ്പക്കാരനായ കുനിയനുറുമ്പ് ശ്രമിച്ചുതുടങ്ങുന്നു. കുനിയനുറുമ്പിന്റെ ആവശ്യത്തെക്കുറിച്ചു കേട്ടപ്പോൾ സുഹൃത്തായ ചോണനുറുമ്പ് പേടിയോടെ ചുറ്റുപാടുകളിലേക്കു നോക്കി.

ശബ്ദം താഴ്ത്തി ചോണനുറുമ്പു പറഞ്ഞു:

നീ മരണത്തെ വിളിച്ചുവരുത്തുകയാണ്. നമുക്കെല്ലാം മുൻകൂട്ടി നിശ്ചയിച്ച കർമ്മങ്ങളുണ്ട്. അതിനെ ധിക്കരിക്കാൻ ആർക്കും കഴിയില്ല. സ്വന്തം ധർമ്മം ചെയ്യുകയാണ് നമ്മുടെ ചുമതല. പരധർമ്മം ചെയ്താൽ മരണമാണ് ശിക്ഷ. നിന്റെ ധർമ്മം ഇമ്മമരത്തെ വളർത്ത

ലാണ്. ഞാൻ ആയുധങ്ങൾ ഉണ്ടാക്കുന്നവനാണ്. നമ്മൾ തമ്മിൽ കണ്ടുമുട്ടേണ്ട യാതൊരു ആവശ്യവുമില്ല. മറ്റൊരു വിഭാഗത്തിലെ ഉറുമ്പുകളുടെ ഗന്ധംപോലും നമ്മുടെ മേലിൽ തട്ടരുത്. ഇതെല്ലാം നിനക്കും അറിയാവുന്ന കാര്യങ്ങളാണല്ലോ.

ഇനി നിന്റെ ആവശ്യത്തെക്കുറിച്ച്, നിനക്ക് കലിമകളുടെ ആയുധത്തെ നൽകിയാൽ എനിക്കും മരണമാണ് ശിക്ഷ. അതുകൊണ്ട് എനിക്കൊരിക്കലും നിന്നെ സഹായിക്കാനാവില്ല.

കലിമകളുടെ ആയുധം നൽകാനാവില്ലെന്ന് ചോണനുറുമ്പ് ഉറപ്പിച്ചു പറഞ്ഞതാണ്. എങ്കിലും യുവാവായ കുനിയനുറുമ്പ് വിട്ടുവീഴ്ചചെയ്യാതെ ചോണനുറുമ്പിനോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. അവസാനം ചോണനുറുമ്പ് രഹസ്യമായി കലിമകളുടെ പുത്തൻ ആയുധത്തെ കുനിയനുറുമ്പിനു കാണിച്ചുകൊടുത്തു. കലിമകളുടെ ആയുധത്തിന്റെ നിർമ്മാണരീതിയെക്കുറിച്ചും അതിന്റെ പ്രയോഗത്തെക്കുറിച്ചും ചോണനുറുമ്പ് ചെറുപ്പക്കാരനായ കുനിയനുറുമ്പിനോട് വിസ്തരിച്ചു പറഞ്ഞു.

കലിമകളുടെ ആയുധവുമായി ചെറുപ്പക്കാരനായ കുനിയനുറുമ്പ് മുമ്പോട്ടു നടക്കാൻ തയ്യാറായി. വഴിതടഞ്ഞുനിന്ന ചോണനുറുമ്പു പറഞ്ഞു:

ഈ ആയുധം എന്റെയും നിന്റെയും മരണത്തിലാണ് അവസാനിക്കുക. കലിമകളുടെ ആയുധത്തെ ഉണ്ടാക്കാനുള്ള വിദ്യ ഞാൻ നിനക്കു പഠിപ്പിച്ചു തരാം. ഈ ആയുധവുമായി നീ പോകരുത്.

അപകടത്തെ മുമ്പിൽ കണ്ട കുനിയനുറുമ്പ് കലിമകളുടെ ആയുധത്തെ ചോണനുറുമ്പിനു തന്നെ നൽകി. തുടർന്ന് പല രാത്രികളിലും ചോണനുറുമ്പ് കുനിയനുറുമ്പിനെ കലിമകളുടെ ആയുധമുണ്ടാക്കാൻ പരിശീലിപ്പിക്കുന്നു. ഒരു മാസംകൊണ്ട് കലിമകളുടെ ആയുധം ഉണ്ടാക്കാൻ ചെറുപ്പക്കാരനായ കുനിയനുറുമ്പിനു കഴിഞ്ഞു. എന്നാൽ തന്റെ ആയുധത്തിന്റെ പരിമിതികളെക്കുറിച്ച് കുനിയനുറുമ്പിന് ബോധ്യമുണ്ടായിരുന്നു. ഒരേതരത്തിലുള്ള ആയുധത്തെക്കൊണ്ട് കലിമകളെ തോല്പിക്കാനാവില്ല. കുറേക്കൂടെ നവീനമായ ആയുധത്തിനു വേണ്ടിയാണ് തുടർന്ന് ചെറുപ്പക്കാരനായ കുനിയനുറുമ്പ് പരിശ്രമിക്കുന്നത്.

മാറ്റങ്ങളില്ലാത്ത സാമ്പ്രദായികമായ ജീവിതമാണ് ദേശക്കാരായ ഉറുമ്പുകളെ അടിമകളാക്കുന്നത്. സാമ്പ്രദായികതയെ ധിക്കരിച്ച് സർഗ്ഗാത്മകതയ്ക്ക് ഊന്നൽ നൽകുകയാണ് വേണ്ടത്. സർഗ്ഗാത്മകത വികസിക്കുമ്പോൾ സ്വാഭാവികമായും വിഭജനത്തിന്റെ അതി

രുകൾ ഇല്ലാതാകും. അതോടെ സ്വാതന്ത്ര്യത്തിന്റെ തുറസ്സിലേക്ക് ദേശക്കാരായ ഉറുമ്പുകൾക്ക് പ്രവേശിക്കാനാകും.

സ്വാതന്ത്ര്യം സ്വപ്നമായി തീർന്നതോടെ കലിമകളുടെ ആയുധത്തെ വികസിപ്പിച്ച് മറ്റൊന്നു കണ്ടെത്താനുള്ള ശ്രമത്തിൽ ചെറുപ്പക്കാരനായ കുനിയനുറുമ്പ് ഏർപ്പെട്ടു.

ചെറുപ്പക്കാരനായ കുനിയനുറുമ്പിന് പുത്തൻ ആയുധം കണ്ടെത്താനുള്ള ശ്രമങ്ങളുമായി മുമ്പോട്ടുപോകാനായില്ല. രാത്രിയിലെ കുനിയനുറുമ്പിന്റെ യാത്രകളെ മറ്റു കുനിയനുറുമ്പുകൾ ശ്രദ്ധിച്ചു തുടങ്ങി. അവസാനം അവർ ചെറുപ്പക്കാരനായ കുനിയനുറുമ്പിനെ കയ്യോടെ പിടികൂടുന്നു. അവർ കുനിയനുറുമ്പിനെ കാരണവരുടെ മുമ്പിൽ എത്തിക്കുന്നു തുടർന്ന് അതികഠിനമായ പീഡനങ്ങളാണ് നടക്കുന്നത്. ഗതിമുട്ടിയ യുവാവായ കുനിയനുറുമ്പ് തന്റെ മനസ്സിലെ മോഹങ്ങളെക്കുറിച്ച് തുറന്നുപറയുന്നു. കുനിയനുറുമ്പു കാരണവർ ഞെട്ടലോടെയാണ് ചെറുപ്പക്കാരനായ കുനിയനുറുമ്പിന്റെ വാക്കുകളെ കേട്ടത്.

വംശനാശത്തെ മുമ്പിൽ കണ്ട കുനിയനുറുമ്പുകാരണവർ ഉടനടി ആയുധം കണ്ടെത്താനുള്ള ആജ്ഞ നൽകി. കുനിയനുറുമ്പുകൾ ഒന്നാകെ മാളങ്ങളിൽ തെരഞ്ഞുതുടങ്ങി. ഒടുവിൽ അവർ ആയുധത്തേയും ചെറുപ്പക്കാരനായ കുനിയനുറുമ്പിനേയും പിടികൂടി.

കുനിയനുറുമ്പ് കാരണവർ കുറ്റവാളിയായ ചെറുപ്പക്കാരനെ ഗച്ഛൻമാരുടെ അടുത്തേയ്ക്കാണ് എത്തിക്കുന്നത്. അവർ യുവാവായ കുനിയനുറുമ്പിനെ ഓങ്കാരികാരണവരുടെ മുമ്പിൽ എത്തിച്ചു. സമ്പ്രദായങ്ങളെ ധിക്കരിച്ച യുവാവായ കുനിയനുറുമ്പിനെ ഓങ്കാരികാരണവർ കലിമനേതാവിന്റെ മുമ്പിൽ എത്തിച്ചു.

ഏഴുദിവസം യാതൊരു ഭക്ഷണവുമില്ലാതെ യുവാവായ കുനിയനുറുമ്പ് തടവറമാളത്തിൽ കിടന്നു. എട്ടാംദിവസം കലിമകൾ കൂട്ടത്തോടെ യുവാവായ കുനിയനുറുമ്പിന്റെ അടുത്തെത്തി. അവശനായിക്കിടന്ന കുനിയനുറുമ്പിനെ അവർ നിരന്തരം ആക്രമിച്ചു. ഒടുവിൽ അവർ കടിച്ചുവലിച്ചാണ് കുനിയനുറുമ്പിനെ കലിമ നേതാവിന്റെ മുമ്പിൽ എത്തിക്കുന്നത്.

കലിമ നേതാവിന്റെ ചോദ്യങ്ങളെ കുനിയനുറുമ്പ് നിശ്ശബ്ദതകൊണ്ട് നേരിട്ടു. വീണ്ടും വീണ്ടും ചോദ്യങ്ങൾ ഉയർന്നപ്പോൾ ചെറുപ്പക്കാരനായ കുനിയനുറുമ്പ് പറഞ്ഞു.

ദേശക്കാരായ ഞങ്ങൾ എക്കാലത്തും അടിമകളാണ്. ഞങ്ങ

ളുടെ അടിമത്തത്തെ അവസാനിപ്പിക്കാൻഞാൻ പുതിയ ആയുധം കണ്ടെത്താൻ ശ്രമിച്ചു. ആയുധമാണ് അധികാരമുണ്ടാക്കുകയെന്നത് സത്യമാണ്.

ചെറുപ്പക്കാരനായ കുനിയനുറുമ്പിന്റെ വാക്കുകൾ ഗച്ഛൻമാരേയും ഓങ്കാരികളേയും ഒരുപോലെ ഞെട്ടിച്ചു.

ഓങ്കാരികാരണവർ കലിമനേതാവിനെ താണുവണങ്ങിയതിനു ശേഷം പറഞ്ഞു: മഹാനായ അങ്ങേയ്ക്ക് നമസ്ക്കാരം. ഈ കുനിയനുറുമ്പ് കലിമകളുടെ നിയമങ്ങളേയും അധികാരത്തേയും ഇല്ലാതാക്കാൻ ശ്രമിച്ചു. ഇവൻ നൂറ്റാണ്ടുകളായി നിലനിന്ന ഞങ്ങളുടെ സാമൂഹ്യനീതിയേയും ധിക്കരിച്ചു. ഇമ്മമരങ്ങളെ വളർത്തലും അതിന്റെ നീരെടുത്ത് ഞങ്ങൾക്ക് നൽകലുമാണ് പാരമ്പര്യമായി കുനിയനുറുമ്പുകൾ ചെയ്യുന്നത്. ഇവൻ സ്വന്തം ധർമ്മത്തിൽ നിന്ന് പിൻമാറി പരധർമ്മം ചെയ്തിരിക്കുന്നു. പരധർമ്മം ചെയ്യുന്നവരെ ശിക്ഷിക്കാനുള്ള നിയമം ഞങ്ങൾക്കുണ്ട്. അങ്ങുന്ന് ശിക്ഷ നടപ്പാക്കാൻ ഞങ്ങളെ അനുവദിക്കണം.

ഓങ്കാരി കാരണവരുടെ വാക്കുകളോട് കനത്ത ഒച്ചയിലാണ് കലിമ നേതാവ് പ്രതികരിക്കുന്നത്.

നമ്മുടെ നാട്ടിൽ നാം നിയമം ഉണ്ടാക്കുകയും നടപ്പിലാക്കുകയും ചെയ്യും. അതിനുള്ള അധികാരം നമുക്കു മാത്രമാണ്. എങ്കിലും ദേശക്കാരുടെ നിയമത്തെ നമ്മൾ മാനിക്കുന്നു. പണ്ഡിതൻമാരായ ഓങ്കാരികൾ വിധിക്കുന്ന ശിക്ഷയെ നടപ്പിലാക്കുന്നതിൽ നമുക്ക് വിരോധമൊന്നുമില്ല.

പരധർമ്മംചെയ്ത് അധികാരത്തെ അട്ടിമറിക്കാൻ ശ്രമിച്ച യുവാവായ കുനിയനുറുമ്പിനെ ആത്മപുരം പുഴയിലേക്ക് എറിഞ്ഞു കൊല്ലാനാണ് ഓങ്കാരികാരണവർ വിധിച്ചത്. സമ്പ്രദായങ്ങളെ പാലിച്ച കലിമനേതാവ് കുനിയനുറുമ്പിനെ ഉടനടി പുഴയിൽ എറിഞ്ഞുകൊല്ലാൻ കല്പിക്കുകയും ചെയ്തു.

യുവാവായ കുനിയനുറുമ്പിന്റെ ശിക്ഷാവിധി അറിഞ്ഞതോടെ കലിമകളും ദേശക്കാരായ ഉറുമ്പുകളും പുഴവക്കിൽ എത്തിച്ചേർന്നു. കലിമ പടയാളികൾ ആഘോഷത്തോടെയാണ് കുനിയനുറുമ്പിനെ പുഴയോരത്ത് എത്തിക്കുന്നത്.

കലിമ നേതാവിനെ സ്തുതിച്ച അവർ യുവാവായ കുനിയനുറുമ്പിനെ കടിച്ചുതൂക്കി പുഴയിലേക്ക് എറിഞ്ഞു. മരണത്തെ തൊട്ടറിഞ്ഞ യുവാവായ കുനിയനുറുമ്പ് പ്രതിഷേധിക്കാതെ സ്വന്തം വിധി ഏറ്റുവാങ്ങി. അങ്ങനെ സമത്വത്തിനും സർഗ്ഗാത്മകതയ്ക്കും

സ്വത്വത്തിനുവേണ്ടിയുള്ള കുനിയനുറുമ്പിന്റെ ശ്രമങ്ങൾ അവസാനിക്കുന്നു.

ഇനി നമ്മൾ ദേശക്കാരുടെ ഇടയ്ക്കുണ്ടായ മറ്റൊരു പരിവർത്തനത്തെയാണ് പരിശോധിക്കുന്നത്.

ഓങ്കാരികളുടെ നിർദ്ദേശം അനുസരിച്ചുണ്ടായതാണ് ഭക്തിപ്രസ്ഥാനം. അത് കലിമകളുടെ സാമ്രാജ്യത്തിൽ മുഴുക്കെ വ്യാപിച്ചു. ദേശക്കാരായ ഉറുമ്പുകളെ കലിമകളാക്കാനുള്ള ശ്രമങ്ങളെ കുറേയൊക്കെ ഭക്തിപ്രസ്ഥാനം തടയുന്നു. എങ്കിലും വിഭജനങ്ങളുടെ അടിത്തട്ടിൽക്കിടന്ന ദേശക്കാരായ പല ഉറുമ്പുകളും കലിമകളായിത്തീർന്നു. അതോടെ അവർ അധികാരത്തിന്റെ ഭാഗമാകുകയാണ്. തുടർന്ന് അവരുടെ അധഃകൃതാവസ്ഥ അവസാനിക്കുന്നു. സമൂഹത്തിൽ അവർക്ക് മാന്യതയും ലഭിക്കുന്നു. കലിമകളായി തീർന്ന ദേശക്കാരായ ഉറുമ്പുകൾക്ക് വിലക്കുകൾ ഇല്ലാതെ എവിടേയ്ക്കും പ്രവേശിക്കാവുന്നതുമാണ്.

ഭക്തിപ്രസ്ഥാനം ദേശക്കാരായ ഉറുമ്പുകളുടെ വിശ്വാസമാറ്റത്തെ തടയുന്നതിനുവേണ്ടിയുള്ള കൂട്ടായ്മയായിരുന്നു. ഭക്തിപ്രസ്ഥാനത്തിൽ ചേർന്ന ദേശക്കാരായ ഉറുമ്പുകൾ പുത്തൻ ദൈവമാർഗ്ഗത്തെ സ്വയം കണ്ടെത്തിയതാണെന്ന് വിശ്വസിച്ചു. ഭക്തിപ്രസ്ഥാനത്തിന് പിൻപറ്റിനിന്ന ഓങ്കാരികൾ കരുതലോടെയാണ് ഓരോ ചുവടുംവെച്ചത്.

ഭക്തിപ്രസ്ഥാനത്തിലെ ഉറുമ്പുകൾ പ്രത്യേകം മാളമുണ്ടാക്കിയാണ് സഭ കൂടിയിരുന്നത്. അവിടെ വിഭജനങ്ങളുടെ വിടവുകളില്ല. അവരെല്ലാം ദൈവത്തിന്റെ പ്രിയപ്പെട്ട സന്തതികളാണ്. ഭക്തിപ്രസ്ഥാനത്തിലെ പ്രധാന ഉറുമ്പ് ഉച്ചത്തിൽ ശബ്ദിക്കുന്നു. മറ്റ് ഉറുമ്പുകൾ പ്രമുഖന്റെ ഒച്ചയെ ഏറ്റെടുക്കുകയാണ്. അതോടെ അവരെല്ലാം ശരീരശൂന്യമായ അവസ്ഥയിലേക്ക് പ്രവേശിക്കുന്നു.

ഇനി നമ്മൾ ഭക്തിപ്രസ്ഥാനക്കാരുടെ സാമൂഹ്യജീവിതത്തെയാണ് പരിശോധിക്കുന്നത്.

ഭക്തിയുടെ ലഹരിയിൽ ദേശക്കാരായ ഉറുമ്പുകളുടെ ഇടയ്ക്ക് വിഭജനങ്ങൾ ഉണ്ടായിരുന്നില്ല. പൊതുവിടങ്ങളിൽ പ്രവേശിക്കുന്ന അവർ പാരമ്പര്യരീതികളെ ക്രമംതെറ്റാതെ പാലിച്ചു. ഓങ്കാരികൾ ശ്രേഷ്ഠരും ശവന്തീനിഉറുമ്പുകൾ നികൃഷ്ടരുമായ അവരുടെ സാമൂഹ്യഘടന മാറ്റങ്ങളില്ലാതെ തുടർന്നു.

ഇനി നമ്മൾ സുന്ദരനായ കല്ല്യാണ ഉറുമ്പിനെയാണ് പരിശോധിക്കുന്നത്.

യുവാവായ കല്ല്യാണ ഉറുമ്പ് ഭക്തിപ്രസ്ഥാനത്തിന്റെ ലക്ഷ്യ ത്തേയും അപ്പോഴും തുടരുന്ന സാമൂഹ്യവിഭജനങ്ങളേയും തിരിച്ച റിഞ്ഞു.

ഭക്തിയുടെ പ്രാർത്ഥനാ നിമിഷങ്ങളിൽ മാത്രമുള്ള സമത്വത്തെ അംഗീകരിക്കാൻ യുവാവായ കല്ല്യാണഉറുമ്പിനു കഴിഞ്ഞില്ല. വിഭ ജനങ്ങളില്ലാത്ത സമൂഹത്തെയാണ് അവൻ സ്വപ്നം കണ്ടിരുന്ന ത്. എന്നാൽ കലിമയായി സാമൂഹ്യമാന്യത നേടാൻ യുവാവായ കല്ല്യാണഉറുമ്പ് തയ്യാറായില്ല. വിശ്വാസം മാറുന്നതോടെ പാരമ്പ ര്യസംസ്ക്കാരമാണ് നഷ്ടമാക്കുക. കല്ല്യാണഉറുമ്പ് ഉദാഹരണമായി കണ്ടത് ഉഡ്ഡുപശുക്കളെയാണ്. ആത്മപുരത്തിലെ ഉറുമ്പുകൾക്ക് ഉഡ്ഡുപശുവിന്റെ പാലാണ് ഇഷ്ടപ്പെട്ട ആഹാരം. കലിമകൾ ഉഡ്ഡു പശുവിന്റെ മാംസത്തെയാണ് ഭക്ഷിക്കുന്നത്. ഉഡ്ഡുപശുവിനെ തിന്നു ന്നവരെ നിത്യശത്രുവായാണ് ആത്മപുരത്തിലെ ഉറുമ്പുകൾ കണ്ടി രുന്നത്. എന്നാൽ കലിമകളോട് അവർ പ്രകടമായി ശത്രുത കാണി ക്കുന്നില്ല. കലിമകളുടെ അധികാരത്തേയും ആയുധത്തേയും അവർ ഭയക്കുകയായിരുന്നു.

ഇത്തരമൊരു സാഹചര്യത്തിലാണ് യുവാവായ കല്ല്യാണ ഉറുമ്പ് വിമോചനത്തിനുവേണ്ടി സ്വന്തം വഴി കണ്ടെത്താൻ ശ്രമിക്കുന്നത്.

ഓങ്കാരികളുടെ നിയന്ത്രണത്തിലുള്ള ആത്മപുരത്തിലെ സാമൂ ഹ്യവ്യവസ്ഥയിൽനിന്ന് മാറ്റത്തിനുള്ള പ്രകാശത്തെ കണ്ടെത്താൻ യുവാവായ കല്ല്യാണഉറുമ്പിനു കഴിഞ്ഞില്ല. ദൈവത്തിന്റെ വക്താ ക്കളായ ഓങ്കാരികൾ ജന്മംകൊണ്ടും കർമ്മംകൊണ്ടും ഉന്നതരാ ണ്. ആലിലകളെ ഇണക്കിച്ചേർത്താണ് അവർ മാളം ഉണ്ടാക്കുന്ന ത്. ദൈവവചനങ്ങളെ ഓങ്കാരികൾക്കു മാത്രമാണ് കേൾക്കാനാ കുക. അവർ അതിനെ ഗച്ഛൻമാരെ അറിയിക്കുന്നു. ഗച്ഛൻമാരാണ് ദൈവവചനങ്ങളെ സമൂഹത്തിൽ നടപ്പിലാക്കുക.

ഓങ്കാരികളുടെ സവിശേഷതയെ മനസ്സിലാക്കിയ യുവാവായ കല്ല്യാണ ഉറുമ്പ് തുടർന്ന് അവരുടെ ദിവ്യശക്തിയെ നേടാനുള്ള ശ്രമങ്ങൾ തുടങ്ങി.

കറുത്തനിറക്കാർക്ക് അരയാലിലേയ്ക്ക് കയറാനാവില്ലെന്ന സത്യം കല്യാണ ഉറുമ്പിനെ വല്ലാതെ വിഷമിപ്പിച്ചു. പരിഹാരമാർഗ്ഗ ങ്ങൾ കണ്ടെത്താനാവാതെ ദു:ഖിച്ച കല്ല്യാണ ഉറുമ്പ് ആത്മപുരം പുഴവക്കിൽ മാസങ്ങളോളം അലഞ്ഞുനടന്നു. തന്റെ അന്വേഷണ ങ്ങൾക്കും സംശയങ്ങൾക്കും കല്ല്യാണഉറുമ്പിന് വ്യക്തമായ മറു പടി കണ്ടെത്താനായില്ല.

ഒരിക്കൽ പുഴയോരം ചേർന്നു നടന്ന യുവാവായ കല്ല്യാണ ഉറുമ്പ് ക്യാൻവാസിൽ ചിത്രം വരച്ചുകൊണ്ടിരുന്ന ഒരു മനുഷ്യനെ കണ്ടു. പ്രകൃതിയുടെ പലതലങ്ങളും ചിത്രത്തിൽ തെളിയുകയാണ്. അയാൾ പല നിറങ്ങളാണ് ചിത്രരചനയ്ക്ക് ഉപയോഗിക്കുന്നത്. തളികയിൽ പല നിറക്കൂട്ടുകൾ കലക്കിവെച്ചിരിക്കുകയാണ്. ചുവന്ന നിറത്തെ കണ്ടതോടെ കല്ല്യാണ ഉറുമ്പിന്റെ മനസ്സിലേക്ക് അപൂർവ്വമായ ചിന്തകൾ കടന്നുവന്നു. കറുത്ത നിറമാണ് അവന്റെ ജീവിതത്തെ ദുരിതമാക്കുന്നത്. ചുവപ്പ് ഉറുമ്പുകൾക്കിടയിൽ മഹത്വത്തിന്റെ ലക്ഷണമാണ്.

പുത്തൻ കണ്ടെത്തലിന്റെ പിൻബലത്തിൽ യുവാവായ കല്ല്യാണ ഉറുമ്പ് ചുവന്ന നിറക്കൂട്ടിലേക്ക് എടുത്തുചാടി. അമിതമായ സന്തോഷത്തോടെ കല്ല്യാണഉറുമ്പ് ചുവപ്പിൽ ഉരുണ്ടുകളിച്ചു. പിന്നീട് ആവേശത്തോടെ പുഴയോരത്തെത്തി വെയിലുകൊണ്ടു കിടന്നു. ചായം ഉണങ്ങിയതോടെ അവന്റെ നിറം പൂർണ്ണമായും ചുവപ്പായി. പെട്ടെന്നു കാണുന്ന ആർക്കും അവനെ കല്ല്യാണ ഉറുമ്പാണെന്ന് തിരിച്ചറിയാനാവില്ല. ഓങ്കാരികളുടേയോ ഗച്ഛൻമാരുടേയോ കൂട്ടക്കാരനാണെന്നാണ് അവനെ കണ്ടാൽ തോന്നുക.

വളരെനേരം പരിശോധിച്ചതിനുശേഷമാണ് യുവാവായ കല്ല്യാണഉറുമ്പിന് തന്റെ നിറംമാറ്റത്തെക്കുറിച്ച് ബോദ്ധ്യംവന്നത്. തുടർന്ന് അവൻ അരയാലിന്റെ നേർക്ക് നടന്നു. വളരെ പതുക്കെയാണ് കല്ല്യാണ ഉറുമ്പ് അരയാലിലേക്ക് കയറുന്നത്. എതിരെ വന്നുകൊണ്ടിരുന്ന ഗച്ഛൻമാർ അവനെ കണ്ട് സൗഹൃദത്തോടെ തലകുലുക്കി കടന്നുപോയി. അപ്പോഴാണ് യുവാവായ കല്ല്യാണ ഉറുമ്പിന്റെ മനസ്സിൽനിന്ന് പേടി വിട്ടുമാറുന്നത്.

വീണ്ടും മുമ്പോട്ടുനീങ്ങിയ കല്ല്യാണ ഉറുമ്പ് ഒടുവിൽ ഓങ്കാരികളുടെ മാളങ്ങളുടെ അടുത്തെത്തി. അരയാൽ ഇലകൾ കൂട്ടിച്ചേർത്താണ് ഓങ്കാരികൾ മാളമുണ്ടാക്കുന്നതെന്ന് മുമ്പു പറഞ്ഞുവല്ലോ. ഓങ്കാരികളുടെ മാളത്തിലേക്ക് നെഞ്ചുപിടിച്ചലോടെയാണ് യുവാവായ കല്ല്യാണ ഉറുമ്പ് കയറുന്നത്. തികച്ചും സുഖസമൃദ്ധമായ ചുറ്റുപാടുകളാണ് ഓങ്കാരികളുടേത്. ഇമ്മമരത്തിന്റെ നീരിനെ ഉരുളകളാക്കി സൂക്ഷിച്ചിരിക്കുന്നു. അതുപോലെ ഉഡ്ഡുപശുവിന്റെ പാലും ഉരുളകളാക്കിയിരിക്കുന്നു. ഓങ്കാരികൾ ആവശ്യം അനുസരിച്ച് അവയെ തിന്നുകൊണ്ടിരിക്കുകയാണ്.

തീറ്റസാധനങ്ങളെ കണ്ടപ്പോൾ യുവാവായ കല്ല്യാണഉറുമ്പിനെ വിശപ്പ് ആക്രമിച്ചു. മാസങ്ങളായി അവൻ പേരിനു മാത്രമാണ് തിന്നു

കൊണ്ടിരുന്നത്. യഥേഷ്ടം തിന്നു കഴിഞ്ഞപ്പോൾ യുവാവായ കല്ല്യാണ ഉറുമ്പിന് വല്ലാത്ത ക്ഷീണം അനുഭവപ്പെട്ടു. എങ്കിലും കല്ല്യാണ ഉറുമ്പ് ക്ഷീണത്തെ വകവെയ്ക്കാതെ ആൽമരത്തിലെ ഓങ്കാരികളുടെ മാളങ്ങളെ എല്ലാം പരിശോധിക്കാൻ തയ്യാറായി. ഒരു മാളത്തിൽ മുഴുക്കെ ഇമ്മമരത്തിന്റെ നീരുകൊണ്ടുണ്ടാക്കിയ ഉരുളകളാണ്. മറ്റൊന്നിൽ ഉഡ്ഡുപശുവിന്റെ പാലുകൊണ്ടുണ്ടാക്കിയ ഉരുളകളെയാണ് കല്ല്യാണഉറുമ്പ് കണ്ടത്. ദേശക്കാരായ ഉറുമ്പുകൾ വിശന്ന് വലയുമ്പോൾ ഇവിടെ സുഭിക്ഷതയാണ്. എന്നാൽ ഓങ്കാരികളും ഗച്ഛൻമാരും അദ്ധ്വാനിക്കാതെയാണ് സുഭിക്ഷമായി ജീവിക്കുന്നത്.

അരയാലിലെ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ജീവിതത്തെ യുവാവായ കല്ല്യാണ ഉറുമ്പ് പരിശോധിച്ചു. പെണ്ണുറുമ്പുകൾക്കും കുട്ടികൾക്കും വെവ്വേറെ മാളങ്ങളാണ്. എല്ലാവരും സുഭിക്ഷതയുടെ നടുവിലാണ് ജീവിക്കുന്നത്.

അരയാലിന്റെ ഏറ്റവും ഉയർന്ന കൊമ്പിലാണ് ഓങ്കാരികാരണവരുടെ മാളം. പതിഞ്ഞ കാലൊച്ചയോടെ യുവാവായ കല്ല്യാണ ഉറുമ്പ് മാളത്തിലേക്കു കടന്നു. പച്ചിലകളുടെ തണുപ്പിൽ കണ്ണടച്ചു കിടക്കുകയാണ് ഓങ്കാരികാരണവർ. അടുത്തുതന്നെ രണ്ട് ഓങ്കാരിയുവാക്കൾ കാവൽനിൽക്കുന്നുമുണ്ട്.

യുവാവായ കല്ല്യാണ ഉറുമ്പ് ഓങ്കാരിയുവാവിനോടു ചോദിച്ചു. അദ്ദേഹം ഉറങ്ങുകയാണോ?

കല്ല്യാണഉറുമ്പിന്റെ ചോദ്യംകേട്ട് ദേഷ്യത്തോടെ ഓങ്കാരിയുവാവ് പറഞ്ഞു:

ഓങ്കാരികാരണവർ ഉറങ്ങാറില്ല. അദ്ദേഹം ദൈവത്തിന്റെ വാക്കുകളെ കേൾക്കുകയാണ്.

പെട്ടെന്ന് ഓങ്കാരി യുവാവ് ചോദിച്ചു:

നിങ്ങൾ ആരാണ്? എവിടെനിന്നു വരുന്നു.

ഓങ്കാരിയുവാവിന്റെ ചോദ്യത്തെ ശാന്തമായാണ് കല്ല്യാണഉറുമ്പ് നേരിടുന്നത്.

ഒരു നിമിഷത്തെ ആലോചനയ്ക്കുശേഷം യുവാവായ കല്ല്യാണ ഉറുമ്പ് പറഞ്ഞു:

ഞാൻ കാലപുരത്തിലെ ഓങ്കാരിയാണ്. ആത്മപുരത്തിലെ ഓങ്കാരികളുടെ മഹത്വത്തെക്കുറിച്ചു കേട്ടപ്പോൾ ഇവിടേയ്ക്കു വന്നതാണ്. ഇനി ഇവിടെ സ്ഥിരമായി താമസിക്കാനാണ് ഞാനുദ്ദേശിക്കുന്നത്.

അതുകേട്ടപ്പോൾ ഓങ്കാരികൾ അമിതമായ സന്തോഷത്തോടെയാണ് യുവാവായ കല്ല്യാണ ഉറുമ്പിനെ സ്വീകരിക്കുന്നത്. അവർ ആത്മപുരത്തിലെ ഓങ്കാരികളുടെ രീതികളെക്കുറിച്ച് പ്രത്യേകം പറഞ്ഞു. ഓങ്കാരികളെ മുഴുവൻ കാരണവരുടെ മക്കളായാണ് കണക്കാക്കുന്നത്. പ്രായത്തിൽ മൂത്ത രണ്ടുപേർ എപ്പോഴും ഓങ്കാരികാരണവരുടെ കൂടെയുണ്ടാകും. അവരിൽ മൂത്ത ഉറുമ്പാണ് അടുത്ത ഓങ്കാരികാരണവർ.

ഓങ്കാരികൾക്ക് എടുത്തുപറയത്തക്ക പണിയൊന്നുമില്ല. പ്രഭാതത്തിലും സന്ധ്യയിലും അവർ ധ്യാനിച്ചിരിക്കും. യുവാക്കളുടെ പ്രധാന പണി ഇലകളെ കൂട്ടിച്ചേർത്ത് മാളങ്ങൾ ഉണ്ടാക്കലാണ്. ഇലകളുടെ വക്കുകളിൽ വായിൽ നിന്നൂറുന്ന ദ്രാവകത്തെ ഓങ്കാരിയുവാക്കൾ അവിടവിടെ തേയ്ക്കുന്നു. പിന്നീട് അവരെല്ലാം ചേർന്ന് ഇലയെ ചുരുട്ടുന്നു. ദ്രാവകം ഇണങ്ങുന്നതോടെ പുതിയൊരു മാളം തയ്യാറാകുന്നു. ഇലഞ്ഞെട്ടിലും അവർ ദ്രാവകം തേയ്ക്കാറുണ്ട്. ഉണങ്ങിയ ഇലകൾ വീഴാതിരിക്കാനാണ് അങ്ങനെ ചെയ്യുന്നത്.

ഒരാഴ്ചകൊണ്ട് ആലിലയെ മാളമാക്കാനുള്ള വിദ്യ യുവാവായ കല്ല്യാണഉറുമ്പ് പഠിച്ചു. ഒഴിവുസമയങ്ങളിൽ അപ്പോഴും ഓങ്കാരികാരണവരുടെ മാളത്തിന്റെ ചുറ്റിലും കല്ല്യാണഉറുമ്പ് നടന്നു. ഓങ്കാരികാരണവരുടെ ദിവ്യത്വത്തിന്റെ രഹസ്യത്തെയാണ് കല്ല്യാണഉറുമ്പ് അന്വേഷിച്ചുകൊണ്ടിരുന്നത്.

ഓങ്കാരികാരണവരുടെ മുമ്പിലേക്ക് സ്വന്തം വർഗ്ഗത്തിൽപ്പെട്ട ആർക്കും എപ്പോഴും കടന്നുചെല്ലാം. അലോസരത ഉണ്ടാക്കരുതെന്നുമാത്രം. യുവാവായ കല്യാണ ഉറുമ്പ് കടന്നുചെല്ലുമ്പോഴെല്ലാം ഓങ്കാരികാരണവർ ധ്യാനത്തിലായിരിക്കും. ഉണർന്നിരിക്കുമ്പോഴാണെങ്കിലും കല്ല്യാണ ഉറുമ്പ് നിശ്ശബ്ദനായിരിക്കും.

ഒരിക്കൽ യുവാവായ കല്ല്യാണ ഉറുമ്പിനോട് ഓങ്കാരികാരണവർ ചോദിച്ചു:

നിന്റെ ഇവിടേയ്ക്കുള്ള വരവിന്റെ ലക്ഷ്യമെന്താണ്? നിനക്ക് എന്താണു വേണ്ടത്?

താൻ ദൈവത്തെ അന്വേഷിക്കുകയാണെന്നും ഓങ്കാരികാരണവരുടെ ശിഷ്യനാകാൻ വന്നതാണെന്നും യുവാവായ കല്ല്യാണ ഉറുമ്പ് മറുപടി പറയുന്നു.

ക്ഷുഭിതനായ ഓങ്കാരികാരണവർ പറഞ്ഞു:

നിനക്ക് ഓങ്കാരികളുടെ ധർമ്മത്തെക്കുറിച്ച് അറിയില്ലേ? ഓങ്കാ

രികൾ എല്ലാവരും എന്റെ മക്കളാണെന്ന് പറയപ്പെടുന്നു. ഓങ്കാരി കളുടെ കൂട്ടത്തിൽ എനിക്ക് സ്വന്തം മക്കളുണ്ട്. അതിൽ മൂത്തവ നാണ് എന്റെ പിൻഗാമി. അവനു മാത്രമാണ് ഞാനെന്റെ ദിവ്യ ശക്തി നൽകുക.

ഒരിടവേളയ്ക്കു ശേഷം ഓങ്കാരികാരണവർ തുടർന്നു പറഞ്ഞു:

നീ ഒരു ഓങ്കാരിയായതുകൊണ്ട് നാം ക്ഷമിച്ചിരിക്കുന്നു. ഇനി എന്റെ മുമ്പിൽ നിന്നെ കണ്ടുപോകരുത്.

ഓങ്കാരികാരണവരുടെ ആജ്ഞയെ ഭീതിയോടെയാണ് യുവാ വായ കല്ല്യാണ ഉറുമ്പ് കേട്ടത്. ജീവൻ തിരിച്ചുകിട്ടിയ ആശ്വാസ ത്തോടെ കല്ല്യാണ ഉറുമ്പ് മാളത്തിൽ നിന്ന് പുറത്തേയ്ക്കിറങ്ങി.

അരയാലിൽനിന്ന് താഴേയ്ക്കിറങ്ങിയ യുവാവായ കല്ല്യാണ ഉറുമ്പ് അലസമായി ആത്മപുരം പുഴയോരത്തു കൂടെ നടന്നു. എതി രെവന്ന ദേശക്കാരായ ഉറുമ്പുകളെല്ലാം അവനെ കണ്ട് ഭവ്യത യോടെ വഴി ഒതുങ്ങിനിന്നു. വിഭജനത്തിന്റെ ക്രൂരതയെ അപ്പോ ഴാണ് കല്ല്യാണ ഉറുമ്പ് ആഴത്തിൽ തിരിച്ചറിയുന്നത്. വിശപ്പു കൊണ്ടു തളർന്ന കല്ല്യാണ ഉറുമ്പ് അടുത്തുകണ്ട കുനിയനുറുമ്പു കളുടെ മാളത്തിലേക്ക് കയറിച്ചെന്നു. അവന്റെ ആവശ്യം അറിഞ്ഞ് സമൃദ്ധമായാണ് അവർ സൽക്കരിക്കുന്നത്.

ഇക്കാലത്താണ് യുവാവായ കല്ല്യാണ ഉറുമ്പ് ഒരു അപകട ത്തിൽപ്പെടുന്നത്. വൻമരത്തെ ചുറ്റിനടക്കാൻ മടിച്ച കല്ല്യാണ ഉറുമ്പ് ചെറിയൊരു ചെടിയിൽ കയറി കുണ്ടിൽ കെട്ടിക്കിടക്കുന്ന വെള്ള ത്തിന് അപ്പുറത്തെത്താൻ ശ്രമിച്ചതാണ്. ശക്തമായ കാറ്റടിച്ചപ്പോൾ കല്ല്യാണ ഉറുമ്പിന്റെ നിയന്ത്രണം തെറ്റി. കാലുകൾ പതറിയതോടെ യുവാവായ കല്ല്യാണ ഉറുമ്പ് വെള്ളത്തിൽ വീണു. പിന്നീട് കല്ല്യാണ ഉറുമ്പ് വളരെയധികം പ്രയാസപ്പെട്ടാണ് കരയിൽ എത്തു ന്നത്.

കരയിൽ എത്തിയ കല്ല്യാണ ഉറുമ്പ് തന്റെ ശരീരത്തിന്റെ നിറംമാറ്റത്തെ കണ്ട് അമ്പരന്നു. ഇപ്പോൾ കല്ല്യാണ ഉറുമ്പ് കറുത്ത നിറത്തിലേയ്ക്ക് മടങ്ങിയെത്തിയിരിക്കുന്നു. അതോടെ പാരമ്പര്യ ത്തിന്റെ അധമബോധത്തിലേയ്ക്ക് യുവാവായ കല്ല്യാണഉറുമ്പ് മട ങ്ങിയെത്തി. പിന്നീട് അവൻ മറ്റ് കല്ല്യാണഉറുമ്പുകളുടെ ഭാഗ മായി.

ഇപ്പോൾ യുവാവായ കല്ല്യാണ ഉറുമ്പ് തന്റെ കൂട്ടുകാരെപ്പോലെ നിരന്തരം അദ്ധ്വാനിക്കുകയാണ്. എന്നാൽ വയറുനിറച്ച് തിന്നാ നുള്ള വക അവർക്കൊരിക്കലും ലഭിക്കുന്നില്ല. വിശന്നുവലഞ്ഞ്

പണിയെടുക്കുമ്പോഴും യുവാവായ കല്ല്യാണഉറുമ്പിന്റെ മനസ്സിൽ ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങൾ നിലനിന്നു.

ഓങ്കാരികളെപ്പോലെ ആലിലകളെ കൂട്ടിച്ചേർത്ത് മാളമുണ്ടാക്കാൻ യുവാവായ കല്ല്യാണഉറുമ്പ് ആഗ്രഹിച്ചു. ഓങ്കാരികളും ഗച്ഛൻമാരുമില്ലാത്ത മരത്തിനുവേണ്ടി കല്ല്യാണ ഉറുമ്പ് അന്വേഷിച്ചു നടന്നു. നിരാശ മാത്രമാണ് അവന് പ്രതിഫലമായി ലഭിച്ചത്. ആഗ്രഹങ്ങളുടെ അവസാനം പുതിയൊരു പരീക്ഷണം നടത്താൻ കല്ല്യാണ ഉറുമ്പ് തയ്യാറായി. ഉങ്ങിന്റെ ഇലകളെ കല്ല്യാണ ഉറുമ്പ് ശ്രമപ്പെട്ട് കൂട്ടിച്ചേർത്തു. എന്നാൽ അവ പെട്ടെന്നുത്തന്നെ വിടർന്നു. പിന്നീട് യുവാവായ കല്ല്യാണ ഉറുമ്പ് തേക്കിനെയാണ് സമീപിക്കുന്നത്. തേക്കിന്റെ വിസ്താരമുള്ള ഇലയെ കൂട്ടിച്ചേർക്കാൻ കല്ല്യാണ ഉറുമ്പിനു കഴിഞ്ഞില്ല. പിന്നീടവൻ പ്ലാവിലയിലാണ് തന്റെ പരിശ്രമം തുടരുന്നത്. ഇത്തവണ കല്ല്യാണ ഉറുമ്പിന് ഇലയെ ഒട്ടിച്ച് മാളമുണ്ടാക്കാൻ കഴിഞ്ഞു. പിന്നീട് യുവാവായ കല്ല്യാണ ഉറുമ്പ് ദൈവത്തിന്റെ അനുഗ്രഹം നേടാൻ തയ്യാറായി. എന്നാൽ യുവാവായ കല്ല്യാണ ഉറുമ്പിന് ധ്യാനവുമായി മുമ്പോട്ടുപോകാനായില്ല.

യുവാവായ കല്ല്യാണ ഉറുമ്പിന്റെ ധ്യാനത്തിന് എന്തു സംഭവിച്ചുവെന്ന് ഇനി നമുക്ക് പരിശോധിക്കാം.

പ്ലാവിൻ ചുവട്ടിൽ കൂടെ ഇമ്മമരത്തിന്റെ ഉരുളകളുമായി നടന്ന പൊള്ളക്കാലി ഉറുമ്പുകളാണ് യുവാവായ കല്ല്യാണ ഉറുമ്പിന്റെ ധ്യാനത്തെക്കുറിച്ച് ആദ്യമായി അറിയുന്നത്. യുവാവായ പൊള്ളക്കാലി ഉറുമ്പ് പ്ലാവിലേക്ക് വലിഞ്ഞുകയറി. പ്ലാവില കൂട്ടിച്ചേർത്തുണ്ടാക്കിയ മാളത്തിൽ ധ്യാനിച്ചുകിടക്കുന്ന കല്ല്യാണ ഉറുമ്പിനെ കണ്ട് അവൻ അമ്പരപ്പോടെ താഴേയ്ക്ക് ഇറങ്ങി. താൻ കണ്ട കാഴ്ചകളെക്കുറിച്ച് യുവാവായ പൊള്ളക്കാലിയുറുമ്പ് കാരണവരോട് പറയുന്നു. പൊള്ളക്കാലി ഉറുമ്പുകളുടെ കാരണവരാണ് യുവാവായ കല്ല്യാണ ഉറുമ്പിന്റെ ധ്യാനത്തെക്കുറിച്ച് ഗച്ഛനേതാവിനോട് പറയുന്നത്. തുടർന്ന് ഗച്ഛനേതാവ് ഓങ്കാരി കാരണവരെക്കണ്ട് വിവരം അറിയിക്കുന്നു.

വിവരം അറിഞ്ഞ് ക്ഷുഭിതനായ ഓങ്കാരികാരണവർ പറഞ്ഞു:

ജന്മത്തിന്റെയും നിറത്തിന്റെയും മഹത്വത്തിലാണ് നമ്മൾ ഓങ്കാരികളായത്. ദൈവത്തെ അറിയാനും അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാനുമുള്ള അവകാശം നമുക്കു മാത്രമാണ്. ദൈവത്തെ അറിയാൻ ദേശക്കാരായ ഉറുമ്പുകൾക്ക് അവകാശമില്ല. ദേശക്കാരായ ഉറുമ്പുകൾ എന്തുചെയ്യണമെന്നും എങ്ങനെ ജീവിക്കണമെന്നും

നമ്മുടെ പൂർവ്വികർ നിശ്ചയിച്ചിട്ടുണ്ട്. അവരെ അനുസരിക്കുകയാണ് നമ്മുടെ ഉത്തരവാദിത്തം. ധ്യാനിക്കുക ഓങ്കാരികൾക്ക് വിധിക്കപ്പെട്ട കർമ്മമാണ്.

ചുറ്റുപാടും നിന്നിരുന്ന ഓങ്കാരികളേയും ഗച്ഛൻമാരേയും നിരീക്ഷിച്ചതിനുശേഷം ഓങ്കാരികാരണവർ തുടർന്നു:

സ്വന്തം ധർമ്മത്തെ ഉപേക്ഷിച്ച് പരധർമ്മം ചെയ്യുന്ന കല്ല്യാണ ഉറുമ്പിനെ ഉടനടി ശിക്ഷിക്കണം. ശിക്ഷയെന്താണെന്ന് ഗച്ഛൻമാർക്ക് അറിയാമല്ലോ.

ഓങ്കാരികളും ഗച്ഛൻമാരും ശിക്ഷ നടപ്പിലാക്കാൻ ആവേശത്തോടെയാണ് പ്ലാവിൻചുവട്ടിൽ എത്തുന്നത്. ദേശക്കാരായ ഉറുമ്പുകളും അവരെ പിന്തുടർന്നിരുന്നു. ദേശക്കാരായ ഉറുമ്പുകൾ വിഭജനക്രമത്തിന്റെ അതിരുകളെ പാലിച്ച് ഇടവിട്ടാണ് നടക്കുന്നത്.

ഓങ്കാരികാരണവർ ആജ്ഞാപിച്ചപ്പോൾ ഗച്ഛൻമാർ പ്ലാവിലേക്ക് ഇരച്ചുകയറി. അവർ കുറ്റവാളിയായ കല്ല്യാണ ഉറുമ്പിനെ വലിച്ചിഴച്ച് താഴെ എത്തിച്ചു.

ധിക്കാരിയായ യുവാവായ കല്ല്യാണ ഉറുമ്പിനോട് ഓങ്കാരികാരണവർ പറഞ്ഞു:

ഓരോരുത്തരുടേയും ധർമ്മം എന്താണെന്ന് നിനക്ക് അറിയാമല്ലോ. ഇപ്പോൾ നീ പരധർമ്മമാണ് ചെയ്തിരിക്കുന്ന്. ധ്യാനിക്കാനും ദൈവത്തെ അറിയാനും നിനക്ക് അവകാശമില്ല. സമ്പ്രദായങ്ങളെ ധിക്കരിച്ച നീ ശിക്ഷിക്കപ്പെടേണ്ടവനാണ്.

സ്വന്തം മരണത്തെ മുമ്പിൽ കണ്ട യുവാവായ കല്ല്യാണ ഉറുമ്പ് ധീരതയോടെ പറഞ്ഞു: ഞാൻ ഇതുവരെ ഉറങ്ങുകയായിരുന്നു. ആർക്കും ദിവസങ്ങളോളം ധ്യാനിച്ചിരിക്കാനാവില്ലെന്ന് എനിക്കു മനസ്സിലായി. സത്യത്തെ കണ്ടെത്താനാണ് ഞാനിതുവരെ ശ്രമിച്ചത്. നിങ്ങൾ പറയുന്നതെല്ലാം അസത്യമാണെന്ന് എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞു. സത്യം മറ്റൊരു ലോകത്തിലല്ല സ്ഥിതിചെയ്യുന്നത്. സത്യം നമ്മുടെ ചുറ്റുപാടുകളിൽ സംഭവിക്കുന്നതു തന്നെയാണ്. നിങ്ങൾ ഉണ്ടാക്കിയ വിഭജനങ്ങളും തൊഴിലുകളുമാണ് സത്യം. അദ്ധ്വാനിക്കാതെ സുഖമായി നിങ്ങൾ ജീവിക്കുന്നു എന്നതുതന്നെയാണ് നമ്മുടെ ലോകത്തിലെ ഏറ്റവും വലിയ സത്യം.

തുടർന്ന് ദേശക്കാരായ ഉറുമ്പുകളെ നോക്കി യുവാവായ കല്ല്യാണ ഉറുമ്പു പറഞ്ഞു: ഓങ്കാരികളും ഗച്ഛൻമാരും നമ്മളെ കാലാകാലങ്ങളായി വഞ്ചിക്കുകയായിരുന്നു. അരയാലിന്റെ മുകളിൽ ആകാശമാണുള്ളത്. അതിന്റെ മുകളിൽ എന്താണുള്ളതെന്ന്

ഉറുമ്പുകൾക്ക് പറയാനാവില്ല. അന്യനാട്ടിൽ നിന്നുവന്ന ഓങ്കാരി കളും ഗച്ഛൻമാരും നമ്മെ അടിമകളാക്കി. നമ്മുടെ പരിസരബോധ ത്തേയും ഇല്ലാതാക്കി. യാഥാർത്ഥ്യത്തെ തിരിച്ചറിയുകയാണു വേണ്ടത്. ആരും ആരുടേയും അടിമയാകരുത്. ആരും ഉടമയുമാക രുത്. ആയുധമാണ് ശക്തി. ആയുധങ്ങളില്ലാത്തതുകൊണ്ടാണ് നമ്മൾ അടിമകളായത്. പുതിയ പുതിയ ആയുധങ്ങളെ നിങ്ങൾ കണ്ടെത്തണം. അപ്പോഴാണ് അടിമകൾക്ക് അടിമത്തത്തിൽനിന്ന് മോചനം നേടാനാകുക.

യുവാവായ കല്ല്യാണ ഉറുമ്പിനെ വീണ്ടും സംസാരിക്കാൻ ഓങ്കാരികാരണവർ അനുവദിച്ചില്ല. ഓങ്കാരികാരണവർ നിർദ്ദേശി ച്ചപ്പോൾ ഗച്ഛൻമാർ ഒന്നിച്ച് കല്ല്യാണ ഉറുമ്പിനെ ആക്രമിച്ചു. അവർ അവന്റെ ശരീരത്തെ അനേകം തുണ്ടുകളാക്കി പുഴയിലേക്ക് എറി ഞ്ഞു.

ദേശക്കാരായ ഉറുമ്പുകൾ ഒന്നാകെ നിലമറന്നു കരഞ്ഞു. വിഭ ജനത്തിന്റെ അതിരുകളെ പാലിച്ചുനിന്ന അവർ കരയുമ്പോഴും സമ്പ്രദായങ്ങളെ തെറ്റിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

ഇനി നമ്മൾ ആത്മപുരത്തിലെ ഉറുമ്പുകളിൽ സംഭവിച്ച പരി വർത്തനത്തെയാണ് പരിശോധിക്കുന്നത്.

കലിമകൾ നാണയവ്യവസ്ഥ ആരംഭിച്ചതോടെ അതിന്റെ ഗുണം അനുഭവിച്ചത് പൊള്ളക്കാലി ഉറുമ്പുകളായിരുന്നു. ഭക്ഷണസാധ നങ്ങളെക്കൊണ്ടു നടന്ന പൊള്ളക്കാലി ഉറുമ്പുകൾക്ക് ഇമ്മമര ത്തിന്റെ നീരുരുളകളേയും ഉഡ്ഡുപശുവിന്റെ പാലുരുളകളേയും കണ ക്കാക്കി നാണയങ്ങൾ ലഭിച്ചു. വരൾച്ചയുള്ള നാടുകളിലേക്ക് പൊള്ളക്കാലി ഉറുമ്പുകളാണ് ഭക്ഷണസാധനങ്ങൾ എത്തിച്ചിരു ന്നത്. അപ്പോൾ ഭരണാധികാരികളായ കലിമകൾ പൊള്ളക്കാലി ഉറുമ്പുകൾക്ക് കൃത്യമായ നാണയങ്ങൾ നൽകി. അതോടെ പൊള്ള ക്കാലി ഉറുമ്പുകൾ ആത്മപുരത്തിലെ സമ്പന്നരായിത്തീർന്നു.

നാണയവ്യവസ്ഥ ഏർപ്പെടുത്തിയെങ്കിലും കലിമകൾ ആത്മപു രത്തിലെ പാരമ്പര്യ സാമൂഹ്യജീവിതത്തിനും സാമ്പത്തികഘട നയ്ക്കും കാര്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നില്ല. അധികാരികൾ മാറി യെങ്കിലും ഓങ്കാരികളും ഗച്ഛൻമാരും ഇപ്പോഴും സുഖസമൃദ്ധിയോ ടെയാണ് ജീവിക്കുന്നത്. അനേകം നൂറ്റാണ്ടുകളായി ഇമ്മമരത്തി ന്റേയും ഉഡ്ഡുപശുക്കളുടേയും ഉടമകളാണ് ഓങ്കാരികളും ഗച്ഛൻമാ രും. ദേശക്കാരായ ഉറുമ്പുകൾ അവർക്കുവേണ്ടി യാതൊരു പ്രതി ഫലവുമില്ലാതെ കഠിനാദ്ധ്വാനം ചെയ്തു. അതുപോലെ ദേശക്കാ

രുടെ ഉല്പാദനരീതികളിലും എടുത്തുപറയത്തക്ക യാതൊരു മാറ്റവും സംഭവിച്ചിട്ടില്ല. പണിയായുധങ്ങൾ എല്ലാംതന്നെ അനേകം നൂറ്റാണ്ടുകളായി ക്രമനിയമങ്ങൾ തെറ്റിക്കാതെ ഒരേ തരത്തിൽ ഉണ്ടാക്കുന്നവയാണ്.

ആത്മപുരത്തിൽ എത്തി സാമ്രാജ്യം സ്ഥാപിച്ച കലിമകളെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ആത്മപുരം മുതൽ മോക്ഷപുരം വരെയാണ് കലിമകളുടെ സാമ്രാജ്യം നീണ്ടുപരന്നു കിടന്നിരുന്നത്. കലിമനേതാവ് ആത്മ പുരത്തിലാണ് താമസിക്കുന്നത്. ദേശക്കാരായ ഉറുമ്പുകളെ കീഴട ക്കുന്നതിനും അധികാരം നിലനിർത്തുന്നതിനും കലിമനേതാവിന് പല തന്ത്രങ്ങളും പ്രയോഗിക്കേണ്ടിവന്നു. ആദ്യകാലങ്ങളിൽ കലിമ നേതാവിന്റെ ആജ്ഞകളെ മറ്റ് കലിമകൾ നേരിട്ടാണ് നടപ്പിലാ ക്കിയിരുന്നത്. സാമ്രാജ്യം വിശാലമായതോടെ ബന്ധുക്കളെ ചെറു രാജ്യങ്ങളുടെ സംരക്ഷകരായി കലിമനേതാവ് നിയമിച്ചു. മാസ ത്തിൽ ഒരിക്കൽ ചെറുരാജ്യങ്ങളിലെ സംരക്ഷകരും ദേശക്കാരായ സാമന്തൻമാരും ആത്മപുരത്തിൽ എത്തിയിരുന്നു. അവർ കലിമ നേതാവിന്റെ ആജ്ഞകളെ സ്വീകരിച്ച് അവയെ നടപ്പിലാക്കിവന്നു. സാമന്തൻമാർ ദേശക്കാരായ ഗച്ഛൻമാരാണ്. കലിമ ആക്രമിക്കാൻ ചെന്നപ്പോൾ ജീവഭയത്തോടെ അവർ കീഴടങ്ങി. രക്തചൊരിച്ചിൽ ഒഴിവാക്കാൻ വേണ്ടി കലിമ നേതാവ് അവരെ സാമന്തഭരണാധി കാരികളാക്കുകയാണ് ചെയ്തത്. അവർ മുറമുടങ്ങാതെ വർഷ ന്തോറും കപ്പം നൽകി കലിമനേതാവിന്റെ വിശ്വാസ്യത നേടിയെ ടുത്തു.

സാമ്രാജ്യത്തിന്റെ കലിമനേതാവ് ദേശക്കാരായ ഉറുമ്പുകളുടെ സാമൂഹ്യഘടനയിലും സാമ്പ്രദായികരീതികളിലും യാതൊരു ഇട പെടലുകളും നടത്തുന്നില്ല. കലിമ നേതാവിന്റെ ന്യായവിധികൾ സാമ്രാജ്യത്തിലെ മുഴുവൻ കലിമകൾക്കും ബാധകമാണ്. ദേശക്കാ രായ ഉറുമ്പുകളുടെ നേർക്കുള്ള ശിക്ഷാവിധികൾ ഓങ്കാരികളും ഗച്ഛൻമാരുമാണ് നടപ്പിലാക്കിയിരുന്നത്. അതിനവർ വിഭജനക്രമ ങ്ങളുടെ ധർമ്മനീതികളെയാണ് ആശ്രയിച്ചിരുന്നത്.

യൗവ്വനത്തിലാണ് കലിമനേതാവ് പടയൊരുക്കം നടത്തി ആത്മ പുരത്തിനെ കീഴടക്കുന്നത്. പിന്നീട് കലിമനേതാവ് മോക്ഷപുരം വരെയുള്ള സാമ്രാജ്യം സ്ഥാപിച്ചു. പ്രായാധിക്യം ബാധിച്ചതോടെ കലിമനേതാവ് മൂത്തമകനെ ഭരണാധികാരിയാക്കി. കലിമനേതാ വിന്റെ മറ്റു മക്കൾ ചെറുരാജ്യങ്ങളിലെ ഭരണാധികാരികളായി.

ഭരണാധികാരിയായ കലിമനേതാവിന്റെ മൂത്തമകൻ പെട്ടെന്നാണ് മരിക്കുന്നത്. മരണാനന്തരം അവന്റെ മൂത്തമകൻ ഭരണാധികാരിയായി. ഇത്തരമൊരു ഭരണക്രമം ഓങ്കാരികളിൽനിന്നും ഗച്ഛൻമാരിൽനിന്നുമാണ് കലിമനേതാവ് കണ്ടെടുക്കുന്നത്.

സാമൂഹ്യവിഭജനങ്ങൾ ഇല്ലാതെ ജീവിച്ച കലിമകൾ കണ്ടെത്തലിനേയും സർഗ്ഗാത്മകതയേയുമാണ് ആദരിച്ചത്. യുദ്ധവീരനാണ് എക്കാലത്തും അവരുടെ നേതാവ്. പുത്തൻ ആയുധം കണ്ടെത്തി അധികാരം പിടിച്ചടക്കുന്നവൻ ഭരണാധികാരിയായിത്തീരുന്നു. ഓങ്കാരികളുടെ ദായക്രമത്തെ അനുകരിച്ചതോടെ വാർദ്ധക്യവും ഓജസ്സും നശിച്ച മൂത്തമകൻ സാമ്രാജ്യത്തിന്റെ ഭരണാധികാരിയായിത്തീരുകയാണ്.

കലിപുരത്തിൽ കലിമനേതാവിന്റെ രണ്ടാമത്തെ മകനാണ് നാടുഭരിച്ചിരുന്നത്. യുദ്ധവീരനായ അവൻ അച്ഛന്റെ ആജ്ഞയനുസരിച്ച് പല നാടുകളും കീഴടക്കി സാമ്രാജ്യത്തിന്റെ അതിരുകളെ വികസിപ്പിച്ചു. അയാളുടെ മകനും പറയത്തക്ക ഭീഷണിയൊന്നും സാമ്രാജ്യത്തിനുനേരെ ഉയർത്തുന്നില്ല. എന്നാൽ മൂന്നാം തലമുറ ഭരിച്ചുതുടങ്ങിയതോടെ കാര്യങ്ങളെല്ലാം അവതാളത്തിലാകുകയാണ്. ആത്മപുരത്തിലെ ഭരണാധികാരിയുടെ ആജ്ഞകളെ പലപ്പോഴും അവൻ അനുസരിക്കുന്നില്ല. ഒടുവിൽ കലിപുരത്തിലെ ഭരണാധികാരി സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നു. ആത്മപുരത്തിലെ സമ്രാട്ടിനോട് ഏറ്റുമുട്ടാനും അവർ തയ്യാറായി. സ്വതന്ത്ര ഭരണാധികാരിയായ കലിപുരത്തിലെ കലിമനേതാവ് ചില നാടുകളും പിടിച്ചടക്കുന്നു. തുടർന്ന് അവൻ അവരിൽ നിന്ന് കപ്പവും വാങ്ങിത്തുടങ്ങി.

യുദ്ധവീര്യംകൊണ്ട് നാടുപിടിച്ചടക്കുന്നെങ്കിലും കലിപുരത്തിലെ കലിമ നേതാവ് ഓങ്കാരികളുടെ ഉല്പാദനരീതികളേയും സാമൂഹ്യഘടനയേയുമാണ് പിന്തുടർന്നത്. അതുകൊണ്ട് അവർ പഴഞ്ചൻ ആയുധങ്ങളുമായാണ് നാടു പിടിച്ചടക്കാൻ തയ്യാറാകുന്നത്. യുദ്ധവീരൻമാരായ കലിപുരത്തിലെ കലിമകളെ തോല്പിക്കാൻ ആർക്കും കഴിഞ്ഞില്ല. അതിനു കാരണം അവരുടെ യുദ്ധതന്ത്രങ്ങളും പടയാളികളുടെ ചിട്ടയൊപ്പിച്ച നീക്കങ്ങളുമാണ്.

ആത്മപുരത്തിലെ കലിമ നേതാവ് വൻ പടയുമായി കലിപുരത്തെ ആക്രമിച്ചു. തികച്ചും വമ്പിച്ച പരാജയമാണ് ആത്മപുരത്തിലെ കലിമകൾ അനുഭവിച്ചത്. ആത്മപുരത്തിലെ കലിമനേതാവല്ല യുദ്ധം ചെയ്യുന്നത്. പകരം മൂത്തമകനും മറ്റുമാണ്. കലിമനേതാവ് പ്രായാ

ധിക്യംകൊണ്ട് ക്ഷീണിതനാണ്. മൂത്തമകനും വാർദ്ധക്യം ബാധിച്ചു തുടങ്ങിയിരുന്നു. കൂടാതെ ആത്മപുരത്തിലെ സുഖലോലുപമായ ജീവിതം അവരുടെ യുദ്ധവീര്യത്തെ നഷ്ടപ്പെടുത്തിയിരുന്നു.

ഇക്കാലത്താണ് കാലപുരത്തിൽ പൊള്ളക്കാലി ഉറുമ്പുകൾ അസാധാരണമായ ദ്രാവക ഉരുളകളെ ആത്മപുരത്തിലെ കലിമ നേതാവിന്റെ മുമ്പിൽ കാഴ്ചവെയ്ക്കുന്നത്. ദ്രാവകത്തെ കലിമ നേതാവും സംഘത്തിലെ പ്രധാനികളും കുടിക്കുന്നു. പിന്നീട് അവരെല്ലാം ലഹരിയുടെ മതിമയക്കത്തിലേക്കു വീണു. ലഹരിയുടെ മതിമയക്കത്തിൽ അകപ്പെട്ട കലിമകൾ പൊള്ളക്കാലികളോട് അപൂർവ്വദ്രാവകത്തിന്റെ ഉരുളകളെ വീണ്ടും ആവശ്യപ്പെട്ടുകൊണ്ടിരുന്നു.

പടിഞ്ഞാറുള്ള ഉറുമ്പുകളാണ് ലഹരിപിടിപ്പിക്കുന്ന അപൂർവ്വ ദ്രാവകത്തെ കണ്ടെത്തുന്നത്. അവരതിനെ ഉരുളകളാക്കി പല നാടുകളിലും വിതരണം ചെയ്തു.

ലഹരി ഉരുളകൾ അപൂർവ്വമായതുകൊണ്ട് കലിമനേതാവ് അത് കലിമകൾക്കു മാത്രം അവകാശപ്പെട്ടതാണെന്ന് പ്രഖ്യാപിച്ചു. കൈമാറ്റക്കാരായ പൊള്ളക്കാലി ഉറുമ്പുകൾക്ക് ധാരാളം നാണയങ്ങളും കലിമകൾ നൽകി. കലിമനേതാവിന്റെ വിലക്കുണ്ടെങ്കിലും പൊള്ളക്കാലികൾ ഓങ്കാരികൾക്കും ഗച്ഛൻമാർക്കും ലഹരി ഉരുളകളെ വിറ്റ് ധാരാളം പണമുണ്ടാക്കി.

മൂത്തമകൻ പാരമ്പര്യമായി കലിമ നേതാവായതോടെ അധികാരം കുത്തകാവകാശമായി ഒരേ കുടുംബത്തിൽ തന്നെ നിലനിൽക്കുമെന്ന് എല്ലാ ഉറുമ്പുകളും വിശ്വസിച്ചു.

ഇക്കാലത്താണ് പുത്തൻ ശത്രുവിന്റെ വരവിനെക്കുറിച്ച് ആത്മപുരത്തിലെ കലിമനേതാവ് അറിയുന്നത്. പടിഞ്ഞാറുനിന്ന് പുറപ്പെട്ട ശ്വേതൻമാർ നാടുകൾ കീഴടക്കി മുന്നേറുകയാണ്. വിവരം അറിഞ്ഞ കലിമനേതാവ് പുച്ഛത്തോടെ പറഞ്ഞു;

അവർ ഭീരുക്കളാണെന്നും ഭക്ഷണത്തിനുപോലും വകയില്ലാത്തവരാണെന്നും നമ്മുടെ മുത്തച്ഛൻ പറഞ്ഞിട്ടുണ്ട്. വെളുത്ത നിറമാണ് അവരുടെ പ്രത്യേകത.

വലിയ യുദ്ധവീരൻമാരൊന്നുമല്ല അവർ. അവരുടെ കഴിവുകളെല്ലാം നമ്മുടെ മഹത്തായ ആയുധത്തിന്റെ മുമ്പിൽ ഇല്ലാതാകും. നമ്മുടെ ആയുധം ദൈവം വരദാനമായി നൽകിയതാണ്. അവർ യുദ്ധത്തിന് വരട്ടെ. അവരെ തോല്പിക്കാനുള്ള ആയുധശക്തിയും ഉറുമ്പുകളും നമുക്കുണ്ട്.

അഹന്തയോടേയും ആത്മവിശ്വാസത്തോടേയുമാണ് കലിമ നേതാവ് കാര്യങ്ങൾ വിസ്തരിച്ചത്.

ശ്വേതൻമാരുടെ വരവിനെക്കുറിച്ചു കേട്ടപ്പോൾ ഓങ്കാരികാരണവർ അസ്വസ്ഥതയോടെ മാളത്തിൽ നടന്നു. ആത്മപുരത്തിനെ പിടിച്ചടക്കാൻ വരുന്നവർ ചരിത്രത്തിൽ മുഴുക്കെ വിജയികളായി വിലസുന്നു. ഭരണാധികാരികളായിത്തീരുന്ന അവർ ക്രമേണ യുദ്ധവീര്യം നഷ്ടപ്പെട്ട് സുഖലോലുപരായി അധ:പതിക്കുന്നു. അവരുടെ മികച്ച ആയുധങ്ങൾ ആത്മപുരത്തിലെ ഉല്പാദന ഉപകരണവ്യവസ്ഥയുടെ ഭാഗമാകുന്നതോടെ പഴഞ്ചനാകുന്നു. നവീനായുധങ്ങളുമായി വരുന്ന ആർക്കും ആത്മപുരത്തുകാരെ കീഴടക്കാനാവുമെന്ന് ഓങ്കാരികാരണവർക്ക് അറിയാം.

അന്നുതന്നെ ഓങ്കാരികാരണവർ ചെറുപ്പക്കാരായ മൂന്ന് ഓങ്കാരിയുറുമ്പുകളെ വിളിച്ച് രഹസ്യമായി സംസാരിച്ചു. നീന്തൽ വിദഗ്ദ്ധരായ അവർ ആത്മപുരം പുഴകടന്ന് വിവരങ്ങൾ ശേഖരിച്ചു. തിരിച്ചെത്തിയ അവർ നൽകിയ വിവരങ്ങൾ ഓങ്കാരികാരണവരെ അസ്വസ്ഥനാക്കി.

ശ്വേതൻമാരുടെ മുന്നേറ്റത്തെ ആർക്കും തടയാനാവുന്നില്ല. പുഴകടക്കാനുള്ള പ്രത്യേക കഴിവാണ് അവർക്കുള്ളത്. അവരുടെ നവീനമായ ആയുധം ശത്രുക്കളെ കൂട്ടത്തോടെ കൊല്ലുകയാണ്.

ഓങ്കാരിയുവാക്കൾ പേടിയോടെയാണ് ഓങ്കാരികാരണവരോട് വിവരങ്ങൾ പറയുന്നത്. കൂടാതെ ശ്വേതൻമാർ ഒരു വിചിത്രമൃഗത്തിന്റെ പുറത്താണ് യാത്രചെയ്യുന്നതെന്നും അവർ പറഞ്ഞു. കലിമസാമ്രാജ്യത്തിന്റെ അവസാനത്തെ ഓങ്കാരികാരണവർ മനസ്സിൽ കണ്ടു.

പുത്തൻ ഭരണാധികാരികളെ മനസ്സിൽ കണ്ട ഓങ്കാരി കാരണവർ തന്റെ കൂട്ടക്കാരേയും ഗച്ഛൻമാരേയും രഹസ്യമായി വിളിച്ചു ചേർത്തു. അവരോട് ഓങ്കാരികാരണവർ പറഞ്ഞു:

കലിമകൾ ആയുധംകൊണ്ട് നമ്മളെ കീഴടക്കി. എന്നാൽ ബുദ്ധിശക്തികൊണ്ട് നമ്മൾ കലിമകളെ കീഴടക്കുകയായിരുന്നു. കലിമകൾ അധികാരികളായെങ്കിലും നമുക്ക് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ല. ഇപ്പോൾ ശ്വേതൻമാർ ആത്മപുരത്തിനെ ആക്രമിക്കാൻ എത്തുന്നു. ആരു ഭരിച്ചാലും നമ്മുടെ ആചാരങ്ങൾക്കും സുഖസമൃദ്ധികൾക്കും യാതൊരു നഷ്ടവും ഉണ്ടാകരുത്. അതിനെ എക്കാലത്തും നിലനിർത്താനുള്ള വഴിയാണ് നമ്മൾ കാണേണ്ടത്. അതിനുവേണ്ട തന്ത്രങ്ങൾ ഇനി നമ്മൾ കണ്ടെത്തണം.

ഓങ്കാരികളും ഗച്ഛൻമാരും തങ്ങളുടെ അവസ്ഥ തുടരാൻവേണ്ടി പലതവണ കൂടിയാലോചനകൾ നടത്തി. ഇതിനിടയ്ക്ക് ശ്വേതൻമാരെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അവർ ശേഖരിക്കുന്നു.

കലിമകളുടെ ഭരണം അവസാനിപ്പിക്കാൻ ശ്വേതൻമാരെ ആത്മപുരത്തിലേയ്ക്ക് ക്ഷണിക്കാനാണ് അവർ അവസാനം തീരുമാനിച്ചത്.

ശ്വേതൻമാർ കാലപുരത്തിൽ അധികാരം ഉറപ്പിച്ചെന്ന് അറിഞ്ഞപ്പോൾ ഓങ്കാരികാരണവർ ഗച്ഛൻമാരിൽനിന്നും ഓങ്കാരികളിൽനിന്നും രണ്ടുവീതം യുവാക്കളെ തിരഞ്ഞെടുത്തു. ശ്വേതൻമാരെ കണ്ട് അവരെ ആത്മപുരത്തിലേയ്ക്ക് ക്ഷണിക്കുകയാണ് യുവാക്കളുടെ ചുമതല.

യുവാക്കളുടെ ക്ഷണത്തെ ശ്വേതനേതാവ് സന്തോഷത്തോടെ സ്വീകരിക്കുന്നു. എന്നാൽ ശ്വേതനേതാവ് മറ്റൊരു ആവശ്യമാണ് അവരുടെ മുമ്പിൽ വെച്ചത്. കലിമകളെ യുദ്ധത്തിൽ തോല്പിക്കാമെന്ന വിശ്വാസമാണ് ശ്വേതനേതാവിനുള്ളത്. കലിമകളുമായുള്ള യുദ്ധത്തിൽ സംഭവിക്കുന്ന നഷ്ടത്തിന് പരിഹാരം നൽകാൻ ശ്വേതനേതാവ് ആവശ്യപ്പെട്ടു. വിവരം അറിഞ്ഞ ഓങ്കാരികാരണവർ ശ്വേതൻമാരുടെ ആവശ്യത്തെ സന്തോഷത്തോടെയാണ് അംഗീകരിച്ചത്.

രാത്രിയോടെയാണ് ശ്വേതൻമാർ പുഴകടന്ന് ആത്മപുരത്തിൽ എത്തുന്നത്. മുമ്പെല്ലാം പകലാണ് യുദ്ധങ്ങളെല്ലാം നടക്കുന്നത്. വേനലിൽ പുഴ വരളുമ്പോഴാണ് ശത്രുക്കൾ ആത്മപുരത്തിൽ എത്തുക. ശ്വേതൻമാർ നിറഞ്ഞൊഴുകുന്ന പുഴകടന്ന് എത്തുന്നു. പുഴകടക്കാൻ അവർ തുളകളുള്ള ഓടയാണ് ഉപയോഗിച്ചത്. ശ്വേതൻമാരും മൃഗങ്ങളും തുളകളിൽകൂടെ ഓടയ്ക്കുള്ളിൽ എത്തുന്നു. പിന്നീടവർ വെള്ളത്തിന്റെ ഒഴുക്ക് അനുസരിച്ച് ചായ്ഞ്ഞും ചെരിഞ്ഞും അക്കരെ എത്തുന്നു.

രാത്രിയോടെ ആത്മപുരത്തിൽ എത്തിയ ശ്വേതൻമാർ നേരം പുലരുന്നതുവരെ കാത്തിരുന്നു. പിന്നീട് അവർ അരയാലിനെ ലക്ഷ്യംവെച്ച് യുദ്ധത്തിനുള്ള തയ്യാറെടുപ്പോടെ നടന്നുതുടങ്ങി. വിവരമറിഞ്ഞ കലിമകൾ ഒന്നടങ്കം ശ്വേതൻമാരെ നേരിടാൻ ഒരുങ്ങി. പാരമ്പര്യമായി കൈമാറിക്കിട്ടിയ ആയുധത്തെയാണ് കലിമകൾ ശ്വേതൻമാരുടെ നേർക്ക് പ്രയോഗിക്കുന്നത്. കലിമകളുടെ ആയുധത്തിന്റെ പരിധിയിൽനിന്ന് അകന്നുനിന്ന ശ്വേതൻമാർ ശത്രുക്കളുടെ ആക്രമണത്തെ പുച്ഛത്തോടെയാണ് നേരിട്ടത്. ഒരു മണിക്കൂ

റോളം കലിമകൾ ശ്വേതൻമാരെ ആക്രമിച്ചുകൊണ്ടിരുന്നു. അവർക്കാർക്കും നേരിയ പരുക്കുപോലുമുണ്ടായില്ല.

പെട്ടെന്നാണ് യുദ്ധത്തിന്റെ ഗതിമാറുന്നത്. ശ്വേതനേതാവ് ഹിസ്തമൃഗത്തിന്റെ പുറത്തുകയറി പിൻകാലുകൾ ഉറപ്പിച്ച് നിവർന്നുനിന്നു. അതോടെ ശ്വേതപടയാളികൾ കലിമകളെ ആക്ര മിച്ചുതുടങ്ങുന്നു. അവരുടെ ആയുധത്തിൽ നിന്നു പുറപ്പെട്ട ഉണ്ട കൾ കലിമകളുടെ ഇടയ്ക്കു വീണ് പൊട്ടിച്ചിതറി. അതോടെ അസാ ധാരണമായൊരു ദ്രാവകം വായുവിൽ കലർന്നു. ശ്വാസതടസ്സവും നീറ്റലും അനുഭവിച്ച കലിമകൾ ജീവൻ രക്ഷിക്കാൻ വേണ്ട വഴിതി രിഞ്ഞു. എന്നാൽ കലിമകൾക്ക് എവിടേയ്ക്കും ഓടി രക്ഷപ്പെടാ നായില്ല. വെന്തുരുകുന്ന ശരീരത്തോടെ അവർ യുദ്ധക്കളത്തിൽ ത്തന്നെ വീണു. പിന്നീട് അവരെല്ലാം മരണത്തിന് കീഴടങ്ങി.

പടയാളികളുടെ കൂട്ടമരണത്തെ കണ്ട് അമ്പരന്ന കലിമനേതാവ് ജീവരക്ഷയ്ക്കുവേണ്ടി പിന്തിരിഞ്ഞ് ഓടി. പടയാളികളായ മറ്റ് കലി മകൾ നേതാവിനെ പിന്തുടർന്നു. മാളത്തിൽ എത്തിയ കലിമകൾ ഉരുളൻ കല്ലുകൾ വെച്ച് വഴി അടയ്ക്കുകയും ചെയ്തു. ദേശക്കാ രായ മറ്റ് ഉറുമ്പുകളും മാളങ്ങളിലേക്കുള്ള വഴിമുടക്കി.

ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും അടുത്ത നീക്കങ്ങളെ യാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ഓങ്കാരികൾക്ക് യാതൊരു തടസ്സവുമില്ലാതെ ആരുടേയും മാള ത്തിലേയ്ക്ക് കടന്നുചെല്ലാം. ഓങ്കാരികാരണവരുടെ നിർദ്ദേശം അനുസരിച്ചാണ് അവരിൽ പലരും കലിമകളുടെ മാളത്തിൽ എത്തു ന്നത്. നാടുകീഴടക്കിയ ശ്വേതൻമാർ കലിമകളുടെ മാളത്തെ വളഞ്ഞ് ഗതിയടച്ചുനിന്നു. അവർ വെളുത്ത ഉരുളക്കല്ലുകളെ ആക്രമിക്കുക യുണ്ടായി. ഉരുളൻകല്ലുകളിൽ ചെറിയൊരു പോറൽപോലും ഏല്പി ക്കാൻ ശ്വേതൻമാർക്കു കഴിഞ്ഞില്ല.

ഒടുവിൽ ശ്വേതനേതാവ് പറഞ്ഞു:

കലിമകളുടെ മാളത്തെ വളഞ്ഞുതന്നെ നമുക്ക് നിൽക്കാം. ഭക്ഷ ണവും വെള്ളവുമില്ലാതെ ആർക്കും ജീവിക്കാനാവില്ല. ഒന്നുകിൽ അവർ പട്ടിണികിടന്ന് മരിക്കും. അല്ലെങ്കിൽ നമ്മുടെ മുമ്പിൽ കീഴ ടങ്ങും. കലിമനേതാവിനേയും മക്കളേയും ഒരിക്കലും ജീവിക്കാൻ അനുവദിക്കരുത്. അവരെയെല്ലാം കൊന്നൊടുക്കണം. അല്ലെങ്കിൽ അവർ ദേശക്കാരായ ഉറുമ്പുകളെ സംഘടിപ്പിച്ച് വീണ്ടും നമ്മുടെ നേർക്ക് യുദ്ധത്തിനു വരും.

ഏഴുദിവസമാണ് ശ്വേതൻമാർ കലിമകളുടെ മാളം വളഞ്ഞു

നിൽക്കുന്നത്. കലിമകളിൽ നിന്ന് യാതൊരു പ്രതികരണവും ഉണ്ടായില്ല. എട്ടാംദിവസം രാത്രി യുവാവായ ഓങ്കാരി രഹസ്യ മായി ശ്വേതനേതാവിനെ കണ്ടു.

ഓങ്കാരിയുവാവ് ശ്വേതനേതാവിനോടു പറഞ്ഞു:

കലിമകളുടെ മാളത്തിൽ ഓങ്കാരികളുമുണ്ട്. അവർ നാളെ ഉച്ചയ്ക്ക് മാളത്തിനുമുമ്പിലെ ഉരുളൻ കല്ല് നീക്കിത്തരും. അപ്പോൾ താങ്കൾക്ക് കലിമകളെ ആക്രമിക്കാം. അതിനുവേണ്ട ഏർപ്പാടുകൾ ഞങ്ങൾ ചെയ്തിട്ടുണ്ട്.

പറഞ്ഞസമയത്തുത്തന്നെ ഓങ്കാരികൾ കലിമകളുടെ മാളത്തിനു മുമ്പിലുള്ള ഉരുളൻകല്ലുകളെ നീക്കംചെയ്തു. വഴി തുറന്നുകിട്ടിയ തോടെ ശ്വേതൻമാർ കലിമകളുടെ മാളത്തിലേക്ക് ഇരച്ചുകയറി. അവർ നവീനമായ ആയുധത്തെ പ്രയോഗിച്ചപ്പോൾ കലിമകൾ കൂട്ട ത്തോടെ ചത്തുകൊണ്ടിരുന്നു. ഓങ്കാരികളേയും ഗച്ഛൻമാരേയും രക്ഷിക്കാൻ ശ്വേതൻമാർ പ്രത്യേകം ശ്രദ്ധിച്ചു.

ആവശ്യത്തിന് ഭക്ഷണവും വെള്ളവുമില്ലാതെ മാളങ്ങളിൽ കഴിഞ്ഞ കലിമകൾക്ക് യുദ്ധംചെയ്യാനുള്ള ശക്തിയുണ്ടായിരുന്നി ല്ല. കൂടാതെ ശ്വേതൻമാരുടെ നവീനായുധത്തെ നേരിടാനും അവർക്കു കഴിഞ്ഞില്ല. ആക്രമണശേഷി നഷ്ടപ്പെട്ട കലിമകളെ ശ്വേതൻമാർ കൂട്ടത്തോടെയാണ് കൊല്ലുന്നത്. കലിമനേതാവി നേയും മക്കളേയും കൊല്ലാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു.

യുദ്ധം അവസാനിച്ചതോടെ ഓങ്കാരികാരണവർ ശ്വേതനേതാ വിന്റെ മുമ്പിൽ താണുതൊഴുതുനിന്നു.

ഓങ്കാരികാരണവരോട് ശ്വേതനേതാവ് പറഞ്ഞു:

കലിമ സാമ്രാജ്യത്തെ തോല്പിക്കാൻ സഹായിച്ചതിന് നാം താങ്കളോട് പ്രത്യേകം നന്ദി അറിയിക്കുന്നു. കലിമ സാമ്രാജ്യം മോക്ഷപുരം വരെ നീണ്ടുകിടക്കുന്നതാണെന്ന് നമുക്കറിയാം. ഇപ്പോൾ പലരും സ്വതന്ത്ര രാജാക്കൻമാരാണ്. അവരേയും ആക്ര മിച്ച് കീഴടക്കാനാണ് നമ്മുടെ തീരുമാനം. താങ്കളുടെ സഹായം ഇനിയും നമുക്ക് വേണ്ടിവരും.

ഓങ്കാരികാരണവർ അപ്പോഴും വിനീതനായി മുഖം കുനിച്ചു നിൽക്കുകയണ്. ശ്വേതനേതാവ് തുടർന്നുപറഞ്ഞു:

യുദ്ധത്തിൽ നമുക്കും ജീവനഷ്ടം സംഭവിച്ചിട്ടുണ്ട്. താങ്കൾ വാഗ്ദാനം പാലിച്ച് ഉടനടി സംഖ്യ നൽകണം. അവയെല്ലാം പട യാളികൾക്ക് നൽകാനുള്ളതാണ്.

ഓങ്കാരികാരണവർ കല്പിച്ചപ്പോൾ യുവാക്കളായ മൂന്ന് ഓങ്കാ

രികളെത്തി. അവർ നാണയങ്ങളെ വിനയത്തോടെ ശ്വേതനേതാവിന്റെ മുമ്പിൽവെച്ചു.

ഓങ്കാരികാരണവർ പതിഞ്ഞ ഒച്ചയോടെ പറഞ്ഞു:

ഓങ്കാരികളും ഗച്ഛൻമാരും ദേശക്കാരായ മറ്റുറുമ്പുകളും അങ്ങയുടെ ആജ്ഞ അനുസരിക്കാൻ കാത്തിരിക്കുകയാണ്. അങ്ങ് ഞങ്ങളുടെ ജീവിതരീതിയേയും സമ്പ്രദായങ്ങളേയും പ്രത്യേകം മനസ്സിലാക്കണം. നൂറ്റാണ്ടുകളായുള്ള വിഭജനക്രമങ്ങളും ഉല്പാദനരീതികളുമാണ് ഞങ്ങൾക്കുള്ളത്.

പൂർവ്വജന്മത്തിലെ കർമ്മഫലങ്ങളാണ് ഞങ്ങളെല്ലാവരും അനുഭവിക്കുന്നത്. ഞങ്ങൾ ജീവിതത്തെ വിധിയായി കാണുന്നു. ഫലം ഇച്ഛിക്കാതെയാണ് ഞങ്ങൾ പണിയെടുക്കുന്നത്. ഞങ്ങളുടെ പാരമ്പര്യരീതികൾക്ക് മാറ്റമുണ്ടാകുന്നില്ലെങ്കിൽ താങ്കളുടെ ഏതാജ്ഞകളേയും പെട്ടെന്നു നടപ്പിലാക്കാൻ ഓങ്കാരികൾക്കും ഗച്ഛൻമാർക്കും കഴിയും.

ഓങ്കാരികാരണവരോട് മറുപടിയായി ശ്വേതനേതാവ് പറഞ്ഞു:

സുഹൃത്തെ ഞാൻ ഒരു രാജ്യത്തിന്റേയും ഭരണാധികാരിയല്ല. ഞങ്ങളുടെ രാജാവ് പടിഞ്ഞാറുദേശത്തിലാണ്. അദ്ദേഹത്തിന്റെ ആജ്ഞ നടപ്പിലാക്കുകയാണ് ഞങ്ങളുടെ ജോലി. യാഥാർത്ഥത്തിൽ ഞാൻ സൈന്യത്തിന്റെ തലവനാണ്. സാമ്രാജ്യത്തിന്റെ വികസനത്തിനാണ് വന്നിരിക്കുന്നത്. രാജാവ് ആജ്ഞാപിക്കുന്നു. ഞങ്ങൾ പ്രവർത്തിക്കുന്നു. അതാണ് ഞങ്ങളുടെ രീതി. അധികകാലം ഞാൻ ഈ നാട്ടിലുണ്ടാവില്ല. എനിക്കു പകരം ഇവിടേയ്ക്ക് മറ്റൊരാൾ വരും. ഞങ്ങൾക്ക് അദ്ധ്വാനത്തിനുള്ള പ്രതിഫലം കിട്ടുന്നു. ഞങ്ങളുടെ രാജാവാണ് എല്ലാം നിശ്ചയിക്കുക.

അതുകേട്ടപ്പോൾ ഓങ്കാരികാരണവർക്ക് അമിതമായ സന്തോഷം തോന്നി. സംതൃപ്തിയോടെ ഓങ്കാരികാരണവർ പറഞ്ഞു:

പടിഞ്ഞാറുള്ള രാജാവിനു നന്ദി. അദ്ദേഹത്തിന്റെ ആജ്ഞകളെ അനുസരിച്ച് ഞങ്ങൾ പ്രവർത്തിക്കും. രാജാവിന്റെ പ്രതിനിധിയായ അങ്ങയുടെ ആജ്ഞകളേയും ഞങ്ങൾ സന്തോഷത്തോടെ സ്വീകരിക്കുന്നതാണ്.

കീഴടങ്ങിയവരെ ദ്രോഹിക്കുക ഉറുമ്പുകളുടെ സ്വഭാവമല്ല. അതുകൊണ്ട് ദേശക്കാരായ ഉറുമ്പുകളെ ശ്വേതൻമാർ ആക്രമിക്കുന്നില്ല.

ആറ്

കലിമകളുടെ അധികാരഘടനയെ ശ്വേതൻമാർ അടിമുടി മാറ്റി പ്പണിതു. ഇപ്പോൾ എല്ലാ മാളങ്ങളുടെ മുമ്പിലും ശ്വേതഭടൻമാ രാണ് കാവൽനിൽക്കുന്നത്. ഓങ്കാരികളുടെ പാരമ്പര്യനിയമങ്ങളെ ശ്വേതൻമാർ പൂർണ്ണമായും പുറന്തള്ളി. ആലിലകളുടെ നീതിനിർണ്ണ യത്തെ അവർ വിഡ്ഢിത്തമായാണ് കണ്ടത്. ശ്വേതൻമാർ പിടിച്ച ടക്കിയ പ്രദേശങ്ങളിലെല്ലാം പടിഞ്ഞാറുള്ള രാജാവിന്റെ നിയമ ങ്ങളെയാണ് നടപ്പിലാക്കിയത്. ശ്വേതൻമാരുടെ രാജാവ് സാമ്രാ ജ്യത്തിലെ ഉറുമ്പുകളെ എല്ലാം സ്വന്തം പ്രജകളായി കരുതി. ശ്വേതൻമാരുടെ സാമ്രാജ്യത്തിൽ ഒരേ കുറ്റത്തിന് എല്ലാവർക്കും ഒരേ ശിക്ഷയാണ് ലഭിച്ചിരുന്നത്.

ശ്വേതൻമാരുടെ നിയമത്തെ പ്രകടമായി ഓങ്കാരികളും ഗച്ഛൻമാരും എതിർക്കുന്നില്ല. ജീവഭയത്തോടെയാണ് അവർ ശ്വേതൻമാരുടെ നിയമത്തെ സ്വീകരിക്കുന്നത്.

കലിമസാമ്രാജ്യത്തിന്റെ നാശത്തിന്റെ തുടക്കത്തെക്കുറിച്ച് നമുക്ക് അറിയാമല്ലോ. കലിമനേതാവിന്റെ മക്കളും ബന്ധുക്കളുമാണ് ഓരോ ദേശത്തിന്റെയും ഭരണാധികാരികൾ. അവരിൽ പലരും കലിമനേ താവിന് കപ്പം നൽകാതെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയുണ്ടായി. സമാന്തരരാജാക്കൻമാരിൽ പലരും പിന്നീട് സ്വാതന്ത്ര്യം പ്രഖ്യാപി ച്ചു. ലഹരി ഉരുളകളും പെണ്ണുറുമ്പുകളുമായി കാലം കഴിച്ച കലിമ നേതാവ് സ്വാതന്ത്ര്യം പ്രഖ്യാപിച്ച പല ദേശക്കാരുമായും ഏറ്റുമു ട്ടി. അവരെ കീഴടക്കാൻ തക്ക യുദ്ധവീര്യം കലിമനേതാവിന് ഉണ്ടാ യിരുന്നില്ല.

നവീന ആയുധവുമായി എത്തിയ ശ്വേതൻമാർ ചെറുദേശങ്ങളെ എളുപ്പത്തിൽ കീഴടക്കുകയുണ്ടായി. എവിടേയും ഓങ്കാരികളും ഗച്ഛൻമാരും ശ്വേതൻമാരുടെ സഹായികളായി.

ഓങ്കാരികളോടും ഗച്ഛൻമാരോടും ദേശക്കാരായ മറ്റ് ഉറുമ്പുക ളോടുമായി ശ്വേതനേതാവ് പറഞ്ഞു: വെളുപ്പ് സ്വാതന്ത്ര്യത്തിന്റെയും അധികാരത്തിന്റെയും മഹത്വത്തിന്റെയും നിറമാണ്. വെളുപ്പാണ് അറിവിന്റെ നിറം. വെളുപ്പാണ് പ്രകാശത്തിന്റെ നിറം. വെളുപ്പാണ് സമാധാനത്തിന്റെ നിറം. കറുപ്പ് അടിമത്തത്തിന്റെ നിറമാണ്. പ്രാകൃ തസംസ്ക്കാരത്തിന്റെ പ്രതീകമാണ് കറുപ്പ്. ഞങ്ങൾ ശ്വേതൻമാർ

ഭരണാധികാരികളായതോടെ നിങ്ങളുടെ കറുത്ത പ്രാകൃത സംസ്ക്കാരത്തിന് മാറ്റമുണ്ടാകുമെന്ന് വിശ്വസിക്കാം.

പ്രാകൃതമായ സൗന്ദര്യസങ്കല്പമാണ് നിങ്ങൾക്കുള്ളത്. തടിച്ചികളായ പെണ്ണുറുമ്പുകളെയാണ് നിങ്ങൾക്കിഷ്ടം. എന്നാൽ സൗന്ദര്യം വെളുത്തു നീണ്ടു മെലിഞ്ഞ ഞങ്ങളുടെ പെണ്ണുറുമ്പുകൾക്കാണുള്ളത്.

ശ്വേതൻമാർ ഭരണാധികാരികളായതോടെ വെളുപ്പ് മഹത്വത്തിന്റെ ലക്ഷണമായി. ചുവപ്പും കറുപ്പും തരംതാഴ്ത്തപ്പെട്ടു. നീണ്ടു മെലിഞ്ഞ ശ്വേതൻമാരും അവരുടെ പെണ്ണുറുമ്പുകളുമാണ് ഇപ്പോൾ എവിടേയും ആദരിക്കപ്പെടുന്നത്. ഭരണാധികാരികളുടെ പക്ഷം ചേർന്ന് ഓങ്കാരികളും ഗച്ഛൻമാരും ദേശക്കാരായ ഉറുമ്പുകളും മെലിയാനുള്ള തീവ്രശ്രമങ്ങളാണ് നടത്തുന്നത്.

ഇനി നമ്മൾ ശ്വേതൻമാർ കലിപുരത്തിലെ കലിമനേതാവിനെ തോല്പിച്ചതിനെയാണ് പരിശോധിക്കുന്നത്.

ആത്മപുരത്തിലെ കലിമ സാമ്രാജ്യത്തിൽനിന്ന് ആദ്യമായി സ്വാതന്ത്ര്യം നേടുന്നത് കലിപുരത്തിലെ കലിമകളാണ്. തുടർന്ന് കലിപുരത്തിലെ കലിമനേതാവ് ചെറിയ രാജ്യങ്ങളെ ഒന്നൊന്നായി തന്റെ കീഴിലാക്കി. ശ്വേതൻമാർ നാടുപിടിച്ചടക്കി മുന്നേറുന്നു എന്നു കേട്ടപ്പോൾ കലിപുരത്തിലെ കലിമനേതാവ് ശത്രുവിനെ നേരിടാനുള്ള വഴികൾ ആലോചിച്ചു തുടങ്ങി.

കലിപുരത്തിലെ കലിമനേതാവ് ആദ്യമായി സ്വാതന്ത്ര്യം നേടിയ മറ്റ് കലിമനേതാക്കളുമായി ചർച്ച നടത്തി. ഇതിനിടെ ചില ഗച്ഛൻമാരും രാജാധികാരം വീണ്ടെടുക്കുന്നു. എല്ലാവരേയും ഒന്നിച്ചുചേർത്താണ് കലിപുരത്തിലെ കലിമനേതാവ് കൂടിയാലോചന നടത്തുന്നത്. ശ്വേതൻമാർ വിദേശികളാണെന്നും അവരുമായി കൂട്ടുകൂടുക അടിമത്വത്തെ സ്വീകരിക്കലാണെന്നും കലിമനേതാവ് എടുത്തുപറയുന്നു.

കലിപുരത്തിലെ കലിമനേതാവ് വീണ്ടും പറഞ്ഞു:

നമുക്കിടയിൽ ചെറിയ പ്രശ്നങ്ങളുണ്ടാകാം. അതൊന്നും കാര്യമാക്കേണ്ട സമയമല്ലിത്. നമ്മൾ ഒന്നിച്ചുനിന്ന് പൊതു ശത്രുവിനെ നേരിടണം. ഓരോ രാജ്യക്കാരും തനിയെ നിന്നാൽ ശ്വേതൻമാരെ തോല്പിക്കാനാവില്ല. നിങ്ങൾ എന്നെ സഹായിക്കുക. നമ്മൾ ഒന്നിച്ചു നിന്നാൽ ശ്വേതൻമാരെ നിഷ്പ്രയാസം തോല്പിക്കാൻ കഴിയും.

കലിപുരത്തിലെ കലിമനേതാവിന്റെ വാക്കുകളെ ആരും ഗൗര

വമായി എടുത്തില്ല. ചെറിയ കാര്യങ്ങളിൽ ഊന്നി പരസ്പരം യുദ്ധം ചെയ്തിരുന്ന അവർ ഒരിക്കലും ഒന്നിച്ചു നിൽക്കാൻ തയ്യാറായില്ല. കലിമകളുടെ നാശത്തിനുവേണ്ടി കാത്തിരുന്ന ഗച്ഛൻമാർ ശ്വേതൻമാരുടെ വരവിനെ സ്വാഗതംചെയ്യാൻ തയ്യാറായി. ഓങ്കാരികൾ ഗച്ഛൻമാരെ തരംപോലെ നിയന്ത്രിക്കുകയും ചെയ്തു.

ഇതിനിടയ്ക്കാണ് ഓങ്കാരികൾ ശ്രദ്ധേയമായ ചില നീക്കങ്ങൾ നടത്തുന്നത്. ശ്വേതൻമാരെ പരമാവധി സഹായിക്കുക എന്ന നിശ്ചയത്തിൽ എല്ലാ ഓങ്കാരികളും എത്തിച്ചേർന്നു.

കലിപുരത്തിലെ കലിമ നേതാവ് ശ്വേതൻമാരുടെ ശക്തിയേയും ദൗർബ്ബല്യത്തേയും പൂർണ്ണമായി മനസ്സിലാക്കി. ചാരൻമാർ ശ്വേതൻമാരുടെ നവീനായുധത്തിന്റെ മാരകശക്തിയെക്കുറിച്ചാണ് പ്രത്യേകം വിവരിച്ചത്. അതോടെ തന്റെ ആയുധങ്ങളുടെ പരിമിതിയെക്കുറിച്ച് കലിമനേതാവിന് വ്യക്തമായ ബോദ്ധ്യമുണ്ടായി. തുടർന്ന് നാലു ചാരൻമാരെ കൃത്യമായ നിർദ്ദേശങ്ങളോടെ കലിപുരത്തിലെ കലിമനേതാവ് പടിഞ്ഞാറൻ നാടുകളിലേക്ക് അയക്കുന്നു.

ഒരു മാസത്തിനുശേഷമാണ് ചാരൻമാർ കലിപുരത്തിൽ തിരിച്ചെത്തുന്നത്. അവരുടെ കൂടെ ചെറുപ്പക്കാരനായ ഒരു ശ്വേതനുമുണ്ടായിരുന്നു.

കലിമനേതാവിനെ താണുവണങ്ങിയതിനുശേഷം ഒന്നാമത്തെ ചാരൻ പറഞ്ഞു:

ഞങ്ങൾ പടിഞ്ഞാറുള്ള ശ്വേതൻമാരുടെ പല നാടുകളും സന്ദർശിക്കുകയുണ്ടായി. അവർ പരസ്പരം യുദ്ധംചെയ്യുന്നവരാണ്. എങ്കിലും ഓരോ ശ്വേതരാജാവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തന്റെ സാമ്രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാടു കീഴടക്കാൻ വന്ന ശ്വേതൻമാരുടെ ശത്രുരാജ്യത്തിലെ പടത്തലവനാണ്. ഇദ്ദേഹം നമ്മെ സഹായിക്കാൻ തയ്യാറാണ്. ശ്വേതൻമാരുടെ ആയുധമുണ്ടാക്കാനും നമ്മുടെ പടയാളികളെ ആധുനികരീതിയിൽ യുദ്ധത്തിന് തയ്യാറാക്കാനും ഇദ്ദേഹം തയ്യാറാണ്.

വിവരങ്ങൾ മനസ്സിലാക്കിയ കലിപുരത്തിലെ കലിമനേതാവ് ആദരവോടെയാണ് ശ്വേതനെ സ്വീകരിക്കുന്നത്.

പിറ്റേന്നുമുതൽ ശ്വേതൻ കലിമ പടയാളികളെ നവീനമായ യുദ്ധമുറകൾ പരിശീലിപ്പിച്ചു തുടങ്ങി. ശ്വേതൻമാരുടെ പുത്തൻ ആയുധനിർമ്മാണവും കലിപുരത്തിൽ ആരംഭിച്ചു. അതോടൊപ്പം ഗണേശപുരം കാട്ടിൽനിന്ന് ശ്വേതൻമാരുടെ പ്രിയപ്പെട്ട മൃഗമായ

ഹിസ്തയെ വിദേശിയായ ശ്വേതൻ കണ്ടെടുക്കുകയും ചെയ്തു. വളരെ ചെറിയൊരു മൃഗമാണ് ഹിസ്ത. ചടുലമായ വേഗതയും ഭാരം ചുമക്കാനുള്ള കഴിവും ഹിസ്തയുടെ പ്രത്യേകതയാണ്. കൂടാതെ യജമാനനോട് അമിതമായ വിധേയത്വമാണ് ഹിസ്തക്കുള്ളത്.

ഗണേശപുരം കാട്ടിൽനിന്ന് ധാരാളം ഹിസ്തകളെ കലിമകൾ കലിപുരത്തിലേക്ക് കൊണ്ടുവന്നു. അവയെ എല്ലാം വിദേശിയായ ശ്വേതൻ യുദ്ധത്തിനു വേണ്ട അഭ്യാസം നൽകി. ശ്വേതൻമാരുടെ പ്രിയപ്പെട്ട ഭക്ഷണമാണ് ഹിസ്തയുടെ പാലും ഇറച്ചിയും. എന്നാൽ ദേശക്കാരായ ഉറുമ്പുകൾ ഹിസ്തയെ വൃത്തികെട്ട മൃഗമായാണ് കണ്ടിരുന്നത്.

പടയാളികളെ നവീകരിച്ചും പുത്തൻ ആയുധം ശേഖരിച്ചും കലിപുരത്തിലെ കലിമനേതാവ് യുദ്ധത്തിന് തയ്യാറായി. കലിമനേതാവ് അയൽനാടുകളിലേക്ക് വീണ്ടും ദൂതൻമാരെ അയച്ചു. ഇത്തവണ വിശേഷമായ ചില സഹായങ്ങളാണ് കലിപുരത്തിലെ കലിമനേതാവ് അയൽനാടുകളിലെ നേതാക്കളോട് ആവശ്യപ്പെടുന്നത്. സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്കറിയില്ലെന്നും അടിമത്തത്തെ സ്വാതന്ത്ര്യമായി തെറ്റിദ്ധരിക്കുന്നവരാണ് നമ്മളെന്നും ദൂതൻമാർ വഴി കലിമനേതാവ് അന്യനാട്ടുകാരെ അറിയിച്ചു. ശ്വേതൻമാരെ സഹായിക്കരുതെന്നും കലിമനേതാവ് ആവശ്യപ്പെട്ടു. അവരെ നാട്ടിൽ കൂടെ കടന്നുപോകാൻ അനുവദിക്കരുതെന്നും കലിപുരത്തിലെ കലിമനേതാവ് അപേക്ഷിച്ചു.

കലിപുരത്തിലെ കലിമനേതാവിന്റെ അഭ്യർത്ഥനയെ മറ്റ് നേതാക്കളെല്ലാം ലാഘവത്തോടെ തള്ളിക്കളഞ്ഞു.

വീണ്ടും ശ്വേതൻമാരുടെ വരവിനെക്കുറിച്ചു കേട്ടപ്പോൾ മറ്റു നാടുകളിലെ ഓങ്കാരികൾ ശ്വേതനേതാവിനെ കണ്ടു. അവർ സഹായവും അവർക്ക് വാഗ്ദാനം ചെയ്തു. ഗച്ഛൻമാരായ രാജാക്കൻമാരും ശ്വേതനേതാവിന്റെ മുമ്പിൽ മുഖംകാണിച്ചു. യുദ്ധത്തിലെ പരാജയത്തെ മുൻകൂട്ടി കണ്ട അവർ കപ്പം നൽകി അടിമത്തം സ്വീകരിക്കാനും തയ്യാറായി. ചില കലിമനാടുകളിലെ നേതാക്കളും ശ്വേതനേതാവിനെകണ്ട് അടിമത്തം ഏറ്റുവാങ്ങി. ഓങ്കാരി കാരണവർ കലിപുരത്തിലെ കലിമനേതാവ് ഉണ്ടാക്കുന്ന നവീനായുധങ്ങളെക്കുറിച്ച് ശ്വേതനേതാവിന് വിവരം നൽകിയിരുന്നു.

അതിഗംഭീരമായ യുദ്ധത്തിന്റെ കാഴ്ചകളിലേക്കാണ് ഇനി നമ്മൾ കടന്നുചെല്ലുന്നത്.

ശ്വേതൻമാരും ഗച്ഛൻമാരും ദേശക്കാരായ കലിമ നേതാക്കളും ഒന്നിച്ചാണ് കലിപുരത്തിലെ കലിമനേതാവിനെ ആക്രമിക്കാൻ എത്തുന്നത്. തുടർന്ന് ഭീകരമായ ഏറ്റുമുട്ടലാണ് നടക്കുന്നത്. ശ്വേതൻമാരെ അമ്പരിപ്പിച്ച യുദ്ധമായിരുന്നു അത്. അവർ ആവേശത്തോടെയാണ് കലിപുരത്തിലെ കലിമനേതാവിന്റേയും പടയാളികളുടേയും നേർക്ക് തങ്ങളുടെ നവീനായുധത്തെ പ്രയോഗിച്ചത്. ശത്രുപക്ഷത്തുനിന്ന് അതേതരം ആയുധങ്ങൾ വന്നപ്പോൾ ശ്വേതൻമാർ അമ്പരന്നു. ശ്വേതപടയാളികൾ കൂട്ടത്തോടെ ചത്തുവീഴുന്നെങ്കിലും ദേശക്കാരായ ഉറുമ്പുകളുടെ എണ്ണപ്പെരുക്കം അവരുടെ ആത്മബലത്തെ വർദ്ധിപ്പിച്ചു. എന്നാൽ കലിപുരത്തിലെ കലിമനേതാവിന്റെ അവസ്ഥ ദയനീയമായിരുന്നു. കൂട്ടത്തോടെ പടയാളികൾ ചത്തപ്പോൾ ആക്രമണത്തെ ഉപേക്ഷിച്ച് പ്രതിരോധത്തിന് കലിപുരത്തിലെ കലിമനേതാവ് ഊന്നൽ നൽകി.

ഏഴുദിവസം നീണ്ടുനിന്ന യുദ്ധമാണ് കലിപുരത്തിലും പരിസരത്തിലും നടക്കുന്നത്. മോക്ഷപുരം വരെയുള്ള കലിമനേതാവിന്റെ രാജ്യം ക്രമേണ ചെറുതായിത്തുടങ്ങി. ശ്വേതൻമാർ കരുതലോടെയാണ് ഓരോ ചുവടും മുമ്പോട്ടുവെയ്ക്കുന്നത്. കലിപുരത്തിലെ കലിമനേതാവിന്റെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളെ അവർ പല സംഘങ്ങളായി തിരിഞ്ഞ് ആക്രമിച്ചു കീഴടക്കി. അവസാനമാണ് ശ്വേതനേതാവ് കലിപുരത്തിനെ കീഴടക്കാൻ ശ്രമിക്കുന്നത്.

ഭീരുത്വം മരണമാണെന്നു കരുതിയ കലിപുരത്തിലെ കലിമനേതാവ് പരാജയത്തെ ഓർക്കാതെ യുദ്ധത്തിന് തയ്യാറായി. ഇപ്പോൾ കലിപുരത്തിലെ കലിമനേതാവിന്റെ പടയാളികളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നു. ആയുധങ്ങളും കുറവാണ്. ശ്വേതനേതാവിന് നവീനായുധത്തിന്റെ വമ്പിച്ച ശേഖരമാണുള്ളത്. ദേശക്കാരടങ്ങുന്ന ധാരാളം പടയാളികളുമുണ്ട്.

കലിപുരത്തിലെ കലിമനേതാവും ശ്വേതൻമാരുമായുള്ള യുദ്ധം രണ്ടുദിവസം നീണ്ടുനിന്നു. ഇത്തവണ അതിദയനീയമായ പരാജയമാണ് കലിമനേതാവ് ഏറ്റുവാങ്ങുന്നത്. ഒടുവിൽ ചുടുകാട്ടിലെ പാറക്കൂട്ടങ്ങൾക്ക് താഴെയുള്ള രഹസ്യമാളത്തിലേയ്ക്ക് കലിപുരത്തിലെ കലിമനേതാവും വിശ്വസ്തരായ പടയാളികളും കുടുംബങ്ങളും ഒളിക്കുന്നു.

തന്റെ ചുറ്റിലും നിന്നവരോട് കലിമനേതാവ് പറഞ്ഞു:

ദേശക്കാരായ ഉറുമ്പുകളുടെ വഞ്ചനയാണ് നമ്മുടെ പരാജയത്തിനു കാരണം. സ്വാതന്ത്ര്യത്തിന്റെ മഹത്വത്തെ നമുക്ക് തിരിച്ച

റിയാനാവുന്നില്ല. അടിമത്തത്തെ ലഹരിയായി നമ്മൾ ആസ്വദി ക്കുകയാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി യുദ്ധംചെയ്തു എന്നതാണ് നമ്മുടെ മഹത്വം. നവീനമായ ആയുധമാണ് നമ്മളും ഉപയോഗിച്ച ത്. അതുണ്ടാക്കാനുള്ള കഴിവ് നമുക്കുണ്ടായിരുന്നില്ല. വിദേശിയായ ശ്വേതൻ കുറേയെണ്ണം ഉണ്ടാക്കിത്തന്നു. നമ്മൾ നവീന ആയുധ ങ്ങൾ ഉണ്ടാക്കിത്തുടങ്ങിയപ്പോൾത്തന്നെ ശ്വേതൻമാർ നമ്മെ ആക്ര മിച്ചു. അവർക്ക് ആയുധങ്ങൾ പടിഞ്ഞാറുനിന്ന് നിരന്തരം വന്നു കൊണ്ടിരുന്നു.

തന്റെ വാക്കുകളെ നെഞ്ചേത്തേറ്റുന്ന സഹപ്രവർത്തകരോട് കലിപുരത്തിലെ കലിമനേതാവ് തുടർന്നുപറഞ്ഞു:

എന്റെ വഴികളെ പിന്തുടർന്ന നിങ്ങൾക്കു നന്ദി. നമ്മൾ പരാജ യപ്പെട്ടാൽ ദേശക്കാരായ എല്ലാ രാജാക്കൻമാരും അടിമകളാകും. പിന്നീട് ശ്വേതസാമ്രാജ്യമാണ് നിലവിൽ വരുക. നിങ്ങൾക്ക് വീണ്ടും എന്റെ നന്ദി.

വാക്കുകൾ അവസാനിപ്പിച്ച കലിമനേതാവ് നവീനായുധത്തെ തന്റെ കഴുത്തിൽവെച്ചു. ആയുധം പൊട്ടിത്തെറിച്ചതോടെ കലിപു രത്തിലെ കലിമനേതാവിന്റെ ശരീരം പൊടിഞ്ഞ് അവശിഷ്ടമാ യി. അതോടെ മാളത്തിലെ എല്ലാവരും കലിമനേതാവിന്റെ മാർഗ്ഗത്തെ സ്വീകരിച്ച് ആത്മഹത്യചെയ്തു.

കലിപുരത്തിലെ കലിമനേതാവിന്റെയും കൂട്ടരുടേയും ആത്മ ഹത്യയെ ശ്വേതൻമാർ ആഘോഷമാക്കിത്തീർത്തു. അവർ കലിമ നേതാവിന്റെ മാളങ്ങളിലേക്ക് ഇരച്ചുകയറി. പലരും ഇമ്മമരത്തി ന്റെയും ഉഡ്ഡുപശുവിന്റെയും പാലും നീരും യഥേഷ്ടം തിന്നു. കരു തൽനാണയങ്ങളേയും ശ്വേതൻമാർ കൈവശപ്പെടുത്തി. അവർ കലി മസുന്ദരികളെ കീഴ്പ്പെടുത്തുകയും ഇണചേരുകയും ചെയ്തു. കലി പുരത്തിലെ ദേശക്കാരായ ഉറുമ്പുകളോടും കലിമകളോടും ശ്വേതൻമാർക്ക് തീരാത്ത വൈരാഗ്യമായിരുന്നു. നിസ്സഹായരായ അവരെ ശ്വേതൻമാർ കൊന്നുകൂട്ടി.

മൂന്നുദിവസം ശ്വേതപടയാളികൾ കലിപുരത്തിൽ കൊലകൾ നടത്തി ആഹ്ലാദം പ്രകടിപ്പിച്ചു. മൂന്നാംദിവസമാണ് ശ്വേതനേതാവ് കലിപുരത്തിൽ എത്തുന്നത്. അതുവരെ തന്റെ പടയാളികൾക്ക് എന്തും ചെയ്യാനുള്ള അനുവാദം ശ്വേതനേതാവ് നൽകിയിരുന്നു.

കലിപുരത്തിൽ എത്തിയ ശ്വേതനേതാവ് പറഞ്ഞു:

നമ്മുടെ പടയാളികൾ നിങ്ങളുടെ നേർക്ക് നടത്തിയ താന്തോ ന്നിത്തങ്ങൾക്കെല്ലാം ഞാൻ മാപ്പുചോദിക്കുന്നു. ഇനി ഒരു അതി

ക്രമവും എന്റെ പടയാളികളുടെ ഭാഗത്തുനിന്നുണ്ടാകില്ലെന്ന് ഞാൻ ഉറപ്പുനൽകുന്നു. എന്റെ രാജാവിന്റെ ആജ്ഞകളെയാണ് ഞാൻ ഇനി നടപ്പിലാക്കുക. ഞങ്ങളുടെ രാജ്യത്തിൽ പ്രജകൾക്കെല്ലാം തുല്യാവകാശമാണ് ഉള്ളത്. അവിടെ എല്ലാവർക്കും തുല്യനീതി യാണ്. ഇവിടേയും ഇനിമുതൽ നമ്മുടെ രാജാവിന്റെ നിയമങ്ങ ളാണ് നടപ്പിലാക്കുക.

കലിപുരത്തിലെ കലിമനേതാവിന്റെ പ്രവചനം അധികം വൈകാതെ യാഥാർത്ഥ്യമായി. ഇപ്പോൾ ആത്മപുരം മുതൽ മോക്ഷ പുരം വരെയുള്ള പ്രദേശങ്ങൾ ശ്വേതൻമാരുടെ നേരിട്ടുള്ള ഭരണ ത്തിലാണ്. സാമന്തരാജാക്കൻമാരിൽനിന്ന് അവർ വമ്പിച്ച കപ്പം പിരിച്ചു. കൂടാതെ സാമന്തരാജാക്കൻമാരുടെ പടയാളികളെ ശ്വേത നേതാവ് പിരിച്ചുവിടുകയും ചെയ്തു. പകരം സ്വന്തം പടയാളി കൾ സാമന്തരാജ്യങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുകയുമാണ്. ഇതി നുള്ള ചെലവുകളെയെല്ലാം സാമന്തരാജാക്കൻമാരാണ് വഹിച്ചത്.

ശ്വേതൻമാരുടെ മേൽക്കോയ്മയെ വകവെയ്ക്കാത്ത ചില സാമ ന്തരാജാക്കൻമാർ യുദ്ധസന്നദ്ധരായി. ശ്വേതന്മാർ അവരുടെ വംശാ വലിയെപ്പോലും പൂർണ്ണമായും നശിപ്പിച്ചു. ഇത്തരമൊരു ദാരുണാ വസ്ഥയെ കലിപുരത്തിലെ കലിമനേതാവ് മുൻകൂട്ടി കണ്ടിരുന്ന താണ്.

ശ്വേതൻമാർ ദേശക്കാരായ രാജാക്കൻമാരുടെ സാമ്പ്രദായിക രീതികളെ പൂർണ്ണമായും ഇല്ലാതാക്കി. ഇപ്പോൾ എവിടേയും ശ്വേതൻമാരുടെ നാണയങ്ങളാണ് പ്രചാരത്തിൽ ഉള്ളത്. സാമന്ത രാജാക്കൻമാരെ നിയന്ത്രിക്കാൻ ശ്വേതപ്രതിനിധിയെ എല്ലാ രാജ്യ ങ്ങളിലും ഏർപ്പാടാക്കി. ആയുധങ്ങളും പട്ടാളങ്ങളും എവിടേയും ശ്വേതൻമാരുടേതായി.

ഓങ്കാരികളെ കേന്ദ്രീകരിച്ച സാമൂഹ്യഘടനയ്ക്ക് ശ്വേതൻമാർ കാര്യമായ മാറ്റങ്ങളൊന്നും വരുത്തുന്നില്ല. ഇമ്മമരത്തിന്റെ നീരിനേയും ഉഡ്ഡുപശുവിന്റെ പാലിനേയും അവർ പടിഞ്ഞാറിലേക്ക് എത്തിച്ചു. അവിടെനിന്ന് പലതരം വിഭവങ്ങളെ ശ്വേതൻമാർ ആത്മപുരത്തിൽ എത്തിക്കുകയും ചെയ്തു.

ഓങ്കാരികൾ ചുവപ്പിനെയാണ് മഹത്വത്തിന്റെ നിറമാക്കുന്നത്. എന്നാൽ ശ്വേതൻമാർ വെളുപ്പിനെ അധികാരത്തിന്റേയും സംസ്ക്കാരത്തിന്റേയും പ്രതീകമാക്കുന്നു. ശ്വേതൻമാരുടെ സൗന്ദ ര്യസങ്കല്പത്തെ അവർ ദേശക്കാരിൽ അടിച്ചേല്പിക്കുകയും ചെയ്തു.

ശ്വേതൻമാർ ഓങ്കാരികളോടും ഗച്ഛൻമാരോടും ദേശക്കാരോടുമായി എപ്പോഴും പറഞ്ഞു:

കറുപ്പ് അജ്ഞാനത്തിന്റേയും മരണത്തിന്റേയും നിറമാണ്. ചുവപ്പും കറുത്തനിറത്തിന്റെ ഭാഗംതന്നെയാണ്. വെളുപ്പ് അറിവിന്റേയും അധികാരത്തിന്റേയും സംസ്ക്കാരത്തിന്റേയും നിറമാണ്. വെളുപ്പ് എപ്പോഴും സ്വാതന്ത്ര്യത്തെ ഇഷ്ടപ്പെടുന്നു. വെളുപ്പ് പ്രകാശത്തിന്റെ നിറമാണ്. കറുപ്പ് അടിമത്തം അർഹിക്കുന്നു.

നിങ്ങളുടെ സൗന്ദര്യബോധം എത്ര വികലമാണ്. നിങ്ങൾ തടിച്ചവരെയാണ് ഇഷ്ടപ്പെടുന്നത്. നീണ്ടുമെലിഞ്ഞ ശരീരപ്രകൃതമാണ് യഥാർത്ഥ സൗന്ദര്യം. നിങ്ങളുടെ ഇനിയുള്ള കടമകൾ ഞങ്ങളുടെ ജീവിതത്തെ അനുകരിക്കലാണ്. ഞങ്ങളെ അനുസരിക്കുമ്പോഴാണ് നിങ്ങൾ ശരിയായ ഉറുമ്പുകളായി തീരുക.

ശ്വേതൻമാർ ഭരണാധികാരികളായതോടെ വെളുപ്പ് മഹത്വത്തിന്റെ ചിഹ്നമായി. ചുവപ്പും കറുപ്പും അപമാനത്തിന്റെ നിറങ്ങളുമായി. ഇപ്പോൾ ദേശക്കാരായ ഉറുമ്പുകളുടെ സൗന്ദര്യസങ്കല്പങ്ങൾ തകിടംമറിഞ്ഞിരിക്കുന്നു. മെലിഞ്ഞ ശരീരപ്രകൃതമാണ് ആകർഷിക്കപ്പെടുന്നത്. വെളുപ്പ് സുന്ദരമാണെങ്കിലും ദേശക്കാരായ ഉറുമ്പുകൾക്ക് നിറംമാറ്റം നടത്താൻ കഴിഞ്ഞില്ല. ഓങ്കാരികളും ഗച്ഛൻമാരും പൊള്ളക്കാലികളും ഭക്ഷണം കുറച്ച് മെലിഞ്ഞ ശരീരമുണ്ടാക്കാൻ ശ്രമിച്ചതാണ്. മേൽത്തട്ടുകാരുടെ പ്രകടനങ്ങളെ സ്വാഭാവികമായും കീഴ്ത്തട്ടുകാരും അനുകരിക്കുന്നു. ദേശക്കാരുടെ കൂട്ടത്തിലെ തരംതാഴ്ന്ന ശവന്തീനി ഉറുമ്പുകൾപോലും മെലിഞ്ഞ ശരീരത്തിനുവേണ്ടി പരിശ്രമിച്ചു തുടങ്ങി.

കലിമകളെപ്പോലെ ശ്വേതൻമാരും ഉഡ്ഡുപശുക്കളുടെ പാലും ഇറച്ചിയും ഉപയോഗിച്ചുവന്നു. ഇറച്ചിയെ ദീർഘകാലം കേടുവരാതെ സൂക്ഷിക്കാനുള്ള വിദ്യയും അവർക്കറിയാം.

ഇനി നമ്മൾ ശ്വേതൻമാരുടെ ജീവിതത്തേയും ചുറ്റുപാടുകളേയുമാണ് പരിശോധിക്കുന്നത്.

പടിഞ്ഞാറുനിന്നാണ് ശ്വേതൻമാർ വന്നതെന്ന് പറഞ്ഞുവല്ലോ. അവിടെ ആറുമാസത്തോളം കനത്ത മഞ്ഞുവീഴ്ചയാണ്. ബാക്കികാലം പരിമിതമായ വെയിലാണ്. ഭക്ഷണമാണ് അവരുടെ മുഖ്യപ്രശ്നം. അതുകൊണ്ട് മറ്റ് ഉറുമ്പുകളുമായി ശ്വേതൻമാർക്ക് നിരന്തരം യുദ്ധംചെയ്യേണ്ടിയിരുന്നു. ശ്വേതൻമാരുടെ സമൂഹത്തിൽ വിഭജനങ്ങളും തരത്തിൽ താഴ്ന്നവരും ഉണ്ടായിരുന്നില്ല. അതിജീവനത്തിനുവേണ്ടി ബദ്ധപ്പെട്ടിരുന്ന അവർ സർഗ്ഗാത്മകതയെയാണ്

ആദരിച്ചിരുന്നത്. സർഗ്ഗാത്മകമായ കണ്ടെത്തലുകൾ നടത്തിയ വ്യക്തിയെ ശ്വേതരാജാവ് നേരിട്ടുചെന്ന് ആദരിക്കുന്നു. അതോടൊപ്പം അനേകം സമ്മാനങ്ങളും ആ വ്യക്തിയ്ക്കു ലഭിക്കുന്നു.

ഇത്തരമൊരു സാമൂഹ്യാവസ്ഥയിൽ വ്യക്തികളുടെ സർഗ്ഗാത്മകതയും ചിന്തയും അന്വേഷണവും വികസിക്കുക സ്വാഭാവികമാണല്ലോ.

ആക്രമണത്തിനും പ്രതിരോധത്തിനും വേണ്ട നവീനായുധങ്ങളെ ശ്വേതൻമാരുടെ ഇടയിലെ വ്യക്തികളാണ് കണ്ടെത്തുന്നത്. അതുപോലെ അതിജീവനത്തിനുവേണ്ട ഉപകരണങ്ങളും വ്യക്തികളുടെ കണ്ടെത്തലുകളാണ്. പരിമിതമായ പ്രകൃതിവിഭവങ്ങളാണ് ശ്വേതൻമാരുടെ എക്കാലത്തേയും പ്രശ്നം. വിഭവങ്ങൾക്കുവേണ്ടിയുള്ള അവരുടെ അന്വേഷണങ്ങൾ അവസാനം ആത്മപുരത്തിൽ എത്തിച്ചേരുന്നു.

ആത്മപുരത്തിലെ വിഭവസമൃദ്ധികളുടെ നടുവിൽ സ്വാഭാവികമായും ശ്വേതൻമാർ അലസരായി തീരേണ്ടതാണ്. ആത്മപുരത്തിൽ വേരുകൾ ഉറപ്പിച്ച അന്യനാട്ടുകാരുടെയെല്ലാം സർഗ്ഗാത്മകത തുരുമ്പിച്ചവയാണ്. എന്നാൽ ഇവിടെ മറ്റൊന്നാണ് സംഭവിക്കുന്ന്. പടിഞ്ഞാറുള്ള ശ്വേതരാജാവിന്റെ ശമ്പളംപറ്റുന്ന ഉദ്യോഗസ്ഥൻമാരാണ് ആത്മപുരത്തിൽ എത്തുന്നത്. അവർ ശ്വേതരാജാവിന്റെ ആജ്ഞകളെ അനുസരിക്കുന്നവർ മാത്രമായിരുന്നു. കൂടാതെ ശ്വേതരാജാവ് പലരേയും പടിഞ്ഞാറിലേക്ക് മടക്കിവിളിക്കുകയും പകരക്കാരനെ നിയമിക്കുകയും പതിവായിരുന്നു.

ആത്മപുരത്തിലെ സാമൂഹ്യഘടനയിൽ ശ്വേതൻമാർ കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടാക്കുന്നില്ല. ദേശക്കാരുടെ വിഭജനങ്ങളെ വിഭവങ്ങൾ ശേഖരിക്കാനുള്ള എളുപ്പവഴിയായി അവർ കരുതി. തങ്ങളെ സഹായിച്ച ഓങ്കാരികളേയും ഗച്ഛൻമാരേയും ശ്വേതൻമാർ കയ്യൊഴിയുന്നില്ല. ഇപ്പോഴും ദേശക്കാരായ ഉറുമ്പുകളുടെ ഇടയ്ക്ക് അവർക്ക് ഉയർന്ന സ്ഥാനമാണുള്ളത്. അതുകൊണ്ട് ശ്വേതൻമാർക്ക് എളുപ്പത്തിൽ വിഭവങ്ങൾ സംഭരിക്കാനും കഴിഞ്ഞു. അതുപോലെയാണ് ശ്വേതനേതാവിന്റെ ആജ്ഞകളും താഴെത്തട്ടിലേയ്ക്ക് എത്തിയിരുന്നത്.

ശ്വേതൻമാർ പടിഞ്ഞാറ് നടപ്പുള്ള സാമൂഹ്യക്രമങ്ങളെ ഒരിക്കലും ആത്മപുരത്തിൽ നടപ്പിലാക്കുന്നില്ല. അവിടെ നിറത്തിന്റെയോ ജന്മത്തിന്റെയോ യാതൊരു പ്രത്യേകതയും ആർക്കും അവകാശപ്പെടാനാവില്ല. പൊതുയിടങ്ങളിൽവെച്ചാണ് ഉല്പന്നങ്ങൾ നിർമ്മിച്ചി

രുന്നത്. കൂടാതെ അവിടെ സർഗ്ഗാത്മക വ്യക്തിത്വങ്ങൾക്കാണ് പ്രാധാന്യമുള്ളത്. ശ്വേതൻമാരുടെ കൂട്ടത്തിലുള്ള സമ്പന്നരായ ഉറുമ്പുകളാണ് ഉല്പന്നങ്ങളുടെ ഉടമകൾ. അവർ അദ്ധ്വാനിക്കുന്ന ഉറുമ്പുകൾക്ക് നിശ്ചിത വേതനം നൽകി അവശ്യവസ്തുക്കളെ ഉണ്ടാക്കി. പ്രകൃതിവിഭവങ്ങളുടെ കുറവാണ് ശ്വേതൻമാരെ അന്യനാടുകൾ പിടിച്ചടക്കാൻ പ്രേരിപ്പിച്ചത്.

ആത്മപുരം കീഴടക്കി പുത്തൻ സാമ്രാജ്യമുണ്ടാക്കിയ ശ്വേതനേതാവ് ഓങ്കാരികളേയും ഗച്ഛൻമാരേയും ഞെട്ടിക്കുന്ന വിളംബരമാണ് നടത്തിയത്. ദേശക്കാരായ എല്ലാ ഉറുമ്പുകളും പടിഞ്ഞാറുള്ള ശ്വേതരാജാവിന്റെ പ്രജകളായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് എല്ലാവർക്കും നിയമപരമായി തുല്യാവകാശമാണ് ഉള്ളത്. ശിക്ഷാവിധികളെല്ലാം എല്ലാവർക്കും ഒന്നുതന്നെയാണ്. അതുപോലെ ശ്വേതസാമ്രാജ്യത്തിൽ ആർക്കും എവിടേയും സ്വാതന്ത്ര്യത്തോടെ സഞ്ചരിക്കാമെന്നും ശ്വേതനേതാവ് പ്രഖ്യാപിക്കുന്നു.

ശ്വേതനേതാവിന്റെ വിളംബരത്തെ അവിശ്വസനീയതയോടെയാണ് ദേശക്കാരായ കറുത്ത ഉറുമ്പുകൾ കേട്ടത്. സ്വാതന്ത്ര്യവും സമത്വവും തുല്യനീതിയും അവർക്കുകിട്ടിയ പുതിയ അറിവുകളാണ്. വിധിയും പൂർവ്വജന്മാർജ്ജിത കർമ്മഫലങ്ങളും നൽകിയ നരകത്തിലാണ് ഇതുവരെ അവർ ജീവിച്ചിരുന്നത്. ദുരിതപൂർണ്ണമായ ജീവിതം അവസാനിക്കുക ദൈവം ഇടപെടുമ്പോൾ മാത്രമാണെന്നും അവർ വിശ്വസിച്ചു.

സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രഖ്യാപനം ശ്വേതനേതാവ് നടത്തിയെങ്കിലും അത്തരമൊരു ജീവിതരീതിയെ സ്വീകരിക്കാൻ ദേശക്കാരായ ഉറുമ്പുകൾക്ക് കഴിഞ്ഞില്ല. അവരുടെ സാമൂഹ്യജീവിതത്തിൽ ഇപ്പോഴും ഓങ്കാരികൾക്കുതന്നെയാണ് പ്രമുഖസ്ഥാനം ഉള്ളത്. ദൈവജ്ഞരായ ഓങ്കാരികളാണ് സകല അറിവുകളും ഇപ്പോഴും കൈവശംവെച്ചുകൊണ്ടിരിക്കുന്നത്.

ശ്വേതൻമാരുടെ ഏകദൈവവിശ്വാസത്തേയും ആചാരങ്ങളേയും ഉൾക്കൊള്ളാൻ ദേശക്കാരായ ഉറുമ്പുകൾക്ക് കഴിഞ്ഞില്ല. എങ്കിലും ശ്വേതൻമാരുടെ വരവോടെ ദേശക്കാരായ ഉറുമ്പുകളുടെ ജീവിതത്തിൽ അനേകം മാറ്റങ്ങൾ ഉണ്ടായി. ആത്മപുരം മുതൽ മോക്ഷപുരം വരെ നീണ്ടുകിടക്കുന്ന ശ്വേത സാമ്രാജ്യത്തിൽ തുല്യനീതിയാണ് നടപ്പിലുള്ളത്. അതിനുള്ള സംവിധാനവും അവർ ഏർപ്പെടുത്തി. കൂടാതെ കരംപിരിക്കാനും നിയമങ്ങൾ നടപ്പിലാക്കാനും ശ്വേതസാമ്രാജ്യത്തിൽ പ്രത്യേക വിഭാഗങ്ങളുണ്ട്. അക്ഷരങ്ങൾ

ഇല്ലെങ്കിലും ഓങ്കാരികൾ സമ്പ്രദായങ്ങളെ രക്ഷിക്കുന്ന പാഠശാലകളാണ് നടത്തിയിരുന്നത്. ശ്വേതൻമാർ ഭരിച്ചുതുടങ്ങിയതോടെ പാഠശാലകളിൽ അടിമുടി അഴിച്ചു പണിയലുകൾ നടന്നു. ശ്വേതൻമാരുടെ ഭരണക്രമത്തെ നിലനിർത്താനുള്ള പാഠങ്ങളാണ് ഇപ്പോൾ പാഠശാലകളിൽ പഠിപ്പിക്കുന്നത്.

കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട ഓങ്കാരികളേയും ഗച്ഛൻമാരേയുമാണ് ഇനി നമ്മൾ കാണുന്നത്.

ശ്വേതൻമാർ പുതുതായി ഏർപ്പെടുത്തിയ പാഠശാലയിലേക്ക് ഓങ്കാരികളും ഗച്ഛൻമാരും മക്കളെ അയച്ചുതുടങ്ങി. അതോടെ പൊള്ളക്കാലികളും മക്കളെ പാഠശാലയിലേക്ക് അയക്കുന്നു. ശ്വേതൻമാരുടെ പാഠശാലയിൽ എല്ലാവർക്കും തുല്യസ്ഥാനമാണുള്ളത്. അവിടെ ആരും ജന്മത്തിന്റെ വിഭജനക്രമങ്ങളെ പാലിക്കേണ്ടതില്ല.

സമത്വത്തേയും തുല്യനീതിയേയും കുറിച്ചാണ് ശ്വേതൻമാർ എപ്പോഴും പറഞ്ഞുകൊണ്ടിരുന്നത്. എങ്കിലും സാമ്രാജ്യത്തിലെ ഉയർന്നജോലികളെല്ലാം ശ്വേതൻമാർക്കാണുള്ളത്. അന്യനാട്ടിൽ നിന്നുവന്ന ശ്വേതൻമാർ ഒരിക്കലും ആത്മപുരത്തിലെ സ്ഥിരതാമസക്കാരല്ല. രാജാവിന്റെ കല്പന വരുമ്പോൾ അവർ മടങ്ങിപോകാറാണ് പതിവ്.

ആത്മപുരം കീഴടക്കിയ ശ്വേതനേതാവ് ഒരുവർഷം മാത്രമാണ് നാടു ഭരിക്കുന്നത്. രാജാവിന്റെ കല്പനയുണ്ടായപ്പോൾ ശ്വേതനേതാവ് പടിഞ്ഞാറിലേക്ക് തിരിച്ചുപോയി. പകരക്കാരൻ ആത്മപുരത്തിലെ ശ്വേതനേതാവായി ഉടനടിസ്ഥാനം കയ്യേൽക്കുകയും ചെയ്തു.

ശ്വേതൻമാരുടെ ഭരണം ഉണ്ടാക്കിയ മാറ്റങ്ങളെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ആത്മപുരത്തിനെ കീഴടക്കിയ കലിമകൾ ഓങ്കാരികൾ ഉണ്ടാക്കിയ സാമൂഹ്യഘടനയുടെ ഭാഗമാകുകയായിരുന്നു. അതോടെ കലിമകൾ കണ്ടെത്തിയ നവീനായുധം സാമ്പ്രദായിക ഉല്പന്നമായിത്തീർന്നു. സർഗ്ഗാത്മകത നഷ്ടപ്പെട്ട കലിമകൾക്ക് പുതിയ ആയുധങ്ങളെ കണ്ടെത്താനായില്ല. എന്നാൽ ശ്വേതൻമാർ ഒരിക്കലും ആത്മപുരത്തിലെ സാമ്പ്രദായികതയുടെ ഭാഗമാകുന്നില്ല. അവരുടെ ആയുധങ്ങളെല്ലാം പടിഞ്ഞാറാണ് ഉണ്ടാക്കുന്നത്. അവ നിരന്തരം പരിഷ്ക്കരിക്കുകയും ചെയ്തു.

ആത്മപുരത്തിൽനിന്ന് ശ്വേതൻമാർ തുടർച്ചയായി പ്രകൃതിവി

ഭവങ്ങളെ കടത്തിക്കൊണ്ടിരുന്നു. അവ പുത്തൻ വസ്തുക്കളായി ആത്മപുരത്തിലേക്ക് വരുകയുമാണ്. അവയെ കനത്ത വിലയ്ക്കാണ് അവർ വാങ്ങുന്നത്. ആത്മപുരത്തുകാർ സാമ്പ്രദായികമായി ഉണ്ടാക്കിയ ഉപകരണങ്ങൾ വിപണിയിൽനിന്ന് പുറന്തള്ളപ്പെടുകയും ചെയ്തു.

പ്രകൃതിവിഭവങ്ങളെ ശേഖരിക്കാനും തങ്ങളുടെ വിഭവങ്ങളെ വിറ്റഴിക്കാനും വേണ്ടിയാണ് ശ്വേതൻമാർ സാമ്രാജ്യത്തിൽ പുത്തൻ വഴികൾ ഉണ്ടാക്കുന്നത്. അതോടൊപ്പം എതിർപ്പുകളെ പെട്ടെന്നു തന്നെ ഇല്ലാതാക്കാനും ശ്വേതൻമാരെ വഴികൾ സഹായിച്ചു. ഹിസ്തമൃഗത്തെയാണ് യാത്രയ്ക്കും ചരക്കുകൾ കയറ്റാനും വേണ്ടി അവർ ഉപയോഗിച്ചിരുന്നത്.

ശ്വേതൻമാർ സാമ്രാജ്യം സ്ഥാപിക്കുമ്പോൾ ഉണ്ടായ ഒരു പ്രതിഷേധത്തെ നമുക്ക് ഇപ്പോൾ വിശകലനം ചെയ്യേണ്ടിവരുന്നു.

കലിപുരത്തിലെ കലിമനേതാവ് സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനു വേണ്ടി ദേശക്കാരായ നേതാക്കളെ സമീപിച്ചിരുന്നു. അതിനെക്കുറിച്ച് മുമ്പ് വിസ്തരിച്ചു പറഞ്ഞിട്ടുള്ളതുമാണ്. കൽക്കിപുരത്തിലെ ഗച്ഛനേതാവ് സാമന്തപദവി സ്വയം സ്വീകരിച്ച് ശ്വേതൻമാർക്ക് കപ്പം നൽകുന്നു. ശ്വേതൻമാരുടെ അധീശത്വം വർദ്ധിച്ചതോടെ ഗച്ഛനേതാവ് യുദ്ധത്തിന് തയ്യാറാകുന്നു. ശ്വേതൻമാർ നാടുകൾ കീഴടക്കിയതോടെയാണ് കൽക്കിപുരത്തിലെ ഗച്ഛനേതാവിന് സ്വാതന്ത്ര്യത്തെക്കുറിച്ച് തിരിച്ചറിവുണ്ടാകുന്നത്.

കപ്പം മുടങ്ങിയതോടെ കൽക്കിപുരത്തെ ആക്രമിക്കാൻ ശ്വേതനേതാവ് തയ്യാറായി. തുടർന്ന് അതിഭീകരമായ യുദ്ധമുണ്ടാകുന്നു. യുദ്ധത്തിൽ ഗച്ഛനേതാവും പടയാളികളും കൊല്ലപ്പെടുന്നു. കലിയടങ്ങാത്ത ശ്വേതൻമാർ നിസ്സഹായരായ ദേശക്കാരായ ഉറുമ്പുകളെ ആക്രമിക്കുന്നു. അവരുടെ എല്ലാ വസ്തുക്കളേയും ശ്വേതന്മാർ നശിപ്പിക്കുന്നു. കൂട്ടത്തിൽ ഗച്ഛൻമാരുടെ തലമുറകളെ മുഴുവൻ അവർ നിർദ്ദയം കൊന്നൊടുക്കുന്നു. എന്നാൽ ഓങ്കാരികളെ ശ്വേതൻമാർ ആക്രമിക്കുന്നില്ല. ഓങ്കാരികാരണവരോടുള്ള നന്ദിയാണ് ശ്വേതൻമാരെ ആക്രമണത്തിൽനിന്നു പിന്തിരിപ്പിച്ചത്. എങ്കിലും ശ്വേതൻമാർ പകതീർത്തത് ദേശക്കാരുടെ പവിത്രവൃക്ഷമായ അരയാലിനോടാണ്.

വളരെ ചെറിയൊരു അരയാലിന്റെ ചുവട്ടിലാണ് ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും മാളങ്ങൾ. അതിനു ചുറ്റിലും ദേശക്കാരായ ഉറുമ്പുകളുടെ മാളങ്ങളാണ്. ശ്വേതനേതാവും പടയാളികളും

അരയാലിന്റെ നേർക്ക് അവരുടെ മാരകമായ ആയുധങ്ങൾ പ്രയോഗിച്ചുതുടങ്ങി. മാളങ്ങളിൽനിന്ന് പുറത്തുവന്ന ദേശക്കാരായ ഉറുമ്പുകൾ സമ്പ്രദായങ്ങളെ പാലിച്ച് അടിയകലങ്ങളിൽ നിന്നു. പവിത്രവൃക്ഷത്തിന്റെ നേർക്കു നടക്കുന്ന ആക്രമണത്തെകണ്ട് അവർക്ക് നിലവിളിക്കാനേ കഴിഞ്ഞുള്ളൂ.

ഓങ്കാരികൾ ഹുങ്കാരം മുഴക്കി ദൈവത്തിന്റെ ഇടപെടലിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഗച്ഛൻമാരും കാഴ്ചകൾകണ്ട് മുഖം കുനിച്ചു നിൽക്കുകയാണ്. സമ്പ്രദായങ്ങളെ അനുസരിച്ച് വേർതിരിഞ്ഞു നിന്ന അവർക്ക് ശ്വേതൻമാരുടെ ആക്രമണത്തെ ഒന്നിച്ചുനിന്ന് എതിർക്കാനായില്ല.

ശ്വേതൻമാർ അരയാലിനെ നിരന്തരം ആക്രമിച്ചുകൊണ്ടിരുന്നു. ഒടുവിൽ ആയുധങ്ങളുടെ ശക്തിയേറ്റ് അരയാലിന്റെ ഇലകൾ കൊഴിഞ്ഞുതുടങ്ങി. പിന്നീട് അരയാലിന്റെ തൊലികളും അടർന്നുവീണു. ഒരു പകൽ മുഴുവനുമാണ് ശ്വേതൻമാർ അരയാലിനെ ആക്രമിക്കുന്നത്. വൈകുന്നേരത്തോടെ അരയാൽ ഇടമുറിഞ്ഞ് നിലത്തുവീണു. അപ്പോഴും ദേശക്കാരായ ഉറുമ്പുകൾ ദു:ഖത്തോടെ നിലവിളിച്ചുകൊണ്ടിരുന്നു.

ശ്വേതൻമാർ കലിമകൾ പ്രാർത്ഥിക്കുന്ന മാളത്തിലേക്കു നടത്തിയ ആക്രമണത്തെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ദാസപുരത്തിലെ കലിമകൾ നേതാവ് കൊല്ലപ്പെട്ടെങ്കിലും ശ്വേതൻമാർക്ക് അവർ പൂർണ്ണമായും കീഴടങ്ങുന്നില്ല. രഹസ്യമായി സംഘടിച്ച അവർ ഇടയ്ക്കിടെ ശ്വേതൻമാരെ ആക്രമിച്ചുകൊണ്ടിരുന്നു. ശ്വേതനേതാവ് വമ്പിച്ച സൈന്യത്തോടെയാണ് കലിമകളെ ഒതുക്കുന്നതിനുവേണ്ടി ദാസപുരത്തിൽ എത്തുന്നത്. എന്നാൽ അവർക്ക് കലിമകളുടെ സംഘടിതസൈന്യത്തെ നേരിടേണ്ടിവന്നില്ല. ചെറുപ്പക്കാരായ ചിലരാണ് ശ്വേതൻമാരെ എതിർക്കുന്നത്.

ശ്വേതനേതാവിന്റെ മുമ്പിൽ എത്തിയ കലിമകൾ ദയവിനുവേണ്ടി അപേക്ഷിക്കുന്നു. അവർ കുറ്റവാളികളായ കലിമകളെ പിടിച്ചുകെട്ടി. പതിനാലു ചെറുപ്പക്കാരെയാണ് അവർ ശ്വേതൻമാർക്ക് കൈമാറുന്നത്.

കലിമകൾക്കെല്ലാമുള്ള താക്കീതായാണ് ശ്വേതൻമാർ ശിക്ഷ നടപ്പാക്കുന്നത്. അവർ നിർദ്ദയം പതിനാലു ചെറുപ്പക്കാരേയും കൊല്ലുന്നു. എന്നിട്ടും ശ്വേതൻമാരുടെ കലി അടങ്ങുന്നില്ല. കലിമകൾ കൂട്ടംചേർന്നു പ്രാർത്ഥിക്കുന്ന മാളത്തെ നശിപ്പിക്കാനാണ് അവർ തീരുമാനിച്ചത്. വിവരം അറിഞ്ഞപ്പോൾ കൂട്ടത്തിൽ വയസ്സ

നായ കലിമ മുമ്പോട്ടുവന്നു. അവർ പ്രാർത്ഥനാമാളത്തിനു ചുറ്റിലും കാവൽനിന്നു.

വയസ്സൻ കലിമ ശ്വേതനേതാവിനോടു പറഞ്ഞു:

ഇപ്പോൾ ഞങ്ങളും താങ്കളും പടിഞ്ഞാറുള്ള രാജാവിന്റെ പ്രജകളാണ്. ഞങ്ങളെ കൊല്ലുന്നെങ്കിൽ താങ്കൾക്ക് രാജാവിനോട് മറുപടി പറയേണ്ടിവരും. പ്രാർത്ഥനാമാളത്തെ നശിപ്പിക്കാൻ ഞങ്ങൾ അനുവദിക്കില്ല. ഞങ്ങളെ എല്ലാം കൊന്നതിനുശേഷമാണ് അതു സംഭവിക്കുക. നിസ്സഹായരായ ഞങ്ങളോട് താങ്കൾക്ക് എന്തും ചെയ്യാം.

പ്രാർത്ഥനാമാളത്തിന് കാവൽനിന്ന കലിമകൾ കൂട്ടത്തോടെ മരിക്കാൻ തയ്യാറായി. ശ്വേതനേതാവിന്റെ ആവേശവും പകയും പതുക്കെ തണുത്തുതുടങ്ങി. പിന്നീട് ശ്വേതനേതാവ് പടയാളികളുമായി പിന്തിരിഞ്ഞുനടന്നു.

പ്രാർത്ഥനാമാളത്തെ സംരക്ഷിച്ച കലിമകളുടെ ഒത്തൊരുമയെ നമ്മൾ കണ്ടുവല്ലോ. എന്നാൽ പവിത്രവൃക്ഷമായ അരയാലിനെ രക്ഷിക്കാൻ ദേശക്കാരായ ഉറുമ്പുകൾക്കു കഴിഞ്ഞില്ല. അതിനു കാരണം അവരുടെ ഇടയ്ക്ക് നടപ്പുള്ള വിഭജനങ്ങളും തൊട്ടുകൂടായ്മയുമാണ്. പവിത്രവൃക്ഷത്തിൽ കയറാനും തൊടാനുമുള്ള അവകാശം ഓങ്കാരികൾക്കും ഗച്ഛൻമാർക്കും മാത്രമാണ്. അതുകൊണ്ടാണ് ശ്വേതൻമാർ പവിത്രവൃക്ഷമായ അരയാലിനെ ആക്രമിച്ചപ്പോൾ ദേശക്കാരായ ഉറുമ്പുകൾക്ക് അടിയകലങ്ങൾ മാറിനിന്ന് നിലവിളിച്ച് കരയാനേ കഴിഞ്ഞുള്ളൂ.

ഇനി നമുക്ക് ശ്വേതൻമാർ ആത്മപുരം സാമ്രാജ്യത്തിൽ ഉണ്ടാക്കിയ പരിവർത്തനങ്ങളെ പരിശോധിക്കാം.

ശ്വേതൻമാരുടെ വരവോടെ ദേശക്കാരായ ഉറുമ്പുകളുടെ ഉല്പാദന വിതരണക്രമങ്ങളിൽ കാര്യമായ മാറ്റങ്ങളാണ് ഉണ്ടാകുന്നത്. വിഭാഗീയതയുടെ ഭാഗമായി ഉണ്ടായ സാമ്പ്രദായിക ഉല്പാദനത്തെ നശിപ്പിക്കാനുള്ള ശ്രമങ്ങളാണ് ശ്വേതൻമാർ ആദ്യമായി നടത്തുന്നത്. അസംസ്കൃതവസ്തുക്കളെ പടിഞ്ഞാറിലേക്കു കയറ്റിയ അവർ അവയെ നവീന വസ്തുക്കളാക്കി ആത്മപുരത്തിൽ എത്തിച്ചു. ശ്വേതൻമാരുടെ നവീന വസ്തുക്കൾ ദേശക്കാരായ ഉറുമ്പുകളുടെ പ്രിയപ്പെട്ടവയായി തീർന്നു. ചില ശ്വേതൻമാർ പുത്തൻ പണിത്തരങ്ങൾ ഉണ്ടാക്കുന്ന പണിശാലകളെ ആത്മപുരം സാമ്രാജ്യത്തിൽ സ്ഥാപിക്കുകയും ചെയ്തു.

കലിമകൾ ഭരിക്കുമ്പോൾ ഉണ്ടായിരുന്ന ലഹരിപദാർത്ഥത്തെ

ക്കുറിച്ച് മുമ്പ് സൂചിപ്പിച്ചിരുന്നു. കലിമകൾ പടിഞ്ഞാറുനിന്നാണ് ലഹരിപദാർത്ഥങ്ങളെ കൊണ്ടുവന്നിരുന്നത്. ശ്വേതൻമാർ ആത്മ പുരത്തിൽത്തന്നെ അവയെ ഉണ്ടാക്കുകയാണ്. ഇപ്പോൾ പുതിയൊരുതരം പാനീയവും ശ്വേതൻമാർ കണ്ടെത്തിയിരിക്കുന്നു. മധുരമുള്ള ആ പാനിയത്തിനുവേണ്ട ചെടിയേയും ശ്വേതൻമാർ ആത്മ പുരത്തിൽ നട്ടുവളർത്തി. ഇവയുടെയെല്ലാം ഉടമകൾ ശ്വേതൻമാരും പണിയാളുകൾ ദേശക്കാരായ ഉറുമ്പുകളുമായിരുന്നു. ദേശക്കാരായ ഉറുമ്പുകളെ ഓങ്കാരികളും ഗച്ഛൻമാരുമാണ് പണിയെടുപ്പിച്ചിരുന്നത്. അതിനവർക്ക് മാന്യമായ പ്രതിഫലവും ലഭിച്ചിരുന്നു. ദേശക്കാരായ ഉറുമ്പുകൾക്ക് പണിശാലകളും തോട്ടങ്ങളും ഉണ്ടാക്കാൻ ശ്വേതൻമാർ അനുവദിച്ചിരുന്നില്ല.

കാലത്തിന്റെ മാറ്റത്തെ ഓങ്കാരികളും ഗച്ഛൻമാരും പൊള്ളക്കാലികളും പെട്ടെന്നുത്തന്നെ ഉൾക്കൊണ്ടു. ഓങ്കാരികളുടെ മക്കൾ ശ്വേതൻമാരുടെ ഭരണവ്യവസ്ഥയുടെ ഭാഗമായിത്തീർന്ന് മാന്യമായ ജോലികൾ നേടിയെടുത്തു. ഗച്ഛൻമാരും കിട്ടിയ അവസരത്തെ ഉപയോഗിച്ച് ഭരണക്കാരുടെ ഭാഗമായി. കച്ചവടക്കാരായ പൊള്ളക്കാലികൾക്കും ശ്വേത സാമ്രാജ്യത്തിൽ മാന്യമായ സ്ഥാനം ലഭിച്ചു.

ദേശക്കാരായ ഉറുമ്പുകൾക്ക് മികച്ച ജോലി ലഭിച്ചെങ്കിലും ശ്വേതൻമാരുടെ സാമ്രാജ്യത്തിൽ അവർ രണ്ടാന്തരം പൗരൻമാരായിരുന്നു. അവർക്ക് ശ്വേതൻമാരെപോലെ മികച്ച പ്രതിഫലമോ സാമൂഹ്യ മാന്യതയോ ലഭിച്ചിരുന്നില്ല. ആത്മപുരം സാമ്രാജ്യത്തിൽ ദേശക്കാരായ ഉറുമ്പുകൾക്ക് – അവർ ഓങ്കാരികളും ഗച്ഛൻമാരുമാണെങ്കിലും – കുറഞ്ഞ വേതനവും പരിമിതമായ അധികാരവുമാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് ഓങ്കാരികൾക്കും ഗച്ഛൻമാർക്കും ശ്വേതൻമാരോട് മനസ്സിൽ വെറുപ്പായിരുന്നു. കച്ചവടക്കാരായ പൊള്ളക്കാലികൾ സമ്പന്നരായിരുന്നെങ്കിലും തോട്ടങ്ങളും പണിശാലകളും സ്വന്തമായി നടത്താൻ ശ്വേതൻമാർ അവരെ അനുവദിച്ചിരുന്നില്ല. സ്വാഭാവികമായും പൊള്ളക്കാലികൾക്കും ശ്വേതൻമാരോട് വെറുപ്പായിരുന്നു.

കീഴാളരും തൊട്ടുകൂടാത്തവരുമായ ദേശക്കാരായ ഉറുമ്പുകളുടെ ഇടയ്ക്കുണ്ടായ മാറ്റങ്ങളെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ദേശക്കാരായ തൊട്ടുകൂടാത്ത ഉറുമ്പുകൾക്കും ആഢ്യൻമാരായ ഉറുമ്പുകൾക്കും ഒരേ നീതിയാണ് ശ്വേതൻമാർ നടപ്പിലാക്കിയിരുന്നത്. അവരുടെ പാഠശാലകളിലും സമനീതി തന്നെയായിരുന്നു.

ശ്വേതൻമാരുടെ പാഠശാലകളിൽ ഭരണവ്യവസ്ഥയെ നില നിർത്തുന്ന പുത്തൻ പാഠാവലികളാണ് പഠിപ്പിച്ചിരുന്നത്. അതോ ടൊപ്പം ലോകത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും പുത്തൻ അറി വുകളും അവർ നൽകി. അറിവിന്റെ വികാസത്തോടെ ദേശക്കാ രായ അധ:കൃത ഉറുമ്പുകളിൽ ചിലരെങ്കിലും നവീനമായ കാഴ്ച പ്പാടുകളിലേക്ക് എത്തിച്ചേർന്നു. കാലാകാലങ്ങളായി നിലനിന്ന വിശ്വാസങ്ങളേയും സമ്പ്രദായങ്ങളേയും അവർ സംശയത്തോടെ കണ്ടുതുടങ്ങി.

ഓങ്കാരികൾ ഉണ്ടാക്കിയ വിധിയേയും പൂർവ്വജന്മാർജ്ജിത കർമ്മഫലത്തേയും ദേശക്കാരായ അധ:കൃത ഉറുമ്പുകളിൽ ചില രെങ്കിലും ചോദ്യംചെയ്യുന്നു. ഒന്നും മായയല്ലെന്നും എല്ലാം സത്യ മാണെന്നും അവർ തിരിച്ചറിയുന്നു. ആദ്യകാലങ്ങളിൽ ചില ഉറു മ്പുകളുടെ മനസ്സിലാണ് സംശയങ്ങളും ചോദ്യങ്ങളും ഉയരുന്നത്. വിഭജനങ്ങളില്ലാത്ത പാഠശാലയിൽനിന്ന് വിഭജനങ്ങളില്ലാത്ത ലോകത്തിലേയ്ക്ക് അവരുടെ ചിന്തകൾ വളർന്നു. തുടർന്ന് വേർതി രിവുകളില്ലാത്ത ദൈവത്തെക്കുറിച്ച് അവർ ആഴത്തിൽ ചിന്തിക്കു കയാണ്.

ദേശക്കാരായ ഭൂരിപക്ഷം ഉറുമ്പുകളിൽ പൊതുവെ ശ്വേതൻമാ രുടെ ഭരണംകൊണ്ട് എടുത്തുപറയത്തക്ക മാറ്റങ്ങളൊന്നും ഉണ്ടാ യില്ല. അവർ ഓങ്കാരികൾ സൃഷ്ടിച്ച ലോകത്ത് വിഭജനങ്ങളോടെ ജീവിച്ചു. ദേശക്കാരുടെ വിശുദ്ധമൃഗമായ ഉഡ്ഡുപശുക്കളെ തിന്നുന്ന ശ്വേതൻമാരെ അവർ അവിശ്വസിക്കുകയായിരുന്നു.

ഓങ്കാരികൾ ശ്വേതൻമാരെ നേരിടാൻ എരിഞ്ഞടങ്ങിയ ഭക്തി പ്രസ്ഥാനത്തെ ഉണർത്തുന്നു. പ്രാർത്ഥനയുടെ ലഹരിയിൽ മുഴു കുമ്പോൾ ദേശക്കാരായ ഉറുമ്പുകളെല്ലാം ഒന്നായി. എന്നാൽ പ്രാർത്ഥനകഴിഞ്ഞ് മാളത്തിൽനിന്നിറങ്ങുന്ന ദേശക്കാരായ ഉറുമ്പു കൾ വിഭജനങ്ങളുടേയും തൊട്ടുകൂടായ്മയുടേയും യാഥാർത്ഥ്യ ത്തെയാണ് നേരിട്ടത്.

ഓങ്കാരികളും ഗച്ഛൻമാരും ഒരിക്കലും അദ്ധ്വാനത്തെ ബഹുമാ നിച്ചിരുന്നില്ല. ഇമ്മമരങ്ങളെ വളർത്തിയിരുന്നത് കുനിയനുറുമ്പു കളാണ്. ഇമ്മമരങ്ങളെ വളർത്താൻ കുനിയനുറുമ്പുകൾ പകൽ മുഴു ക്കെ അദ്ധ്വാനിച്ചിരുന്നു. മുഴുവൻ ഉറുമ്പുകൾക്കും വേണ്ട ആഹാര മാണ് കുനിയനുറുമ്പുകൾ ഉണ്ടാക്കുന്നത്. എന്നാൽ അവർക്ക് ആവ ശ്യത്തിനുള്ള ആഹാരം ലഭിച്ചിരുന്നില്ല. അവർ വളർത്തുന്ന ഇമ്മ മരത്തിന്റെ അവകാശികൾ ഓങ്കാരികളായിരുന്നു. പൂർവ്വജന്മത്തിലെ

പാപമായാണ് കുനിയനുറുമ്പുകൾ ജീവിതത്തെ കണ്ടത്. രാഗദ്വേഷങ്ങൾക്ക് അടിമകളായ അവർക്ക് മായാബദ്ധമായ ലോകത്തെ ഉപേക്ഷിക്കാനും കഴിഞ്ഞില്ല.

ഓങ്കാരികളും ഗച്ഛൻമാരും പൊള്ളക്കാലികളും ശ്വേതൻമാരുടെ പാഠശാലയിൽ പഠിച്ച് അധികാരികളായി. സ്വാഭാവികമായും കുനിയനുറുമ്പുകളും ഉയർന്നസ്ഥാനങ്ങളെ ആഗ്രഹിച്ചുതുടങ്ങി. തുടർന്ന് കുനിയനുറുമ്പുകൾ മക്കളെ ശ്വേതൻമാരുടെ പാഠശാലയിലേക്ക് അയക്കുന്നു.

ശ്വേതൻമാരുടെ പാഠശാലയിലെ മികച്ച വിദ്യാർത്ഥിയായ കുനിയനുറുമ്പിന്റെ ജീവിതത്തെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ശ്വേതൻമാരുടെ പാഠശാലയിൽ പഠിച്ചതോടെയാണ് യുവാവായ കുനിയനുറുമ്പിന്റെ കാഴ്ച്ചപ്പാടുകൾ മാറുന്നത്. ജീവിതം ഒരു ജന്മം കൊണ്ടുതന്നെ അവസാനിക്കുന്നതാണെന്ന് കുനിയനുറുമ്പ് തിരിച്ചറിഞ്ഞു. ഓങ്കാരികൾ മറ്റ് ഉറുമ്പുകളെ അടിമകളാക്കുന്നതിനുവേണ്ടിയാണ് പൂർവ്വജന്മ കർമ്മഫലത്തേയും വിധിയേയുംകുറിച്ചു പറയുന്നത്. പിന്നീട് യുവാവായ കുനിയനുറുമ്പ് ഓങ്കാരികളുടെ ദൈവത്തെ കണ്ടെത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. സ്വന്തം വർഗ്ഗത്തെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കാനാണ് കുനിയനുറുമ്പ് ദൈവത്തെ അന്വേഷിച്ചത്. ശ്വേതൻമാർ എല്ലാ ഉറുമ്പുകൾക്കും സമമായ നീതിയാണ് നടപ്പിലാക്കിയിരുന്നത്. ശ്വേതൻമാരുടെ നീതിനടപ്പുകളിൽ വിശ്വസിച്ച കുനിയനുറുമ്പ് ചരിത്രത്തിന്റെ ദിശ മാറ്റുന്ന തീരുമാനത്തിൽ എത്തിച്ചേരുന്നു.

ഓങ്കാരികളുടെ മാർഗ്ഗത്തെ സ്വീകരിച്ച യുവാവായ കുനിയനുറുമ്പ് വേപ്പുമരത്തിൽ കയറി ധ്യാനത്തിൽ മുഴുകുന്നു. ദൈവത്തെ അന്വേഷിച്ച് വേപ്പുമരത്തിൽ ധ്യാനിച്ചിരിക്കുന്ന കുനിയനുറുമ്പിനെക്കുറിച്ചുള്ള വാർത്തകൾ പെട്ടെന്നുത്തന്നെ നാടുമുഴുക്കെ പരന്നു. വിവരം അറിഞ്ഞ ഓങ്കാരികളും ഗച്ഛൻമാരും യുവാവായ കുനിയനുറുമ്പിന്റെ ധിക്കാരത്തെ പരിശോധിക്കാൻ വേപ്പിൻചോട്ടിൽ എത്തി. ഓങ്കാരികാരണവർ സമനിലതെറ്റിയതുപോലെയാണ് പെരുമാറുന്നത്. കുനിയനുറുമ്പിനോട് ധ്യാനം അവസാനിപ്പിച്ച് മരത്തിൽ നിന്നിറങ്ങാൻ ഓങ്കാരികാരണവർ കല്പിക്കുകയും ചെയ്തു. ധ്യാനത്തിൽ മുഴുകിയ യുവാവായ കുനിയനുറുമ്പ് ചുറ്റുപാടും നടക്കുന്ന സംഭവങ്ങളെ അറിയുന്നില്ല. ദേശക്കാരായ ഉറുമ്പുകളെല്ലാം വേപ്പുമരച്ചോട്ടിലേക്ക് കൂട്ടത്തോടെ വന്നുകൊണ്ടിരുന്നു. അവസാനം

ഗച്ഛൻമാർ വേപ്പുമരത്തിൽ കയറി കുനിയനുറുമ്പിനെ താഴേയ്ക്ക് എത്തിച്ചു.

ആഹാരമില്ലാതെ ദിവസങ്ങളോളം ധ്യാനിച്ചിരുന്ന യുവാവായ കുനിയനുറുമ്പിന് നിൽക്കാനോ ശബ്ദിക്കാനോ കഴിഞ്ഞില്ല. ദേഷ്യം കൊണ്ടു വിറച്ച ഓങ്കാരികാരണവർ പറഞ്ഞു:

ധ്യാനത്തിനും തപസ്സിനുമുള്ള അധികാരം നിനക്ക് ആരാണ് തന്നത്? നമ്മുടെ സമ്പ്രദായങ്ങളെക്കുറിച്ച് നിനക്കറിയില്ലേ? പണ്ടായിരുന്നെങ്കിൽ നിന്റെ തല ദേഹത്തു കാണില്ല. ഇപ്പോൾ ശ്വേതൻമാരുടെ കാലമാണ്. അവർ നൽകുന്ന ശിക്ഷയെ ഞങ്ങൾ നടപ്പിലാക്കുകതന്നെ ചെയ്യും.

തുടർന്ന് ഓങ്കാരികളും ഗച്ഛൻമാരും യുവാവായ കുനിയനുറുമ്പിനെ ശ്വേതനേതാവിന്റെ മുമ്പിൽ എത്തിച്ചു. അവർ കുനിയനുറുമ്പിനെ രണ്ടുദിവസം തടങ്കൽമാളത്തിൽ താമസിപ്പിച്ചു. മൂന്നാംദിവസമാണ് യുവാവായ കുനിയനുറുമ്പ് ശ്വേത ന്യായാധിപന്റെ മുമ്പിൽ എത്തുന്നത്. കുറ്റങ്ങൾ പരിശോധിച്ചതിനുശേഷം ശ്വേത ന്യായാധിപൻ പറഞ്ഞു: സമത്വത്തിനും സ്വാതന്ത്ര്യത്തിനുമാണ് നമ്മൾ എപ്പോഴും വില കല്പിക്കുന്നത്. നമ്മുടെ രാജാവിന്റെ ആജ്ഞയനുസരിച്ച് ദൈവത്തെ അറിയാനുള്ള ഏതു മാർഗ്ഗത്തേയും ആർക്കും സ്വീകരിക്കാം. സമ്പ്രദായങ്ങൾ മാറേണ്ടവയാണ്. തെറ്റുകളെ തിരുത്തുകയും വേണം. യുവാവായ കുനിയനുറുമ്പ് തെറ്റുചെയ്തിട്ടില്ല. ദൈവത്തിലേയ്ക്കുള്ള ഏതു മാർഗ്ഗത്തേയും ആർക്കും സ്വന്തം ഇഷ്ടപ്രകാരം തെരഞ്ഞെടുക്കാവുന്നതാണ്.

യുവാവായ കുനിയനുറുമ്പിന്റെ മോചനത്തെ മറ്റു കുനിയനുറുമ്പുകൾ ആഘോഷമാക്കിത്തീർത്തു. എന്നാൽ യുവാവായ കുനിയനുറുമ്പ് തന്റെ കൂട്ടക്കാരുടെ പക്ഷംചേർന്ന് സ്വന്തം കണ്ടെത്തലുകളെ അവസാനിപ്പിക്കാൻ തയ്യാറായില്ല. കുനിയനുറുമ്പ് വേപ്പുമരത്തിൽ കയറി വീണ്ടും ധ്യാനിച്ചുതുടങ്ങി.

ഇവിടെയാണ് നമ്മൾ ശ്വേതൻമാരുടെ തുല്യനീതിയുടെ പ്രസക്തിയെ തിരിച്ചറിയുന്നത്.

ഗച്ഛൻമാർ ഭരിക്കുന്നുവെങ്കിൽ യുവാവായ കുനിയനുറുമ്പിന് തീർച്ചയായും മരണശിക്ഷയാണ് ലഭിക്കുക.

വീണ്ടും ഒരാഴ്ച യുവാവായ കുനിയനുറുമ്പ് വേപ്പുമരത്തിൽ ധ്യാനിച്ചിരുന്നു. ധ്യാനത്തിൽ കൂടെ അവൻ ചില കണ്ടെത്തലുകളെല്ലാം നടത്തി. ദൈവം ഒരിക്കലും ഉറുമ്പുകളുടെ ജീവിതത്തിൽ ഇടപെടുന്നില്ല.

ഓങ്കാരികളുടെ പൂർവ്വജന്മാർജ്ജിത കർമ്മഫലങ്ങളും വിധിവാദവും ഒരിക്കലും ദൈവത്തിന്റെ നിലപാടുകളല്ല. അത് ഓങ്കാരികൾ ഭൗതികസുഖത്തിനുവേണ്ടി ഉണ്ടാക്കിയ ന്യായവാദങ്ങളാണ്. വിധിയും കർമ്മഫലവും മായയുമെല്ലാം ഓങ്കാരികൾ സ്വന്തം ഭൗതികതാല്പര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടി കെട്ടിയ കോട്ടകളാണ്. ജന്മത്തേയും നിറത്തേയും മഹത്വവൽക്കരിച്ച ഓങ്കാരികൾ ആത്മാവിനുവേണ്ടി യാതൊന്നും ത്യജിക്കുന്നില്ല. തലമുറകൾ നീളുന്ന ഭൗതികനേട്ടത്തെയാണ് അവർ ആദ്ധ്യാത്മികതകൊണ്ട് നേടുന്നത്.

ധ്യാനത്തിന്റെ പൂർണ്ണതയെ തിരിച്ചറിവായി യുവാവായ കുനിയനുറുമ്പ് അനുഭവിക്കുന്നു. സത്യത്തെ കണ്ടെത്തിയ കുനിയനുറുമ്പ് അതിനെ നടപ്പിലാക്കാൻ സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുകയാണ്.

ഇനി നമ്മൾ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി നിലകൊണ്ട യുവാവായ കുനിയനുറുമ്പിന്റെ പ്രവർത്തനങ്ങളെയാണ് പരിശോധിക്കുന്നത്. അതിന് മുന്നോടിയായി ശ്വേതൻമാരുടെ ജന്മനാടായ പടിഞ്ഞാറിലുണ്ടായ മാറ്റങ്ങളെ പരിശോധിക്കേണ്ടതുണ്ട്.

ആത്മപുരത്തിൽനിന്ന് മോക്ഷപുരം വരെ നീണ്ടുകിടക്കുന്നതാണ് ശ്വേതസാമ്രാജ്യം. ഇതിനിടയ്ക്ക് ദേശക്കാരായ സാമന്തരാജാക്കൻമാരുമുണ്ട്. ആദ്യകാലങ്ങളിൽ പന്ത്രണ്ട് സാമന്തരാജാക്കൻമാർ ഉണ്ടായിരുന്നു. ഇപ്പോൾ ശ്വേതസാമ്രാജ്യത്തിൽ നാലു സാമന്തരാജാക്കൻമാരാണുള്ളത്. പടിഞ്ഞാറുനിന്ന് പലവിഭാഗം ശ്വേതൻമാരും ആത്മപുരത്തിലേക്കു വരുന്നുണ്ട്. ദേശക്കാരായ ഉറുമ്പുകളെ കീഴടക്കിയ അവർ പല സാമ്രാജ്യങ്ങളേയും കിഴക്കിൽ ഉണ്ടാക്കി.

ശനിപുരത്തിൽനിന്നു തുടങ്ങി വരട്ടയാറിൽ അവസാനിക്കുന്ന മറ്റൊരു ശ്വേതസാമ്രാജ്യവുമുണ്ട്. ഇതുതന്നെയാണ് മറ്റു സ്ഥലങ്ങളിലും ഉള്ളത്. പല സ്ഥലങ്ങളിലും ഗോത്രങ്ങളിലും പെട്ടവരാണെങ്കിലും ശ്വേതൻമാരുടെ ഭൗതികവും ആത്മീയവുമായ പരിവർത്തനങ്ങൾ ഒരേ സമയത്തുതന്നെയാണ് സംഭവിച്ചത്. അതിജീവനത്തിനുവേണ്ടി ബദ്ധപ്പെട്ട അവർ എക്കാലത്തും നിരന്തരം യുദ്ധംചെയ്യുകയായിരുന്നു. അതോടൊപ്പം പരിമിതികളെ മറികടക്കാൻ അവർ പുതിയ ഉപകരണങ്ങളും ഉണ്ടാക്കിക്കൊണ്ടിരുന്നു. നാടുകൾ കീഴടക്കി മുന്നേറിക്കൊണ്ടിരുന്ന ശ്വേതൻമാർ ലോകത്തിൽ മുഴുക്കെ സ്വന്തം ആധിപത്യം സ്ഥാപിക്കാനാണ് ശ്രമിച്ചത്.

പടിഞ്ഞാറുള്ള ശ്വേതൻമാരെ അനേകം നൂറ്റാണ്ടുകളായി രാജാവാണ് ഭരിക്കുന്നത്. രാജവാഴ്ച ഒരു കുടുംബത്തിന്റെ അവകാശമാണ്. എന്നാൽ നവീനായുധവും യുദ്ധശേഷിയും പടയാളികളുമുള്ള ചിലർ രാജാവിനെ വധിച്ച് അധികാരം കയ്യടക്കാറുമുണ്ട്. ആധുനിക ശ്വേതസമൂഹം രാജാവിനെ പൂർണ്ണമായും അംഗീകരിക്കുന്നില്ല. പൊതുസമൂഹം സ്വാതന്ത്ര്യത്തിനും സമത്വത്തിനുമാണ് പ്രാധാന്യം നൽകുന്നത്. നവീനമായ കണ്ടെത്തലുകളും പുത്തൻ അറിവുകളും ശ്വേതൻമാരെ അടിമുടി മാറ്റിപ്പണിയുന്നു. അതോടെ രാജവാഴ്ചയ്ക്ക് എതിരായുള്ള പ്രക്ഷോഭങ്ങൾ ആരംഭിച്ചു. പൊതുസമൂഹത്തിൽനിന്ന് ഭരണാധിപനെ തെരഞ്ഞെടുക്കാനാണ് അവർ ആവശ്യപ്പെട്ടത്.

ആദ്യകാലങ്ങളിൽ പ്രതിഷേധങ്ങളെല്ലാം സമാധാനത്തോടെയാണ് നടക്കുന്നത്. പിന്നീട് പ്രക്ഷോഭക്കാർ ആയുധത്തിന്റെ മാർഗ്ഗത്തെ പിന്തുടരുന്നു. അതോടെ അവർ രാജാവിനേയും കൂട്ടരേയും വധിക്കുന്നു. പിന്നീട് ശ്വേതനേതാവാണ് താൽക്കാലിക ഭരണാധികാരിയാകുന്നത്. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ സ്വഭാവശുദ്ധിയും ത്യാഗമനോഭാവവുമുള്ളവരെ അവർ ഭരണാധികാരികളായി തെരഞ്ഞെടുക്കുന്നു.

രാജവാഴ്ചയെ ഇല്ലാതാക്കാൻ പടിഞ്ഞാറുള്ള എല്ലാ ശ്വേതസമൂഹങ്ങൾക്കും കഴിഞ്ഞു. എങ്കിലും ഓരോ ശ്വേതസമൂഹവും പ്രബലശക്തിയാകാനുള്ള ശ്രമങ്ങളാണ് തുടർന്നു നടത്തുന്നത്. ആത്മപുരത്തിലേക്കു വന്ന ശ്വേതൻമാരാണ് ആദ്യമായി ലോകം കീഴടക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത്. അവരാണ് ആദ്യമായി പുത്തൻ ആയുധങ്ങളേയും ഉപകരണങ്ങളേയും കണ്ടെത്തുന്നത്. പിന്നീട് പല ശ്വേതസമൂഹങ്ങളും നാടുകൾ കീഴടക്കി വിഭവങ്ങളെ ശേഖരിച്ചു.

എന്നാൽ ചില ശ്വേതസമൂഹങ്ങൾ വളരെപ്പതുക്കെയാണ് കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളുന്നത്. അതിന്റെ ദുരന്തഫലങ്ങളെ ലോകം മുഴുക്കെയുള്ള ഉറുമ്പുകൾ അനുഭവിച്ചറിഞ്ഞതാണ്. പടിഞ്ഞാറുള്ള ശ്വേതൻമാർ പരസ്പരം ദീർഘകാലം യുദ്ധംചെയ്തു. അവരുടെ നൂറ്റാണ്ടുകളായുള്ള അദ്ധ്വാനത്തിന്റെ ഫലങ്ങളെ നവീനായുധങ്ങൾ നിമിഷംകൊണ്ട് ഇല്ലാതാക്കി. യുദ്ധത്തിൽ എണ്ണിയാൽ ഒടുങ്ങാത്ത ശ്വേതൻമാരും മരിക്കുന്നു.

വിജയത്തിനുവേണ്ടി എന്തുംചെയ്യാൻ ഓരോ ശ്വേതസമൂഹവും തയ്യാറാക്കുന്നു. കീഴടക്കിയ കിഴക്കൻരാജ്യങ്ങളിലെ വിഭവങ്ങളെ

മുഴുവൻ അവർ യുദ്ധത്തിനുവേണ്ടി ഉപയോഗിക്കുന്നു. പടിഞ്ഞാറു നടന്ന യുദ്ധത്തിന്റെ കെടുതികളെ ആത്മപുരത്തിൽപ്പോലും കണ്ടെത്താൻ നമുക്ക് കഴിയും.

ശ്വേതൻമാർ ആത്മപുരം സാമ്രാജ്യത്തിൽ തോട്ടങ്ങളും മറ്റും ഉണ്ടാക്കി. അവർ പ്രകൃതിവിഭവങ്ങളെ പടിഞ്ഞാറിലെ പണിശാലകളിൽ എത്തിച്ച് ഉല്പന്നങ്ങളാക്കി. ഉല്പന്നങ്ങളെ അവർ സാമ്രാജ്യത്തിൽ അധികലാഭത്തോടെ വിറ്റഴിച്ചു. യുദ്ധമുണ്ടായതോടെ ശ്വേതൻമാർ കോളനികളിലെ വസ്തുക്കളെയെല്ലാം പടിഞ്ഞാറിലേക്കു കടത്തി. അതോടെ ആത്മപുരം സാമ്രാജ്യത്തിൽ ഭക്ഷണത്തിനും വിഭവങ്ങൾക്കും ക്ഷാമം വന്നുതുടങ്ങി.

ഏഴ്

ഇനി നമ്മൾ വീണ്ടും യുവാവായ കുനിയനുറുമ്പിന്റെ ജീവിതത്തിലേക്കാണ് മടങ്ങുന്നത്.

അദൃശ്യനായ ദൈവം ആർക്കും കണ്ടെത്താനാവാത്ത സത്യമാണെന്ന് യുവാവായ കുനിയനുറുമ്പിനു ബോദ്ധ്യപ്പെട്ടു. അതോടെ സ്വന്തം വർഗ്ഗത്തിന്റെ അധ:കൃതാവസ്ഥയെ പരിഹരിക്കാനാണ് കുനിയനുറുമ്പ് ശ്രമിക്കുന്നത്. തളരാതെ അദ്ധ്വാനിച്ചെങ്കിലും ചില ഉറുമ്പുകൾ മാത്രമാണ് യുവാവായ കുനിയനുറുമ്പിന്റെ വാക്കുകളെ ഉൾക്കൊള്ളുന്നത്. അതോടെ യുവാവായ കുനിയനുറുമ്പും അനുയായികളും ഓരോ മാളത്തിലും ചെന്ന് സത്യത്തെ അവർക്ക് ബോദ്ധ്യപ്പെടുത്തിത്തുടങ്ങി. സമത്വത്തേയും സാഹോദര്യത്തേയുംക്കുറിച്ച് അവരോടു പറഞ്ഞു. ജീവിതത്തിൽ അനേകജന്മങ്ങൾ ഇല്ലെന്നും ഓങ്കാരികളുടെ കെട്ടുകഥകളാണ് വിധിയും പുനർജ്ജന്മവുമെന്നും അവൻ വെളിപ്പെടുത്തി. കുനിയനുറുമ്പിന്റെ വാക്കുകളെ പുച്ഛത്തോടെയാണ് മിക്ക ഉറുമ്പുകളും സ്വീകരിച്ചത്. പാരമ്പര്യചിന്തകളേയും ജീവിതരീതികളേയും ഉപേക്ഷിക്കാൻ അവർക്കു കഴിഞ്ഞില്ല.

തന്റെ പ്രവർത്തനങ്ങളെ ഉറുമ്പുകൾ അവഗണിക്കുന്നതു കണ്ടപ്പോൾ യുവാവായ കുനിയനുറുമ്പ് മറ്റൊരു മാർഗ്ഗത്തെ കണ്ടെത്തി. പടിഞ്ഞാറു നടക്കുന്ന യുദ്ധത്തെക്കുറിച്ച് നമുക്കറിയാമല്ലോ. ആത്മപുരം സാമ്രാജ്യത്തിൽ എവിടേയും പട്ടിണിയാണ്. പട്ടിണിയെ തടയാൻ നിശ്ചയിച്ച യുവാവായ കുനിയനുറുമ്പും കൂട്ടരും എതിർപ്പു

കളെ വകവെയ്ക്കാതെ ഇമ്മമരത്തിന്റെ നീരുകളെ ശേഖരിച്ചു. വിഭാഗീയതയുടെ അടിഅകലങ്ങളെ തകർത്ത് എല്ലാ ഉറുമ്പുകൾക്കും ഒന്നിച്ചുകൂടി ഭക്ഷണം കഴിക്കാനുള്ള അവസരവും അവർ ഉണ്ടാക്കി.

വിശന്നുവലഞ്ഞ മിക്ക ഉറുമ്പുകളും ആർത്തിയോടെയാണ് തിന്നുകൊണ്ടിരുന്നത്. ശ്വേതൻമാരുടെ സാമ്രാജ്യത്തിൽ വിഭജനങ്ങളും തൊട്ടുകൂടായ്മയും ഇല്ലെങ്കിലും ദേശക്കാരായ ഉറുമ്പുകളെല്ലാം സമ്പ്രദായങ്ങളെ മുറപോലെ നടപ്പിലാക്കി. യുവാവായ കുനിയനുറുമ്പിന്റെ പൊതുസദ്യയിൽ പങ്കെടുത്തവരെ പഴയ മനസ്സുകൾ ധിക്കാരികളായി കരുതി. വീണ്ടും പലതവണ കുനിയനുറുമ്പ് പൊതുസദ്യ നടത്തുന്നുണ്ട്. പങ്കെടുക്കുന്ന ഉറുമ്പുകളുടെ എണ്ണം കുറഞ്ഞുവന്നു. യുവാവായ കുനിയനുറുമ്പും കൂട്ടരും നിരാശപ്പെടാതെ പ്രവർത്തനം തുടർന്നുകൊണ്ടിരുന്നു.

ഇക്കാലത്താണ് കലിപുരത്തിലെ കലിമ യുവാവ് കുനിയനുറുമ്പിനെ കാണാൻ വരുന്നത്. അവർ പടിഞ്ഞാറു നടക്കുന്ന യുദ്ധത്തെക്കുറിച്ചും അതുണ്ടാക്കിയ നാശത്തെക്കുറിച്ചും മന:ക്ലേശത്തോടെ സംസാരിച്ചു. തുടർന്ന് കലിമയുവാവ് കുനിയനുറുമ്പിനെ കാണാനുള്ള സാഹചര്യത്തെ വിവരിച്ചു. ശ്വേതൻമാരും കലിമകളും അന്യനാടുകളിൽനിന്ന് വന്നവരാണ്. വളരെക്കുറച്ച് കലിമകളാണ് മറുനാട്ടിൽനിന്നു വരുന്നത്. അധികാരികളായി തീർന്ന അവർ ഈ നാടിന്റെ ഭാഗമാകുകയും ചെയ്തു. ഭൂരിപക്ഷം കലിമകളും ഈ നാട്ടുകാർ തന്നെയാണ്. അധ:കൃതരായ അവർ മതംമാറി കലിമകളായിത്തീർന്നു. കലിമകളെ അന്യനാട്ടുകാരാണെന്നു പറയുന്നതിൽ യാതൊരു സത്യവുമില്ലെന്നും കലിമയുവാവ് എടുത്തുപറഞ്ഞു.

കലിമയുവാവ് തുടർന്നു:

നമ്മുടെ പ്രശ്നം അടിമത്തമാണ്. ശ്വേതൻമാർ നമ്മളെ അടിമകളാക്കി. ഇപ്പോൾ അവർ പരസ്പരം യുദ്ധംചെയ്യുകയാണ്. ഏതെങ്കിലും ഒരു വിഭാഗത്തിന്റെ ആധിപത്യം ലോകം മുഴുവൻ നടപ്പിലാക്കാനാണ് അവർ യുദ്ധം ചെയ്യുന്നത്. ഇത് നമുക്കു ലഭിച്ച സുവർണ്ണാവസരമാണെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മൾ ഈ യുദ്ധാവസരത്തെ സ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി ഉപയോഗിക്കണം. താങ്കളുടെ നിലപാട് അറിയുന്നതിനു വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്.

കലിപുരത്തിലെ കലിമയുടെ വാക്കുകളെ കേട്ട കുനിയനുറുമ്പ് ആത്മവിശ്വാസത്തോടെ പറഞ്ഞു:

സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ളതാണ് എന്റെ ജീവിതം. അടിമയും ഉടമയും ഇല്ലാത്ത ലോകത്തെയാണ് ഞാൻ സ്വപ്നം കാണുന്നത്. നമ്മളാണ് നേതാവിനേയും ഭരണസംവി ധാനത്തേയും സാമ്പത്തികഘടനയേയും തെരഞ്ഞെടുക്കേണ്ടത്. അടിമത്തത്തിൽ അനുസരണ മാത്രമാണുള്ളത്.

യുവാവായ കുനിയനുറുമ്പ് ശബ്ദം ഉയർത്തി പറഞ്ഞു:

കലിമയുവാവിന്റെ മാർഗ്ഗത്തെ ഞാൻ പൂർണ്ണമായും അംഗീകരി ക്കുന്നു. എന്റെ എല്ലാ സഹായവും താങ്കൾക്കുണ്ടാകും.

സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി ഒന്നിച്ചു പ്രവർത്തി ക്കാമെന്ന തീരുമാനത്തിൽ കലിമയുവാവും കുനിയനുറുമ്പും എത്തി ച്ചേരുന്നു.

യുവാവായ കുനിയനുറുമ്പാണ് ആദ്യമായി ദേശക്കാരായ ഉറു മ്പുകളെ വിളിച്ച് യോഗം ചേരുന്നത്. കുറച്ചുപേർ മാത്രമാണ് യോഗ ത്തിൽ പങ്കെടുക്കുന്നത്. സ്വാതന്ത്ര്യത്തേയും സമത്വത്തേയുംകുറിച്ചു കേട്ട അവർ തങ്ങളുടെ അടിമത്തത്തെ തിരിച്ചറിയുന്നു. അത്തരം തിരിച്ചറിവ് അവർക്ക് സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ആവേശമായി. അദ്ധ്വാനത്തിന് അർഹിക്കുന്ന പ്രതിഫലവും ഭര ണാധികാരവും സമത്വവും ലഭിക്കുമെന്ന കേട്ടപ്പോൾ യുവാക്കളായ ഉറുമ്പുകൾക്ക് ആവേശമായി. തുടർന്ന് ദേശക്കാരായ ഉറുമ്പുകൾ ജീവൻ ത്യജിച്ചും സ്വാതന്ത്ര്യം നേടുമെന്ന് പ്രഖ്യാപിക്കുന്നു. യുവാ വായ കുനിയനുറുമ്പിന്റെ നിശ്ചയങ്ങൾ അനുസരിച്ചാണ് മറ്റ് ഉറു മ്പുകൾ പ്രവർത്തിച്ചിരുന്നത്.

വളരെക്കുറച്ച് കാലംകൊണ്ടുതന്നെ ആത്മപുരം സാമ്രാജ്യത്തിൽ മുഴുവൻ ചെറിയ സംഘങ്ങളെ ഉണ്ടാക്കാൻ യുവാവായ കുനിയനു റുമ്പിനു കഴിഞ്ഞു. കലിപുരത്തിലെ കലിമയുവാവും ആത്മപുരം സാമ്രാജ്യത്തിൽ മുഴുക്കെ ചെറുസംഘങ്ങളെ ഉണ്ടാക്കി. യുവാവായ കുനിയനുറുമ്പിന്റെയും കലിമയുവാവിന്റെയും നിയന്ത്രണത്തിൽ സമരം നയിക്കാനുള്ള സംഘത്തേയും അവർ തയ്യാറാക്കി. അതിൽ ദേശക്കാരായ ഉറുമ്പുകളെ അവർ അംഗമാക്കുകയും ചെയ്തു.

വളരെ പെട്ടെന്നാണ് യുവാവായ കുനിയനുറുമ്പും കലിമയു വാവും ആത്മപുരം സാമ്രാജ്യത്തിൽ മുഴുക്കെ സംഘടനയുണ്ടാ ക്കുന്നത്. അതോടെ അവർ ആഹ്വാനങ്ങളിൽനിന്ന് പ്രക്ഷോഭങ്ങ ളിലേക്ക് മാറി. ശ്വേതൻമാരെ അമ്പരപ്പിക്കുന്ന പ്രക്ഷോഭമാണ് അവർ ആരംഭിച്ചത്. അധികാരികൾ നിർദ്ദയമായ നടപടികളിൽ കൂടെ പ്രക്ഷോഭകാരികളെ നേരിട്ടു. തടങ്കൽമാളങ്ങളിൽ എവിടേയും ക്രൂര

മായ ഭീകരതയാണ്. എങ്കിലും പ്രക്ഷോഭകാരികളെ കീഴടക്കാൻ ശ്വേതൻമാർക്ക് കഴിഞ്ഞില്ല. ദേശക്കാരായ ഉറുമ്പുകളും കലിമകളും ചത്തുവീഴുമ്പോൾ പകരക്കാർ എത്തുന്നു. സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള അവരുടെ ജീവത്യാഗത്തെ ആർക്കും അവഗണിക്കാനാകുന്നില്ല.

ഇത്തരമൊരു സാഹചര്യത്തിലാണ് നമ്മൾ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും നിലപാടുകളെ പരിശോധിക്കുന്നത്.

ഓങ്കാരികളും ഗച്ഛൻമാരും കാലത്തിന്റെ മാറ്റങ്ങളെ പെട്ടെന്നുത്തന്നെ ഉൾക്കൊണ്ടു. ശ്വേതൻമാരുടെ കാലം കാലഹരണപ്പെടുകയാണെന്ന് അവർക്ക് തിരിച്ചറിയാനായി. തുടർന്നു സംഭവിക്കാവുന്ന അധികാരഘടനയെ ഓങ്കാരികൾ ഭാവനയിൽനിന്ന് കണ്ടെടുക്കുകയും ചെയ്തു.

രാജവാഴ്ചയിൽനിന്ന് കൂട്ടവാഴ്ചയിലേക്ക് മാറുമ്പോൾ എണ്ണച്ചുരുക്കമുള്ള ഓങ്കാരികളും ഗച്ഛൻമാരും അവഗണിക്കപ്പെടും. അതിനെ തടയാനുള്ള മാർഗ്ഗത്തെക്കുറിച്ചാണ് അവർ നിരന്തരം ആലോചിച്ചുകൊണ്ടിരുന്നത്.

ശ്വേതൻമാരുടെ ഭരണസംവിധാനത്തിൽ ഓങ്കാരികൾക്കും ഗച്ഛൻമാർക്കും പ്രമുഖ സ്ഥാനമാണുള്ളത്. അവരാണ് ഭരണകൂടത്തിന്റെ ആരക്കാലുകളായി പ്രവർത്തിക്കുന്നത്. പാഠശാലയിൽ നിന്നിറങ്ങിയ പൊള്ളക്കാലികൾക്കും അധികാരത്തിന്റെ ഇരിപ്പിടങ്ങളിൽ കയറിക്കൂടാനായി. ദേശക്കാരായ മറ്റ് ഉറുമ്പുകൾ അധികാരത്തിൽനിന്ന് പൂർണ്ണമായും പുറന്തള്ളപ്പെട്ടിരിക്കുന്നു. ഓങ്കാരികളും ഗച്ഛൻമാരും ശ്വേതൻമാരുടെ ഭരണത്തിൽ ഉയർന്ന ഉദ്യോഗസ്ഥരായുണ്ട്. എങ്കിലും എവിടേയും ശ്വേതൻമാർക്കാണ് മുൻതൂക്കം. ഒരേ ഉദ്യോഗമാണെങ്കിലും ഓങ്കാരികൾക്കും ഗച്ഛൻമാർക്കുമല്ല കൂടുതൽ അധികാരവും ശമ്പളവും ലഭിക്കുന്നത്. അതുകൊണ്ട് ഓങ്കാരികൾക്കും ഗച്ഛൻമാർക്കും ശ്വേതൻമാരോട് അമർഷംതോന്നുക സ്വാഭാവികമാണ്.

ആത്മപുരത്തിലെ ഓങ്കാരികളേയും ഗച്ഛൻമാരേയും വിളിച്ചുകൂട്ടിയ ഓങ്കാരികാരണവർ പറഞ്ഞു:

ആത്മപുരം സാമ്രാജ്യത്തിൽ നടക്കുന്ന പ്രക്ഷോഭങ്ങളെക്കുറിച്ച് എനിക്ക് ചിലതെല്ലാം പറയാനുണ്ട്. കാലത്തിന്റെ മാറ്റത്തെ നമ്മൾ ഉൾക്കൊള്ളണം. കറുമ്പന്മാരും കലിമകളും ചേർന്നാണ് സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി പോരാടുന്നത്. ഇനി ഉറുമ്പുകളുടെ നേതാവാണ് ഭരണാധികാരിയാകുക.

ഓങ്കാരികാരണവർ പറഞ്ഞുനിർത്തിയപ്പോൾ ഗച്ഛയുവാവ് മുമ്പോട്ടുവന്നു ചോദിച്ചു:

കാലത്തിന്റെ മാറ്റത്തെ തടഞ്ഞുനിർത്താൻ നമുക്കെങ്ങനെ കഴിയും?

ചോദ്യത്തെ ഉൾക്കൊണ്ട ഓങ്കാരികാരണവർ ഒച്ച കനപ്പിച്ചു പറഞ്ഞു:

കാലത്തെ ഉൾക്കൊള്ളാനും മുമ്പോട്ടുപോകാനും നമുക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്. എക്കാലത്തും നമ്മൾ നമ്മുടെ താല്പര്യങ്ങളെ സംരക്ഷിച്ചിട്ടുണ്ട്. ഇനിയും അതാണുണ്ടാകേണ്ടത്. കൂട്ടായ്മയുടെ കാലത്തും ഓങ്കാരികളും ഗച്ഛൻമാരും തന്നെയാകണം ഭരണാധികാരികൾ.

ഗച്ഛയുവാവ് വീണ്ടും സംശയത്തോടെ കടന്നുവന്നു.

ഉറുമ്പുകളുടെ എണ്ണം അനുസരിച്ചാണല്ലോ തെരഞ്ഞെടുപ്പ് നടക്കുക. എണ്ണത്തിൽ കുറവായ നമുക്കെങ്ങനെ ഭരണാധികാരികളാകാൻ കഴിയും?

യുവാവിന്റെ ചോദ്യത്തെ ഗൗരവത്തോടെയാണ് ഓങ്കാരി കാരണവർ കേട്ടത്.

ഇക്കാലംവരെ നമ്മൾ അധികാരികളായിതീർന്നത് ശരീരശക്തി കൊണ്ടല്ല. നിറത്തിന്റേയും ജന്മത്തിന്റേയും മഹത്വമാണ് നമ്മളുടെ ശക്തി. പൂർവ്വജന്മത്തിലെ സുകൃതഫലമാണ് നമ്മുടെ ജീവിതം. അതുപോലെ ശവന്തീനിയുറുമ്പുകൾ അനുഭവിക്കുന്ന ദുരിതങ്ങൾക്കെല്ലാം കാരണം അവരുടെ പൂർവ്വജന്മങ്ങളിലെ കർമ്മങ്ങളാണ്. ജന്മംകൊണ്ടു ലഭിക്കുന്ന മഹത്വത്തെക്കുറിച്ച് നമ്മൾ എപ്പോഴും ദേശക്കാരായ ഉറുമ്പുകളോട് പറഞ്ഞുകൊണ്ടിരിക്കണം. നമ്മുടെ ദൈവത്തിന്റെ നീതിയെ ധിക്കരിക്കാൻ ഒരിക്കലും ദേശക്കാരായ ഉറുമ്പുകൾക്ക് കഴിയില്ല. ജന്മത്തിന്റെ മഹത്വമാണ് ഭരണാധികാരികളെ നിശ്ചയിക്കുന്നത്.

വീണ്ടും ഗച്ഛയുവാവ് ചോദിച്ചു:

കലിമകളെ നമ്മൾ എങ്ങനെ നേരിടും?

ഗച്ഛയുവാവിന്റെ ചോദ്യംകേട്ട് ഓങ്കാരി കാരണവർ സന്തുഷ്ടനായി.

നമ്മുടെ മതത്തിന്റെ ഭാഗമാണ് ദേശക്കാരായ ഉറുമ്പുകളെല്ലാം. മതത്തെ സംബന്ധിച്ച് അവസാനത്തെ വാക്ക് ഓങ്കാരികാരണവരുടേതാണ്. എത്ര പരിഷ്ക്കാരികളായാലും മതത്തേയും വിശ്വാസത്തേയും കയ്യൊഴിയാൻ ആർക്കും കഴിയില്ല. ദേശക്കാരായ ഉറു

മ്പുകളുടെ മതവിശ്വാസത്തെ നമ്മൾ ശരിയായി ഉപയോഗിക്കണം. കലിമകളേയും ദേശക്കാരായ ഉറുമ്പുകളേയും വെവ്വേറെയാക്കുക നമ്മുടെ ആവശ്യമാണ്. എങ്കിലെ നമുക്ക് ഭരണാധികാരികളാകാൻ കഴിയൂ.

തുടർന്ന് പലതവണ ഓങ്കാരികളും ഗച്ചൻമാരും രഹസ്യമായി യോഗംചേരുന്നു. ഒടുവിൽ സ്വന്തമായി പ്രക്ഷോഭം ആരംഭിക്കാൻ അവർ തീരുമാനിക്കുന്നു. ഓങ്കാരികാരണവർ ആത്മപുരം സാമ്രാജ്യത്തിൽ മുഴുക്കെ സഞ്ചരിച്ച് യോഗം ചേർന്ന് പ്രസംഗിക്കണമെന്നും അവർ നിശ്ചയിക്കുന്നു.

പിറ്റേന്നുതന്നെ ഓങ്കാരികാരണവരും സംഘവും നാടുമുഴുക്കെ യോഗങ്ങൾ നടത്തിതുടങ്ങി. യോങ്ങൾക്ക് മതത്തിന്റെ പരിവേഷം ഉണ്ടാക്കാൻ ഓങ്കാരികാരണവർ പ്രത്യേകം ശ്രദ്ധിച്ചു. ആദ്യം ധ്യാനമാണ് ഓങ്കാരികാരണവർ നടത്തുക. പിന്നീട് പൂർവ്വാർജ്ജിതകർമ്മങ്ങളേയും വിധിയേയും മായയേയും ഓങ്കാരികാരണവർ വിവരിക്കുന്നു. അതിനുശേഷമാണ് ഓങ്കാരികാരണവർ അടിമത്തത്തേയും സ്വാതന്ത്ര്യത്തേയുംകുറിച്ച് പ്രസംഗിക്കുക. തുടർന്ന് ഓങ്കാരികാരണവർ ദേശക്കാരായ ഉറുമ്പുകളുടെ അടുത്തെത്തുന്നു. ജന്മമഹത്വമുള്ള ഓങ്കാരികാരണവർ അടുത്തെത്തുമ്പോൾ അവർ പാരമ്പര്യമനുസരിച്ച് അകന്നുനിൽക്കുകയാണ്.

തന്റെ പിൻഗാമിയാകേണ്ട മൂത്തമകനെ ദേശക്കാരായ ഉറുമ്പുകളുടെ മുമ്പിൽനിർത്തിയ ഓങ്കാരികാരണവർ പറഞ്ഞു:

ഇവൻ ആരാണെന്ന് നിങ്ങൾക്ക് അറിയാമല്ലോ? എന്തുകൊണ്ട് നിങ്ങൾക്ക് ഇവന്റെ സ്ഥാനം കിട്ടുന്നില്ല. അനേകം ജന്മങ്ങളിലെ പുണ്യംകൊണ്ടാണ് ഇവൻ എന്റെ മകനായത്. എന്റെ പിൻഗാമിയാകാനും കാരണം ഇവന്റെ പൂർവ്വജന്മങ്ങളിലെ സുകൃതമാണ്. ഇതെല്ലാം ദൈവത്തിന്റെ നിശ്ചയങ്ങളാണ്. ദൈവത്തെ ധിക്കരിക്കാൻ നമുക്ക് കഴിയില്ല. ദൈവമാണ് ഓരോരുത്തർക്കും വിധിയായി ജീവിതത്തെ നൽകുന്നത്.

തന്റെ വാക്കുകളെ പരുക്കനും മുഴക്കമുള്ളതുമാക്കാൻ ഓങ്കാരികാരണവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ദൈവത്തെ ധിക്കരിക്കാൻ നിങ്ങൾക്ക് കഴിയുമോ?

ദൈവനിഷേധിയായി നരകത്തിൽ എത്താൻ ദേശക്കാരായ ഉറുമ്പുകൾ തയ്യാറായില്ല. മതത്തിന്റെ ചുറ്റുപാടിൽ ജീവിച്ച അവർക്ക് ഓങ്കാരികാരണവരുടെ വാക്കുകൾ ദിവ്യന്റെ പ്രവചനങ്ങളാണ്.

ഓങ്കാരികാരണവർ മകനുമായി ആത്മപുരം സാമ്രാജ്യത്തിൽ

മുഴുക്കെ സഞ്ചരിച്ചു. മൂത്തമകനെ തന്റെ പിൻഗാമിയായി കാരണവർ പ്രഖ്യാപിക്കുകയും ചെയ്തു. ഓങ്കാരികാരണവർ മതത്തെ ഉപയോഗിച്ചു തുടങ്ങിയപ്പോൾ ദേശക്കാരായ ഉറുമ്പുകൾ കൂട്ടത്തോടെ യോഗങ്ങളിൽ പങ്കെടുത്തുതുടങ്ങി.

സ്വാതന്ത്ര്യത്തിൽനിന്ന് സമത്വത്തെ ഉപേക്ഷിച്ചാണ് ഓങ്കാരികളും ഗച്ഛൻമാരും മുമ്പോട്ടുനീങ്ങുന്നത്. അപകടത്തെ തിരിച്ചറിഞ്ഞ കലിമയുവാവ് യുവാവായ കുനിയനുറുമ്പിനെ സമീപിച്ചു.

ശ്വേതൻമാരിൽനിന്ന് സ്വാതന്ത്ര്യംനേടി സമത്വത്തെ സ്ഥാപിക്കാനല്ല ഓങ്കാരികളും ഗച്ഛൻമാരും പ്രവർത്തിക്കുന്നത്. അവർ മതത്തെ ഉപയോഗിച്ച് അധികാരം നേടാനാണ് ശ്രമിക്കുന്നത്. ദേശക്കാരായ ഉറുമ്പുകളിൽ മിക്കവരും അവരുടെ വലയിൽ അകപ്പെട്ടിരിക്കുന്നു. ഇനി നമ്മൾ എന്താണ് ചെയ്യേണ്ടത്?

ഒരു നിമിഷത്തെ മൗനത്തിനുശേഷം കലിമയുവാവ് പറഞ്ഞു:

ഓങ്കാരികൾ നയിക്കുന്ന മതരാഷ്ട്രത്തിൽ ജീവിക്കാൻ ഞങ്ങൾ തയ്യാറല്ല.

ദേഷ്യംകൊണ്ട് വിറയ്ക്കുന്ന കലിമയുവാവിനോട് യുവാവായ കുനിയനുറുമ്പ് പറഞ്ഞു:

ഇപ്പോൾ നമ്മൾ വികാരംകൊണ്ടല്ല പ്രവർത്തിക്കേണ്ടത്. ഓരോ ചുവടും വിവേകത്തോടെ വെയ്ക്കാൻ നമുക്കു കഴിയണം.

ഓങ്കാരികളുടെ മതവുമായി ഒത്തുപോവാൻ ഞങ്ങൾക്കു കഴിയില്ല. നമുക്ക് വഴിപിരിഞ്ഞു നടക്കുന്നതാണ് നല്ലത്. ഇപ്പോൾ നമ്മളുടെ യോഗങ്ങളിൽ ദേശക്കാരായ ഉറുമ്പുകൾ അപൂർവ്വമായാണ് പങ്കെടുക്കുന്നത്.

ഞാൻ വിടപറയുകയാണ്.

ഓങ്കാരികളുടെ രാജ്യത്തിൽത്തന്നെ കലിമകളുടെ മറ്റൊരു രാജ്യവുമുണ്ടാകും. നന്ദി സുഹൃത്തെ നന്ദി.

വികാരം മുറ്റിനിന്ന കലിമയുവാവിനെ യുവാവായ കുനിയനുറുമ്പിന് ശാന്തനാക്കാൻ കഴിഞ്ഞില്ല. കലിമയുവാവ് വെളിപ്പെടുത്തിയ സത്യത്തെക്കുറിച്ചാണ് യുവാവായ കുനിയനുറുമ്പ് നിരന്തരം ചിന്തിച്ചുകൊണ്ടിരുന്നത്. ഓങ്കാരികൾ സ്വാതന്ത്ര്യസമരം കയ്യടക്കിയതോടെ മതവും ആചാരങ്ങളുമാണ് ഉയർത്തെണീക്കുന്നത്. അതോടെ ദേശക്കാരായ ഉറുമ്പുകളെല്ലാംതന്നെ വിശ്വാസത്തിന്റെ അതിരുകളിൽ ഒതുങ്ങി.

യുവാവായ കുനിയനുറുമ്പ് വിളിച്ചുചേർക്കുന്ന യോഗങ്ങളിൽ ഇപ്പോൾ വളരെ കുറച്ചുപേരാണ് പങ്കെടുക്കുന്നത്. ദൈവത്തെ

നിഷേധിക്കുന്ന കുനിയനുറുമ്പിനെ പിന്തുടർന്നാൽ അടുത്ത ജന്മവും നരകതുല്യമാകുമെന്ന് അവർ വിശ്വസിച്ചു.

ഓങ്കാരികൾ അധികാരികളായാൽ ദൈവത്തിന്റെ ന്യായങ്ങളാണ് നടപ്പിലാകുകയെന്നും ദേശക്കാരായ ഉറുമ്പുകൾ വിശ്വസിച്ചു. അവരുടെ തെറ്റിദ്ധാരണകളെ തിരുത്താൻ യുവാവായ കുനിയനുറുമ്പിനു കഴിഞ്ഞില്ല.

ദേശക്കാരായ ഉറുമ്പുകളെ സ്വാതന്ത്ര്യത്തിലേക്ക് എത്തിക്കാനുള്ള യുവാവായ കുനിയനുറുമ്പിന്റെ ശ്രമങ്ങൾ വിഫലമായി. അതോടെ വലിയൊരു മാറ്റം കുനിയനുറുമ്പിന്റെ കാഴ്ചപ്പാടുകളിൽ ഉണ്ടായി. അന്വേഷണങ്ങൾ ചില വ്യക്തികൾക്കു മാത്രമാണുള്ളതെന്ന് യുവാവായ കുനിയനുറുമ്പ് തിരിച്ചറിയുന്നു. അതോടെയാണ് കുനിയനുറുമ്പ് സമൂഹത്തിൽനിന്ന് ഉൾവലിയുന്നത്.

പിന്നീട് ഒരുമാസം കഴിഞ്ഞാണ് യുവാവായ കുനിയനുറുമ്പിനെ നമ്മൾ വീണ്ടും കാണുന്നത്. ഇപ്പോൾ കുനിയനുറുമ്പ് ഒരു ദീർഘയാത്രയ്ക്ക് തയ്യാറെടുത്തിരിക്കുന്നു. യുവാവായ കുനിയനുറുമ്പ് തന്റെ അന്വേഷണവുമായി ആത്മപുരം പുഴയോരംവഴി മുമ്പോട്ടു നടക്കുന്നതിനെയാണ് നമ്മൾ കാണുന്നത്.

ഇനി നമ്മൾ വീണ്ടും ആത്മപുരത്തിലെ സ്വാതന്ത്ര്യസമരത്തിലേയ്ക്ക് മടങ്ങുകയാണ്. ജീവിതത്തേയും ലോകത്തേയും സമഗ്രതയോടെ കണ്ട യുവാവായ കുനിയനുറുമ്പ് അധഃകൃതന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് പ്രവർത്തിച്ചത്. ശവന്തീനി ഉറുമ്പുകളുടേയും മറ്റ് അധഃകൃത ഉറുമ്പുകളുടേയും ജീവിതത്തെ ഓർത്ത് യുവാവായ കുനിയനുറുമ്പ് എപ്പോഴും ദുഃഖിച്ചു. ശവന്തീനി ഉറുമ്പുകൾ സാമൂഹ്യമാന്യത നേടുമ്പോൾ സമൂഹം മുഴുവനും മാറ്റംവെയ്ക്കുമെന്ന് യുവാവായ കുനിയനുറുമ്പ് വിശ്വസിച്ചു. അതോടെ അടിമകളുടെ ലോകം ഇല്ലാതാകും. ആർക്കും സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള മാർഗ്ഗത്തെ കണ്ടെത്തുകയും ചെയ്യാം.

യുവാവായ കുനിയനുറുമ്പ് നാടുവിട്ടതോടെ ഓങ്കാരികൾ കൂടുതൽ ശക്തരായി. ഇപ്പോൾ സ്വാതന്ത്ര്യസമരത്തിന്റെ നീക്കങ്ങൾ അവരുടെ കൈപ്പിടിയിൽ ഒതുങ്ങുന്നു. തികച്ചും മതപരമായ സമീപനങ്ങളാണ് ഓങ്കാരികൾ സ്വാതന്ത്ര്യസമരത്തിനുവേണ്ടി തെരഞ്ഞെടുത്തത്.

ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും നഷ്ടപ്പെട്ട അധികാരത്തെ വീണ്ടെടുക്കുകയായിരുന്നു അവരുടെ ലക്ഷ്യം. മറ്റ് ഉറുമ്പുകളോട് വേർതിരിവുകളില്ലാതെയാണ് ഓങ്കാരികാരണവർ ഇപ്പോൾ പെരു

മാറുന്നത്. എങ്കിലും ഓങ്കാരികാരണവരുടെ വിഭജനങ്ങളുടെ അതിരുകൾ നിലനിന്നു.

ഓങ്കാരികാരണവർ എപ്പോഴും ആത്മപുരത്തിലെ ഉറുമ്പുകളോട് പറഞ്ഞു.

നമ്മളുടെ ജനനവും മരണവുമെല്ലാം ആത്മപുരത്തിൽ തന്നെയാണ് സംഭവിക്കുക. നമ്മുടെ തലമുറകളും ഇവിടെ ജീവിച്ചുമരിക്കും. നാട്ടുപൈതൃകത്തെ സംരക്ഷിക്കാൻ ശ്വേതൻമാർക്ക് കഴിയില്ല. നമ്മുടെ പൈതൃകത്തെ സംരക്ഷിക്കാനാണ് നമ്മൾ സ്വാതന്ത്ര്യം നേടുന്നത്. ശ്വേതൻമാരിൽനിന്ന് സ്വാതന്ത്ര്യം നേടുന്നതോടെ നമ്മുടെ ഇടയ്ക്കുള്ള വിഭജനങ്ങളെല്ലാം അവസാനിക്കും. അതിനു നമ്മൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

ഓങ്കാരികാരണവരുമായി മുമ്പൊരിക്കലും അധ:കൃത ഉറുമ്പുകൾക്ക് അടുത്ത് ഇടപഴകാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഓങ്കാരികാരണവർ എല്ലാ ഉറുമ്പുകളോടും സമഭാവനയോടെയാണ് പെരുമാറുന്നത്. ദൈവത്തിന്റെ പ്രതിനിധിയെ നേരിട്ടു കണ്ട അവർ ഓങ്കാരികാരണവരുടെ ആജ്ഞകളെ എല്ലാം അനുസരിക്കാൻ തയ്യാറായി.

ശ്വേതൻമാരെ ആശ്രയിച്ച് അധികാരസ്ഥാനങ്ങളിൽ എത്തിയ ഓങ്കാരികളും ഗച്ഛൻമാരും ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ വക്താക്കളായി തീർന്നിരിക്കുന്നു. നഷ്ടപ്പെട്ട അധികാരത്തെ തിരിച്ചുപിടിക്കാനാണ് ഇപ്പോൾ അവരുടെ ശ്രമം. യുവാവായ കുനിയനുറുമ്പിനെ പിൻപറ്റി ദേശക്കാരായ ഉറുമ്പുകൾ സ്വാതന്ത്ര്യം നേടിയാൽ ഓങ്കാരികളും ഗച്ഛൻമാരും തീർച്ചയായും അവഗണിക്കപ്പെടും. അതൊഴിവാക്കാനാണ് അവർ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതുന്നത്.

തികച്ചും നവീനമായ സമരത്തെയാണ് ഓങ്കാരികളും ഗച്ഛൻമാരും നടപ്പിലാക്കുന്നത്. ശ്വേതൻമാർ യാത്രകൾക്കും വിഭവങ്ങൾ കടത്തുന്നതിനും വേണ്ടി അനേകം പാതകൾ ഉണ്ടാക്കി. ഹസ്തികളാണ് പടിഞ്ഞാറിലേക്ക് ഭാരം ചുമന്ന് വിഭവങ്ങളെ കടത്തുന്നത്. പടിഞ്ഞാറുനിന്ന് ഉപകരണങ്ങളേയും ഉപഭോഗവസ്തുക്കളേയും ഹസ്തികൾ മടക്കയാത്രയിൽ കൊണ്ടുവരുന്നു. കൂടാതെ ശ്വേതൻമാർ ആത്മപുരത്തിലെ പല പണിശാലകളുടേയും തോട്ടങ്ങളുടേയും ഉടമകളുമാണ്. ഇവിടെ എല്ലാം ദേശക്കാരായ ഉറുമ്പുകളാണ് പണിയെടുക്കുന്നത്.

പണിമുടക്കിയും വഴിതടഞ്ഞും സ്വാതന്ത്ര്യത്തിനുവേണ്ടി സമരം

ചെയ്യണമെന്ന് ഓങ്കാരികാരണവർ പ്രഖ്യാപിക്കുന്നു. ആത്മപുരം സാമ്രാജ്യത്തിലെ ദേശക്കാരായ മുഴുവൻ ഉറുമ്പുകളും ഓങ്കാരികാരണവരുടെ വാക്കുകളെ അനുസരിക്കുന്നു. അതോടെ പണിശാലകൾ നിശ്ചലമായി. വഴിതടഞ്ഞതോടെ ഹസ്തികളുടേയും ശ്വേതൻമാരുടേയും യാത്രകളും മുടങ്ങി.

സ്വാതന്ത്ര്യസമരത്തെ നേരിടാൻ ശ്വേതൻമാർ എന്തിനും തയ്യാറായി. ശ്വേതൻമാരുടെ നിയമപാലകർ അനേകം ദേശക്കാരായ ഉറുമ്പുകളെ കൊന്നൊടുക്കി. അതോടെ ദേശക്കാരായ ഉറുമ്പുകൾ പ്രത്യാക്രമണത്തിന് തയ്യാറാകുന്നു. അവർ ശ്വേതൻമാരുടെ പല പണിശാലകളേയും നശിപ്പിച്ചു. കാഴ്ചകളെ കണ്ടുനിൽക്കാത്ത ശ്വേതൻമാർ വീണ്ടും ദേശക്കാരായ ഉറുമ്പുകളെ കൊന്നൊടുക്കി.

സ്വാതന്ത്ര്യസമരത്തിന്റെ ഗതിമാറിയപ്പോൾ ഓങ്കാരികാരണവർ അസ്വസ്ഥനായി. പെട്ടെന്ന് ഓങ്കാരികാരണവർ സമാധാനത്തിന്റെ മാർഗ്ഗത്തെ സ്വീകരിച്ചു. ശ്വേതൻമാരുടെ ആയുധങ്ങളുമായി ഏറ്റുമുട്ടാൻ ദേശക്കാർക്ക് കഴിയില്ലെന്ന് ഓങ്കാരികാരണവർക്ക് അറിയാം. അക്രമത്തിന്റെ മാർഗ്ഗത്തെ ശ്വേതൻമാർ അടിച്ചമർത്തുകതന്നെ ചെയ്യും.

ഓങ്കാരികാരണവർ നിർദ്ദേശിച്ച സമാധാനസമരത്തെ ദേശക്കാരായ ഉറുമ്പുകൾ പിന്തുടരുന്നു. അവർ ഇമ്മമരത്തിന്റെ നീരിനെ ഉരുളകളാക്കുന്നില്ല. അതുപോലെ പ്രകൃതിവിഭവങ്ങളെ ശേഖരിച്ച് ശ്വേതൻമാർക്ക് നല്കുന്നുമില്ല.

ദേശക്കാരായ ഉറുമ്പുകളുടെ നിഷേധാത്മക നിലപാടുകളെക്കുറിച്ച് ശ്വേതൻമാർ പലതവണ കൂടിയാലോചനകൾ നടത്തി. എങ്കിലും അവർ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകുന്നില്ല. ഇപ്പോൾ പടിഞ്ഞാറുള്ള ശ്വേതൻമാരുടെ പണിശാലകൾ പ്രകൃതിവിഭവങ്ങളില്ലാതെ അടഞ്ഞുകിടക്കുകയാണ്. കൂടാതെ ആത്മപുരത്തിലെ ഉറുമ്പുകൾ വിദേശവസ്തുക്കളോട് മുഖംതിരിക്കുകയുമാണ്.

ആത്മപുരത്തിലെ ഉറുമ്പുകളുടെ മനസ്സിലുണ്ടായ മാറ്റങ്ങളെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ശ്വേതൻമാരുടെ വരവിനുമുമ്പ് ആത്മപുരത്തിലും പരിസരത്തിലും അനേകം നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. ശ്വേതൻമാരാണ് വിശാലമായ ഒരു സാമ്രാജ്യം സ്ഥാപിക്കുന്നത്. അനേകം നാട്ടുരാജ്യങ്ങളാണെങ്കിലും എവിടേയും ഓങ്കാരികളുടെ ആധിപത്യമാണ്. അതുകൊണ്ട് ദേശക്കാരായ ഉറുമ്പുകളെല്ലാം പുനർജ്ജന്മത്തിലും വിധിയിലും വിശ്വസിച്ചു. ശ്വേതൻമാർ നാട്ടുരാജ്യങ്ങളുടെ അതിരു

കൾ ഇല്ലാതാക്കിയതോടെ ദേശീയബോധം ആത്മപുരത്തിലെ ഉറുമ്പുകളുടെ മനസ്സിലേക്കു കടന്നുവന്നു. അതോടെ അടിമത്തത്തേയും സ്വാതന്ത്ര്യത്തേയുംകുറിച്ച് ദേശക്കാരായ ഉറുമ്പുകൾക്ക് പുത്തൻ തിരിച്ചറിവുണ്ടായി.

ഇക്കാലത്താണ് ഓങ്കാരികാരണവർ ദേശക്കാരായ ഉറുമ്പുകളുടെ ആത്മവീര്യം വീണ്ടെടുക്കുന്നതിനുവേണ്ടി പുതിയൊരു സമരം പ്രഖ്യാപിക്കുന്ന്. പടിഞ്ഞാറുനിന്ന് വരുന്ന ലഹരിവസ്തുക്കളെ പൂർണ്ണമായും ഉപേക്ഷിക്കാൻ അവർ തീരുമാനിക്കുന്നു. പുത്തൻ സമരരീതിയെ സന്തോഷത്തോടെയാണ് ദേശക്കാരായ ഉറുമ്പുകൾ സ്വീകരിക്കുന്നത്. ലഹരി ഉപേക്ഷിക്കുക സ്വാതന്ത്ര്യത്തിലേക്കും സമത്വത്തിലേക്കുമുള്ള വഴിയാണെന്ന് അവർ കരുതി.

ഇനി നമ്മൾ യുവാവായ കലിമ ആരംഭിച്ച സ്വാതന്ത്ര്യസമരത്തെയാണ് പരിശോധിക്കുന്നത്.

ഒരു ജന്മത്തിലും ഒരു ദൈവത്തിലും വിശ്വസിച്ചിരുന്ന കലിമകളെ പെട്ടെന്നാണ് യുവാവായ കലിമ സംഘടിപ്പിക്കുന്നത്. ഓങ്കാരികളുടെ ചിന്തയും സാമൂഹ്യക്രമങ്ങളും ദേശക്കാരായ ഉറുമ്പുകളുടെ ജീവിതത്തെ മഹാനരകമാക്കുമെന്ന് യുവാവായ കലിമ തിരിച്ചറിഞ്ഞു. അതോടെ ഓങ്കാരികളും ഗച്ഛന്മാരും യുവാവായ കലിമയുടെ മുഖ്യശത്രുക്കളായി.

ഓങ്കാരികൾ നാടുഭരിച്ചാൽ സംഭവിക്കാവുന്ന ദുരന്തത്തെക്കുറിച്ച് യുവാവായ കലിമ മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തി. ഭരണം കയ്യടക്കുന്ന ഓങ്കാരികൾ കലിമകളെ മതംമാറ്റുമെന്ന ചിന്ത കലിമ യുവാവിനെ എപ്പോഴും അസ്വസ്ഥനാക്കി.

യുവാവായ കലിമ കലിപുരത്തിലാണ് ആദ്യത്തെ യോഗം വിളിച്ചുകൂട്ടുന്നത്. മിക്കവാറും എല്ലാ കലിമകളും ആ യോഗത്തിൽ പങ്കെടുത്തു. കലിമകളോട് യുവാവായ കലിമ പറഞ്ഞു.

നമ്മൾ ഒരിക്കൽ മാത്രമാണ് ജനിക്കുന്നത്. അതുപോലെ നമ്മുടെ മരണവും ഒരിക്കൽ മാത്രം സംഭവിക്കുന്നു. ദൈവത്തിനുവേണ്ടി മരിക്കുന്ന നമ്മൾ സ്വർഗ്ഗത്തിലാണ് എത്തിച്ചേരുക. യഥാർത്ഥത്തിൽ നമ്മുടെ ചുമതല ഭൂമിയെ സ്വർഗ്ഗമാക്കിതീർക്കലാണ്. എന്നാൽ ഓങ്കാരികൾ ഈ ഭൂമിയെ നരകമാക്കി തീർത്തിരിക്കുന്നു. നമ്മൾ, കലിമകൾ ഭൂമിയെ സ്വർഗ്ഗമാക്കി തീർക്കാൻ വേണ്ടി മരിക്കാനും തയ്യാറാകണം. നിങ്ങൾ അതിന് തയ്യാറാണോ എന്നാണ് എനിക്കറിയേണ്ടത്?

യുവാവായ കലിമയുടെ വാക്കുകളോട് മറ്റ് ഉറുമ്പുകൾ പൂർണ്ണ

സമ്മതമാണ് അറിയിക്കുന്നത്. അവർ കലിമയുവാവിന്റെ തീരുമാനങ്ങളെയെല്ലാം അനുസരിക്കാൻ തയ്യാറായി. കലിമകളുടെ സ്വത്വവും ആത്മാഭിമാനവും നിലനിർത്താൻ കലിമ സാമ്രാജ്യം സ്ഥാപിക്കണമെന്ന് യുവാവായ കലിമ പറഞ്ഞു. യുവത്വത്തിന്റെ തീരുമാനത്തെ ആവേശത്തോടെയാണ് മറ്റ് കലിമകൾ ഉൾക്കൊണ്ടത്. ഒരേസമയം ശ്വേതൻമാരോടും ഓങ്കാരികളോടും വിട്ടുവീഴ്ച കൂടാതെ സമരം ചെയ്യണമെന്നും അവർ തീരുമാനിച്ചു.

സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയാണ് യുവാവായ കലിമ സമരം ചെയ്യുന്നത്. എന്നാൽ അത് തികച്ചും കലിമകളുടെ സ്വാതന്ത്ര്യത്തെ മാത്രമാണ് ലക്ഷ്യമാക്കുന്നത്.

കലിപുരത്തിലും ചുറ്റുപാടും കലിമകളാണ് കൂടുതലുള്ളത്. ദേശക്കാരായ ഉറുമ്പുകൾ അപൂർവ്വമാണ്. ഓങ്കാരികളേയും ഗച്ഛൻമാരേയും നമുക്ക് എണ്ണിയെടുക്കാൻ കഴിയും. അനേകം വർഷങ്ങളായി യാതൊരു ശത്രുതയുമില്ലാതെയാണ് കലിപുരത്തിലെ ഉറുമ്പുകൾ ജീവിക്കുന്നത്. യുവാവായ കലിമയെ അനുസരിച്ച മറ്റ് ഉറുമ്പുകൾ ഓങ്കാരികളേയും ഗച്ഛൻമാരേയും ശത്രുക്കളായി കണ്ടു. അതോടെ മതവിദ്വേഷങ്ങൾ അവർക്കുണ്ടാകുന്നു. തുടർന്ന് കലിമകൾ ഓങ്കാരികളേയും ഗച്ഛൻമാരേയും ആക്രമിച്ചു തുടങ്ങുന്നു.

കൂട്ടംചേർന്ന് മുന്നേറിയ കലിമകൾ ആദ്യമായി പവിത്ര വൃക്ഷമായ അരയാലിലേയ്ക്ക് ഇരച്ചുകയറുന്നു. ഗച്ഛൻമാരെ ഒന്നടങ്കം കൊന്നതിനുശേഷമാണ് അവർ ഓങ്കാരികളുടെ നേർക്ക് തിരിയുന്നത്. ആക്രമണശേഷിയില്ലാത്ത ഓങ്കാരികളെ കലിമകൾ പെട്ടെന്നുതന്നെ കൊല്ലുന്നു. പിന്നീട് അവർ ദേശക്കാരായ ഉറുമ്പുകളെ ആക്രമിക്കുന്നു. ദേശക്കാരായ ഉറുമ്പുകളിൽ മിക്കവയും കലിമകളുടെ ആയുധങ്ങൾ ഏറ്റ് ചത്തുവീണു.

കലിമകളുടെ ആക്രമണത്തെക്കുറിച്ചു കേട്ട പല ഉറുമ്പുകളും ജീവൻ രക്ഷിക്കാൻ വേണ്ടി മോക്ഷപുരത്തിലേക്ക് യാത്ര പുറപ്പെട്ടു. ഒരുമാസത്തോളമാണ് കലിമകൾ കലിപുരത്തിലെ മറ്റുറുമ്പുകളെ ആക്രമിക്കുന്നത്. കലിമകളുടെ മാത്രമായ രാജ്യം സൃഷ്ടിക്കാനാണ് യുവാവായ കലിമ ആഗ്രഹിച്ചത്.

കലിമകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളെ ഒരിക്കലും ശ്വേതൻമാർ അംഗീകരിക്കില്ലെന്ന് യുവാവായ കലിമയ്ക്ക് അറിയാം. അതുകൊണ്ട് ആദ്യകാലങ്ങളിലെ തുറന്ന യുദ്ധത്തിനുശേഷം പിന്നീട് ഒറ്റപ്പെട്ട ആക്രമണങ്ങളാണ് അവർ നടത്തുന്നത്.

ആത്മപുരം സാമ്രാജ്യത്തിൽനിന്ന് സ്വാതന്ത്ര്യം നേടാനുള്ള കലി

മകളുടെ ശ്രമങ്ങളെ ശ്വേതൻമാർ വമ്പിച്ച സൈന്യത്തെ ഉപയോഗിച്ച് നേരിടുന്നു. അവർ കലിമയുവാവിനെ പിടികൂടുകയുണ്ടായി. അതോടെ കലിമകൾ കൂടുതൽ അക്രമാസക്തരായി ശ്വേതൻമാരെ ആക്രമിച്ചു.

കലിമകളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം കലിപുരത്തിൽ മാത്രം ഒതുങ്ങുന്നില്ല. ആത്മപുരം സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളിലും കലിമകൾ ശ്വേതൻമാരുമായി ഏറ്റുമുട്ടി. അതോടൊപ്പം ദേശക്കാരായ ഉറുമ്പുകളേയും കലിമകൾ ആക്രമിക്കുന്നു. ആത്മപുരത്തിൽ ദേശക്കാരായ ഉറുമ്പുകളാണ് കൂടുതൽ ഉള്ളത്. വിഭാഗങ്ങളായി തരംതിരിഞ്ഞ ദേശക്കാരായ ഉറുമ്പുകൾക്ക് കലിമകളെ നേരിടാൻ കഴിഞ്ഞില്ല. എങ്കിലും ചില സ്ഥലങ്ങളിൽ ദേശക്കാരായ ഉറുമ്പുകൾ കലിമകളെ കൂട്ടത്തോടെ കൊന്നൊടുക്കി. ഓങ്കാരികളും ഗച്ഛൻമാരും ദേശക്കാരായ ഉറുമ്പുകളെ കൊലപാതകങ്ങൾക്ക് പ്രേരിപ്പിക്കുകയും ചെയ്തു. കലിമകളും ദേശക്കാരായ ഉറുമ്പുകളും ശ്വേതൻമാരിൽനിന്നുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് സമരം തുടങ്ങുന്നത്. എന്നാൽ ഇപ്പോൾ അവർ പരസ്പരം കൊന്നൊടുക്കുകയാണ്.

ഇനി നമ്മൾ പടിഞ്ഞാറുള്ള ശ്വേതൻമാരുടെ യുദ്ധങ്ങളെയാണ് പരിശോധിക്കുന്നത്. പ്രകൃതിവിഭവങ്ങൾക്കും കച്ചവടത്തിനും വേണ്ടിയാണ് പടിഞ്ഞാറുള്ള ശ്വേതൻമാർ പരസ്പരം യുദ്ധംചെയ്യുന്നത്. ആധിപത്യത്തിനുവേണ്ടിയുള്ള അവരുടെ യുദ്ധങ്ങൾ ഒരിക്കലും അവസാനിക്കാതെ തുടരുകയാണ്.

ശ്വേതൻമാരുടെ പല വിഭാഗങ്ങൾ അന്യനാടുകളെ കീഴടക്കി ഭരണം തുടരുകയാണ്. ആത്മപുരത്തിലെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഉറുമ്പുകളുടെ സമരങ്ങളെ മറ്റ് അടിമനാടുകളും ചെവികൊള്ളുന്നു. അതോടെ അടിമരാജ്യങ്ങളിൽ മുഴുക്കെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങൾ ആരംഭിക്കുന്നു. ഇറക്കുമതിച്ചരക്കുകളെ നിരസിക്കുന്ന അവർ പ്രകൃതിവിഭവങ്ങളുടെ കയറ്റുമതിയേയും തടയുന്നു. അതോടെ പടിഞ്ഞാറുള്ള ശ്വേതൻമാരുടെ സാമ്പത്തികാടിത്തറ ഉലയുകയാണ്. സ്വാതന്ത്ര്യസമരങ്ങളെ അടിച്ചമർത്താൻ ശ്വേതൻമാർ പലതവണ ശ്രമിച്ചതാണ്. അപ്പോൾ ദേശക്കാരായ ഉറുമ്പുകൾ കൂടുതൽ പ്രകോപിതരായി ശ്വേതൻമാരുടെ പണിശാലകളേയും മറ്റും നശിപ്പിക്കുന്നു.

പടിഞ്ഞാറിൽ നടക്കുന്ന ശ്വേതൻമാരുടെ യുദ്ധങ്ങൾ അവരുടെ സാമ്പത്തികാടിത്തറയെ പൂർണ്ണമായും നശിപ്പിച്ചു. ശ്വേതസമൂഹ

ങ്ങളുടെ മാളങ്ങൾപോലും തകർന്നു. പണിശാലകൾ തറ നിരപ്പാകുകയും ചെയ്തു. അടിമരാജ്യങ്ങളിൽ നിന്നെത്തിയ വിഭവങ്ങളെ ആയുധങ്ങൾ ഉണ്ടാക്കാനാണ് അവർ ഉപയോഗിച്ചത്. അടിമനാടുകളിൽ സ്വാതന്ത്ര്യസമരം ആരംഭിച്ചതോടെ പ്രകൃതിവിഭവങ്ങളുടെ കുറവ് ശ്വേതൻമാർക്ക് അനുഭവപ്പെട്ടു. കച്ചവടവും പുത്തൻവസ്തുക്കളെ ഉണ്ടാക്കലുമെല്ലാം അതോടെ അവസാനിച്ചു.

മൂന്നുവർഷമാണ് പടിഞ്ഞാറിലെ ശ്വേതൻമാർ യുദ്ധം ചെയ്യുന്നത്. നാടുകളെയെല്ലാം നിലംപരിശാക്കിയതിനുശേഷം ശ്വേതൻമാരുടെ യുദ്ധം അവസാനിച്ചു. ആത്മപുരത്തിലെ അധികാരികളായ ശ്വേതൻമാരാണ് ഒടുവിൽ വിജയികളാകുന്നത്. അവരുടെ കൂടെ മറ്റു ചില ശ്വേതസമൂഹങ്ങളുമുണ്ട്. ഇപ്പോൾ യുദ്ധത്തിന്റെ നാശനഷ്ടങ്ങൾ അനുഭവിക്കാത്ത പുതിയൊരു രാജ്യം സാമ്പത്തികമായി മേൽകൈ നേടിയിരിക്കുകയാണ്. അവരാണ് കാര്യങ്ങളെയെല്ലാം നിയന്ത്രിക്കുന്നത്.

ആത്മപുരം സാമ്രാജ്യത്തിന്റെ അധികാരികളായ ശ്വേതൻമാർ പടിഞ്ഞാറിൽ സ്വന്തം നിലനില്പിനുവേണ്ടി ബദ്ധപ്പെടുകയാണ്. അടിമരാജ്യങ്ങളിലെ സ്വാതന്ത്ര്യസമരത്തെ നേരിടാനുള്ള കരുത്തും അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു.

ഇത്തരമൊരു അവസ്ഥയിലാണ് പുതിയൊരു ഭരണക്രമത്തെ അടിമരാജ്യങ്ങളിൽ നടപ്പാക്കാനുള്ള വഴിയെക്കുറിച്ച് പടിഞ്ഞാറുള്ള ശ്വേതൻമാർ ചിന്തിച്ചുതുടങ്ങുന്നത്.

ഇനി നമ്മൾ ശ്വേതൻമാരുടെ പുതിയ ഭരണക്രമത്തെയാണ് പരിശോധിക്കുന്നത്.

സാമ്പത്തികശക്തിയായും സൈനികശക്തിയായും ഉയർന്നുവന്ന പുതിയ ശ്വേതൻമാരെക്കുറിച്ച് നമുക്കറിയാവുന്നതാണല്ലോ. യുദ്ധത്തിനുശേഷം അവരാണ് ലോകകാര്യങ്ങളെല്ലാം നിയന്ത്രിക്കുന്നത്. സ്വന്തമായി അടിമരാജ്യങ്ങൾ ഇല്ലാത്ത അവർ ലോകത്തെ മുഴുവൻ തങ്ങളുടെ കാൽക്കീഴിൽ ഒതുക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്.

ഇപ്പോൾ പുതിയൊരു സാമ്പത്തികക്രമത്തെ ശ്വേതൻമാർ കണ്ടെത്തുന്നു. ശത്രുതകളെ മറന്ന അവർ അടിമനാടുകളെ പിടിയിൽ ഒതുക്കാൻ പുത്തൻ അധികാരഘടനയെ ഉണ്ടാക്കാൻ തയ്യാറായി. അന്യരാജ്യങ്ങളെ എക്കാലത്തും ചൂഷണം ചെയ്യാനുള്ള മാർഗ്ഗത്തെയാണ് അവർ കണ്ടെത്തുന്നത്.

ആത്മപുരത്തിലെ ശ്വേതൻമാർ സ്വാതന്ത്ര്യസമരം നയിക്കുന്ന

ഓങ്കാരികാരണവരെ ചർച്ചയ്ക്ക് വിളിക്കുന്നു. അനന്തരാവകാശിയായ മകനേയും ഓങ്കാരികാരണവർ കൂടെകൂട്ടുന്നു. ഉദാരമായ സമീപനങ്ങളാണ് ശ്വേതഭരണാധികാരി ഓങ്കാരി കാരണവരോട് കാണിക്കുന്നത്.

വളച്ചുകെട്ടലുകൾ ഇല്ലാതെ ശ്വേതഭരണാധികാരി പറഞ്ഞു:

സ്വാതന്ത്ര്യവും സമത്വവും വെച്ചുപുലർത്തുന്ന സമൂഹമാണ് ശ്വേതൻമാരുടേത്. സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടിയുള്ള നിങ്ങളുടെ സമരങ്ങളെ ഞങ്ങൾ അംഗീകരിക്കുന്നു.

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം ശ്വേത ഭരണാധികാരി തുടർന്നു–

നിങ്ങൾക്ക് ഞങ്ങൾ സ്വാതന്ത്ര്യം നല്കാം. അതിന് നിങ്ങൾ ഞങ്ങളുടെ ചില നിബന്ധനകളെ അംഗീകരിക്കണം.

ശ്വേത ഭരണാധികാരിയുടെ വാക്കുകളെ അമ്പരപ്പോടെയാണ് ഓങ്കാരി കാരണവർ കേൾക്കുന്നത്. ശ്വേത ഭരണാധികാരി വീണ്ടും പറഞ്ഞു:

ശ്വേതൻമാർ ആത്മപുരത്തിൽ നിന്ന് ഞങ്ങളുടെ സ്വന്തം നാട്ടിലേയ്ക്ക് തിരിച്ചുപോകാൻ തയ്യാറാണ്. അധികാരം നിങ്ങൾക്ക് നല്കുകയും ചെയ്യാം. എന്നാൽ ശ്വേതൻമാരുടെ സ്വത്തുക്കളുടേയും പണിശാലകളുടേയും ഉടമകൾ ശ്വേതൻമാർ തന്നെയായിരിക്കും.

ഓങ്കാരി കാരണവർ ആവേശത്തോടെ പറഞ്ഞു:

ആത്മപുരം സാമ്രാജ്യത്തിലെ എല്ലാ സ്വത്തുക്കളുടേയും അവകാശികൾ ഈ നാട്ടുകാരാണ്. അന്യദേശത്തു നിന്നുവന്ന ശ്വേതൻമാരല്ല.

ഓങ്കാരികാരണവരുടെ വാക്കുകളെ പുച്ഛത്തോടെയാണ് ശ്വേത ഭരണാധികാരി കേൾക്കുന്നത്. സമനില വീണ്ടെടുത്ത ശ്വേത ഭരണാധികാരി തുടർന്ന് പറഞ്ഞു:

നമുക്ക് വീണ്ടും ചർച്ചകൾ നടത്താം.

പ്രതീക്ഷയോടെയാണ് ഓങ്കാരികാരണവർ ശ്വേതഭരണാധികാരിയുടെ മുമ്പിൽനിന്ന് പിൻമാറുന്നത്. അവർ വീണ്ടും പലതവണ ചർച്ചകൾ നടത്തി. ഓങ്കാരികാരണവർ ഗച്ഛൻമാരോടും ദേശക്കാരായ ഉറുമ്പുകളോടും കാര്യങ്ങളെല്ലാം വിശദീകരിച്ചു. വിട്ടുവീഴ്ചകൾ ചെയ്ത് സ്വാതന്ത്ര്യം നേടണമെന്ന തീരുമാനത്തിലാണ് അവർ അവസാനം എത്തിച്ചേർന്നത്. സ്വന്തം വർഗ്ഗത്തെ വീണ്ടും അധികാരത്തിൽ ഇരുത്താൻവേണ്ടി ഓങ്കാരികാരണവർ ശ്വേതൻമാരുടെ മുമ്പിൽ തലകുനിക്കാൻ തയ്യാറായി.

ശ്വേതഭരണാധികാരി വീണ്ടും ഓങ്കാരികാരണവരെ ചർച്ചയ്ക്കു ക്ഷണിക്കുന്നു. ഇത്തവണ ചില ഗച്ഛൻമാരും ദേശക്കാരായ ഉറുമ്പുകളിൽ ചിലരും ചർച്ചയിൽ പങ്കെടുക്കുന്നു.

ശ്വേതഭരണാധികാരി മുഖവുര കൂടാതെ പറഞ്ഞു:

ഞങ്ങൾ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറായാണ് വന്നിരിക്കുന്നത്. അതുപോലെ നിങ്ങളും കടുംപിടുത്തം ഉപേക്ഷിക്കണം. തോട്ടങ്ങളിലും പണിശാലകളിലും നാട്ടുകാർക്ക് കാൽഭാഗം അവകാശം നൽകാൻ ഞങ്ങൾ തയ്യാറാണ്. പണിശാലകളിലെ സാങ്കേതിക അവകാശം ഞങ്ങൾക്കായിരിക്കും. കാരണം അവയെ എല്ലാം കണ്ടുപിടിച്ചത് ശ്വേതൻമാരാണ്.

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം ശ്വേതഭരണാധികാരി തുടർന്നു:

ഞാൻ പറഞ്ഞ നിബന്ധനകൾ നിങ്ങൾ അംഗീകരിക്കുന്നുവെങ്കിൽ നമുക്ക് ചർച്ച തുടരാം.

ശ്വേത ഭരണാധികാരിയുടെ വാക്കുകളെ ആഹ്ലാദത്തോടെയാണ് ഓങ്കാരികാരണവരും ഗച്ഛൻമാരും ദേശക്കാരായ മറ്റ് ഉറുമ്പുകളും സ്വീകരിക്കുന്നത്. അതോടെ ശ്വേതൻമാർ അടുത്ത നടപടിക്രമങ്ങളിലേക്കു കടക്കുന്നു. അവർ തോട്ടങ്ങൾക്കും പണിശാലകൾക്കും വില നിശ്ചയിക്കുന്നു. ഓങ്കാരികളും ഗച്ഛൻമാരുമാണ് ശ്വേതൻമാരുടെ സ്വത്തുക്കളുടെ അവകാശികളാകുന്നത്. ചില പൊള്ളക്കാലി ഉറുമ്പുകളും മുതലുടമകളായി.

ഇനി നമ്മൾ കലിപുരത്തിലെ കലിമകൾ നടത്തിയ സ്വാതന്ത്ര്യ സമരത്തെയാണ് പരിശോധിക്കുന്നത്. അവരുടെ നേർക്കുള്ള ശ്വേത ഭരണാധികാരികളുടെ നടപടികളേയും നമ്മൾ വിശകലനം ചെയ്യുകയാണ്.

പുതുതായി എത്തിയ ശ്വേത ഭരണാധികാരി ആദ്യമായി ചെയ്തത് തടങ്കലിലുള്ള കലിമകളെയെല്ലാം മോചിപ്പിക്കുകയാണ്. പിന്നീട് ശ്വേതഭരണാധികാരി കലിമ നേതാവിനെ ചർച്ചയ്ക്ക് ക്ഷണിക്കുന്നു. ചർച്ചയിൽ ഓങ്കാരികാരണവരുടെ മുമ്പിൽവെച്ച നിബന്ധനകളെയാണ് ശ്വേതഭരണാധികാരി അവതരിപ്പിക്കുന്നത്. കൂട്ടത്തിൽ കലിമകൾക്ക് സ്വതന്ത്ര ഭരണാധികാരമുള്ള രാജ്യം നൽകാമെന്നും ശ്വേതഭരണാധികാരി പറഞ്ഞു. തോട്ടങ്ങളിലും പണിശാലകളിലും കാൽഭാഗം ഉടമാവകാശം നൽകാമെന്നും ശ്വേത ഭരണാധികാരി വെളിപ്പെടുത്തി.

ശ്വേതഭരണാധികാരിയുടെ തീരുമാനത്തെ ആഹ്ലാദത്തോടെ

യാണ് കലിപുരത്തിലെ കലിമകൾ സ്വീകരിക്കുന്നത്. തുടർന്ന് ശ്വേതഭരണാധികാരി കലിപുരത്തിൽ കലിമരാജ്യം സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

ആത്മപുരത്തെ രണ്ടായി വിഭജിച്ചതിനു ശേഷമാണ് ശ്വേതൻമാർ പടിഞ്ഞാറിലേക്ക് മടങ്ങിപോകുന്നത്. തോട്ടങ്ങളുടെയും പണിശാലകളുടേയും നടത്തിപ്പുകളെ അവർ ദേശക്കാരായ ഉറുമ്പുകളെ ഏല്പിച്ചു. ശ്വേതൻമാർ തോട്ടങ്ങളിൽ അവകാശം നൽകിയപ്പോൾ അവയെ വാങ്ങിച്ചത് പൊള്ളക്കാലി ഉറുമ്പുകളായിരുന്നു. ഓങ്കാരികളും ഗച്ഛൻമാരും പണിശാലകളുടെ അവകാശമാണ് ഏറ്റെടുത്തത്.

ഇപ്പോൾ ആത്മപുരം സ്വതന്ത്രരാജ്യമായിതീർന്നിരിക്കുന്നു. ഓങ്കാരികളും ഗച്ഛൻമാരുമാണ് നാട് ഭരിക്കുന്നത്. ചില പൊള്ളക്കാലി ഉറുമ്പുകൾക്കും കുനിയൻ ഉറുമ്പുകൾക്കും അധികാരത്തിന്റെ ഭാഗമാകാനുള്ള അവസരമുണ്ടായി.

ഇനി നമുക്ക് സ്വാതന്ത്ര്യം നേടിയതിനുശേഷമുള്ള ആത്മപുരത്തിലെ ഉറുമ്പുകളുടെ ജീവിതത്തെ പരിശോധിക്കാം.

ഇപ്പോൾ ഓങ്കാരികളും ഗച്ഛൻമാരുമാണ് ആത്മപുരത്തിലെ ഭരണാധികാരികൾ. സ്വാതന്ത്ര്യംനേടി എങ്കിലും ദേശക്കാരായ ഉറുമ്പുകളുടെ ജീവിതത്തിൽ പ്രകടമായ യാതൊരു മാറ്റങ്ങളും ഉണ്ടാകുന്നില്ല. ശ്വേതൻമാർ ഉണ്ടാക്കിയ നീതിന്യായ വ്യവസ്ഥകളാണ് ഇപ്പോഴും തുടരുന്നത്. വ്യവസ്ഥിതിയെ സംരക്ഷിക്കുന്ന ശ്വേതൻമാരുടെ വിദ്യാഭ്യാസക്രമങ്ങളാണ് ഇപ്പോഴും ആത്മപുരത്തിലെ അധികാരികൾ പിന്തുടരുന്നത്. ശ്വേതൻ നശിപ്പിച്ച പാരമ്പര്യതൊഴിലുകളെ വീണ്ടെടുക്കാൻ സ്വാതന്ത്ര്യം നേടിയെങ്കിലും അവർക്കായില്ല. ഇപ്പോഴും ആത്മപുരത്തിൽ ശ്വേതൻമാർ ഉണ്ടാക്കിയ ഉപഭോഗവസ്തുക്കളാണ് വിൽക്കുന്നത്. കൂടാതെ ആത്മപുരത്തിൽനിന്ന് പ്രകൃതിവിഭവങ്ങൾ പടിഞ്ഞാറിലേക്ക് പോകുന്നുമുണ്ട്. അവ ഉപഭോഗവസ്തുക്കളും ഉപകരണങ്ങളുമായി ആത്മപുരത്തിലേക്ക് തിരിച്ചെത്തുന്നു.

തലയെണ്ണലാണ് ഭരണസംവിധാനമെങ്കിലും ദേശക്കാരായ ഉറുമ്പുകൾക്ക് തെരഞ്ഞെടുപ്പിൽ അപൂർവ്വമായാണ് സ്ഥാനാർത്ഥികളാകാൻ കഴിഞ്ഞത്. അവർ പരമാവധി തോൽക്കുകയും ചെയ്തു. ഓങ്കാരികളും ഗച്ഛൻമാരുമാണ് എവിടേയും വിജയിക്കുന്നത്. അതിനു കാരണം പൂർവ്വജന്മാർജിതമായ അവരുടെ ജനനമഹത്വം തന്നെയാണ്. ഉറുമ്പുകളുടെ ദുരിതാവസ്ഥയെ മാറ്റിതീർക്കാൻ

വേണ്ടി പ്രവർത്തിച്ചിരുന്ന ഒരു ശവന്തീനി ഉറുമ്പ് തെരഞ്ഞെടുപ്പിൽ മത്സരിക്കുകയുണ്ടായി. അധ:കൃതനായ ശവന്തീനി ഉറുമ്പ് ദയനീയമായ പരാജയത്തെയാണ് ഏറ്റുവാങ്ങുന്നത്. ശവന്തീനി ഉറുമ്പിന്റെ അനുഭവം തന്നെയാണ് ആത്മപുരത്തിലെ ദേശക്കാരായ കറുത്ത ഉറുമ്പുകൾ തെരഞ്ഞെടുപ്പിൽ നേരിട്ടത്. ഓങ്കാരികളുടെ വിശ്വാസങ്ങളേയും മഹത്വങ്ങളേയുമാണ് ദേശക്കാരായ ഉറുമ്പുകൾ പിന്തുടർന്നത്. ദേശക്കാരായ ഉറുമ്പുകൾ സമൂഹത്തിനുവേണ്ടി ആത്മത്യാഗം ചെയ്യുന്നെങ്കിലും അവർ അവഗണിക്കപ്പെടുന്നു. ജന്മത്തിന്റെ മഹത്വമാണ് എവിടേയും ആദരിക്കപ്പെടുന്നത്.

ഇനി നമ്മൾ കലിപുരത്തിലെ കലിമകളും ആത്മപുരത്തിലെ ഉറുമ്പുകളും തമ്മിലുള്ള ബന്ധത്തെയാണ് പരിശോധിക്കുന്നത്.

ആത്മപുരത്തിലെ ഭരണവ്യവസ്ഥ ശ്വേതൻമാരെ പിന്തുടർന്ന് മതേതരത്വത്തിൽ ഊന്നിലാണ് നിലനിന്നത്. അവിടെ പലതരം വിശ്വാസികളും ഒരുമയോടെ ജീവിച്ചുവന്നു. എന്നാൽ കലിപുരത്തിലെ അവസ്ഥ തികച്ചും വ്യത്യസ്തമായിരുന്നു. കലിമകൾ സ്വന്തം വിശ്വാസം മാത്രമുള്ള മതരാഷ്ട്രമായി കലിപുരത്തിനെ പ്രഖ്യാപിക്കുന്നു. കലിമകളുടെ മതത്തിന് മാത്രമാണ് അവിടെ പ്രവർത്തിക്കാൻ കഴിഞ്ഞത്. മറ്റ് മതക്കാരെ അവരുടെ വിശ്വാസം അനുസരിച്ച് പ്രവർത്തിക്കാൻ കലിമകൾ അനുവദിച്ചിരുന്നില്ല. മറ്റു മതക്കാരെല്ലാം കലിമരാജ്യത്തിൽ രണ്ടാന്തരം പൗരൻമാരായിരുന്നു.

കലിമകൾ കലിപുരത്തിനെ സ്വന്തമായ രാജ്യമാക്കിയപ്പോൾ ആത്മപുരത്തിലെ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും മനസ്സിൽ പക കൂടിക്കൊണ്ടിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് കലിപുരത്തിലെ കലിമകളും ആത്മപുരത്തിലെ ദേശക്കാരായ ഉറുമ്പുകളും ഗച്ഛൻമാരും പലതവണ ഏറ്റുമുട്ടുകയുണ്ടായി. കൂടുതൽ ജീവനാശം എപ്പോഴും ആത്മപുരത്തുകാർക്കാണ് ഉണ്ടായത്. കാലങ്ങൾ കഴിഞ്ഞെങ്കിലും അവയുടെ ഓർമ്മകൾ രണ്ടുകൂട്ടരേയും വിഷമിപ്പിച്ചുകൊണ്ടിരുന്നു. നിസാരകാരണങ്ങൾ കണ്ടെത്തി അവർ ഏറ്റുമുട്ടുക പതിവായിരുന്നു. കലിപുരത്തിലെ അതിർത്തികളിൽ കാവൽക്കാരെ ഏർപ്പെടുത്തിയ കലിമകൾ ആത്മപുരത്തുകാരുടെ കയ്യേറ്റങ്ങളെ തടുക്കാൻ എപ്പോഴും തയ്യാറായിനിന്നു. ആത്മപുരത്തുകാരും കലിപുരത്തിലെ കലിമകളുടെ ആക്രമണത്തെ തടയാൻ മുൻകരുതലുകൾ നടത്തി.

ഇക്കാലത്താണ് മോക്ഷപുരത്തിലെ കലിമകൾ ആത്മപുരത്തു

കാരുടെ ഭരണത്തിനെതിരെ കലാപമുണ്ടാക്കുന്നത്. മോക്ഷപുര ത്തിൽ വളരെ കുറച്ച് കലിമകളെ ഉണ്ടായിരുന്നുള്ളൂ. കലിപുര ത്തിലെ കലിമകൾ അവരെ അകമഴിഞ്ഞ് സഹായിക്കുകയും ചെയ്തു. മോക്ഷപുരത്തെ സ്വതന്ത്രരാജ്യമാക്കാനുള്ള ശ്രമങ്ങളാണ് അവർ നടത്തിയത്.

മറ്റൊരു കലിമരാജ്യം ഉണ്ടാകുന്നതിനെ അംഗീകരിക്കാൻ ഓങ്കാ രികൾക്കും ഗച്ഛൻമാർക്കും കഴിഞ്ഞില്ല. ആത്മപുരത്തിൽനിന്ന് വമ്പിച്ച പടയാണ് മോക്ഷപുരത്തിൽ എത്തുന്നത്. അവർ കണ്ണിൽ പ്പെട്ട കലിമകളെ എല്ലാം കൂട്ടക്കൊല ചെയ്തു. കലാപത്തിന്റെ ശേഷിപ്പായി മോക്ഷപുരത്തിൽ ആത്മപുരത്തിലെ പടയാളികൾ സ്ഥിരമായി തങ്ങി.

മോക്ഷപുരത്തിലെ കലിമകളുടെ പരാജയത്തെ നിസ്സംഗത യോടെ കണ്ടുനിൽക്കാൻ കലിപുരത്തിലെ കലിമകൾക്ക് കഴിഞ്ഞി ല്ല. അവർ രഹസ്യമായി മോക്ഷപുരത്തിലെ കലിമകൾക്ക് ആയുധ ങ്ങൾ നൽകി. അതോടെ മോക്ഷപുരത്തിലെ കലിമകൾ ചെറുസം ഘങ്ങളായി ഇടയ്ക്കിടെ ആത്മപുരത്തിലെ പടയാളികളെ ആക്ര മിച്ചുതുടങ്ങുന്നു. കലിപുരത്തിലെ കലിമകളെ നിലയ്ക്കുനിർത്തേ ണ്ടത് ആത്മപുരത്തിലെ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ആവ ശ്യമായിതീർന്നു.

ഇപ്പോൾ കലിപുരത്തിലെ കലിമകൾ ആത്മപുരത്തിലെ കലിമ കളെ കലാപത്തിന് പ്രേരിപ്പിക്കുകയാണ്. ആത്മപുരത്തിലെ കലി മകളിൽനിന്ന് ഗച്ഛൻമാർ ചില ആയുധങ്ങൾ പിടിച്ചെടുത്തു. കുറ്റ വാളികളായ അവരെ വിചാരണയ്ക്കുശേഷം തടങ്കൽമാളത്തിൽ അടയ്ക്കുകയും ചെയ്തു.

കലിപുരവും ആത്മപുരവും തമ്മിൽ എപ്പോഴും പൊട്ടിപുറപ്പെ ടാവുന്ന യുദ്ധത്തിന്റെ വക്കിലാണ്. സമാധാനത്തിന്റെ മാർഗ്ഗങ്ങളെ രണ്ടുകൂട്ടരും കയ്യൊഴിഞ്ഞു. ആത്മപുരത്തിലും കലിപുരത്തിലും പാരമ്പര്യമായി ഉണ്ടാക്കുന്ന ആയുധങ്ങളാണ് ഉണ്ടായിരുന്നത്. ശ്വേതൻമാർ ആയുധങ്ങളുടെ നിർമ്മാണരഹസ്യത്തെ അവർ ക്കാർക്കും കൈമാറുന്നില്ല. യുദ്ധത്തിന് തയ്യാറെടുത്ത ഓങ്കാരികാ രണവർ മകനെ ശ്വേതൻമാരുടെ നാട്ടിലേയ്ക്ക് അയയ്ക്കുന്നു. അതോടെ ആത്മപുരത്തിൽ കൂടുതൽ മികച്ച ആയുധങ്ങളുണ്ടാ യി. വിവരം അറിഞ്ഞ കലിപുരത്തിലെ കലിമകളും ശ്വേതൻമാ രിൽനിന് ആയുധങ്ങളെ വാങ്ങുന്നു.

ആയുധങ്ങൾ വാങ്ങിക്കൂട്ടിയതോടെ രണ്ടുരാജ്യങ്ങളും സാമ്പ

ത്തിക പരാധീനതകളിൽ അകപ്പെടുന്നു. ഇനി നമ്മൾ പടിഞ്ഞാറിലെ ശ്വേതൻമാർ ഉണ്ടാക്കിയ പുത്തൻ സാമ്പത്തികനയത്തേയും രാഷ്ട്രീയ ഘടനയേയുമാണ് പരിശോധിക്കുന്നത്.

അടിമരാജ്യങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയ ശ്വേതൻമാർ ചൂഷണത്തിനുവേണ്ട പുത്തൻമാർഗ്ഗങ്ങളെ കണ്ടെത്തുന്നു. തോട്ടങ്ങളിലും പണിശാലകളിലും കാൽഭാഗം അവകാശം ശ്വേതൻമാർ നാട്ടുകാർക്കു നൽകുന്നു. സ്വാതന്ത്ര്യം നൽകിയതിനു പകരമായി അവർ ഇപ്പോഴും പ്രകൃതിവിഭവങ്ങളെ പടിഞ്ഞാറിലേയ്ക്കു കടത്തുന്നു. അവ ഉപഭോഗവസ്തുക്കളായി ദേശക്കാരിലേയ്ക്കുതന്നെ തിരിച്ചെത്തുന്നു. അതോടൊപ്പം ഭരണകൂടത്തിൽ സ്വാധീനം ചെലുത്തി പടിഞ്ഞാറിന്റെ താല്പര്യങ്ങളെ അവർ സംരക്ഷിക്കുകയും ചെയ്തു.

സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിൽ ഏറെ പണം ഒഴുക്കിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. പണിശാലകളുടേയും തോട്ടങ്ങളുടേയും ഉടമകളാണ് തെരഞ്ഞെടുപ്പിന് പണം നൽകുന്നത്. പടിഞ്ഞാറുള്ള ശ്വേതൻമാരുടെ ഇഷ്ടം അനുസരിച്ച് ദേശക്കാരായ ഉടമകൾ പ്രവർത്തിക്കുകയും ചെയ്തു. അതോടെ ആരു ഭരിച്ചാലും ശ്വേതൻമാരുടെ താല്പര്യങ്ങളാണ് നടപ്പിലാകുന്നത്. പഴയ അടിമരാജ്യങ്ങളെ നിലയ്ക്കു നിർത്തുന്നതിനുവേണ്ടി ശ്വേതൻമാർ പുതിയൊരു മാർഗ്ഗത്തേയും കണ്ടെത്തുന്നു. പടിഞ്ഞാറുള്ള ശ്വേതൻമാരെല്ലാം ചേർന്ന് ലോകസഹായനിധി ഉണ്ടാക്കുന്നു. ലോകത്തിലെ എല്ലാത്തരം ഉറുമ്പുകളുടേയും പുരോഗതിക്കുവേണ്ടിയാണ് ലോകസഹായനിധിയെന്ന് ശ്വേതൻമാർ പ്രഖ്യാപിക്കുകയുണ്ടായി. സത്യത്തിൽ പഴയ അടിമ രാജ്യങ്ങളെ പുതിയ മാർഗ്ഗത്തിൽ കൂടെ അടിമകളാക്കാനാണ് ശ്വേതൻമാർ ശ്രമിച്ചത്. പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾക്ക് അവർ യഥേഷ്ടം പണം പലിശയ്ക്ക് നൽകുന്നു. പണം കടംവാങ്ങുമ്പോഴെല്ലാം ശ്വേതൻമാർ തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന നിബന്ധനകളേയും ദേശരാജ്യങ്ങളുടെ മേൽ അടിച്ചേല്പിച്ചു.

അടിമരാജ്യങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയ ശ്വേതൻമാർ അവയെ പരമാവധി ചെറിയ രാജ്യങ്ങളായി വിഭജിച്ചു. ചെറുരാജ്യങ്ങളെ നിത്യശത്രുക്കളാക്കാനും അവർക്കു കഴിഞ്ഞു. അതോടെ ശ്വേതൻമാരുടെ രണ്ടാംകിട പഴഞ്ചൻ ആയുധങ്ങൾ ലോകംമുഴുക്കെ ഭീമമായി വിറ്റഴിക്കുകയുണ്ടായി.

നൂറ്റാണ്ടുകളായി അടിമത്തം അനുഭവിച്ച രാജ്യങ്ങളിൽ പ്രാചീ

നമായ ജീവിതരീതിയാണ് നിലനിന്നിരുന്നത്. ഉല്പാദനരീതികൾ തികച്ചും പ്രാകൃതമാണെന്നു പറയാം. പടിഞ്ഞാറുള്ള ശ്വേതൻമാരുടെ പണിശാലകളിൽ സാങ്കേതികവിദ്യ നിരന്തരം നവീകരിച്ചുകൊണ്ടിരുന്നു. അവർ ഉണ്ടാക്കുന്ന വസ്തുക്കളും കൂടുതൽ മികവു പുലർത്തി. അടിമരാജ്യങ്ങളിൽ പഴഞ്ചൻ സാങ്കേതികവിദ്യകളെയാണ് ശ്വേതൻമാർ നടപ്പിലാക്കിയിരുന്നത്. അടിമരാജ്യങ്ങളിലെ ഉല്പന്നങ്ങൾ യാതൊരു മാറ്റവുമില്ലാതെ നിർമ്മിക്കപ്പെടുന്നു. ആയുധങ്ങൾ ഉണ്ടാക്കാനുള്ള സാങ്കേതികവിദ്യകളെ ശ്വേതൻമാർ ഒരിക്കലും അടിമരാജ്യങ്ങൾക്ക് കൈമാറുന്നില്ല.

പടിഞ്ഞാറുള്ള ശ്വേതൻമാർ വിപണി പിടിച്ചടക്കുന്നതിനുവേണ്ടി നവീനമായ ആയുധങ്ങളെ എപ്പോഴും ഉണ്ടാക്കി. എണ്ണമറ്റ ഉപഭോഗവസ്തുക്കളേയും അവർ കണ്ടെത്തി.

ഇനി നമ്മൾ വീണ്ടും ആത്മപുരത്തിലേക്കും കലിപുരത്തിലേക്കും മടങ്ങുകയാണ്.

മേൽപ്പറഞ്ഞ സാമൂഹിക സാമ്പത്തിക സാഹചര്യത്തിലാണ് ആത്മപുരവും കലിപുരവും തമ്മിൽ യുദ്ധമുണ്ടാകുന്നത്. കലിപുരത്തിലെ കലിമകളെ അടക്കിനിർത്തുമ്പോൾ സ്വാഭാവികമായും മോക്ഷപുരത്തിലെ കലിമകളും നിശ്ശബ്ദരാകും. അതുകൊണ്ട് സർവ്വശക്തിയും ഉപയോഗിച്ച് കലിപുരത്തിലെ കലിമകളെ ഒതുക്കാനാണ് ആത്മപുരത്തുകാർ ശ്രമിച്ചത്.

അർദ്ധരാത്രിയാണ് ആത്മപുരത്തിലെ പടയാളികൾ കലിപുരത്തിലെ കലിമകളെ ആക്രമിക്കുന്നത്. കലിപുരത്തിലെ കലിമകൾ ഒരു യുദ്ധത്തിനു വേണ്ട മുൻകരുതലുകൾ നേരത്തെ എടുത്തിരുന്നു. ആത്മപുരത്തിലെ വമ്പിച്ച പടയെ നേരിടാൻ കലിപുരത്തിലെ കലിമകൾക്ക് കഴിഞ്ഞില്ല. പലരും ജീവരക്ഷയ്ക്ക് വേണ്ടി ആത്മപുരത്തുകാരുടെ മുമ്പിൽ കീഴടങ്ങി. തുടർന്ന് സമാധാനത്തിനു വേണ്ടിയുള്ള സന്ധിസംഭാഷണങ്ങൾ നടക്കുന്നു. ഒടുവിൽ മോക്ഷപുരത്തിലെ കലിമകൾക്ക് കലിപുരത്തിൽ താമസിക്കാനുള്ള അനുമതി ലഭിക്കുന്നു. അതോടെ മോക്ഷപുരത്തിലെ പല കലിമകളും കലിപുരത്തിൽ സ്ഥിരമായി താമസിച്ചുതുടങ്ങി. ആത്മപുരത്തിൽനിന്ന് പലതരം ഉറുമ്പുകളും മോക്ഷപുരത്തിലേയ്ക്ക് കുടിയേറുന്നുമുണ്ട്.

യുദ്ധത്തിന്റെ കഷ്ടനഷ്ടങ്ങൾ ആത്മപുരത്തിലേയും കലിപുരത്തിലേയും ഉറുമ്പുകളെ ഒരുപോലെ ബാധിച്ചു. അനേകം യുവാക്കൾ ചത്തതോടെ പല മാളങ്ങളിലും പെണ്ണുറുമ്പുകൾ മാത്രമാ

യി. കൂടാതെ കേടുവന്ന വസ്തുവകകളെ നന്നാക്കാൻ ആത്മപുരവും കലിപുരവും ശ്വേതൻമാരിൽനിന്ന് വീണ്ടും കടംവാങ്ങുന്നു. കടബാദ്ധ്യത തീർക്കാൻ കനത്ത നികുതിയാണ് സാധാരണക്കാരായ ഉറുമ്പുകൾക്ക് നൽകേണ്ടിവന്നത്. നികുതി കൂട്ടിയതുകൊണ്ടുമാത്രം കടബാദ്ധ്യത തീർക്കാൻ രണ്ടുകൂട്ടർക്കും കഴിഞ്ഞില്ല.

ഇപ്പോൾ ആത്മപുരം ഭരിക്കുന്നത് ശ്വേതൻമാരുടെ ദല്ലാളുകളായ ഓങ്കാരികളും ഗച്ഛൻമാരുമാണ്. അവർ ദേശക്കാരായ ഉറുമ്പുകളുടെ താല്പര്യങ്ങളെ അല്ല നോക്കുന്നത്. അവർ ശ്വേതൻമാരുടെ ഇഷ്ട പ്രകാരം ഭരിക്കുകയാണ്.

പലിശയും മുതലും തിരിച്ചുപിടിക്കാനായി പടിഞ്ഞാറുനിന്ന് ശ്വേതസംഘം ആത്മപുരത്തിൽ എത്തി. അവർ ഭരണാധിപനായ ഓങ്കാരി കാരണവരുടെ മൂത്തമകനെ കാണുന്നു. ഇടപാടുകൾ തീർക്കാൻ ഭരണാധിപൻ തയ്യാറായി. ഓങ്കാരി ഭരണാധികാരി മുതലും പലിശയും കണക്കാക്കുന്നു. അപ്പോൾ ശ്വേതൻമാർ ഒന്നിച്ചുപറഞ്ഞു:

ഞങ്ങളുടെ ഇടപാടുകൾ തികച്ചും സുതാര്യമാണ്. ഇപ്പോൾ നിങ്ങളുടെ നാണയത്തിന് ലോകത്തിൽ എവിടേയും യാതൊരു വിലയുമില്ല. ഞങ്ങളുടെ നാണയത്തിന്റെ വില നിങ്ങളുടേതിന് അറുപത് ഇരട്ടിയാണ്. ഇപ്പോൾ നിങ്ങൾ തന്ന സംഖ്യ പലിശപോലുമാകുന്നില്ല. എത്രയും വേഗം മുതലടച്ചു തീർക്കാനുള്ള വഴി നോക്കുക.

ഇത്തരം വഴിപിഴച്ച കണക്കുകളാണ് ശ്വേതൻമാർ പണം കടം വാങ്ങിയ രാജ്യങ്ങളിലെല്ലാം ഏർപ്പെടുത്തിയത്. അതോടെ പുതിയ അടിമത്തത്തെക്കുറിച്ച് പലർക്കും ബോദ്ധ്യമുണ്ടായി. കടബാദ്ധ്യതയിൽനിന്ന് രക്ഷപ്പെട്ട് എങ്ങനെ സ്വതന്ത്ര്യരാജ്യമാകാമെന്ന് പലരും ചിന്തിച്ചുതുടങ്ങി.

ദേശത്തിന്റെ ചുറ്റുവട്ടത്തിൽ ജീവിച്ച ആത്മപുരത്തെ രാഷ്ട്രസങ്കല്പത്തിൽ എത്തിച്ചത് ശ്വേതൻമാരാണ്. അതോടൊപ്പം ഇറക്കുമതി ചെയ്ത പുത്തൻ സംസ്ക്കാരവും ആത്മപുരത്തിലെ ഉറുമ്പുകളെ കീഴടക്കി. അതോടെ ഉപഭോഗസംസ്ക്കാരത്തിനും ശ്വേതൻമാരുടെ സൗന്ദര്യസങ്കല്പങ്ങൾക്കും അവർ അടിമകളായി. ഓങ്കാരികളും ഗച്ഛൻമാരുമാണ് ആദ്യമായി ശ്വേതൻമാരുടെ സൗന്ദര്യസങ്കല്പങ്ങളെ പിന്തുണയ്ക്കുന്നത്. പിന്നീട് നാട്ടുറുമ്പുകളും അവരുടെ കൂടെച്ചേർന്നു. രാഷ്ട്രീയവും സാമ്പത്തികവുമായ ആധിപത്യത്തിന് സാംസ്ക്കാരിക മേൽക്കോയ്മയും അത്യാവശ്യമാണെന്ന്

ശ്വേതൻമാർക്ക് അറിയാം. ഇപ്പോഴും ശ്വേതൻമാരുടെ വെളുപ്പാണ് ആത്മപുരത്തിലെ പ്രിയപ്പെട്ട നിറം. വെളുപ്പ് അധികാരത്തിന്റെ ചിഹ്നമാണെന്നും അവർ വിശ്വസിച്ചു.

എട്ട്

ആത്മപുരത്തിലെ ഉറുമ്പുകളുടെ അധമബോധത്തെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ആത്മപുരത്തിനെ ഭരിച്ചിരുന്ന ശ്വേതൻമാർ കറുപ്പിനേയും ഇരുണ്ട ചുവപ്പിനേയും കാടത്തത്തിന്റെ നിറമായി വിശേഷിപ്പിച്ചു. കറുപ്പിനെ മറയ്ക്കാൻ അവർ വെളുത്തൊരു ദ്രാവകത്തേയും വിപണിയിൽ ഇറക്കി. അതോടെ നാട്ടുറുമ്പുകൾ വെളുത്ത ദ്രാവകം ദേഹത്തുപുരട്ടി ശ്വേതൻമാരുടെ രൂപഭാവങ്ങളോടെ നടന്നു. എന്നാൽ വെളുത്ത ദ്രാവകത്തിന്റെ നിറം ഒറ്റരാത്രികൊണ്ട് മങ്ങി ഇരുളുന്നതാണ്. എങ്കിലും നാട്ടുറുമ്പുകൾ ദിവസേന വെളുത്ത ദ്രാവകം ദേഹത്തു പുരട്ടി ശ്വേതൻമാരായി.

ഇത്തരമൊരു സാഹചര്യമാണ് ആത്മപുരത്തിൽ നിലനിന്നിരുന്നത്. ഓങ്കാരികളും ഗച്ഛൻമാരുമാണ് ഭരിക്കുന്നതെങ്കിലും ശ്വേതൻമാരുടെ താല്പര്യങ്ങളാണ് എവിടേയും സംരക്ഷിക്കപ്പെടുന്നത്. ഭരണകൂടത്തിന്റെ വാക്കുകൾ സത്യത്തെ മറച്ചുപിടിക്കുക സ്വാഭാവികമാണല്ലോ.

ആത്മപുരത്തിലെ ദല്ലാൾ ഭരണകൂടത്തിന് എതിരെ യുവാവായ കുനിയനുറുമ്പ് നടത്തുന്ന സമരത്തെയാണ് ഇനി നമ്മൾ പരിശോധിക്കുന്നത്.

ശ്വേതൻമാർ തങ്ങളുടെ ഭരണവ്യവസ്ഥിതിയെ താങ്ങിനിർത്തുന്ന വിദ്യാഭ്യാസമാണ് ആത്മപുരത്തിൽ നടപ്പിലാക്കുന്നത്. ഭരണകൂടത്തെ നിലനിർത്തുന്ന ഉദ്യോഗസ്ഥരെ ഉണ്ടാക്കലാണ് അവരുടെ ലക്ഷ്യം. കൂടാതെ ശ്വേതൻമാരുടെ മഹത്വത്തേയും സ്വത്വത്തേയുംകുറിച്ചുള്ള പാഠങ്ങളും വിദ്യാർത്ഥികൾ പഠിച്ചിരുന്നു. ഉറുമ്പുകളുടെ പരിണാമചരിത്രവും വിദ്യാർത്ഥികൾ മന:പാഠമാക്കേണ്ടതുണ്ട്. സ്വാതന്ത്ര്യം നേടിയപ്പോൾ ശ്വേതൻമാരുടേതിനു പകരം ആത്മപുരത്തിലെ ഉറുമ്പുകളുടെ മഹത്വം പാഠ്യവിഷയമായി. സ്വാഭാവികമായും ഓങ്കാരികളും ഗച്ഛൻമാരുമാണ് പാഠപുസ്തകങ്ങളിൽ നിറഞ്ഞുനിന്നത്.

വിദ്യാഭ്യാസം സൗജന്യമായതോടെ ദേശക്കാരായ ചില അധ:കൃത ഉറുമ്പുകൾ വിദ്യാഭ്യാസം നേടി ഉദ്യോഗസ്ഥരായി. കാലം മാറിയതോടെ പുതിയതരം തൊഴിലുകൾ ഉണ്ടായി. പാരമ്പര്യതൊഴിലുകളുടെ ഗതിയടഞ്ഞു. ഇത്തരമൊരവസ്ഥയിലാണ് ദേശക്കാരായ ഉറുമ്പുകൾ മക്കളെ വിദ്യ അഭ്യസിക്കാൻ വിടുന്നത്.

വളരെയധികം കഷ്ടപ്പെട്ടാണ് യുവാവായ കുനിയനുറുമ്പ് വിദ്യാഭ്യാസം നേടുന്നത്. ഉദ്യോഗസ്ഥനായി സ്വസ്ഥമായി ജീവിക്കാൻ അവൻ ആഗ്രഹിച്ചില്ല. അറിവുനേടിയ യുവാവായ കുനിയനുറുമ്പ് കാര്യങ്ങളുടെ സത്യസ്ഥിതി തിരിച്ചറിയുന്നു. ആത്മപുരം സ്വതന്ത്രമാണെന്ന് ഭാവിക്കുന്നെങ്കിലും അടിമത്തം മറ്റൊരു മുഖത്തോടെ അവരെ വരിഞ്ഞുകെട്ടിയിരിക്കുന്നു. ജന്മത്തിന്റെ മഹത്വമാണ് ഓങ്കാരികളേയും ഗച്ഛൻമാരേയും എക്കാലത്തും ഭരണാധികാരികളാക്കുന്നത്. ജാതീയത വർഗ്ഗബോധത്തെ ഇല്ലാതാക്കുകയാണ്.

ദേശക്കാരായ ഉറുമ്പുകൾക്ക് രാഷ്ട്രീയമായി സമത്വമാണ് ഉള്ളത്. എന്നാൽ അവർ സാമൂഹ്യമായി അധ:സ്ഥിതരാണ്. വർഗ്ഗങ്ങളും ജാതികളുമായി അവർ വിഭജിക്കപ്പെട്ടിരിക്കുന്നു. ജാതീയമായി പലരും അധ:കൃതരുമാണ്. എന്നാൽ കീഴാളരുടെ അദ്ധ്വാനമാണ് ആത്മപുരത്തിന്റെ സാമ്പത്തികമായ അടിത്തറ. അവരുടെ അദ്ധ്വാനഫലത്തിലാണ് ഓങ്കാരികളും ഗച്ഛൻമാരും സുഖലോലുപരായി ജീവിക്കുന്നത്. ദേശവാസികളായ കുനിയനുറുമ്പുകളെ ചൂഷണം ചെയ്താണ് ശ്വേതൻമാർ ഭരണം നിലനിർത്തുന്നത്. ഇത്തരം കണ്ടെത്തലുകൾ യുവാവായ കുനിയനുറുമ്പിനെ അസ്വസ്ഥനാക്കുക തന്നെ ചെയ്തു.

സാമ്പത്തികവും സാംസ്കാരികവുമായ അടിമത്തത്തെ യുവാവായ കുനിയനുറുമ്പ് നേരിട്ടു. തുടർന്ന് രാഷ്ട്രീയമായും സാമ്പത്തികമായുമുള്ള മോചനത്തിനുവേണ്ടി യുവാവായ കുനിയനുറുമ്പ് പ്രവർത്തിച്ചുതുടങ്ങുന്നു. ശ്വേതൻമാരുടെ ഭരണത്തെ അവസാനിപ്പിച്ച് ദേശക്കാരായ അടിയാള ഉറുമ്പുകളുടെ അധികാരം സ്ഥാപിക്കുകയാണ് യുവാവായ കുനിയനുറുമ്പിന്റെ ലക്ഷ്യം. കൂട്ടത്തിൽ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും മേൽകോയ്മ അവസാനിപ്പിക്കേണ്ടതുമുണ്ട്.

തന്റെ കണ്ടെത്തലുകളെ യുവാക്കളായ മറ്റ് കുനിയനുറുമ്പുകളോട് യുവാവായ കുനിയനുറുമ്പ് പറഞ്ഞു:

ജീവിതത്തേയും പ്രപഞ്ചത്തേയും സമഗ്രതയോടെ കാണാൻ ആത്മപുരത്തുകാരായ ഉറുമ്പുകൾക്ക് കഴിയണം. പ്രാചീനകാലത്ത്

നാം ആരുടേയും അടിമകളായിരുന്നില്ല. ഓങ്കാരികളും ഗച്ഛൻമാരും അന്യനാട്ടിൽനിന്ന് ഇവിടെ വന്നവരാണ്. ശ്വേതൻമാരുടെ വരവോടെ നമ്മൾ പൂർണ്ണമായും അടിമകളായി. സ്വാതന്ത്ര്യം കിട്ടിയെന്നു പറയുന്ന ഓങ്കാരികളും ഗച്ഛന്മാരും ഇപ്പോഴും അടിമത്തത്തെ നിലനിർത്തുകയാണ് ചെയ്യുന്നത്. ശ്വേതൻമാരുടെ താല്പര്യം അനുസരിച്ചാണ് ഭരണവും നീതിയും നടപ്പിലാകുന്നത്. നമുക്ക് സഞ്ചാര സ്വാതന്ത്ര്യമുണ്ട്. ഭക്ഷണം ഇല്ലാതെ നാടുനീളെ സഞ്ചരിച്ചതുകൊണ്ട് കാര്യമില്ല. ജീവിക്കാനുള്ള അവസരമാണ് നമുക്ക് വേണ്ടത്. സ്വാതന്ത്ര്യവും സമത്വവും വാക്കുകളിൽ ഒതുങ്ങേണ്ടതല്ല.

സമൂഹത്തിൽ ജീവിക്കുന്ന എല്ലാവർക്കും ഉച്ചനീചത്വങ്ങളില്ലാതെ സ്വാതന്ത്ര്യവും സമത്വവും ലഭിക്കണം. വിഭാഗങ്ങളായി ജീവിക്കുന്ന നമുക്ക് കൂട്ടായ്മയുടെ മഹത്വത്തെ അറിയില്ല. പടിഞ്ഞാറുനടന്ന യുദ്ധമാണ് നമുക്ക് സ്വാതന്ത്ര്യം നല്കിയതെന്ന് പറയപ്പെടുന്നു. യഥാർത്ഥത്തിൽ ശ്വേതൻമാർ ചെയ്തത് ചൂഷണമാർഗ്ഗത്തെ പരിഷ്ക്കരിക്കുക മാത്രമാണ്.

ഭരണം നിലനിർത്താൻ വമ്പിച്ച ചെലവും ഉദ്യോഗസ്ഥരും ആവശ്യമാണ്. യുദ്ധംകൊണ്ട് തകർന്ന ശ്വേതൻമാർ ഭരിക്കാൻ പുതിയ ചൂഷണമാർഗ്ഗത്തെ കണ്ടെത്തുകയായിരുന്നു.

തന്റെ വാക്കുകളെ ശ്രദ്ധിച്ചു കേൾക്കുന്ന കുനിയനുറുമ്പുകളോട് യുവാവായ കുനിയനുറുമ്പ് തുടർന്ന് പറഞ്ഞു:

ഇവിടെ ഇപ്പോൾ ദല്ലാളുകളായ ഓങ്കാരികളാണ് ഭരിക്കുന്നത്. നമ്മൾ ഇപ്പോഴും അടിമകളാണ്. നമുക്ക് സ്വാതന്ത്ര്യം ഒരു സ്വപ്നം മാത്രമാണ്. അതിനിയും സത്യമായി തീർന്നിട്ടില്ല.

മറ്റ് കുനിയനുറുമ്പുകളുടെ മുഖത്തേയ്ക്ക് സൂക്ഷിച്ചുനോക്കിയ യുവാവായ കുനിയനുറുമ്പ് തുടർന്നു.

സ്വാതന്ത്ര്യവും സമത്വവും നേടാൻ നമുക്ക് ജീവൻ സമർപ്പിക്കേണ്ടിവരും. അങ്ങനെ സംഭവിച്ചാൽ നമ്മുടെ വരും തലമുറകൾ സമരം തുടരുകതന്നെ ചെയ്യും. സമരത്തിൽ ജയിക്കുമ്പോൾ സമത്വവും സാഹോദര്യമുള്ള ഒരു ലോകത്തെയാണ് നമുക്കു ലഭിക്കുക. അത്തരമൊരു രാഷ്ട്രത്തിനുവേണ്ടി നിങ്ങളെല്ലാം ജീവൻ ത്യജിക്കാൻ വരെ തയ്യാറാണെന്ന് ഞാൻ വിശ്വസിക്കുന്നു.

അധികാരികളോട് നിർദ്ദയം ഏറ്റുമുട്ടണമെന്നാണ് യുവാവായ കുനിയനുറുമ്പ് അവരോട് നിർദ്ദേശിച്ചത്. അതുകേട്ടപ്പോൾ അവരുടെ മുഖത്ത് മരണഭീതി നിഴലിച്ചു. ചുറ്റുപാടുകളെ ശ്രദ്ധിച്ച അവർ

ഒറ്റുകാരെ കണ്ടെത്താൻ ശ്രമിച്ചു. ഓങ്കാരികളും ഗച്ഛൻമാരും കാര്യങ്ങളുടെ ഉള്ളുകാണാനും ഇലയനക്കംപോലും അളക്കാനും പ്രത്യേകം ശ്രദ്ധയൂന്നി.

മടിച്ചാണെങ്കിലും മുമ്പോട്ടുവന്ന ചെറുപ്പക്കാരനായ കുനിയനുറുമ്പ് ചോദിച്ചു: നിങ്ങളുടെ വാക്കുകളെ ഞങ്ങൾക്ക് പൂർണ്ണമായും മനസ്സിലാക്കാൻ കഴിയുന്നില്ല. നിങ്ങൾ വിദ്യാഭ്യാസവും അറിവും നേടിയവനാണ്. നിങ്ങൾക്ക് തെറ്റുപറ്റില്ലെന്ന് എനിക്കറിയാം. എങ്കിലും എന്റെ മനസ്സിൽ ചില സംശയങ്ങൾ അവശേഷിക്കുന്നുണ്ട്. നമ്മുടെ ജീവിതവും ആചാരവും നിലനിൽക്കുന്നത് അദൃശ്യനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലാണ്. അദ്ദേഹത്തിന്റെ വെളിപാടുകളെയാണ് ഓങ്കാരികൾ നടപ്പിലാക്കുന്നത്. നമ്മുടെ ജീവിതം പൂർവ്വജന്മത്തിലെ ഫലമാണ്. പുണ്യകർമ്മംചെയ്താലാണ് അടുത്ത ജന്മത്തിൽ ഉന്നതമായ വംശത്തിൽ ജനിക്കുക. നമ്മുടെ ഇന്നത്തെ ജീവിതം മാറ്റിതീർക്കാൻ ദൈവത്തിന്റെ അവതാരമാണാവശ്യം. അതെപ്പോഴും സംഭവിക്കുന്നതല്ല. പൂർവ്വജന്മാർജ്ജിത കർമ്മവും വിധിയുമായ ഈ ജീവിതത്തെ മാറ്റിതീർക്കാൻ ആർക്കും കഴിയില്ല. അത്തരത്തിലുള്ള ചിന്തകൾപോലും ദൈവനിശ്ചയത്തെ ധിക്കരിക്കലാണ്. ദൈവത്തെ ധിക്കരിക്കുന്നവർക്ക് നരകമാണ് ലഭിക്കുകയെന്ന് ഓങ്കാരികൾ പ്രവചിച്ചിട്ടുമുണ്ട്.

ദൈവത്തെ ധിക്കരിക്കാൻ എനിക്കു കഴിയില്ല. ദൈവത്തെ ധിക്കരിക്കുന്നവർ നരകത്തിലാണ് എത്തുക.

ഇതുകേട്ടപ്പോൾ യുവാവായ കുനിയനുറുമ്പ് പുഞ്ചിരിയോടെ പറഞ്ഞു:

ഓങ്കാരികൾ സൃഷ്ടിച്ച ദൈവത്തിന്റെ ലോകം ഒരു കെട്ടുകഥയാണ്. അവർക്ക് സുഖസമൃദ്ധിയോടെ ജീവിക്കാൻ വേണ്ട മാർഗ്ഗത്തേയും ദൈവശാസ്ത്രത്തേയുമാണ് അവർ വിളംബരം ചെയ്തത്. കാലാകാലങ്ങളായി ഓങ്കാരികൾ സൃഷ്ടിച്ച അസത്യത്തിന്റെ കോട്ടയിൽ നമ്മൾ അകപ്പെട്ടിരിക്കുന്നു. നമ്മളെ വിഭാഗിയരാക്കിയ ഓങ്കാരികൾ നമ്മളുടെ അഹന്തയെ തൃപ്തിപ്പെടുത്താൻ ഓരോ വിഭാഗക്കാരേയും ചവിട്ടുപടികളാക്കി, താഴേത്തട്ടിലുള്ളവരാക്കി തരംതിരിച്ചു. അനേകം നൂറ്റാണ്ടുകളായി അവരുടെ നിലനില്പിന് യാതൊരു കോട്ടവുമില്ല. അവർ എല്ലാ കാലത്തും തന്ത്രപരമായാണ് കാര്യങ്ങളെ നടത്തിയത്. വിഭാഗീയത ഉണ്ടാക്കുന്ന ഉല്പാദന ഉപകരണങ്ങൾ നമ്മെ പുരോഗതിയിലേക്ക് നയിച്ചിട്ടില്ല. നൂറ്റാണ്ടുകളായി യാതൊരു വികാസവുമില്ലാത്ത അവസ്ഥയിലാണ് നമ്മുടെ

സമൂഹം. ആത്മപുരം പ്രകൃതി സമ്പന്നമായതുകൊണ്ട് നമുക്ക് അതി ജീവനത്തിനുവേണ്ടി കുടിയേറേണ്ടതില്ല. ശത്രുക്കളെ നേരിടാനും നമുക്ക് കഴിഞ്ഞിട്ടില്ല. പാരമ്പര്യരീതികളെ നമ്മൾ ഇതുവരെ ഒരു മാറ്റവുമില്ലാതെ പിന്തുടരുകയായിരുന്നു. യുവത്വമാണ് യുദ്ധം ചെയ്ത് അധികാരം പിടിച്ചടക്കേണ്ടത്. നമ്മുടെ വൃദ്ധരായ രാജാ ക്കൻമാർ പാരമ്പര്യമായി അധികാരത്തിന്റെ അവകാശികളാണ്. ഇവർക്ക് ആർക്കാണ് ഒരു യുദ്ധം നയിക്കാൻ കഴിയുക? മറ്റു നാടു കളിലെ ധീരൻമാരായ ചെറുപ്പക്കാരാണ് നമ്മളെ കീഴടക്കി അടിമ കളാകുന്നത്. പാരമ്പര്യ ഉപകരണങ്ങൾ ഉണ്ടാക്കുന്ന നമ്മെ സർഗ്ഗാ ത്മകമായി വികസിച്ച പാശ്ചാത്യർ നവീനമായ ഉപകരണങ്ങൾ ഉണ്ടാക്കി കീഴടക്കുന്നു. നവീനായുധങ്ങൾ കൊണ്ടുതന്നെയാണ് അവർ ഇപ്പോഴും നമ്മെ ഭരിക്കുന്നത്.

ഒന്നും മനസ്സിലാവാതെ എല്ലാം കേട്ടുനിന്ന കുനിയനുറുമ്പുക ളോട് യുവാവായ കുനിയനുറുമ്പ് പറഞ്ഞു:

നിങ്ങൾക്ക് മനസ്സിലാകുന്നതുപോലെ ഞാൻ കാര്യങ്ങളെ പറ യാം. ചരിത്രവും സമഗ്രമായ ജീവിതവും രാഷ്ട്രത്തിന്റെ പാരമ്പ ര്യവുമെല്ലാം നിങ്ങൾ പലരിൽനിന്നും കേട്ടറിഞ്ഞിരിക്കുമല്ലോ. സമ ത്വത്തേയും സാഹോദര്യത്തേയും ആ കാലഘട്ടത്തേയും വീണ്ടെ ടുക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. ഓങ്കാരികളും ഗച്ഛൻമാരും ശ്വേതൻമാരും നമ്മുടെ ശത്രുക്കളാണ്. അവരോട് നമുക്ക് യുദ്ധം ചെയ്യേണ്ടിവരും. അധികാരവ്യവസ്ഥിതിയുടെ സ്രഷ്ടാക്കളും സംര ക്ഷകരുമാണ് അവർ. അധികാരവ്യവസ്ഥയോടും അതിന്റെ സംര ക്ഷകരോടുമാണ് നമ്മൾ യുദ്ധം ചെയ്യേണ്ടത്.

തന്റെ ശബ്ദത്തെ മയപ്പെടുത്തിയ യുവാവായ കുനിയനുറുമ്പ് ഗൗരവത്തോടെ പറഞ്ഞു:

സത്യത്തെ അറിഞ്ഞവൻ ഒരിക്കലും നിശ്ശബ്ദനും നിഷ്ക്രിയ നുമാകില്ല. അവൻ മരണംവരെ സത്യത്തിനുവേണ്ടി പോരാടുക തന്നെ ചെയ്യും. സത്യത്തെ സംരക്ഷിക്കാനാണ് ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നത്.

സത്യത്തെ സംരക്ഷിക്കാൻ യുവാവായ കുനിയനുറുമ്പ് ആവ ശ്യപ്പെട്ടു. അയാളുടെ ഉറച്ച നിലപാടുകൾ ഓങ്കാരികളുടെ വിശ്വാ സത്തിന്റെ അടിക്കല്ലുകളിൽ ആഞ്ഞുതറച്ചു. സത്യത്തിനും നീതിയ്ക്കും ദൈവത്തിനും വേണ്ടി ആത്മത്യാഗം ചെയ്ത വരെകുറിച്ച് ഓങ്കാരികൾ അവരോട് പലതവണ പറഞ്ഞിരിക്കുന്നു. ഓങ്കാരികളുടെ വിശ്വാസങ്ങളാണ് ആത്മപുരത്തുകാരുടെ പ്രമാ

ണങ്ങൾ. ആ കൈവഴികളാണ് അവരുടെ ദുരിതങ്ങളുടെ ആശ്വാസങ്ങൾ. സത്യവചനങ്ങൾ എല്ലാംതന്നെ ഒടുക്കം ഓങ്കാരികളുടെ വിശ്വാസത്തിലാണ് എപ്പോഴും എത്തിച്ചേരുക. ആത്മപുരത്തുകാർ എപ്പോഴും ഓങ്കാരികൾ ചൂണ്ടികാണിച്ച സത്യത്തെയാണ് വിശ്വസിച്ചിരുന്നത്. കാരണം ആത്മപുരത്തുകാരുടെ എക്കാലത്തേയും സത്യം ദൈവമാണ്. ദൈവത്തെക്കുറിച്ച് പറയുന്നവർ സത്യവിശ്വാസികളും അദ്ദേഹത്തിന്റെ അരുളപ്പാടിനെ നടപ്പിലാക്കുന്നവരുമാണെന്ന് അവർ വിശ്വസിച്ചു.

യുവാവായ കുനിയനുറുമ്പിന്റെ മുമ്പിൽ ചെറുപ്പക്കാരായ ഉറുമ്പുകളുടെ സംഘമാണ് ഉണ്ടായിരുന്നത്. യുവാവായ കുനിയനുറുമ്പിന്റെ സത്യത്തിന്റെ കാഴ്ചകൾ പലരുടേയും ഉള്ളുനോവിച്ചു. എങ്കിലും ജീവഭയത്തോടെ അവർ പിന്മാറുകയാണുണ്ടായത്.

പ്രത്യാശയോടെ യുവാവായ കുനിയനുറുമ്പ് അടുത്തായി കല്ല്യാണ ഉറുമ്പുകളെയാണ് സമീപിക്കുന്നത്. കല്ല്യാണ ഉറുമ്പുകളിലെ യുവാക്കളെ വിളിച്ചുചേർത്ത യുവാവായ കുനിയനുറുമ്പ് തനിക്കറിയാവുന്ന സത്യത്തെക്കുറിച്ചു പറഞ്ഞു. സത്യം ദൈവമാണെന്നു വിശ്വസിച്ച മിക്ക കല്ല്യാണ ഉറുമ്പുകളും യുവാവായ കുനിയനുറുമ്പിനെ അവഗണിക്കുന്നു. പിന്നീട് യുവാവായ കുനിയനുറുമ്പു ശവന്തീനി ഉറുമ്പുകളെയാണ് സമീപിക്കുന്നത്. തന്റെ സത്യത്തെക്കുറിച്ചു പറഞ്ഞപ്പോൾ യുവാവായ കുനിയനുറുമ്പിനോട് ശവന്തീനി ഉറുമ്പുകൾക്ക് ബഹുമാനം തോന്നി. അവർ യുവാവായ കുനിയനുറുമ്പിന്റെ നിർദ്ദേശങ്ങളെ അനുസരിക്കാൻ തയ്യാറായി. തുടർന്ന് ദേശവാസികളായ പലതരം ഉറുമ്പുകളും പ്രത്യാശയോടെ യുവാവായ കുനിയനുറുമ്പിനെ സമീപിച്ചുതുടങ്ങി. അധികാരികളായ ഉറുമ്പുകളെ യുവാവായ കുനിയനുറുമ്പ് അവഗണിച്ചു. ദേശക്കാരായ അടിയാളരിലാണ് യുവാവായ കുനിയനുറുമ്പ് കൂടുതൽ പ്രത്യാശവെച്ചു പുലർത്തിയത്. ശവന്തീനി ഉറുമ്പുകൾ മാന്യത നേടുന്നതോടെ മറ്റെല്ലാവരും അവസ്ഥയെ മറികടക്കും. അവരെല്ലാം ഓങ്കാരികളെപ്പോലെ ബഹുമാന്യരാകും.

ആത്മപുരത്തിൽ മുഴുക്കെ ദേശക്കാരായ അധ:കൃത ഉറുമ്പുകളെ യുവാവായ കുനിയനുറുമ്പ് സംഘടിപ്പിച്ചു. ജീവിതത്തിന്റെ സമഗ്രതയും ലക്ഷ്യവും യുവാവായ കുനിയനുറുമ്പ് വെളിപ്പെടുത്തി. രാഷ്ട്രത്തിന്റെ മഹത്വത്തേയും അധ:പതനത്തേയും കുനിയനുറുമ്പ് എടുത്തുപറഞ്ഞു. യുവാവായ കുനിയനുറുമ്പിന്റെ ആത്മത്യാഗം നിറഞ്ഞ വാക്കുകളെ ദേശക്കാരായ ഉറുമ്പുകൾ ആവേശത്തോടെ

ഉൾക്കൊണ്ടു. രാഷ്ട്രത്തിന്റെയും വംശത്തിന്റെയും മഹത്വത്തെക്കുറിച്ചു കേൾക്കുമ്പോൾ ശവന്തീനിഉറുമ്പുകളിലെ യുവാക്കൾ വികാരംകൊണ്ട് വീർപ്പുമുട്ടി. അവർ എന്തിനും തയ്യാറായി.

അധികാരത്തിന്റെ നിലനില്പ് ആയുധംകൊണ്ടാണെന്ന് യുവാവായ കുനിയനുറുമ്പിന് ഉത്തമബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് ദേശക്കാരായ കീഴാള ഉറുമ്പുകളെ യുവാവായ കുനിയനുറുമ്പ് പ്രത്യേകം പരിശീലിപ്പിച്ചു. എങ്കിലും നവീനമായ ആയുധങ്ങളെ നേടാൻ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ട് പ്രകൃതിയിൽനിന്നു കിട്ടിയ വിഭവങ്ങളെ മുനകൂർപ്പിച്ച് ആയുധമാക്കാനാണ് യുവാവായ കുനിയനുറുമ്പ് നിശ്ചയിച്ചത്. അധികാരത്തോട് ഏറ്റുമുട്ടുക ജീവത്യാഗമാണെന്ന് യുവാവായ കുനിയനുറുമ്പ് കരുതി. പോരാട്ടത്തെ എളുപ്പത്തിൽ അവസാനിപ്പിക്കാനാവില്ല. ഏറ്റുമുട്ടലിന്റെ അവസാനം കാണാൻ കാലങ്ങളെടുക്കും.

ശത്രുവിനെ ആക്രമിക്കാനായി യുവാവായ കുനിയനുറുമ്പ് മോക്ഷപുരത്തെയാണ് തെരഞ്ഞെടുക്കുന്നത്. ആത്മപുരത്തിന്റെ തെക്കേയറ്റത്തുള്ള മോക്ഷപുരത്തിലേക്ക് പടയാളികൾക്ക് പെട്ടെന്ന് വരാനാവില്ല. ഭൂവിസ്താരമാണ് നാടുകളെ തമ്മിൽ അകറ്റുന്നത്. മോക്ഷപുരത്തിൽ വളരെക്കുറച്ച് അധികാരികളെ ഉള്ളൂ.

ചിട്ടയോടെയാണ് യുവാവായ കുനിയനുറുമ്പ് അനുയായികളെ പരിശീലിപ്പിക്കുന്നത്. വളരെയധികം ചിന്തിച്ചതിനുശേഷം അവർ ഒരുച്ചനേരത്ത് മോക്ഷപുരത്തിലെ അധികാരികളെ ആക്രമിച്ചു. അവരെ നിർദ്ദയം അവർ കൊല്ലുകയും ചെയ്തു. മോക്ഷപുരത്തിലെ ഓങ്കാരികളേയും ഗച്ഛൻമാരേയും അവർ തിരഞ്ഞുപിടിച്ച് ഇല്ലാതാക്കി. ശവന്തീനി ഉറുമ്പുകളാണ് എല്ലാ ക്രൂരകൃത്യങ്ങൾക്കും മുമ്പിൽ നിന്നത്. യുവാവായ കുനിയനുറുമ്പിന്റെ നിർദ്ദേശങ്ങളെ അനുയായികൾ ഇടതെറ്റാതെ നടപ്പിലാക്കുകയും ചെയ്തു.

വിവരം അറിഞ്ഞ ഭരണാധികാരികൾ തിരിച്ച് ആക്രമിക്കാനും കലാപത്തെ അടിച്ചമർത്താനും സന്നദ്ധരായി. അതോടെ ആത്മപുരത്തിൽ മുഴുക്കെ കലാപം ആരംഭിച്ചു. പ്രാകൃതമായ ആയുധങ്ങളാണ് കലാപകാരികൾ പ്രയോഗിച്ചത്. നവീനമായ ആയുധങ്ങളുമായി ഗച്ഛൻമാർ ആക്രമിച്ചപ്പോൾ പല കലാപകാരികളും പിന്തിരിഞ്ഞോടി. എങ്കിലും അവർ വീണ്ടും സംഘടിക്കുകയും ഗച്ഛൻമാരെ ആക്രമിക്കുകയും ചെയ്തു.

ഓങ്കാരികളുടെ ആജ്ഞകളെ അനുസരിച്ച ഗച്ഛൻമാർ കലാപകാരികളെ കണ്ടെത്തി അമർച്ചചെയ്യാൻ ആരംഭിച്ചു. കലാപം ആരം

ഭിച്ച ഉടൻ നേതാവിനെ ഗച്ഛൻമാർക്ക് തിരിച്ചറിയാനായി. അതോടെ നിരപരാധികളായ പല കുനിയനുറുമ്പുകളും കഠിനമായ ശിക്ഷ അനുഭവിച്ചു. കുനിയനുറുമ്പുകളെ തുറസ്സായ സ്ഥലത്തുവെച്ച് അവർ കൊന്നു. അങ്ങനെ കാഴ്ചക്കാരായ ഉറുമ്പുകളുടെ മനസ്സിൽ കൊടും ഭീതിവളർത്താൻ ഗച്ഛൻമാർക്കു കഴിഞ്ഞു. കീഴാളരായ ശവന്തീനി ഉറുമ്പുകളേയും അവർ പ്രത്യേകം വേട്ടയാടി.

നിയമപാലകർ കീഴാളരുടെ മാളങ്ങളിലേക്ക് ഇരച്ചുകയറി. അവരെ അവർ കൂട്ടത്തോടെ കൊന്നൊടുക്കി. എങ്കിലും ആത്മപുരത്തിന്റെ പലഭാഗങ്ങളിലും കലാപകാരികൾ അധികാരികളോട് ഏറ്റുമുട്ടുകൊണ്ടിരുന്നു. ദീർഘവീക്ഷണത്തോടെ സംഘടിപ്പിച്ച കലാപമായതിനാൽ അധികാരികൾക്ക് പെട്ടെന്ന് കലാപത്തെ അടിച്ചമർത്താൻ കഴിഞ്ഞില്ല. ആദ്യഘട്ടത്തിൽ പകലാണ് കലാപകാരികൾ അധികാരികളെ ആക്രമിക്കുന്നത്. ഇപ്പോൾ അവർ രാത്രിയാണ് ശത്രുക്കളെ ആക്രമിക്കുന്നത്. കൂട്ടംചേർന്ന് ആക്രമിക്കുന്നതിന് പകരം ചെറുസംഘങ്ങളായാണ് അവർ ഏറ്റുമുട്ടുന്നത്. ആത്മപുരത്തിന്റെ പല ഭാഗങ്ങളിലും ഒറ്റപ്പെട്ട ആക്രമണങ്ങൾ നടക്കുന്നുമുണ്ട്.

ആത്മപുരത്തിൽ നടന്ന കലാപങ്ങൾ ഭരണകൂടത്തെ അമ്പരിപ്പിച്ചു. പ്രതിഷേധത്തിന്റെ ശക്തിയെ അവർ ആദ്യമായി കണ്ടെത്തി. അധികാരികളായ ഓങ്കാരികളും ഗച്ഛൻമാരും നീണ്ട കൂടിയാലോചനകൾ നടത്തുന്നെങ്കിലും അവർക്ക് കലാപകാരികളെ പൂർണ്ണമായി അടിച്ചമർത്താനായില്ല. നിലവിലുള്ള വ്യവസ്ഥിതിയെ തകർത്ത് സ്വാതന്ത്ര്യത്തേയും സാഹോദര്യത്തേയും സ്ഥാപിക്കാനാണ് യുവാവായ കുനിയനുറുമ്പ് ശ്രമിച്ചത്. അത്തരം നിലപാടുകൾ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും അധ:പതനമാണെന്ന് അവർ തിരിച്ചറിഞ്ഞു. അതുകൊണ്ട് അതിനെ അംഗീകരിക്കാൻ അവർക്ക് കഴിഞ്ഞില്ല. അതോടെ കീഴാളരായ ഉറുമ്പുകളാണ് സമ്പന്നരാകുക.

ഇത്തരമൊരു ഗതിമുട്ടിയ അവസ്ഥയിൽ ഓങ്കാരികൾ ഓങ്കാരികാരണവരുടെ അടുത്തെത്തി.

മകനേയും സഹപ്രവർത്തകരേയും കണ്ടപ്പോൾ ധ്യാനത്തിൽ നിന്നുണർന്ന ഓങ്കാരികാരണവർ അവരെ സ്വീകരിച്ചിരുത്തി.

ഓങ്കാരികാരണവർ മുഖവുരയില്ലാതെ പറഞ്ഞു:

നിങ്ങൾ വന്നത് എന്തിനാണെന്ന് നമുക്ക് അറിയാം. ദേശക്കാരായ ഉറുമ്പുകളെ ആയുധംകൊണ്ടു കീഴടക്കാൻ നിങ്ങൾക്ക് കഴി

യില്ല. ആത്മപുരത്തിന്റെ ആത്മാവിനെയാണ് യുവാവായ കുനിയ നുറുമ്പ് തിരിച്ചറിഞ്ഞത്. ആത്മപുരത്തിന്റെ സത്യത്തെയാണ് അവൻ നിഷേധിച്ചത്. നമ്മുടെ സത്യത്തെ നിലനിർത്താൻ ചിലപ്പോൾ നമുക്ക് അസത്യത്തെ സ്വീകരിക്കേണ്ടിവരും.

ഓങ്കാരികൾ ചെവികൂർപ്പിച്ചു. അതുകണ്ടപ്പോൾ ഓങ്കാരികാരണവർ അഭിമാനത്തോടെ പറഞ്ഞു: നമ്മുടെ രക്ഷയെകരുതി അസത്യത്തെ നടപ്പിലാക്കാനുള്ള മാർഗ്ഗത്തെക്കുറിച്ച് പറയാം. വിശുദ്ധ മൃഗമായ ഉഡ്ഡുപശുക്കളെ നമുക്ക് തന്ത്രപരമായി ഉപയോഗിക്കണം. അനേകം നൂറ്റാണ്ടുകളായി കലിമകൾ ആത്മപുരത്തുകാരുടെ ശത്രുക്കളാണ്. യുവാവായ കുനിയനുറുമ്പ് ആത്മപുരത്തുകാരുടെ പൈതൃകത്തെയാണ് കലാപത്തിനുവേണ്ടി ഉപയോഗിച്ചിരിക്കുന്നത്. ശത്രുവിന്റെ നേർക്ക് പൈതൃകബോധത്തെ മറ്റൊരു വിധത്തിൽ തിരിച്ചുവിടാൻ നമുക്കു കഴിയണം. അതോടെ ആത്മപുരത്തുകാരെല്ലാം രാഷ്ട്രത്തെ സംരക്ഷിക്കാൻ വേണ്ടി പൊതുശത്രുവിന്റെ നേരെ തിരിയും. അപ്പോൾ ഒറ്റപ്പെട്ട കലാപത്തെപോലും അടിച്ചമർത്താൻ നമുക്കു കഴിയും. ആത്മാവ് നഷ്ടപ്പെടുന്ന ഏതു പ്രസ്ഥാനത്തിനും നിലനിൽക്കാനാവില്ല.

ആത്മപുരത്തുകാരെ ആപത്തിൽനിന്ന് രക്ഷിക്കാനുള്ള വഴിയാണ് തുടർന്ന് ഓങ്കാരി കാരണവർ നിർദ്ദേശിക്കുന്നത്.

പിന്നീട് സംഭവങ്ങൾ ഓങ്കാരികാരണവരുടെ ആഗ്രഹം അനുസരിച്ചാണ് നടക്കുന്നത്.

നേരം പുലർന്നതോടെ ആത്മപുരത്തിൽ എവിടേയും ഉഡ്ഡുപശുക്കൾ കൊലചെയ്യപ്പെട്ടു കിടക്കുന്നതിനെയാണ് ഉറുമ്പുകൾ കാണുന്നത്. തല വേർപെട്ടിരിക്കുന്നു. ശരീരത്തിൽ മുഴുക്കെ പച്ച നിറമാണുള്ളത്. കലിപുരത്തിലെ കലിമകളാണ് ഉഡ്ഡുപശുക്കളെ കൊന്നതെന്ന വാർത്ത ആത്മപുരത്തിൽ മുഴുക്കെ പരന്നുതുടങ്ങി. ഉഡ്ഡുപശുക്കളെ കൊല്ലുക ആർക്കും ചിന്തിക്കാൻ കഴിയാത്ത കാര്യമാണ്. ദേശക്കാരായ ഉറുമ്പുകൾ അവിടവിടെ കൂട്ടംചേർന്ന് നിശ്ശബ്ദരായി നിന്നു. വിവരം അറിഞ്ഞ് ഓങ്കാരികാരണവരും കൂട്ടരും അവിടെ എത്തി.

വളരെ നേരം ഓങ്കാരികാരണവർ ചത്തുകിടക്കുന്ന ഉഡ്ഡുപശുക്കളെ പരിശോധിച്ചുകൊണ്ടിരുന്നു. പിന്നീട് ഓങ്കാരികാരണവർ പറഞ്ഞു:

നമ്മുടെ ജീവിതത്തെ രക്ഷിക്കുന്നത് ഉഡ്ഡുപശുക്കളും ഇമ്മമരങ്ങളുമാണ്. ഉഡ്ഡുപശുക്കളുടെ കൊലപാതകം ആത്മപുരത്തിലെ

ഉറുമ്പുകളുടെ കൊലയ്ക്കുള്ള സൂചനയാണ്. ആരിതുചെയ്തുവെന്ന് നമുക്കറിയാം. കലിമകളുടെ പ്രിയപ്പെട്ട നിറമാണ് കൊലചെയ്യപ്പെട്ട ഓരോ ഉഡ്ഡുപശുക്കൾക്കുമുള്ളത്. കലിമകൾക്കു നമ്മൾ രാജ്യം നൽകി. എങ്കിലും കലിമകൾ ആത്മപുരത്തുകാരെ ഇപ്പോഴും ശത്രുക്കളായി കാണുന്നു. അതുകൊണ്ടു കൊലചെയ്യപ്പെട്ട ഉഡ്ഡുപശുക്കൾക്കുവേണ്ടിയും ശേഷിച്ചവയ്ക്കു വേണ്ടിയും നമ്മൾ കലിമകളെ നിലയ്ക്കുനിർത്തണം. അവരോട് യുദ്ധംചെയ്തേ മതിയാകൂ.

ഓങ്കാരികാരണവരുടെ നിശ്ചയങ്ങൾ അനുസരിച്ച് ദേശക്കാരായ ഉറുമ്പുകളെല്ലാം എന്തിനും തയ്യാറായി. തുടർന്ന് ആത്മപുരത്തിൽ മുഴുക്കെ കൊലപാതകങ്ങൾ നടക്കുന്നു. കലിപുരം ഉണ്ടായതോടെ പല കലിമകളും അവിടേയ്ക്ക് കുടിയേറി. എന്നാൽ ചിലർ ആത്മപുരത്തിൽ തന്നെ താമസിക്കുകയായിരുന്നു. ആത്മപുരത്തിലെ കലിമകൾ ജന്മത്തിന്റെ വേരുകളെ മുറിച്ചുമാറ്റാൻ തയ്യാറായിരുന്നില്ല. ആത്മപുരത്തിന്റെ പൈതൃകങ്ങളുടേയും വിശ്വാസങ്ങളുടേയും സംരക്ഷകരാണെന്ന തോന്നലോടെ അവർ ജീവിച്ചതായിരുന്നു.

ഉഡ്ഡുപശുക്കൾ ചത്തതോടെയാണ് കലിമകളുടെ കഷ്ടകാലം ആരംഭിക്കുന്നത്. ഭൂരിപക്ഷമുള്ള ആത്മപുരത്തുകാർ കലിമകളെ ആക്രമിച്ചുതുടങ്ങി. പല കലിമകളും ക്രൂരമായി കൊലചെയ്യപ്പെട്ടു. തുടർന്നു ആത്മപുരത്തിലെ ഉറുമ്പുകൾ കൂട്ടത്തോടെ കലിപുരത്തെ ആക്രമിച്ചു. അതിഭീകരമായ ഏറ്റുമുട്ടലാണ് തുടർന്നുണ്ടായത്. ഓങ്കാരികളും ഗച്ഛൻമാരും ദേശക്കാരായ ഉറുമ്പുകളെ പരമാവധി സഹായിക്കുകയും ചെയ്തു. അധികാരികൾ വെറും കാഴ്ചക്കാരായി നിന്നു.

ആത്മപുരത്തുകാർ കൂട്ടത്തോടെ ആക്രമിക്കാൻ വരുന്നുണ്ടെന്ന മുന്നറിയിപ്പ് കലിപുരത്തിലെ കലിമകൾക്ക് ലഭിച്ചിരുന്നു. അവർ പ്രത്യാക്രമണത്തിന് സന്നദ്ധരായി. മോക്ഷപുരത്തിലെ കലിമകളും കൂട്ടത്തോടെ കലിപുരത്തിൽ എത്തിയിരുന്നു. മോക്ഷപുരത്തിലെ കലിമകൾക്ക് അവർ പ്രത്യേക ആയുധങ്ങളും എല്ലാവിധ സഹായങ്ങളും നൽകി. എങ്കിലും എണ്ണക്കൂടുതലുള്ള ആത്മപുരത്തിലെ ദേശക്കാരായ ഉറുമ്പുകൾ അനേകം കലിമകളെ കൊന്നൊടുക്കി.

ഇത്തരമൊരു അവസ്ഥയിൽ സ്വന്തം മതവിശ്വാസികളുടെ മരണത്തെ കണ്ട് അടങ്ങിയിരിക്കാൻ കലിപുരത്തിലെ അധികാരികൾക്ക് കഴിഞ്ഞില്ല. തുടർന്ന് കലിപുരത്തിലെ ഭരണാധികാരി വൻപടയെ മോക്ഷപുരത്തിലേക്ക് നയിക്കുന്നു. സ്വന്തം മതവിശ്വാസങ്ങളെ സംരക്ഷിക്കാനുള്ള യുദ്ധമാണ് അവർ നടത്തിയത്.

യുദ്ധം പൊട്ടിപുറപ്പെട്ടതോടെ കലിമകളുടേയും ആത്മപുരത്തിലേയും പടയാളികൾ ഏറ്റുമുട്ടി തുടങ്ങി. നവീനമായ ആയുധങ്ങളാണ് അവർ പ്രയോഗിച്ചത്. ആദ്യമായി പടനീക്കം നടത്തിയത് കലിപുരത്തുകാരാണ്. അതുകൊണ്ട് അവർക്ക് അതിർത്തികടന്ന് ആത്മപുരത്തിന്റെ പല ഭാഗങ്ങളും പിടിച്ചടക്കാനായി. പിറ്റേന്നാണ് ആത്മപുരത്തുകാരുടെ വൻപട എത്തുന്നത്. ഒരാഴ്ച നീണ്ട യുദ്ധത്തിനുശേഷം വമ്പിച്ച നാശനഷ്ടങ്ങളോടെ കലിപുരത്തുകാർ പിൻവാങ്ങുകയാണ്.

ഇപ്പോൾ ആത്മപുരത്തിലെ കലാപത്തിന്റെ മുഖം ആകെ മാറിയിരിക്കുന്നു. രണ്ടു മതവിശ്വാസങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് നടക്കുന്നത്. പൊതു ശത്രുവിനെതിരെ പോരാടുന്ന പടയാളികളേയും അധികാരികളേയും സഹായിക്കാൻ ആത്മപുരത്തുകാർ തയ്യാറായി. എല്ലാ വിഭാഗങ്ങളിലേയും ചെറുപ്പക്കാർ പടയാളികളായി യുദ്ധക്കളത്തിലേക്ക് പുറപ്പെട്ടു.

ഇത്തരമൊരു സാഹചര്യത്തിൽ കീഴാളരായ ഉറുമ്പുകളെ ചേർത്ത് യുവാവായ കുനിയനുറുമ്പ് നടത്തിയ കലാപം അപ്രസക്തവും ദയനീയമായി തീർന്നു. കുനിയനുറുമ്പിന്റെകൂടെ നിന്ന് കലാപം നടത്തിയവർ പൊതുശത്രുവിനെ നേരിടാൻ യുദ്ധമുന്നണിയിലേക്ക് പോയിരിക്കുന്നു. ദേശവികാരങ്ങളേയും പൈതൃകമഹത്വങ്ങളേയുമാണ് ഓങ്കാരികൾ തന്ത്രപരമായ ഉപയോഗിച്ചത്. അതോടെ ഉറുമ്പുകൾ വിഭാഗീയതയെ മറന്ന് ഒന്നായി. യുവാവായ കുനിയനുറുമ്പിന്റെ സമത്വസുന്ദരലോകം താൽക്കാലികമായെങ്കിലും വഴിയടഞ്ഞു.

ഇപ്പോൾ ഭരണാധികാരികൾ പൊതു ശത്രുവായ കലിമകളേയും കലാപകാരികളേയും ഒരുപോലെ കൊന്നൊടുക്കുകയാണ്. മാറിയ അവസ്ഥയെ തിരിച്ചറിഞ്ഞ യുവാവായ കുനിയനുറുമ്പ് കലാപത്തെ താൽക്കാലികമായി അവസാനിപ്പിക്കുന്നു. കുനിയനുറുമ്പ് വീണ്ടും കീഴാള ഉറുമ്പുകളെ സംഘടിപ്പിക്കാൻ അവസരം കാത്തിരുന്നു.

കലാപത്തിനും യുദ്ധത്തിനുംശേഷം ആത്മപുരം കൂടുതൽ ദരിദ്രമായി. രാഷ്ട്രത്തിന്റെ പുരോഗമനത്തേയും യുദ്ധം നശിപ്പിക്കുകയാണുണ്ടായത്. അനേകം വർഷങ്ങളിലെ അദ്ധ്വാനങ്ങളും വിഭവങ്ങളുമാണ് നഷ്ടമായത്. ഭരണാധികാരികൾ വീണ്ടും ശ്വേതൻമാരിൽനിന്ന് കടമെടുത്തു. ശത്രുക്കളെ നേരിടാൻ അവരുടെ രണ്ടാന്തരം ആയുധങ്ങളെ വാങ്ങിക്കൂട്ടി. രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടിയും അവർ കടമെടുത്തു. സാമ്പ്രദായികമായി

വസ്തുക്കളെ നിർമ്മിക്കുന്നവരാണ് ആത്മപുരത്തിലെ ഉറുമ്പുകൾ. അവർക്ക് മുതലും പലിശയും യഥാസമയം തിരിച്ചടക്കാനുള്ള ശേഷിയുണ്ടായിരുന്നില്ല. അതുകൊണ്ട് ശ്വേതൻമാരുടെ നിശ്ചയങ്ങൾക്കും ക്രമപ്പെടുത്തലുകൾക്കും വഴങ്ങിയാണ് ഭരണാധികാരികൾ മുമ്പോട്ടു നീങ്ങിയത്. കൂടാതെ ശ്വേതൻമാർ സ്വന്തം നാണയത്തിന്റെ മൂല്യത്തെ എപ്പോഴും വർദ്ധിപ്പിച്ചു. അതുപോലെ കടക്കാരുടെ നാണയത്തിന്റെ മതിപ്പിനെ കുറയ്ക്കുകയും ചെയ്തു. ശ്വേതൻമാർ പഴയ അടിമരാജ്യങ്ങൾക്ക് യഥേഷ്ടം വായ്പ നൽകി പുത്തൻ ചൂഷണമാർഗ്ഗങ്ങളെ കണ്ടെത്തി.

ആത്മപുത്തിൽ ഭരണമാറ്റം നടന്നെങ്കിലും വളരെകാലം നാടു ഭരിച്ച ശ്വേതൻമാരുടെ സൗന്ദര്യസങ്കല്പങ്ങളാണ് നിലനിൽക്കുന്നത്. ശ്വേതൻമാരുടെ നിറത്തെ ആരാധിക്കുന്ന ആത്മപുരത്തുകാർ വെളുത്ത ചായം തേയ്ച്ച് ശരീരം മിനുപ്പിക്കുകയാണ്. ശ്വേതൻമാരുടെ മെലിഞ്ഞ ശരീരമാണ് അവർക്ക് ഏറെ പ്രിയപ്പെട്ടത്. അവരുടെ വസ്തുക്കളും ആത്മപുരത്തുകാരുടെ അഭിമാനചിഹ്നങ്ങളാണ്. പടിഞ്ഞാറുനിന്ന് കണക്കറ്റ ഉപഭോഗവസ്തുക്കളാണ് ആത്മപുരത്തിലേക്കു വരുന്നത്. അവയെല്ലാം പെട്ടെന്നുതന്നെ വിറ്റഴിക്കപ്പെടുകയുമാണ്.

ഒമ്പത്

ആറുമാസത്തോളമാണ് യുവാവായ കുനിയനുറുമ്പ് അടങ്ങി ഇരുന്നത്. ക്ഷമകെട്ടപ്പോൾ അധ:കൃത ഉറുമ്പുകളുടെ വിമോചനത്തിനുവേണ്ടി വീണ്ടും പ്രവർത്തനം ആരംഭിച്ചു.

ഇപ്പോൾ യുവാവായ കുനിയനുറുമ്പിന് ആത്മപുരത്തിലെ ഉറുമ്പുകൾ നടത്തിയ കലിപുരത്തിലെ യുദ്ധത്തിന്റെ താല്പര്യങ്ങളെ മനസ്സിലാക്കാനായി.

രണ്ട് ഗച്ഛൻമാരുടെ സംസാരത്തിൽനിന്നാണ് യുദ്ധത്തിന്റെ രഹസ്യങ്ങളെ യുവാവായ കുനിയനുറുമ്പ് തിരിച്ചറിയുന്നത്. കീഴാളരുടെ കലാപങ്ങളെ വഴിതെറ്റിക്കാനുള്ള മാർഗ്ഗമാണ് ഓങ്കാരികൾ കണ്ടെത്തിയത്. അതോടെ കലാപങ്ങൾ എരിഞ്ഞടങ്ങി. പൊതുശത്രുവിനോടുള്ള യുദ്ധമായിതീരുന്നു. തുടർന്ന് യുവാവായ കുനിയനുറുമ്പ് താൻ കണ്ടെത്തിയ സത്യത്തെ ദേശക്കാരായ ഉറുമ്പുകളോടു പറയുന്നു.

വീണ്ടും രഹസ്യമായി യുവാവായ കുനിയനുറുമ്പ് ദേശക്കാരായ ഉറുമ്പുകളെ സംഘടിപ്പിച്ച് തുടങ്ങുന്നു. സത്യമാർഗ്ഗത്തെക്കുറിച്ചാണ് കുനിയനുറുമ്പ് സംസാരിച്ചത്.

പാരമ്പര്യത്തേയും ആചാരങ്ങളേയും പാലിച്ചുവന്ന ദേശക്കാരായ ഉറുമ്പുകൾക്ക് സത്യമെന്നാൽ ദൈവം മാത്രമായിരുന്നു. നിഷ്ക്രിയരും അലസരുമായിരുന്ന അവരെ സംഘടിപ്പിക്കാൻ യുവാവായ കുനിയനുറുമ്പിന് കഴിഞ്ഞില്ല.

രഹസ്യയോഗം കഴിഞ്ഞ് കൂട്ടാളികളുമായി മുമ്പോട്ടു നടന്ന യുവാവായ കുനിയനുറുമ്പിനെ കാണാൻ മോക്ഷപുരത്തുനിന്ന് രണ്ട് കലിമകൾ വന്നുചേർന്നു. രഹസ്യമായി ചിലതു പറയാനുണ്ടെന്നു പറഞ്ഞ കലിമകൾ യുവാവായ കുനിയനുറുമ്പിനെ മറ്റുള്ളവരിൽനിന്ന് മാറ്റിനിർത്തി. അവർ ആത്മപുരത്തിലെ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ശക്തിയേയും ബലഹീനതകളേയും കുറിച്ചു പറഞ്ഞു. ആത്മപുരത്തിലെ കലിമകളും അധ:കൃതരാണെന്നു പറയാം. അധികാരികളായും ഉദ്യോഗസ്ഥരായും അവർ എവിടേയുമില്ല. അവരുടെ കൂട്ടത്തിലെ ചിലർ ഉയർന്ന വിദ്യാഭ്യാസം നേടുന്നെങ്കിലും ഓങ്കാരികളും ഗച്ഛൻമാരും അവരെ അകറ്റിനിർത്തുകയാണ്.

കലിമകളുടെ പരാതികളെ ശ്രദ്ധയോടെയാണ് യുവാവായ കുനിയനുറുമ്പ് കേൾക്കുന്നത്. തടിച്ച കലിമ ക്ഷോഭത്തോടെ പറഞ്ഞു:

അധ:കൃതരുടെ കലാപത്തെ മതംകൊണ്ട് നേരിടാൻ ഓങ്കാരികൾക്കും ഗച്ഛൻമാർക്കും കഴിഞ്ഞു. അങ്ങനെ സംഭവിച്ചിട്ടില്ലെങ്കിലും നിങ്ങൾക്ക് ആത്മപുരത്തിലെ പടയാളികളെ നേരിടാൻ കഴിയില്ല. കാരണം പ്രാകൃതമായ ആയുധങ്ങൾകൊണ്ട് നവീനായുധങ്ങളെ കീഴടക്കാനാവില്ല. ഇക്കാലത്തെ യുദ്ധത്തിന് ശക്തി നൽകുന്നത് നവീനായുധങ്ങളാണ്. അതുകൊണ്ട് നവീനമായ ആയുധങ്ങളെ നൽകി ഞങ്ങൾ നിങ്ങളെ പിന്തുണയ്ക്കാം. ഞങ്ങളും കലാപകാരികളായി നിങ്ങളുടെ കൂടെയുണ്ടാവും.

തുടർന്ന് അവർ നവീനായുധങ്ങൾ ലഭിക്കുന്നതിനുള്ള വഴികളെയാണ് വെളിപ്പെടുത്തുന്നത്. കലിപുരത്തിലെ കലിമകൾ ഒരു നിബന്ധനകളുമില്ലാതെ ആയുധങ്ങൾ നൽകാൻ തയ്യാറാണ്. യുവാവായ കുനിയനുറുമ്പാണ് കാര്യങ്ങളെ എല്ലാം രഹസ്യമായി നടത്തേണ്ടത്. തികച്ചും സംഘടിതമായും കൃത്യസമയത്തും നാടുമുഴുക്കെ കലാപങ്ങൾ ആരംഭിക്കണമെന്നും അവർ നിർദ്ദേശിച്ചു.

കലിമകളുടെ സഹായത്തെക്കുറിച്ചു കേട്ടപ്പോൾ യുവാവായ

കുനിയനുറുമ്പിന്റെ ആത്മവിശ്വാസമാണ് വർദ്ധിച്ചത്. തുടർന്ന് വിശദമായ ചർച്ചയ്ക്കായി കലിപുരത്തിൽ എത്തി. കലിമ നേതാവിനെ നേരിട്ടു കാണാനും യുവാവായ കുനിയനുറുമ്പിനു കഴിഞ്ഞു. അവർ ഉടമ്പടികൾ ഉണ്ടാക്കുകയും ചെയ്തു. നാലുദിവസമാണ് യുവാവായ കുനിയനുറുമ്പ് കലിപുരത്തിൽ തങ്ങുന്നത്. പിന്നീട് കുനിയനുറുമ്പ് മോക്ഷപുരത്തിലും എത്തി. കലിമകളുടെ എണ്ണത്തെക്കുറിച്ചും സംഘടിതശക്തിയെക്കുറിച്ചും യുവാവായ കുനിയനുറുമ്പിന് വ്യക്തമായ ധാരണയുണ്ടായി.

വീണ്ടും യുവാവായ കുനിയനുറുമ്പ് രഹസ്യമായി യോഗങ്ങൾ സംഘടിപ്പിച്ചുതുടങ്ങി. ഇത്തവണ ഓങ്കാരി കാരണവർ ഉണ്ടാക്കിയ മതവൈരത്തെ തകർക്കാനാണ് കുനിയനുറുമ്പ് ശ്രമിച്ചത്. മതസ്പർദ്ധകളെ എടുത്തുമാറ്റാനാവില്ലെന്ന് യുവാവായ കുനിയനുറുമ്പിന് അറിയാം. മതത്തിന്റെ വലയത്തിന് ഉള്ളിൽ തന്നെയാണ് എല്ലാ ഉറുമ്പുകളുടേയും ജീവിതം.

യോഗങ്ങൾ കഴിഞ്ഞ് മാളത്തിൽ തിരിച്ചെത്തിയ യുവാവായ കുനിയനുറുമ്പിന്റെ മുമ്പിലേക്ക് കലിമയുവാവ് കടന്നുവന്നു. യാതൊരു മുഖവുരയും കൂടാതെ കലിമയുവാവ് പറഞ്ഞു:

നിങ്ങൾ പറഞ്ഞത് സത്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഭരണാധികാരികൾ ഇനിയൊരിക്കലും സ്വന്തം രാജ്യത്തിലെ ഉറുമ്പുകളെ കൊന്നൊടുക്കരുത്.

അതുകേട്ടപ്പോൾ യുവാവായ കുനിയനുറുമ്പ് ചോദിച്ചു:

ഭരണകൂടത്തിന് എതിരെ നിങ്ങൾക്ക് എന്തുചെയ്യാൻ കഴിയും?

അതെക്കുറിച്ച് ഞാൻ വിസ്തരിച്ചു പറയുന്നില്ല. പ്രവർത്തിച്ച് കാണിച്ചുതരാം.

സ്വാതന്ത്ര്യവും സമത്വവും കുറച്ചുപേർക്കുമാത്രം ഉള്ളതല്ലെന്ന് നിങ്ങൾ അധഃകൃതരെ ബോദ്ധ്യപ്പെടുത്തുക.

എനിക്ക് പകതീർക്കാനുള്ളത് സ്വന്തം കാര്യത്തിനുവേണ്ടി എന്തുംചെയ്യുന്ന ഓങ്കാരികളോടും ഗച്ഛൻമാരുമോടുമാണ്.

കൂടുതലൊന്നും പറയാതെ യുവാവായ കുനിയനുറുമ്പ് യാത്ര തുടർന്നു.

അധികം വൈകാതെ യുവാവായ കുനിയനുറുമ്പിന് നവീനമായി ആയുധങ്ങൾ ലഭിക്കുന്നു. അവയെ ദേശക്കാരായ ഉറുമ്പുകൾക്ക് വിതരണം ചെയ്യുന്നു. തുടർന്ന് അവരെ ശത്രുക്കളെ നേരിടാൻ കുനിയനുറുമ്പ് പരിശീലിപ്പിക്കുന്നു. സംഘടിതമായാണ് ഭരണാധികാരികളോട് ഏറ്റുമുട്ടാൻ യുവാവായ കുനിയനുറുമ്പ് തയ്യാറായ

ത്. യോഗങ്ങളിലും പരിശീലന കളരിയിലും വിശ്വസ്തരെ മാത്ര മാണ് യുവാവായ കുനിയനുറുമ്പ് പങ്കെടുപ്പിച്ചത്. ഭരണാധികാർ കാര്യങ്ങളെ അറിയാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു.

പത്ത്

ഇനി നമുക്ക് യുവാവായ കുനിയനുറുമ്പിന്റെ മുമ്പിൽ നിന്ന് ഇറങ്ങിപ്പോയ കലിമയുവാവിന്റെ നടപടികളെ പരിശോധിക്കാം.

വാക്കുകളെ നിർലോഭം ഉപയോഗിക്കുകയല്ല കലിമയുവാവ് ചെയ്തത്. ചിന്തയിൽനിന്ന് കണ്ടെടുത്ത വാക്കുകളെ പ്രവർത്തന മാക്കാനാണ് കലിമയുവാവ് വഴികൾ തിരഞ്ഞത്. മോക്ഷപുരത്തിൽ തിരിച്ചെത്തിയ കലിമയുവാവ് ദേശക്കാരെ എല്ലാം അടിമകളാക്കിയ ഓങ്കാരികളെയാണ് നേരിടാൻ തീരുമാനിച്ചത്. അതുകൊണ്ട് ഓങ്കാ രികളെ നേരിട്ടുകാണാൻ കലിമയുവാവ് തീരുമാനിച്ചു. ഓങ്കാരി കളെ സമീപിക്കുക ആർക്കും എളുപ്പമല്ല. കനത്ത സുരക്ഷാ പരി ശോധനയുണ്ട്. ആയുധങ്ങളുമായി ആർക്കും ഓങ്കാരികളെ സമീ പിക്കാനാവില്ല. അപൂർവ്വമായ ചില അവസരങ്ങളിൽ മാത്രമാണ് ഓങ്കാരികളെ കാണാനാവുക.

അത്തരമൊരു ദിവസത്തിനുവേണ്ടി കലിമയുവാവ് കാത്തിരി ക്കുകയായിരുന്നു. അപൂർവ്വമായ ഒരവസരം കലിമയുവാവിനു ലഭി ക്കുകയുമുണ്ടായി. എതിരഭിപ്രായങ്ങളുടെ വായ മൂടിക്കെട്ടാനും ശത്രുക്കളെ പേടിപ്പിക്കുന്നതിനും വേണ്ടിയാണ് ഓങ്കാരികാരണ വരുടെ മകൻ യോഗം വിളിച്ചുചേർത്തത്. അവിടേയ്ക്ക് കലിമയു വാവ് തന്ത്രപരമായി കയറിക്കൂടി. പ്രസംഗവേദിയിൽനിന്ന് അക ന്നാണ് കലിമയുവാവ് നിന്നിരുന്നത്. പ്രസംഗവേദിയിലേക്ക് അടു ക്കാനുള്ള കലിമയുവാവിന്റെ ശ്രമങ്ങളെ അധികാരികൾ പരാജയ പ്പെടുത്തി. എങ്കിലും ഓങ്കാരികാരണവരുടെ മകൻ ഇറങ്ങിവരുന്ന വഴിയിലേക്ക് എത്താൻ കലിമ യുവാവിനു കഴിഞ്ഞു.

പെട്ടെന്നുതന്നെ കലിമയുവാവിന് താൻ പ്രതീക്ഷിച്ചിരുന്ന അവ സരമുണ്ടായി. ഓങ്കാരി കാരണവരുടെ മകൻ പതുക്കെ കലിമയു വാവിന്റെ മുമ്പിൽ എത്തി. കലിമയുവാവ് കിട്ടിയ അവസരത്തെ ശരിയായി ഉപയോഗിക്കുകയാണ്. ഓങ്കാരി കാരണവരുടെ മകനെ ആക്രമിച്ച കലിമ യുവാവ് താൻ രഹസ്യമായി സൂക്ഷിച്ച ആയു

ധത്തെ പലതവണ പ്രയോഗിക്കുകയും ചെയ്തു. ഓങ്കാരികാരണവരുടെ മകനും ഗച്ഛൻമാരുടെ ആക്രമണത്തിൽ കലി മയുവാവും ചത്തുവീഴുന്നു.

അതിനുശേഷം ആത്മപുരം സർവ്വവിധ ആയുധങ്ങളുമായി ശത്രുക്കളെ നേരിട്ടു തുടങ്ങുന്നു. കലിമകളെ അധികാരികൾ നിർദ്ദയം കൊന്നൊടുക്കി. ഇത്തരമൊരു സാഹചര്യത്തിൽ യുവാവായ കുനിയനുറുമ്പിന് ഭരണാധികാരികളുടെ നടപടി കണ്ട് പിന്മാറാനായില്ല. തുടർന്ന് കലിമകളും ദേശക്കാരായ ഉറുമ്പുകളും ചേർന്ന് ആത്മപുരത്തിൽ കലാപം ആരംഭിച്ചു.

അതിനുമുമ്പ് മകൻ മരിച്ച ഓങ്കാരികാരണവരുടെ നടപടികളെ പരിശോധിക്കാം.

ഭരണവ്യവസ്ഥ തലയെണ്ണൽ ആകുന്നതുവരെ ആത്മപുരത്തിലും പടിഞ്ഞാറും രാജാക്കൻമാരാണ് നാടു ഭരിച്ചിരുന്നത്. സ്വന്തം രാജ്യത്തിന്റെ വികസനത്തിനുവേണ്ടി രാജാക്കൻമാർ യുദ്ധം ചെയ്യുക പതിവാണ്. അത്തരം യുദ്ധങ്ങളിൽ രാജാക്കൻമാരാണ് യുദ്ധം നയിച്ചിരുന്നത്. യുദ്ധം ചെയ്യുന്ന രാജാവ് ചിലപ്പോൾ കൊല്ലപ്പെട്ടുവെന്നു വരാം. വിജയിച്ചാൽ ശത്രുവിന്റെ രാജ്യമാണ് ലഭിക്കുക. അതുകൊണ്ട് രാജാക്കൻമാർ അനാവശ്യമായി യുദ്ധം ചെയ്തിരുന്നില്ല. മരണത്തെ മുമ്പിൽ കണ്ടാണ് രാജാക്കൻമാർ യുദ്ധം ചെയ്തിരുന്നത്. തലയെണ്ണൽ ഭരണം നടത്തുന്നതോടെ യുദ്ധത്തിന്റെ മുഖം പ്രകടമായി മാറുന്നു. ഭരണാധികാരിയായ നേതാവ് ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ കീഴ് ജീവനക്കാർ യുദ്ധംചെയ്തു തുടങ്ങുന്നു. അവർ ശത്രുവിനെ തോല്പിക്കുകയോ രാജ്യം പിടിച്ചടക്കുകയോ ചെയ്യുന്നു. അപ്പോൾ ഭരണാധികാരികൾക്ക് സ്വന്തം മരണത്തെക്കുറിച്ച് ചിന്തിക്കേണ്ടതില്ല. സ്വന്തം സ്ഥാനത്തിന് ഇടിവുണ്ടാകുമ്പോൾ അവർ അയൽരാജ്യത്തെ ആക്രമിക്കാറുണ്ട്. അപ്പോൾ ദേശഭക്തി വികാരമാണ് ഉണരുക. സ്വന്തം ജീവനെ ബാധിക്കാത്തതുകൊണ്ട് ഭരണാധികളിൽ പലരും അനാവശ്യമായ യുദ്ധങ്ങളെ ഉണ്ടാക്കാറുമുണ്ട്.

ഇത്തരം അവസ്ഥയെ ഇല്ലാതാക്കാനാണ് യുവാവായ കലിമ തയ്യാറായത്.

ഓങ്കാരികാരണവരുടെ മകന്റെ കൊലപാതകത്തോടെ ഭരണാധികാരികളുടെ കൊലവെറി അടങ്ങുന്നു. അവർ യുദ്ധത്തിനുപകരം സംവാദത്തിന്റെ മാർഗ്ഗങ്ങളെ സ്വീകരിച്ചുതുടങ്ങുന്നു. ആത്മപുരത്തിന്റെ നിലപാടുമാറ്റം കലിപുരത്തേയും ബാധിക്കുന്നു. രണ്ടു

കൂട്ടരും ആയുധശക്തി പ്രകടിപ്പിക്കാതെയാണ് സംഭാഷണത്തിന് ഒരുങ്ങുന്നത്.

ഇനി നമുക്ക് യുവാവായ കുനിയനുറുമ്പ് ആരംഭിച്ച കലാപത്തിലേക്ക് മടങ്ങാം.

കലിപുരത്തിന്റെ പിന്തുണ യുവാവായ കുനിയനുറുമ്പിൽ വലിയ പ്രതീക്ഷയാണ് സൃഷ്ടിച്ചത്. കലിമകൾ ആധുനിക ആയുധങ്ങളെ അവർക്കു നൽകി. നവീനമായ യുദ്ധതന്ത്രങ്ങളേയും പരിശീലിപ്പിച്ചു. അതോടെ ആത്മപുരത്തെ പിടിച്ചുകുലുക്കാൻ യുവാവായ കുനിയനുറുമ്പിന്റെ കലാപത്തിനു കഴിഞ്ഞു. മോക്ഷപുരത്താണ് ആദ്യമായി വീണ്ടും കലാപം ആരംഭിക്കുന്നത്. അത് പിന്നീട് ആത്മപുരത്തിനെ മുഴുക്കെ ബാധിച്ചു. സംഘടിതവും ശക്തവുമായിരുന്നു യുവാവായ കുനിയനുറുമ്പിന്റെ നീക്കങ്ങൾ. ആദ്യഘടത്തിൽ മോക്ഷപുരത്തിലെ പാതിയോളം സ്ഥലങ്ങൾ കലാപകാരികളുടെ കീഴിലായി. തുടർന്ന് പിടിച്ചടക്കിയ ഭാഗങ്ങളിൽ അവർ താൽക്കാലിക ഭരണസംവിധാനം ഉണ്ടാക്കുന്നു. യുവാവായ കുനിയനുറുമ്പും ദേശക്കാരായ അധഃകൃത ഉറുമ്പുകളുമാണ് ഭരണം നടത്തുന്നത്. കീഴടക്കിയ ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ജീവിതം അതോടെ അവസാനിക്കുകയാണ്. ശത്രുവിനോട് കാണിക്കുന്ന ദയ ചരിത്രപരമായ വിഡ്ഢിത്തമാണെന്ന് യുവാവായ കുനിയനുറുമ്പിന് അറിയാം. അതുകൊണ്ട് കുനിയനുറുമ്പ് തന്റെ അനുയായികളോട് വ്യക്തമായി പറഞ്ഞു:

ഓങ്കാരികളേയും ഗച്ഛൻമാരേയും പൂർണ്ണമായും ഇല്ലാതാക്കേണ്ടത് നമ്മുടെ നിലനില്പിന് അത്യാവശ്യമാണ്. ചരിത്രത്തിലെ വിഡ്ഢികളായ നമ്മൾ ഇനി ഒരിക്കലും തെറ്റുകളെ ആവർത്തിക്കരുത്.

യുവാവായ കുനിയനുറുമ്പിന്റെ വാക്കുകളെ ഇടതെറ്റാതെയാണ് അനുയായികൾ സ്വീകരിക്കുന്നത്. അവർ അവസരം കിട്ടിയാൽ ഓങ്കാരികളേയും ഗച്ഛൻമാരേയും കൊന്നൊടുക്കി. ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും പവിത്രമായ അരയാലിലേക്ക് ഇരച്ചുകയറിയ അവർ കൂട്ടക്കൊലയാണ് നടത്തുന്നത്. ആരും രക്ഷപ്പെടരുതെന്ന നിർബ്ബന്ധം അവർക്കുണ്ടായിരുന്നു. അതുകൊണ്ട് അവർ പെണ്ണുറുമ്പുകളേയും കുട്ടികളേയും ആയുധങ്ങൾക്ക് ഇരയാക്കി. വരുംകാലത്തിൽ ഓങ്കാരികളും ഗച്ഛൻമാരും ഉണ്ടാകരുതെന്ന തീരുമാനത്തോടെ അവർ അനേകം മുട്ടകളേയും നശിപ്പിച്ചു.

രാജ്യം പിടിച്ചടക്കി ഭരണക്രമം ആരംഭിച്ചതോടെ സ്വാതന്ത്ര്യ

ത്തേയും സമത്വത്തേയും സ്ഥാപിക്കാനാണ് യുവാവായ കുനിയ നുറുമ്പ് ശ്രമിച്ചത്. അവിടെ വിഭജനങ്ങളുടെ അതിരുകൾ ഉണ്ടായി രുന്നില്ല. ദേശക്കാരായ അധ:കൃത ഉറുമ്പുകളുടേയും കലിമകളു ടേയും കലാപങ്ങളെ ആത്മപുരത്തിലെ പടയാളികൾ ധീരമായാണ് നേരിട്ടത്. കലിപുരത്തിലെ ആയുധങ്ങൾ ആത്മപുരത്തിന്റെ ആയു ധങ്ങളുടെ നിലവാരത്തിൽ ഉള്ളവയാണ്. അതുകൊണ്ട് ആയുധ ങ്ങളുടെ മികവല്ല ധീരതയും യുദ്ധതന്ത്രങ്ങളുമാണ് വിജയത്തെ നിശ്ചയിച്ചത്. മാസപ്പടി വാങ്ങിച്ച് യുദ്ധം ചെയ്യുന്നവരാണ് ആത്മ പുരത്തിലെ പടയാളികൾ. അവർ പലപ്പോഴും സ്വന്തം ജീവൻ രക്ഷി ക്കാനായി യുദ്ധമുഖത്തുനിന്ന് പിന്തിരിഞ്ഞോടി. അല്ലെങ്കിൽ ശത്രു വിന്റെ മുമ്പിൽ യാതൊരു മടിയും കൂടാതെ കീഴടങ്ങി.

ശത്രു കീഴടങ്ങിയാൽ യുവാവായ കുനിയനുറുമ്പ് അവരിൽ നിന്ന് ആയുധങ്ങളെ ശേഖരിക്കുന്നു. പിന്നീട് ഓങ്കാരികളേയും ഗച്ഛൻമാരേയും വേർതിരിച്ചു നിർത്തുന്നു. തുടർന്ന് അവരെ എല്ലാം കുനിയനുറുമ്പും കൂട്ടരും കൊന്നൊടുക്കുന്നു.

യുവാവായ കുനിയനുറുമ്പിന്റെ രാജ്യത്തിന്റെ വിസ്താരം മോക്ഷ പുരം മുതൽ കലിപുരം വരെയാണ്. യുദ്ധം ഒരിക്കലും അവസാ നിക്കില്ലെന്ന് യുവാവായ കുനിയനുറുമ്പിന് അറിയാം. കുനിയനു റുമ്പിന്റെ കണക്കുകൂട്ടലുകൾപോലെയാണ് തുടർന്ന് കാര്യങ്ങൾ നടന്നത്. ആത്മപുരത്തുകാരുടെ വമ്പിച്ച പടയുമായാണ് യുവാ വായ കുനിയനുറുമ്പ് പിന്നീട് ഏറ്റുമുട്ടുന്നത്.

ഇത്തവണയും വിജയം കുനിയനുറുമ്പിന് ആയിരുന്നു.

ആത്മപുരത്തിനെ നടുക്കിയ കലാപത്തെക്കുറിച്ചറിഞ്ഞപ്പോൾ ഓങ്കാരികാരണവർ പറഞ്ഞു: അടിയന്തരമായി യുദ്ധകാര്യയോഗം നടത്തുക.

ഓങ്കാരികളും ഗച്ഛൻമാരും പലതവണ അടിയന്തരമായി യോഗങ്ങൾ ചേർന്നു. കലാപത്തിന്റെ വഴിമുടക്കാൻ അവർ പല ആലോചനകളും നടത്തി. ഒടുവിൽ ശ്വേതൻമാരുടെ സഹായം അഭ്യർത്ഥിക്കാനാണ് അവർ തീരുമാനിച്ചത്.

ശ്വേതൻമാരുടെ സൈന്യം വരുന്നതുവരെ ശത്രുക്കളുടെ മുന്നേ റ്റത്തെ അവർക്ക് തടയാനായി. അനേകം ഗച്ഛൻമാർ ബലിയാകു ന്നെങ്കിലും കലിമകളുടേയും ദേശക്കാരായ ഉറുമ്പുകളും മുമ്പോ ട്ടുള്ള നീക്കങ്ങൾക്ക് ആത്മപുരത്തിലെ പടയാളികൾ തടസ്സമായി.

ഇനി നമുക്ക് യുവാവായ കുനിയനുറുമ്പിന്റെ നേതൃത്വത്തിലുള്ള ഭരണസംവിധാനത്തെ പരിശോധിക്കാം.

ഓങ്കാരികളും ഗച്ഛൻമാരും മാത്രമല്ല പടിഞ്ഞാറുനിന്നു വന്ന ശ്വേതൻമാരും അടിമത്തത്തിന് കാരണക്കാരാണെന്ന് യുവാവായ കുനിയനുറുമ്പ് കണ്ടെത്തി. തന്റെ കണ്ടെത്തലുകളെ കുനിയനുറുമ്പ് പരമാവധി പ്രചരിപ്പിക്കുകയും ചെയ്തു. ഓങ്കാരികളും ശ്വേതൻമാരും പറഞ്ഞ സ്വാതന്ത്ര്യത്തെ വിമോചനമായി കാണാൻ അവർക്കു കഴിഞ്ഞില്ല. സ്വാതന്ത്ര്യം എന്ന വാക്ക് വെറും പ്രയോഗമായാണ് അവർ കണ്ടത്. ശ്വേതൻമാർ നേരിട്ടുള്ള ചൂഷണമാർഗ്ഗങ്ങളെ അവസാനിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ദല്ലാളുകളാണ് ഭരണം നടത്തുന്നത്. ഓങ്കാരികളും ഗച്ഛൻമാരും ഇടനിലക്കാരാകുന്നതിലൂടെ ശ്വേതൻമാരുടെ താല്പര്യങ്ങളാണ് സംരക്ഷിക്കപ്പെടുന്നത്. സമ്പത്ത് ഇപ്പോഴും വ്യക്തികളിൽ തന്നെയാണ്. ശ്വേതൻമാർ ചൂഷണത്തിനുള്ള പുത്തൻമാർഗ്ഗം കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ട് ആത്മപുരം കടക്കെണിയിലാണ്.

ഇപ്പോൾ ആത്മപുരത്തിലെ ഉറുമ്പുകൾ ദേശത്തുള്ള പാരമ്പര്യ വസ്തുക്കളെ അല്ല ഉപയോഗിക്കുന്നത്. പടിഞ്ഞാറുനിന്നുള്ള ഉപഭോഗവസ്തുക്കളെയാണ്. അവ നാട്ടിൽ ഉണ്ടാക്കുന്നവയോ അന്യദിക്കിൽ നിന്ന് വരുന്നവയോ ആവാം. ദേശീയമായ കണ്ടെത്തലുകളെ ശ്വേതൻമാരുടെ ആധിപത്യം ഇപ്പോഴും ഇല്ലാതാക്കുകയാണ്.

ഇത്തരമൊരു അവസ്ഥയിൽ ശ്വേതൻമാരുടെ സാധനങ്ങളോടും പണിശാലകളോടും യുവാവായ കുനിയനുറുമ്പ് പ്രതികരിക്കുക സ്വാഭാവികമാണല്ലോ. സമ്പത്തിനെ സമൂഹത്തിന്റെ സ്വത്തായാണ് യുവാവായ കുനിയനുറുമ്പും കൂട്ടരും കണ്ടത്. അവർ മോക്ഷപുരത്തിലെ എല്ലാ പണിശാലകളേയും സമൂഹത്തിന്റെ ഉടമസ്ഥതയിലാക്കി. എതിർത്തുനിന്ന ഉടമകളേയും കൂട്ടരേയും അവർ നിർദ്ദയം വകവരുത്തി. ജീവനിൽ കൊതിയുള്ള പല സമ്പന്ന ഉറുമ്പുകളും ഓങ്കാരികളുടെ നാട്ടിലേക്ക് രക്ഷപ്പെട്ടു.

ഇത്തരമൊരു അവസ്ഥയിലാണ് ശ്വേതൻമാരുടെ പടയാളികൾ ആത്മപുരത്തിലേക്ക് എത്തുന്നത്.

ശ്വേതൻമാരുടെ പടയാളികളുടെ വരവിനെക്കുറിച്ച് യുവാവായ കുനിയനുറുമ്പും കൂട്ടരും മുൻകൂട്ടി തന്നെ അറിഞ്ഞു. ശത്രുവിനെ നേരിടാനുള്ള എല്ലാ ഒരുക്കങ്ങളും അവർ നടത്തി. കലിപുരത്തിന്റെ അതിർത്തിയിൽവെച്ചാണ് യുവാവായ കുനിയനുറുമ്പും കൂട്ടരും ശ്വേതൻമാരും ഗച്ഛൻമാരും അടങ്ങുന്ന പടയാളികളോട് ഏറ്റുമുട്ടുന്നത്. പഴയ കോളനി രാജ്യങ്ങൾക്ക് പഴഞ്ചൻ ആയുധങ്ങളാണ് ശ്വേതൻമാർ നല്കിയിരുന്നത്. പുത്തൻ ആയുധങ്ങളെ അവർ രഹ

സ്യമായി സൂക്ഷിച്ചു. പുത്തൻ ആയുധങ്ങളുമായി ശ്വേതപടയാളികൾ വന്നപ്പോൾ യുവാവായ കുനിയനുറുമ്പും കൂട്ടരും അമ്പരന്നു നിന്നു. പ്രത്യാക്രമണത്തിന് തയ്യാറെടുക്കുന്നതിനുമുമ്പായി കനത്ത പുക പടർന്നു.

പിന്നീടത് തീജ്വാലയായി തീർന്നു.

അതോടെ യുവാവായ കുനിയനുറുമ്പും കൂട്ടരും കലിമകളും തീയിൽ എരിഞ്ഞടങ്ങി. സർവ്വസന്നാഹങ്ങളുമായി വൻ പടയോടെയാണ് യുവാവായ കുനിയനുറുമ്പ് യുദ്ധത്തിന് എത്തിയത്. ശ്വേതൻമാരുടെ നവീനായുധങ്ങൾ അവരെ എല്ലാം കൊന്നൊടുക്കി. അതോടെ ഭരണകൂടത്തോടുള്ള ദേശക്കാരായ ഉറുമ്പുകളുടെ എതിർപ്പ് പൂർണ്ണമായും ഇല്ലാതായി.

യുവാവായ കുനിയനുറുമ്പിന്റെ മരണം ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും ശക്തിയെ വെളിപ്പെടുത്തി. അവർ അമിതമായ ആത്മവിശ്വാസത്തോടെയാണ് മോക്ഷപുരത്തിലേക്ക് യാത്ര ആരംഭിച്ചത്. കണ്ണിൽപ്പെട്ട കലിമകളേയും ദേശക്കാരായ ഉറുമ്പുകളേയും അവർ നിർദ്ദയം കൊന്നൊടുക്കി. പിന്നീട് അവർ അധ:കൃത ഉറുമ്പുകളുടെ നേർക്കാണ് തിരിയുന്നത്.

കുനിയനുറുമ്പുകളെ കണ്ടെത്തി അവരെ കൊല്ലാൻ ഗച്ഛൻമാർ പ്രത്യേകം ശ്രദ്ധിച്ചു. അവരുടെ എതിർപ്പുകൾ ഇതോടെ അവസാനിക്കുമെന്ന് ഓങ്കാരികൾ ഓർമ്മിപ്പിച്ചിരുന്നു.

ആത്മപുരത്തിൽ മുഴുക്കെ അധ:കൃത ഉറുമ്പുകളുടെ നേർക്ക് കഠിനമായ ആക്രമണമാണ് ശ്വേതൻമാരുടേയും ഗച്ഛൻമാരുടേയും പടകൾ നടത്തിയത്. സ്വാതന്ത്ര്യവും സമത്വവും ഒരിക്കലും നടപ്പിലാക്കരുതെന്ന് ഓങ്കാരികളും ഗച്ഛൻമാരും തീരുമാനിച്ചിരുന്നു. അതുകൊണ്ട് മരണഭീതിയെ അടിമത്തമാക്കി തീർക്കാൻ അവർക്കു കഴിഞ്ഞു.

ദേശക്കാരായ ഉറുമ്പുകളുടെ കലാപത്തെ ശ്വേതൻമാരുടെ സഹായത്തോടെ ആത്മപുരത്തിലെ ഭരണാധികാരികൾ അടിച്ചമർത്തി. ശ്വേതൻമാർ ആത്മപുരത്തിലേക്ക് പടയാളികളെ മാത്രമല്ല അയച്ചത്. ഭരണസംവിധാനം അഴിച്ചുപണിയാനുള്ള വിദഗ്ദ്ധരും ഉണ്ടായിരുന്നു.

യുദ്ധത്തിനുവേണ്ടി വലിയ വായ്പ എടുത്തതുകൊണ്ട് ഇപ്പോൾ ആത്മപുരത്തുകാർ ശ്വേതൻമാരുടെ അടിമകളായി തീർന്നിരിക്കുന്നു. ആത്മപുരത്തുകാരുടെ ഭരണസംവിധാനത്തെ ആകെ ശ്വേതൻമാർ അഴിച്ചുപണിതിരിക്കുന്നു. അവരുടെ നിയന്ത്രണങ്ങ

ളിലും നിർദ്ദേശങ്ങളിലുമാണ് ആത്മപുരത്തുകാരുടെ ദൈനംദിന ജീവിതം മുമ്പോട്ടുപോകുന്നത്.

കലാപം അടിച്ചമർത്തിയ ആഹ്ലാദത്തോടെ ഓങ്കാരികൾ വിപുലമായൊരു സ്വീകരണം ഗച്ഛൻമാർക്കും ശ്വേതൻമാർക്കും നൽകുകയുണ്ടായി. കലാപത്തിന്റെ കാരണങ്ങളെക്കുറിച്ച് അവർ ചർച്ചകൾ നടത്തി. അടുത്തൊരു കലാപം ഉണ്ടാവരുതെന്ന നിർബ്ബന്ധം എല്ലാവർക്കുമുണ്ടായിരുന്നു. നിലവിലുള്ള ഭരണസംവിധാനത്തിന് മാറ്റങ്ങൾ ഉണ്ടാവരുതെന്ന് എല്ലാവരും ഒരേ മനസ്സോടെ അഭിപ്രായപ്പെട്ടു. അപ്പോഴാണ് ശ്വേതൻമാരുടേയും ഓങ്കാരികളുടേയും ഗച്ഛൻമാരുടേയും താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുക.

ചർച്ചകളുടെ അവസാനത്തിൽ ശ്വേതൻമാരുടെ പ്രതിനിധി സംസാരിക്കാൻ മുമ്പോട്ടു വന്നു. അയാൾ ആത്മപുരത്തുകാരുടെ ഭരണാധികാരികളോട് പറഞ്ഞു:

ഞങ്ങൾ ശ്വേതൻമാർ ഇനിമുതൽ പുത്തൻ ഭരണസംവിധാനത്തെയാണ് ലോകം മുഴുക്കെ നടപ്പിലാക്കുക. നാട്ടുകാരായ നിങ്ങൾ പ്രത്യക്ഷത്തിൽ ഭരണാധികാരികളായിരിക്കും. ലോകത്തിന്റെ സാമ്പത്തികഘടനയും രാഷ്ട്രീയഘടനയും ഇനിമുതൽ ശ്വേതൻമാരാണ് നിശ്ചയിക്കുക. അധികാരത്തിന്റെയും ജ്ഞാനത്തിന്റെയും ചിഹ്നമായ വെളുപ്പ് പുതിയ രീതിയിൽ ലോകത്തെ ഭരിക്കും. വെളുപ്പ് ഒരിക്കലും പരാജയത്തിന്റെ ചിഹ്നമല്ല. വെളുപ്പ് വിജയത്തിന്റെയും ആത്മാഭിമാനത്തിന്റെയും സംസ്ക്കാരത്തിന്റെയും അധികാരത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രതീകമാണ്. വെളുപ്പിന്റെ മഹത്വത്തെയാണ് നിങ്ങൾ സ്വീകരിക്കേണ്ടത്. കറുപ്പ് അജ്ഞാനത്തിന്റെയും ഭീകരതയുടേയും അടിമത്തത്തിന്റെയും പ്രതീകമാണ്. ജ്ഞാനത്തേയും അധികാരത്തേയും നിയന്ത്രിക്കാൻ കറുപ്പിനു കഴിയില്ല.

തുടർന്ന് ശ്വേതൻമാരുടെ പ്രതിനിധി ആത്മപുരത്തിന്റെ വികാസങ്ങൾക്ക് തടയിടുന്ന നിർദ്ദേശങ്ങളെ പുറപ്പെടുവിച്ചു. സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും അപകടകരമായ ചിന്തകളാണെന്ന് ശ്വേതൻമാർ എപ്പോഴും വിശ്വസിച്ചു. അതനുസരിച്ചാണ് അവർ പുത്തൻ ഭരണസംവിധാനം ഉണ്ടാക്കുന്നത്.

സമഗ്രതയെക്കുറിച്ചുള്ള അറിവ് അപകടകരമാണെന്ന് ശ്വേതൻമാർ തിരിച്ചറിഞ്ഞു. അതനുസരിച്ചാണ് അവർ ഭരണസംവിധാനം ഉണ്ടാക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വ്യവസ്ഥിതിയെ അതേപടി നിലനിർത്തുകയാണ്. അതുകൊണ്ട് വിദ്യാഭ്യാ

സത്തിലാണ് ശ്വേതൻമാർ പ്രത്യേകം ശ്രദ്ധ ഊന്നുന്നത്. ഭാവിത ലമുറ കലാപമുണ്ടാക്കരുതെന്ന് ശ്വേതൻമാർക്ക് നിർബ്ബന്ധമുണ്ടായിരുന്നു.

വിദ്യാഭ്യാസത്തിൽനിന്ന് സമഗ്രമായ അറിവിനെ വേർപ്പെടുത്തിയ ശ്വേതൻമാർ ചരിത്രത്തെ പ്രാദേശിക ചരിത്രമാക്കി. ഉറുമ്പുകളുടെ വംശചരിത്രത്തേയും ദേശചരിത്രത്തേയും അവർ പാടിപുകഴ്ത്തി. ദേശീയതയേയും അധ:കൃതാവസ്ഥയേയുംകുറിച്ചുള്ള തിരിച്ചറിവ് ഉറുമ്പുകളെ കലാപത്തിന് പ്രേരിപ്പിക്കുന്നു. ഭരണക്രമത്തെ മാറ്റിതീർക്കാൻ അറിവ് ആയുധമാകുന്നു. അതുകൊണ്ട് വിദ്യാഭ്യാസത്തിൽ നിന്ന് ദേശീയത ഇല്ലാതായി. പ്രാദേശിക ചരിത്രങ്ങളേയും ഗോത്രങ്ങളേയും പാടിപുകഴ്ത്തുമ്പോൾ ഉറുമ്പുകൾ ചെറുസംഘങ്ങളായി സംഘടിക്കപ്പെടുന്നു. ചെറിയ സംഘങ്ങളായി തീരുന്ന ദേശക്കാരായ ഉറുമ്പുകളുടെ കലാപങ്ങളെ എളുപ്പത്തിൽ ഭരണകൂടത്തിന് അടിച്ചമർത്താനാകുന്നു. സമഗ്രതയെ നിഷേധിക്കുന്നതിനുവേണ്ടി പ്രാദേശികമായ അറിവുകൾക്ക് അമിതമായ പ്രാധാന്യം നൽകുന്നു. ശാസ്ത്രത്തേയും പുരോഗമനത്തേയുംകുറിച്ചുള്ള അറിവ് തങ്ങളുടെ നില അപകടപ്പെടുത്തുമെന്ന് ശ്വേതൻമാർക്ക് അറിയാം. അത്തരം അറിവുകൾ നേടുമ്പോഴാണ് ദേശക്കാരായ ഉറുമ്പുകൾ കൂടുതൽ കണ്ടെത്തലുകൾ നടത്തി പുരോഗമിക്കുക. അതൊരിക്കലും സംഭവിക്കരുത്.

ശ്വേതൻമാരുടെ പുത്തൻ ചൂഷണമാർഗ്ഗത്തിൽ അടിമരാജ്യങ്ങൾ നവീനായുധങ്ങളെ ഒരിക്കലും കണ്ടെത്തരുത്. അവയെ ഉണ്ടാക്കുകയും അരുത്. അതുകൊണ്ട് ആത്മപുരത്തിലെ പ്രാദേശിക ഉല്പന്നങ്ങൾക്കാണ് ശ്വേതൻമാർ പ്രാധാന്യം നൽകിയത്.

ആത്മപുരത്തിലെ ഉറുമ്പുകളുടെ വിദ്യാഭ്യാസം ഭരണാധികാരികളാണ് ഇതുവരെ നടത്തിയിരുന്നത്. ഇനി അങ്ങനെ ആവരുതെന്ന് ശ്വേതൻമാർ നിശ്ചയിച്ചു. ആത്മപുരത്തിൽ ഇനിമുതൽ രണ്ടുതരം വിദ്യാഭ്യാസമാണ് നടപ്പിലാകുക. ആദ്യത്തേത് പണം ചെലവഴിച്ചു നേടാവുന്ന മെച്ചപ്പെട്ട വിദ്യാഭ്യാസമാണ്. സ്വകാര്യ വിദ്യാലയങ്ങളിൽ സമ്പന്നർക്കാണ് പ്രവേശനം നേടാനാകുക. ആത്മപുരത്തിലെ പ്രധാനപ്പെട്ട സമ്പന്നർ ഓങ്കാരികളും ഗച്ഛൻമാരും പൊള്ളക്കാലികളുമാണ്. ഇവരെല്ലാം ഭരണകൂടത്തിന്റെ ഭാഗവുമാണ്. മികച്ച വിദ്യാഭ്യാസം നേടുന്ന ഇവരുടെ മക്കൾ ഭരണകൂടത്തിന്റെ ഭാഗമായ ഉദ്യോഗങ്ങൾ നേടുന്നു. ദേശക്കാരായ ഉറുമ്പുകളുടെ പുരോഗമനത്തിന് തടയിടുന്ന വിദ്യാഭ്യാസത്തെയാണ് ശ്വേതൻമാർ നടപ്പിലാക്കിയ

ത്. ദേശക്കാരായ ഉറുമ്പുകൾക്ക് സമഗ്രബോധവും വികാസവും ഇല്ലാതാക്കുന്ന വിദ്യാഭ്യാസം അവർ നടപ്പിലാക്കി. പ്രാകൃതഭാഷയെ ആശയവിനിമയത്തിന് ഉപയോഗിക്കണമെന്ന് ശ്വേതൻമാർ നിർബ്ബന്ധിച്ചു. ഭാവനയെ കുത്തിനിറച്ച് യാഥാർത്ഥ്യബോധത്തിൽനിന്ന് ദേശക്കാരായ ഉറുമ്പുകളെ അകറ്റാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. ഇങ്ങനെ സംഭവിച്ചാൽ മത്സരലോകത്തുനിന്ന് ദേശക്കാരായ ഉറുമ്പുകൾ പുറന്തള്ളപ്പെടും. അവർ വെറും പണിക്കാരായി തീരും. പരിസരബോധം ഇല്ലാതാക്കുന്നതും മതിഭ്രമം ഉണ്ടാക്കുന്നതുമായ പാഠ്യപദ്ധതികളെ ശ്വേതൻമാർ ദേശക്കാരായ ഉറുമ്പുകൾക്കുവേണ്ടി ഉണ്ടാക്കി. അറിവുനൽകുകയല്ല പകരം അറിവിൽനിന്ന് ഒളിച്ചോടാനുള്ള വഴിയാണ് അവർ നിർദ്ദേശിച്ചത്. അതുകൊണ്ട് വിദ്യാലയങ്ങളിൽ കടൽ നീന്തികടന്ന ഉറുമ്പിനെക്കുറിച്ചുള്ള കഥകളുണ്ടായി. ആനയും ഉറുമ്പും ചേർന്നുണ്ടായ വിചിത്രമൃഗത്തെപ്പറ്റിയും ദേശക്കാരായ ഉറുമ്പുകളുടെ മക്കൾ പഠിച്ചു.

ശ്വേതൻമാർ ഉണ്ടാക്കുന്ന വസ്തുക്കളെ ലോകം മുഴുവൻ വിറ്റഴിക്കേണ്ടത് അവരുടെ ആവശ്യമായിരുന്നു. അതുകൊണ്ട് ആത്മപുരത്തിലും പ്രാദേശിക ഭരണകൂടത്തിലും പ്രസക്തമായ മാറ്റങ്ങൾ ഉണ്ടാകണം. യുവാവായ കുനിയനുറുമ്പ് നടത്തിയ കലാപങ്ങൾക്ക് പ്രധാന തടസ്സമായി നിന്നത് പടയാളികൾക്ക് സഞ്ചരിക്കാനുള്ള മാർഗ്ഗങ്ങളാണ്. അതുകൊണ്ട് നാടുമുഴുക്കെ മികച്ച പാതകൾ ഉണ്ടാക്കേണ്ടതാണ്. പാതകൾ ഉണ്ടാകുന്നതോടെ വികസനമാണ് സംഭവിക്കുക. ഉപഭോഗവസ്തുക്കൾ വിറ്റഴിക്കാൻവേണ്ടി ആത്മപുരത്തിൽ മുഴുക്കെ കമ്പോളങ്ങൾ ആരംഭിക്കണമെന്നും ശ്വേതൻമാർ നിശ്ചയിച്ചു. പാതകളുടേയും കമ്പോളങ്ങളുടേയും വരവ് വികസനമാക്കി തീർക്കാൻ വേണ്ട പ്രചാരണവും അവർ നടത്തി. എവിടേയും ശ്വേതൻമാരുടെ താല്പര്യങ്ങളാണ് നടപ്പിലായത്. അതോടെ ദേശക്കാരായ ഉറുമ്പുകൾപോലും ഉപഭോഗവസ്തുക്കളുടെ അടിമകളായി.

വിദ്യാഭ്യാസത്തിലും കമ്പോളരീതിയിലും മാത്രമല്ല ആത്മപുരത്തിലെ ബുദ്ധിജീവികളുടെ ഇടയ്ക്കും ശ്വേതൻമാർ തങ്ങളുടെ താല്പര്യങ്ങളെ എത്തിച്ചു.

ആത്മപുരത്തിലെ ബുദ്ധിജീവികളായ ഉറുമ്പുകൾ ആദ്യകാലത്ത് ചുകപ്പിന്റെ മികവിനെയാണ് സ്തുതിച്ചിരുന്നത്. പിന്നീട് അവർ ശ്വേതൻമാരുടെ വെളുപ്പിനെയാണ് മഹത്വമായി കരുതിയത്. അതോടൊപ്പം ശ്വേതൻമാരുടെ ബുദ്ധിയേയും ആത്മപുരത്തിലെ

ബുദ്ധിജീവികൾ അനുകരിക്കുകയുണ്ടായി. മൗലികമായി ചിന്തിക്കാത്ത അവർ എക്കാലത്തേയും ബുദ്ധിപരമായ അടിമകളായിരുന്നു. ധൈഷണികജീവിതത്തിലെ കണ്ടെത്തലുകൾ സമൂഹത്തെ സ്വാധീനിക്കുമെന്ന് ശ്വേതൻമാർക്ക് അറിയാം. അത്തരം സ്വാധീനങ്ങൾ ഭരണകൂടത്തേയും കഴ്പ്പെടുത്താം. എല്ലാ മാറ്റങ്ങളും ഉണ്ടാക്കുന്ന സമഗ്രതയെക്കുറിച്ചുള്ള അറിവിനെ ശ്വേതൻമാർ എപ്പോഴും ഭയന്നു. ജീവിതത്തെ വർത്തമാനകാലത്തിലും വ്യാഖ്യാനങ്ങൾ ഇല്ലാതെ ലളിതമായും തീർക്കേണ്ടതാണെന്ന് ശ്വേതൻമാർ നിർദ്ദേശിച്ചു. ചരിത്രബോധം ഒരിക്കലും ദേശക്കാരായ ഉറുമ്പുകൾക്ക് ഉണ്ടാവരുത്.

സമഗ്രതയും പാരമ്പര്യവും അപ്രസക്തമാണെന്ന് ശ്വേതന്മാർ എപ്പോഴും പറഞ്ഞു. സമഗ്രതയെ നിഷേധിക്കാൻ ചെറിയ ആഖ്യാനങ്ങൾക്കും ലളിതമായ ചിന്തകൾക്കുമാണ് അവർ പ്രാധാന്യം നൽകിയത്. കൂടാതെ സാധാരണക്കാരായ ഉറുമ്പുകളാണ് ചരിത്രവും ചിന്തയും കണ്ടെത്തുന്നതെന്ന് അവർ വിധിച്ചു.

വ്യക്തിയെ നിഷേധിക്കുമ്പോൾ കണ്ടെത്തലിന്റെയും അന്വേഷണത്തിന്റെയും മാർഗ്ഗങ്ങളാണ് ഇല്ലാതാവുക. ചരിത്രത്തിന് യാതൊരു ലക്ഷ്യവുമില്ലെന്നും ശ്വേതൻമാർ പ്രഖ്യാപിച്ചു. കലാപങ്ങൾ ഒന്നിനും പരിഹാരമല്ലെന്നും അവർ വിധിയെഴുതി.

നാട്ടുറുമ്പുകളുടെ വിദ്യാഭ്യാസത്തിലും ഭരണക്രമത്തിലും ധൈഷണികലോകത്തിലും ശ്വേതൻമാർ പ്രകടമായിതന്നെ അനേകം മാറ്റങ്ങൾ വരുത്തി. തുടർന്ന് അവർ ആത്മപുരത്തിന്റെ സാമ്പത്തിക നിലയെ നിയന്ത്രിച്ചുതുടങ്ങി. കടബാദ്ധ്യതകൾക്കൊണ്ട് പൊറുതി മുട്ടിയ ആത്മപുരത്തിന്റെ മുമ്പിൽ പുത്തൻ സാമ്പത്തികഘടനയേയും ശ്വേതൻമാർ അവതരിപ്പിച്ചു.

ഇതുവരെ ശ്വേതൻമാരും ആത്മപുരത്തിലെ ധനികരും ചേർന്നാണ് പണിശാലകൾ നടത്തിവന്നത്. ഇനിമുതൽ ശ്വേതൻമാർ നേരിട്ട് ആത്മപുരത്തിൽ പണിശാലകൾ നടത്തുന്നതാണ്. കൂടാതെ ഭരണാധികാരികളുടെ പാഴ്ചിലവുകൾ ഒഴിവാക്കേണ്ടതാണ്. അലസരായ ഉദ്യോഗസ്ഥർക്ക് വിടുതൽ നൽകേണ്ടതാണ്. മുതലും പലിശയും കൃത്യമായി തിരിച്ചടക്കേണ്ടതാണ്. അതിന് ആത്മപുരത്തുകാരുടെ പൊതുസ്വത്തുക്കളെ സ്വകാര്യ വ്യക്തികൾക്കു നൽകി കടം തിരിച്ചടക്കേണ്ടതാണ്.

ശ്വേതൻമാരുടെ നിർദ്ദേശങ്ങളെ ഓങ്കാരികളും ഗച്ഛൻമാരും സന്തോഷത്തോടെയാണ് സ്വീകരിച്ചത്. എക്കാലത്തേയ്ക്കും

നീളുന്ന തങ്ങളുടെ അധികാരത്തേയും ഉയർന്ന ഉദ്യോഗങ്ങളേയും അവർക്ക് മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നു.

ശ്വേതൻമാരുടെ പ്രതിനിധി നിശ്ശബ്ദതയെ അനുവാദമായി കരുതി എണീറ്റുനിന്നു. ഓങ്കാരികളും ഗച്ഛൻമാരും ശ്വേതപ്രതിനിധിയെ താണുവണങ്ങി. ശ്വേതൻമാരുടെ പ്രതിനിധി പറഞ്ഞു: ഇനി മുതൽ ആത്മപുരത്തിൽ ഞങ്ങളാണ് എല്ലാം നേരിട്ട് നടപ്പിലാക്കുക. കാരണം ഞങ്ങൾ യജമാനൻമാരും നിങ്ങൾ അടിമകളുമാണ്.

ശ്വേതൻമാരുടെ ചങ്ങലക്കെട്ടുകളിലേക്ക് ആത്മപുരം പൂർണ്ണമായും കീഴടക്കി. പ്രതിഷേധങ്ങളുടെ അവസാനത്തെ അവരെല്ലാം ആത്മസംതൃപ്തിയോടെ കണ്ടു. വെളുപ്പ് ഉന്നതസ്ഥാനം നേടുന്നതോടെ ആത്മപുരത്തുകാർ സാംസ്ക്കാരികമായും ധൈഷണികമായും വഴി അടഞ്ഞവരായി. രാഷ്ട്രീയവും സാമ്പത്തികവുമായ പരിഷ്ക്കാരങ്ങൾ അടിമത്തത്തിന്റെ ചട്ടക്കൂടുകൾക്ക് വഴിതുറന്നു. പ്രാദേശികമായ പ്രതിഷേധങ്ങളുടെ എല്ലാം അവസാന വിജയം ശ്വേതൻമാർക്കുതന്നെയായി. ചെറുകിട പ്രതിഷേധങ്ങൾ ഉയരുമ്പോൾ രണ്ടാന്തരം ആയുധങ്ങളെ വിറ്റഴിക്കാൻ അവർക്കു കഴിഞ്ഞു. എന്നാൽ ഒന്നാന്തരം ആയുധങ്ങളെക്കൊണ്ട് വലിയ പ്രതിഷേധങ്ങളെ പൂർണ്ണമായും അവർ അടിച്ചൊതുക്കി.

ശ്വേതൻമാരുടെ പുത്തൻ വ്യവസ്ഥിതി ആത്മപുരത്തിൽ മാത്രമല്ല നടപ്പിലായത്. അവർ കീഴടക്കി ഭരിച്ച എല്ലാ നാടുകളിലും പുത്തൻ വ്യവസ്ഥിതിയെ നടപ്പിലാക്കി. ചൂഷണത്തിന്റെ പുത്തൻമാർഗ്ഗങ്ങളെയാണ് വായ്പ നൽകിയും കമ്പോളങ്ങൾ ഉണ്ടാക്കിയും അവർ കണ്ടെത്തിയത്.

●



ശവസംസ്കാരം

മനോജ്

ആര്യന്മാരുടെ ആക്രമണം മുതൽ വെള്ളക്കാരുടെ അധിനിവേശം വരെയുള്ള ഇന്ത്യയുടെ ചരിത്രത്തിന്റെ സത്തയാണ് 'ശവസംസ്കാരം' എന്ന നോവലിലുടെ മനോജ് മനോഹരമായി ആവിഷ്കരിച്ചിട്ടുള്ളത്. ആത്മപുരം എന്ന ദേശത്തെ കേന്ദ്രമാക്കിയാണ് കഥ വികസിക്കുന്നത്. മനുഷ്യരല്ല, പലതരം ഉറുമ്പുകളാണ് ഈ നോവലിലെ കഥാപാത്രങ്ങൾ. പൊള്ളക്കാലികൾ, ഓങ്കാരികൾ, ഗച്ഛന്മാർ, കലിമകൾ, ശ്വേതന്മാർ എന്നിങ്ങനെയാണ് ഉറുമ്പുകൂട്ടങ്ങളുടെ പേരുകൾ. ദ്രാവിഡരെയും ആര്യന്മാരെയും മുഗളന്മാരെയും വെള്ളക്കാരെയുമെല്ലാം ഈ ഉറുമ്പിൻകൂട്ടങ്ങൾ പ്രതിനിധീകരിക്കുന്നു. മനോജിന്റെ അസാധാരണമായ ഭാവനയുടെയും ചരിത്രബോധത്തിന്റെയും നിദർശനമാണ് ഈ നോവൽ.

BLUE INK BOOKS

Savasamskaram
MANOJ
NOVEL | ₹230

9446265661

ISBN: 978-81-974502-4-2

9 788197 450242

Cover Digisn: Nived Kotheri